KOTTAYAM PUBLIC LIBRARY

Call No. 335.43 HUB-M Acc. No. 80539

Author ഹ്യൂബർമാൻ, ലിയോ

Title മനുഷ്യന്റെ ഭൗതിക - സമ്പത്ത്

1042

## BOOK To READER

- Thank you for not tearing my pages.
- Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.
2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

KOTTAYAM PUBLIC LIBRARY
KOTTAYAM.

DISTRIBUTING LIBRARY.
No. ..........
KOTTAYAM.

# മനുഷ്യന്റെ
# ഭൗതികസമ്പത്ത്

~~1497~~

*Malayalam*

# Manushyante Bhouthika Sampattu

**(Man's Worldly Goods)**

*by*

**LEO HUBERMAN**

★

*Translated by*

**K. K. Nair, M. A., M. Litt., B. T., B. L.**

★

*Publishers:*

**Prabhatham Printing & Publishing Company (Private) Limited.**

# മനുഷ്യന്റെ ഭൗതികസമ്പത്ത്

## ലിയോ ഹ്യൂബർമാൻ

DISTRIBUTING LIBRARY
No. D.M 3125
KOTTAYAM.
കറൻറ് ബുക്ക്സ് തൃശ്ശൂർ

പരിഭാഷകൻ:

**കെ. കെ. നായർ,**

എം.എ; എം.ലിററ്, ബി.ടി; ബി.എൽ.

40539

★

പ്രസാധകർ:

**പ്രഭാതം പ്രിൻറിംഗ് & പബ്ലിഷിംഗ്**
**കമ്പനി (പ്രൈവററ്) ലിമിററഡ്.**

ഒന്നാം പതിപ്പ്
കോപ്പി 1000 } 1948 ആഗസ്ത്

രണ്ടാം പതിപ്പ്
കോപ്പി 1000 } 1960 ജൂലായ്

വില: 3-ക.

335.437
Hub. 14

★

പ്രഭാത് ബുക്ക് ഹൌസ്
എറണാകുളം, തിരുവനന്തപുരം, കൊല്ലം, കോട്ടയം,
ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ.

★

അച്ചടി:
ദേശാഭിമാനി പ്രിൻറിംഗ് & പബ്ലിഷിംഗ്
ഹൌസ്, ലിമിററഡ്.
കോഴിക്കോട്.

# ഉള്ളടക്കം


1. പുരോഹിതന്മാർ, പടയാളികൾ, പണിക്കാർ
2. കച്ചവടക്കാരൻ
3. പട്ടണങ്ങൾ
4. പുതിയ ആശയങ്ങൾ
5. കൃഷിക്കാരൻ
6. ഗിൽഡുകൾ
7. രാജാവ്
8. ധനികൻ
9. ദരിദ്രൻ, പിച്ചക്കാരൻ, തസ്കരൻ
10. തൊഴിൽശാല
11. സമ്പൽസമൃദ്ധി
12. സ്വതന്ത്ര്യവ്യാപാരം
13. മുതലാളിത്തത്തിലേക്ക്

# പുരോഹിതന്മാർ, പടയാളികൾ, പണിക്കാർ.

മദ്ധ്യകാലത്തെ ചിത്രീകരിക്കുന്ന പുസ്തകങ്ങളിൽ, വീരയോദ്ധാക്കളെപ്പററിയും കുലീനയുവതികളെപ്പററിയും, വീരരസപ്രധാനങ്ങളായ അനേകം കഥകൾ കാണാം. മിന്നിത്തിളങ്ങുന്ന കവചങ്ങളും വിലപിടിച്ച വസ്ത്രങ്ങളും അവക്കുണ്ടായിരുന്നു; മത്സരക്കളികളിലും വിനോദയുദ്ധങ്ങളിലും അവർ ഏപ്പെട്ടു; അവർ നല്ല കൊട്ടാരങ്ങളിൽ താമസിച്ചു; വിശേഷസാധനങ്ങൾ തിന്നുകയും മധുരപാനീയങ്ങൾ കുടിക്കുകയും ചെയ്തു. ഈ സംഗതികൾ കഥാപുസ്തകങ്ങളിൽനിന്നു നമുക്കു മനസ്സിലാക്കുവാൻ സാധിക്കുന്നു. എന്നാൽ ഈ ജീവിതസൌകര്യങ്ങൾ എങ്ങിനെയാണു് അവക്കു ലഭിച്ചതെന്നോ, ആരുടെ അദ്ധ്വാനഫലമായാണു് ഇവയെല്ലാം ഉണ്ടായതെന്നോ, നമുക്കറിയുവാൻ കഴിയുന്നില്ല. കവചങ്ങൾ മരത്തിന്മേൽനിന്നു പറിച്ചെടുക്കുവാൻ സാദ്ധ്യമാണോ? ഭക്ഷണസാധനങ്ങൾ തനിയെ ഉണ്ടാകുമോ? യോദ്ധാക്കളും കുലീനസ്ത്രീകളും അനുഭവിച്ചിരുന്ന സുഖസന്തോഷങ്ങൾക്കുവേണ്ടി ആരോ ചിലർ പണിയെടുത്തിട്ടുണ്ടു്, ആരാധനയിൽ ഏപ്പെട്ടിരുന്ന പുരോഹിതന്മാരുടേയും, യുദ്ധത്തിൽ ഏപ്പെട്ടിരുന്ന പടയാളികളുടേയും, ഭക്ഷണത്തിന്നും വസ്ത്രത്തിന്നും, മററു സുഖസൌകര്യങ്ങൾക്കുംവേണ്ടി, മററുള്ളവർ അത്യദ്ധ്വാനംചെയ്തു.

പുരോഹിതന്മാക്കും പടയാളികൾക്കും പുറമെ, പണിക്കാർ എന്ന മറെറാരു ജനവിഭാഗം ഉണ്ടായിരുന്നു. മദ്ധ്യകാലത്തെ സമുദായത്തിൽ മൂന്നു വർഗ്ഗങ്ങളായിരുന്നു. പുരോ

ഹിതന്മാർ, പടയാളികൾ, പണിക്കാർ. പണിക്കാർ പുരോഹിതന്മാർക്കും പടയാളികൾക്കുംവേണ്ടി പണിയെടുത്തു. അക്കാലത്തെ ഒരു ഗായകൻ ഇങ്ങിനെ പാടി: "പടയാളിയും പുരോഹിതനും പണിക്കാരനെ ആശ്രയിച്ചു ജീവിക്കുന്നു."

പണിക്കാർ തൊഴിൽശാലയിലല്ല പണിയെടുത്തതു്. അക്കാലത്തു തൊഴിൽശാലകൾ ഉണ്ടായിരുന്നില്ല. കൃഷിനിലങ്ങളിൽ അവർ വേലചെയ്തു. ഭക്ഷണത്തിന്നുവേണ്ടി ധാന്യം വിളയിക്കുക; വസ്ത്രമുണ്ടാക്കുന്നതിന്നാവശ്യമായ രോമത്തിന്നുവേണ്ടി ആടിനെ വളർത്തുക, ഇവ രണ്ടും കൃഷിനിലത്തു ചെയ്യാവുന്ന പ്രവൃത്തികളായിരുന്നു. വളരെ പഴയ മട്ടിലാണ് അവർ ഈ ജോലികൾ നിർവ്വഹിച്ചതു്.

അക്കാലത്തു യൂറോപ്പിന്റെ കിഴക്കും പടിഞ്ഞാറും പ്രദേശങ്ങളിൽ, കൃഷിനിലങ്ങൾ "മേനർ"എന്നറിയപ്പെട്ടിരുന്ന ഭാഗങ്ങളായി വിഭജിക്കപ്പെട്ടിരുന്നു, ഒരു "മേനർ" എന്നുപറഞ്ഞാൽ ഒരു ഗ്രാമവും അതിന്നു ചുററുമുള്ള അനേകം ഏക്കർ കൃഷിനിലങ്ങളുമായിരുന്നു. ഗ്രാമീണർ ഈ നിലങ്ങളിൽ പണിയെടുത്തു. കൃഷിനിലത്തിന്റെ അതിർത്തികളിലായി സാധാരണയായി മൈതാനം, തരിശു, കാടു, മേച്ചിൽസ്ഥലം ഇവയെല്ലാം ഉണ്ടായിരുന്നു. വലിപ്പം, ഘടന, ജനങ്ങളന്യോന്യമുള്ള ബന്ധങ്ങൾ ഇവയെ സംബന്ധിച്ചിടത്തോളം, "മേനർ" പലസ്ഥലത്തും പലവിധത്തിലായിരുന്നു. എന്നാൽ പ്രധാനമായ ലക്ഷണങ്ങളുടെ കാര്യത്തിൽ, അവയ്ക്കു തുല്യസ്വഭാവങ്ങൾ ഉണ്ടായിരുന്നു.

ഒരു "മേനറി"നോടനുബന്ധിച്ചു നില്ക്കുന്ന നിലങ്ങളുടെ ഉടമയായി ഒരു പ്രഭു ഉണ്ടായിരിക്കും. നിലമില്ലാത്ത പ്രഭുവോ പ്രഭുവില്ലാത്ത നിലമോ ഉണ്ടാകയില്ല. പ്രഭുക്ക

ന്മാരുടെ വസതികൾ എളുപ്പം മനസ്സിലാക്കാം. വലിയ കൊട്ടാരമായാലും, ഒരു സാധാരണ കെട്ടിടമായാലും, പ്രഭുവിൻെറ വസതി, കോട്ടയാൽ സുരക്ഷിതമായിരിക്കും. പ്രഭു ഈ കൊട്ടാരത്തിൽ, കുടുംബസമേതം, കാര്യസ്ഥന്മാർ, ഭൃത്യന്മാർ മുതലായവരോട്ടുകൂടി താമസിക്കും. ചില പ്രഭുക്കന്മാൎക്ക് അനേകം കോട്ടകൾ ഉണ്ടായിരിക്കും. ഓരോ കോട്ടയും പ്രഭു ഇടക്കിടെ സന്ദൎശിക്കും.

മേച്ചിൽസ്ഥലങ്ങൾ, മൈതാനങ്ങൾ, കാട്ടുകൾ, തരിശുകൾ ഇവയെല്ലാം ഗ്രാമനിവാസികൾ പൊതുസ്വത്തായി ഉപയോഗിച്ചു. എന്നാൽ കൃഷിനിലങ്ങളെ രണ്ടുതരമായി ഭാഗിച്ചു. ആകെ നിലത്തിൽ ഒരുഭാഗം (സാധാരണയായി മൂന്നിലൊരു ഭാഗം) പ്രഭുവിൻെറ അധീനത്തിൽതന്നെയായിരുന്നു. ഇങ്ങിനെ നീക്കിവെച്ച നിലത്തിന്നു സ്വന്തം കൈവശമുള്ള ഭൂമി എന്ന അൎത്ഥത്തിൽ "ഡിമീൻ" എന്നായിരുന്നു പേർ. ബാക്കിയുള്ള നിലം കൃഷിയിൽ നേരിട്ടേപ്പെട്ടിരുന്ന നടപ്പുകാരുടെ കയ്യിലായിരുന്നു. ഓരോ കൃഷിക്കാരൻേറയും കൈവശമുള്ള നിലം, ഒരേ ശേഖരമായി, ഒരു സ്ഥലത്തുതന്നെയായിരുന്നില്ല. ചെറു ഖണ്ഡങ്ങളായി പല വയലുകളിലായി, ചിതറിക്കിടക്കുകയായിരുന്നു. പ്രഭുവിൻെറ അധീനത്തിലായിരുന്ന "ഡിമീൻ" നിലങ്ങളും മററു ഖണ്ഡങ്ങളോടൊപ്പം ഇടകലൎന്നു സ്ഥിതിചെയ്തു. എന്നാൽ പിൽക്കാലങ്ങളിൽ അവ വലിയ ശേഖരങ്ങളായി ഏകീകരിക്കപ്പെട്ടുകയുണ്ടായി.

കൃഷിനിലങ്ങളെ ചെറുഖണ്ഡങ്ങളായി ഭാഗിച്ചു വേറിട്ടുനിൎത്തി, കൃഷിചെയ്യുകയെന്നതു്, നാട്ടുവാഴിപ്രഭുത്വത്തിൻെറ ഒരു പ്രത്യേകതയായിരുന്നു. കുറെ ശതാബ്ദങ്ങൾക്കുശേഷം ഈ സമ്പ്രദായം നിൎത്തൽചെയ്യപ്പെട്ടു.

ഇക്കാലത്തു നമുക്കെല്ലാം കൃഷിയെ ആദായകരമാക്കി ത്തീൎക്കുവാനുള്ള ഒട്ടനേകം വിദ്യകളറിയാം. വിളവുകൾ മാററുന്നതിനെക്കുറിച്ചും, വളം ചേൎക്കുന്നതിനെക്കുറിച്ചും, കൃഷി പരിഷ്കരിക്കുന്നതിന്നാവശ്യമായ മററുകാര്യങ്ങളെക്കു റിച്ചും നമുക്കു വ്യക്തമായറിയാം. എന്നാൽ അക്കാലത്തെ കൃഷിക്കാൎക്ക് ഈ സംഗതികളിൽ വളരെയൊന്നും അറിവു ണ്ടായിരുന്നില്ല. ഒരേ നിലത്തു വിളവുകൾ മാററി മാററി കൃഷിചെയ്യുന്ന സമ്പ്രദായം അവൎക്കജ്ഞാതമായിരുന്നു. എന്നാൽ ഒരു വിളതന്നെ, ഒരേ നിലത്തു, തുടൎച്ചയായുണ്ടാ ക്കുന്നതു് ആദായകരമല്ലെന്നു അവൎക്കറിയാമായിരുന്നു. അതു കൊണ്ടു് അവർ വിളവുകളെ ഓരോ വയലിലെ നിലങ്ങ ളിൽ, മാററി മാററി കൃഷിചെയ്തു. ഒന്നാമത്തെ വയലിൽ ഗോതമ്പ് കൃഷിചെയ്യുമ്പോൾ, രണ്ടാമത്തെ വയലിൽ ബാർ ലി കൃഷിചെയ്യും. മൂന്നാമത്തെ വയലിലെ നിലം വളംപി ടിക്കുവാൻ കിടപ്പാക്കിയിട്ടുകയുംചെയ്യും.

ഈ നിലമുടമസമ്പ്രദായത്തിന്നു രണ്ടു പ്രത്യേക ലക്ഷ ണങ്ങൾ ഉണ്ടായിരുന്നു. (1) കൃഷിനിലങ്ങൾ രണ്ടായി ഭാഗിക്കപ്പെട്ടു. ഒരു ഭാഗം സ്വന്താവശ്യത്തിന്നായി പ്രഭു തൻെറ അധീനത്തിൽവെച്ചു. ബാക്കി അനേകം കൃഷിക്കാ രുടെ ഇടയിൽ വീതിച്ചു. (2) ഒരാൾ നടന്നിരുന്ന നിലം, ഇന്നത്തെപ്പോലെ ഒരു ശേഖരമായി, ഒരു വയലിൽതന്നെ യായിരുന്നില്ല. കഷണം കഷണമായി, ഏതാനും വയലു കളിലായി, ചിതറിക്കിടക്കുകയായിരുന്നു. ഈ വ്യവസ്ഥ യുടെ മറെറാരു ലക്ഷണം ഇതാണു്, കുടിയാന്മാർ അവൎക്കു വേണ്ടി, അവരുടെ നിലങ്ങളിൽമാത്രം പ്രവൃത്തിയെടുത്താൽ പോരാ; പ്രഭുവിന്നുവേണ്ടി പ്രഭുവിൻെറ നിലങ്ങളിലും പണിയെടുക്കണം.

കൃഷിക്കാരൻ താമസിച്ചിരുന്നതു് വളരെ വൃത്തികെട്ട ചെറിയ കുടിഞ്ഞിലിലായിരുന്നു. പല വയലുകളിലായി വീതിച്ചുകിട്ടിയ നിലങ്ങളിൽ എല്ലുമുറിയെ പണി ചെയ്തു കൃഷിക്കാരൻ കഷ്ടിച്ചു ജീവൻ നിലനിർത്തി. കൃഷിക്കാരൻെറ ജീവിതം കൂടുതൽ സുഖകരമാക്കിത്തീർക്കുവാൻ കഴിയുമായിരുന്നു. എന്നാൽ ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസങ്ങൾ അയാൾ പ്രഭുവിൻെറ നിലങ്ങളിൽ, കൂലിയില്ലാതെ വേലചെയ്യേണ്ടിവന്നു. അയാൾ പ്രഭുവിന്നു വേണ്ടി ചെയ്യേണ്ടിയിരുന്ന കൂലിയില്ലാവേല ഇതു മാത്രമല്ല. പണിത്തിരക്കുള്ള അവസരങ്ങളിൽ നടപ്പുകാരൻ ആദ്യം ജന്മിയുടെ നിലത്തിലെ കൊയ്ത്തു് കൂലിയില്ലാതെ നിർവ്വഹിക്കണം. ഈ സൌജന്യദിനങ്ങൾ ആഴ്ചയിൽ ചെയ്യേണ്ടിയിരുന്ന കൂലിയില്ലാവേലക്കു പുറമെയായിരുന്നു. ഇതു കൊണ്ടുമായില്ല. ഏതവസരത്തിലും പ്രഭുവിൻെറ നിലങ്ങൾക്കായിരുന്നു പ്രാധാന്യം. പ്രഭുവിൻെറ നിലം ആദ്യം ഉഴുതു മറിക്കണം. അവിടെ ആദ്യം വിത്തിറക്കണം, ആദ്യം കൊയ്ത്തു് നടത്തണം. കൊടുങ്കാറേറാ അതിവൎഷമോ ഉണ്ടായാൽ പ്രഭുവിൻെറ വിളയാണു് ആദ്യം സംരക്ഷിക്കപ്പെടേണ്ടതു്. കൊയ്ത്തു കഴിയുംവേഗത്തിൽ കഴിക്കേണ്ടിവരുമ്പോൾ, കൃഷിക്കാരൻ അയാളുടെ വിള കൊയ്യുന്നതിന്നു മുമ്പ്, പ്രഭുവിൻെറ നിലത്തിലെ കൊയ്ത്തുനടത്തണം. പ്രഭുവിൻെറ കയ്യിൽ ധാന്യം മിച്ചമുണ്ടായാൽ അതു നടപ്പുകാരൻ ചന്തയിൽ കൊണ്ടുപോയി വിററഴിച്ചുകൊടുക്കണം. കൃഷിക്കാരൻെറ വകയായ ധാന്യം (വില്ക്കുവാനുണ്ടെങ്കിൽ) അതിന്നുശേഷമേ വില്ക്കുവാൻ പാടുണ്ടായിരുന്നുള്ളു. പ്രഭുവിൻെറ ആവശ്യാൎത്ഥം, ഒരു നിരത്തോ, ഒരു പാലമോ പണിയുകയോ നന്നാക്കുകയോ ചെയ്യേണ്ടിവന്നാൽ, കൃഷിക്കാരൻ അയാളുടെ എല്ലാ പ്രവൃത്തികളും നിൎത്തിവെച്ചു,

അതിന്നായി ഇറങ്ങിക്കൊള്ളണം. കൃഷിക്കാരനു അയാളുടെ ഗോതമ്പ് പൊടിച്ച് മാവാക്കുകയോ, മുന്തിരിങ്ങ പിഴിഞ്ഞു വീഞ്ഞാക്കുകയോ, ചെയ്യേണ്ടിവരുമ്പോൾ, പ്രഭുവിൻെറ വകയായ കാററാടിയന്ത്രത്തിൽ മാത്രമേ അങ്ങിനെ ചെയ്യുവാൻ പാടുള്ളൂ. അതിന്നു നല്ല വാടക കൊടുക്കുകയും വേണം. കൃഷിക്കാരൻെറ ചുമലിൽ പ്രഭു വെച്ചുകെട്ടിയിരുന്ന ഭാരങ്ങൾക്കു യാതൊരു കയ്യും കണക്കുമുണ്ടായിരുന്നില്ല 12-ാം നൂററാണ്ടിലെ ഒരെഴുത്തുകാരൻ പറഞ്ഞിട്ടുള്ളതുപോലെ "അവൻെറ മുന്തിരിങ്ങ പിഴിഞ്ഞുണ്ടാക്കുന്ന വീഞ്ഞു കുടിക്കാനോ, അവനുണ്ടാക്കുന്ന നല്ല ഭക്ഷണസാധനങ്ങൾ കഴിക്കാനോ, അവന്നവകാശമില്ല. കരിഞ്ഞ അപ്പം അല്പം വെണ്ണയുംചേർത്തു തിന്നാൻ തരപ്പെട്ടാൽ, അവൻ അനുഗ്രഹീതനായി സ്വയം കരുതിക്കൊള്ളും" ഒരു ഗായകൻ പാടുകയുണ്ടായി: "അവൻെറ അധീനത്തിൽ തടിച്ചുകൊഴുത്ത ഒരു ആടോ, ഒരു പിടക്കോഴിയോ ഉണ്ടെങ്കിൽ, അവൻെറ പെട്ടിയിൽ വെള്ളമാവുകൊണ്ടുണ്ടാക്കിയ ഒരപ്പമുണ്ടെങ്കിൽ അവയെല്ലാം അനുഭവിക്കേണ്ട അധികാരം അവൻെറ പ്രഭുവിന്നുമാത്രമാണു്".

എന്നാൽ ഈ കൃഷിക്കാരൻ ഒരടിമയായിരുന്നോ? വാസ്തവത്തിൽ അധികം കൃഷിക്കാരേയും "അടിയാൻ" എന്നായിരുന്നു വിളിച്ചിരുന്നതു്. ഈ വാക്കിൻെറ അർത്ഥം അടിമയെന്നുതന്നെയാണുതാനും. എന്നാൽ അടിമയെന്ന വാക്കിന്നു നാം സാധാരണ കല്പിക്കുന്ന അർത്ഥത്തിൽ അയാൾ അടിമയായിരുന്നില്ല. അക്കാലത്തു വർത്തമാനപത്രങ്ങൾ ഉണ്ടായിരുന്നെങ്കിൽ, ഇങ്ങിനെയൊരു പരസ്യം പ്രസിദ്ധപ്പെടുത്തുമാരുന്നില്ല. "ഒരു നല്ല കുഡുംബം വില്പനക്കുണ്ടു്. 35 പ്രായം വരുന്ന ഒരു വെപ്പുകാരി, 14 വയസ്സുള്ള മകൾ,

8 വയസ്സുള്ള മകൻ. ഇവരെ ഒന്നായോ വെവ്വേറെയായോ, സൌകൎയ്യത്തിന്നനുസരിച്ചു വില്ക്കുന്നതാണ്.''

ഉടമയുടെ ഇഷ്ടത്തിന്നനുസരിച്ച് ഒരു നീഗ്രോകുഡുംബത്തെ ഛിന്നഭിന്നമാക്കുവാനുള്ള അധികാരം ഒരു ''അടിയാൻ'' കുഡുംബത്തെ സംബന്ധിച്ചിടത്തോളം, ആൎക്കും ഉണ്ടായിരുന്നില്ല. പ്രഭുവിൻെറ ഇച്ഛയെ ഗൌനിക്കാതെ, തൻെറ കുഡുംബത്തെ, ഏകീകൃതമാക്കി നിൎത്തുവാനുള്ള അവകാശം, അടിയാന്നു എപ്പോഴും എവിടെയും ഉണ്ടായിരുന്നു. വാങ്ങുകയോ, വില്ക്കുകയോ ചെയ്യുവാൻ കഴിയുന്ന സ്വകാൎയ്യസ്വത്തിലെ ഒരിനമായിരുന്നു അടിമ. അടിയാന്മാരാകട്ടെ, നിലത്തോടുകൂടിമാത്രം വില്ക്കപ്പെടാവുന്ന ഒരുതരം ആശ്രിതജനമായിരുന്നു. ഒരു പ്രഭുവിന്നു് അദ്ദേഹത്തിൻെറ ''മേനർ'' മററു പ്രഭുവിൻെറ അധീനത്തിലാക്കാൻ പാട്ടുണ്ടായിരുന്നു. ഇതു് അടിയാനെസംബന്ധിച്ചിടത്തോളം ഒരു വ്യത്യാസമേ വരുത്തിയുള്ളു. അയാൾ ഒരു പുതിയ പ്രഭുവിൻെറ കീഴിലായിത്തീൎന്നു. അടിയാന്നു അയാളുടെ നിലവില്ലുണ്ടായിരുന്ന ബന്ധത്തിന്നു യാതൊരു മാററവും സംഭവിച്ചില്ല. അടിമയും ''അടിയാനും'' തമ്മിൽ ഇതൊരു വലിയ വ്യത്യാസമാണു. ഈ അവകാശം ''അടിയാൻെറ'' കാൎയ്യത്തിൽ ഒരു വലിയ കാൎയ്യമാണ്. അടിമക്കില്ലാത്ത ഒരവകാശമാണതു്. അയാളോടു പ്രഭു എങ്ങിനെ പെരുമാറിയാലും ''അടിയാന്നു'' അയാളുടെ കുഡുംബം അങ്ങിനെതന്നെ നിലനിൎത്താൻ പാട്ടുണ്ടു്. അയാൾക്കൊരു വീടുണ്ടായിരിക്കും; ഉപയോഗത്തിന്നല്പം നിലവുമുണ്ടായിരിക്കും. ''അടിയാന്നു'' ഈ സുരക്ഷിതാവസ്ഥ ഉണ്ടായിരുന്നതുകൊണ്ടു്, ചിലപ്പോൾ വല്ലവിധേനയും സ്വതന്ത്രരായിരുന്ന ആളുകൾതന്നെ, ഈ രക്ഷാബോധത്തിന്നുവേണ്ടിയും അല്പം നിലം കിട്ടുന്നതിന്നു വേണ്ടിയും, ഏതെങ്കിലും പ്രഭുവിൻെറ അടിയാനാകുവാൻ ഒരുക്കമായിരുന്നു.

പല ഇനത്തിലും പെട്ടന്ന അടിയാന്മാരുണ്ടായിരുന്നു. അവർ തമ്മിലുള്ള വ്യത്യാസങ്ങൾ എന്തായിരുന്നു എന്നു ചരിത്രകാരന്മാക്കു ശരിയായി നിർണ്ണയിക്കുവാൻ സാധിച്ചിട്ടില്ല. പ്രഭുവിൻെറ കൊട്ടാരത്തോടനുബന്ധിക്കപ്പെട്ട്, മുഴുവൻ സമയവും പ്രഭുവിൻെറ നിലങ്ങളിൽ ജോലിചെയ്തിരുന്ന "ഡിമീൻ" അടിയാന്മാരുണ്ടായിരുന്നു. ഗ്രാമത്തിൻെറ പാർശ്വങ്ങളിൽ രണ്ടോ മൂന്നോ ഏക്കർ നിലംമാത്രം കൈവശംവെച്ചുകൊണ്ട് ജീവിതം നയിച്ചിരുന്ന "ബോഡർ" എന്നറിയപ്പെട്ടന്ന സാധുക്കളായ ചെറുതരം കൃഷിക്കാരുണ്ടായിരുന്നു. നിലം കൈവശമില്ലാതെ താമസിക്കുന്നതിന്നു വെറും ഒരു കുടിൽ മാത്രമുള്ളവരും, പ്രഭുവിൻെറ നിലങ്ങളിൽ കൂലിപ്പണിയെടുത്ത് ഉപജീവനം കഴിച്ചിരുന്നവരുമായ, കുടിയിരുപ്പുകാരും ഉണ്ടായിരുന്നു.

വ്യക്തിഗതമായും സാമ്പത്തികമായും കൂടുതൽ അവകാശങ്ങൾ ഉണ്ടായിരുന്ന വേറൊരുതരം "അടിയാന്മാ"രുണ്ടായിരുന്നു. അവരെ "വില്ലൻ" എന്നാണ് വിളിച്ചിരുന്നതു്. സ്വാതന്ത്ര്യത്തിൻെറ കാര്യത്തിൽ അടിയാനെ അപേക്ഷിച്ച അവർ കുറച്ചുകൂടി ഉന്നതമായ ഒരു പദവിയിൽ സ്ഥിതിചെയ്തു. അവക്കു് അധികം അവകാശങ്ങൾ അനുവദിക്കപ്പെട്ടു. അവർ നിർവ്വഹിക്കേണ്ടിയിരുന്ന കടമകൾ കുറവായിരുന്നു; കടമകൾ കൂടുതൽ വ്യക്തവും വ്യവസ്ഥിതവുമായിരുന്നു. ഓരോ സന്ദർഭത്തിലും ചെയ്യേണ്ടിയിരുന്നതിൽ കൂടുതലായി യാതൊരു സേവനവും അവർ നിർവ്വഹിക്കേണ്ടതുണ്ടായിരുന്നില്ല. അവരോട്ട് ഏതെങ്കിലും അവസരത്തിൽ പ്രഭുവിന്നു തോന്നിയപോലെ, ഏതെങ്കിലും കാര്യം ചെയ്യേണമെന്നു കല്പിക്കുവാൻ പാടുണ്ടായിരുന്നില്ല. ചില "വില്ല"ന്മാർ "സൌജന്യദിന"ങ്ങൾ നൽകേണ്ടിയിരുന്നില്ല. ആഴ്ച

യിൽ ചെയ്യേണ്ടതായ കൂലിയില്ലാവേല മാത്രമേ നിർവ്വഹി ക്കേണ്ടിയിരുന്നുള്ളു. മററു ചിലർ പ്രഭുവിൻെറ നിലങ്ങ ളിൽ പണിയെടുത്തില്ല; അവരുണ്ടാക്കിയ വിളവിൽ ഒരു ഭാഗം പ്രഭുവിന്നു കൊടുക്കുകയെന്ന നിബന്ധന അനുസ്സരി ക്കമാത്രം ചെയ്തു. ഈ സമ്പ്രദായം ക്രമേണ ശക്തിപ്പെട്ടതെ ങ്ങിനെയാണെന്നു പിന്നീട് വിവരിക്കുന്നതാണ്.

ചില "വില്ല"ന്മാർ അവരുടെ കൈവശമുള്ള നില ത്തിന്നുപുറമെ, പ്രഭുവിൻെറ "ഡിമീൻ" നിലത്തിൽനിന്നും പാട്ടത്തിന്നു സ്ഥലം ഏററുവാങ്ങി. ഇതുകൂടാതെ സ്വന്ത മായി നിലം കൈവശമുള്ളവരും, പ്രഭുവിന്നുവേണ്ടി കൂലിയി ല്ലാവേല ചെയ്യാത്തവരും, പ്രഭുവിന്നു നിശ്ചിതതോതിൽ നി കുതിമാത്രം കൊടുത്തിരുന്നവരും ആയ ഒരു വിഭാഗം കൃഷി ക്കാർ ഉണ്ടായിരുന്നു. "സ്വതന്ത്രൻ" "വില്ലൻ" "അടിയാൻ" മുതലായ എല്ലാ അടിയാന്മാരും പല ദശകളിൽക്കൂടി ഇടക ലൻ രൂപമെടുക്കുകയാണ് ചെയ്തതു്. അതുകൊണ്ടു് ഓരോ വിഭാഗവും ഏതായിരുന്നുവെന്നും, അവയുടെ പദവി എന്താ യിരുന്നുവെന്നും കൃത്യമായി നിർണ്ണയിക്കുവാൻ സാധിച്ചി ട്ടില്ല.

"മേനറി"നെ അടിസ്ഥാനമാക്കിയുള്ള ഈ ഭൂവുടമ സമ്പ്രദായത്തെക്കുറിച്ചു് ശരിയായ ഒരു വിവരണം നൽകു ന്നതു് എളുപ്പമല്ല. എന്നാൽ നാടുവാഴിപ്രഭുത്വത്തിൻെറ കാലത്തെ, അസ്വതന്ത്രരായ "പണിക്കാ"രുടെ പദവിയെ ക്കുറിച്ചു സാമാന്യമായി ഏതാനും സംഗതികൾ മനസ്സിലാ ക്കുവാൻ നമുക്കു സാധിച്ചിട്ടുണ്ടു്.

കൃഷിക്കാർ മിക്കവാറും ആശ്രിതന്മാരാണ്, പ്രഭുവർഗ്ഗ ങ്ങൾ വിശ്വസിച്ചിരുന്നതു് കൃഷിക്കാർ അവർക്കുവേണ്ടി സൃഷ്ടിക്കപ്പെട്ടു എന്നാണ്. പ്രഭുവും കൃഷിക്കാരും തമ്മിൽ സമത്വത്തിൻെറ പ്രശ്നം ഉത്ഭവിച്ചതേയില്ല. അടിയാൻ

വയലിൽ പണിയെടുത്തു; പ്രഭു അടിയാൻെറ പേരിൽ അധികാരം ചെലുത്തി. കന്നുകാലികൾക്കും അടിയാന്മാൎക്കും തമ്മിൽ, പ്രഭുവിൻെറ ദൃഷ്ടിയിൽ, യാതൊരു വ്യത്യാസവും ഉണ്ടായിരുന്നില്ല. 11-ാം നൂററാണ്ടിൽ ഒരു ഫ്രഞ്ചുകൃഷിക്കാരൻെറ വിലയായി കണക്കാക്കിയിരുന്നതു് 38 സൌ (ഒരു നാണയം) ആണു്. ഒരു കുതിരയുടെ വില 100 സൌ എന്നും നിജപ്പെടുത്തി. പ്രഭുവിൻെറ നിലം ഉഴുന്നതിന്നു പയോഗിച്ചിരുന്ന ഒരു കുതിര മരിച്ചാൽ അതൊരു നഷ്ടമായി അയാൾ കരുതും. തൻെറ കീഴിലുള്ള ഒരു കൃഷിക്കാരന്നു വല്ലതും സംഭവിച്ചാലും അതേ വികാരം മാത്രമേ പ്രഭുവിന്നുണ്ടായുള്ളു. അതെ, തൻെറ നിലത്തു് പണിയെടുക്കാൻ പ്രഭുവിന്നു ഇരുകാലിമൃഗങ്ങളെയും ആവശ്യമായിരുന്നു.

അടിയാനെ നിലത്തുനിന്നും വേർപെടുത്തി വില്ക്കുവാൻ പാടില്ലാതിരുന്നതുപോലെ, അടിയാന്നു് നിലം വിട്ടു് പോരുവാനും പാടുണ്ടായിരുന്നില്ല. അവൻെറ കയ്യിലുള്ള നിലത്തിന്മേൽ അവന്നു കൈവശാവകാശം ഉണ്ടായിരുന്നു. എന്നാൽ നിയമപ്രകാരം "അടിയാൻ" നിലത്തെയല്ല, നിലം "അടിയാ"നെയായിരുന്നു കൈവശം വെച്ചതു്. അടിയാൻ ഓടിപ്പോകാൻ ശ്രമിക്കുകയും അയാളെ പിടിച്ചുകൊണ്ടുവരികയും ചെയ്യുകയാണെങ്കിൽ അയാൾ കഠിനമായി ശിക്ഷിക്കപ്പെടും. മടങ്ങിവരികയല്ലാതെ അയാൾക്കു വേറെ മാൎഗ്ഗവും ഇല്ലായിരുന്നു.

പ്രഭുവിന്നു് അയാളുടെ അധീനത്തിലുള്ള വേലക്കാർ വിട്ടുപോകുന്നതു് ഇഷ്ടമാകയില്ല. അയാളുടെ വരുതിയിൽ പെടുന്ന അടിയാന്മാർ, അയാളുടെ അധികാര അതിൎത്തിക്കു പ്പുറമെ, വിവാഹംചെയ്യുന്നതും പ്രഭുവിന്നു സമ്മതമാകയില്ല.

അങ്ങിനെ ചെയ്യേണമെങ്കിൽ പ്രഭുവിൻെറ അനുമതിലഭി ക്കണം. ഒരു അടിയാൻ മരിച്ചാൽ അയാളുടെ അവകാശി പ്രഭുവിന്നു് ഒരു പ്രത്യേക നികുതി കൊടുക്കണം. എന്നാൽ മാത്രമേ മരിച്ചഅടിയാൻെറ നിലം അയാളുടെഅവകാശിക്കു ലഭിക്കുകയുള്ളൂ. ഈ നിബന്ധനകൾ "മേനറി"ൻെറ പ്രവ ൎത്തനത്തെ നിയന്ത്രിച്ചിരുന്ന മാമൂലുകളായിരുന്നു. ഇന്നു് ഒരു നഗരസഭയോ, അതുപോലുള്ള മററു ഭരണാധികാരങ്ങളോ, പാസ്സാക്കുന്ന നിയമങ്ങൾക്കു തുല്യമായിരുന്നു, ഈ മാമൂലുകൾ എല്ലാകാൎയ്യങ്ങളിലും അധികാരം ഏറെറടുക്കുവാൻ ശക്തങ്ങളായ ഗവൎമ്മെണ്ടുകൾ മദ്ധ്യകാലത്തുണ്ടായിരുന്നില്ല. അന്നത്തെ സമുദായത്തിൻെറ ഘടന, അന്യോന്യമുള്ള കടപ്പാടുകളേയും, അങ്ങോളമിങ്ങോളം ചെയ്യേണ്ടിയിരുന്ന സേവനങ്ങളേയും അടിസ്ഥാനപ്പെടുത്തിയുള്ളതായിരുന്നു. ഇന്നു സ്വന്തം കയ്യിലുള്ള നിലംകൊണ്ടു് എന്തുചെയ്യാനും ഒരാൾക്കവകാശമുണ്ടു്. അക്കാലത്തു നിലത്തിന്മേലുള്ള അവകാശമെന്നു പറഞ്ഞാൽ എന്തുംചെയ്യുവാനുള്ള സ്വാതന്ത്ര്യം എന്നൊന്നും അൎത്ഥമായിരുന്നില്ല. കൈവശാവകാശമെന്നുപറഞ്ഞാൽ മറെറാരാൾ ചെയ്തുകൊടുക്കേണ്ട കടപ്പാടുകളുടെ നിൎവ്വഹണമെന്നായിരുന്നു അൎത്ഥം. ഈ കടമകൾ നിൎവ്വഹിക്കാത്ത പക്ഷം നിലം തിരിച്ചുവാങ്ങുവാൻ പാടുണ്ടായിരുന്നു. അടിയാൻ പ്രഭുവിന്നുവേണ്ടി ചെയ്യേണ്ടിയിരുന്ന സേവനങ്ങളും, പ്രഭു അടിയാന്നു് നൽകേണ്ടിയിരുന്ന കാര്യങ്ങളും മാമൂൽപ്രകാരമുള്ള കരാറുകളാൽ വ്യവസ്ഥിതങ്ങളായിരുന്നു. ഇന്നു് നിയമങ്ങൾ ലംഘിക്കപ്പെടാറുള്ളതുപോലെ അക്കാലത്തു് മാമൂലുകളും ലംഘിക്കപ്പെട്ടിരുന്നു. രണ്ടു അടിയാന്മാർ തമ്മിലുള്ള തൎക്കം മാമൂലുകൾക്കനുസരിച്ചു് പ്രഭുവിൻെറ കോടതിയിൽവെച്ചു തീരുമാനിക്കപ്പെടും. പ്രഭുവും അടിയാനും തമ്മിലുള്ള തൎക്കമാകട്ടെ, പ്രഭുവിൻെറ കോടതി

യിൽവെച്ചുതന്നെയാണു് വിചാരണചെയ്തതു്. അതുകൊണ്ടു പ്രഭുവിന്നനുകൂലമായ വിധികൾ മാത്രമേ സ്വാഭാവികമായി ഉണ്ടാകുവാൻ ഇടയായിരുന്നുള്ളു. മാമൂൽ തെററിനടന്ന പ്രഭുക്കളെ അവരുടെ മേല്ക്കോയ്മകൾ ശിക്ഷിച്ചതായും ഉദാഹരണങ്ങളുണ്ടു്.

ഒരു "മേനറി"ലെ പ്രഭുവും, മറെറാരു "മേനറി"ലെ പ്രഭുവും തമ്മിൽ തക്കമുത്ഭവിച്ചാൽ എന്തുചെയ്യും? ഈ ചോദ്യത്തിന്നുള്ള ഉത്തരം നാടുവാഴിപ്രഭുത്വത്തിൻെറ വളരെ പ്രധാനമായ ഒരു സ്വഭാവം വ്യക്തമാക്കുന്നുണ്ടു്. മേനറിൻെറ ഉടമയായ പ്രഭുവിന്നു് നിലത്തിന്മേൽ മുഴുവനുമായ ഉടമാവകാശമുണ്ടായിരുന്നില്ല. അയാൾ അയാൾക്കുപരിയായി നില്ക്കുന്ന വേറൊരു പ്രഭുവിൻെറ കുടിയാനായിരുന്നു; 'അടിയാൻ' 'വില്ലൻ' 'സ്വതന്ത്രൻ' ഇവരെല്ലാം പ്രഭുവിൻെറ കീഴിൽ നിലങ്ങൾ ഏററുവാങ്ങി. പ്രഭു "കൌണ്ടി"ൻെറ കീഴിലും, കൌണ്ടു് "ഡ്യൂക്കി"ൻെറ കീഴിലും, ഡ്യൂക്കു് രാജാവിൻെറ കീഴിലും നിലം ഏററുവാങ്ങി. ചിലപ്പോൾ രാജാവുതന്നെ മേല്ക്കോയ്മയായ മറെറാരു രാജാവിൻെറ കീഴിൽ നിലം ഏററുവാങ്ങി.

എന്നാൽ ഈ ഓരോ ഇനത്തിലും പെട്ടുന്ന ആളുകൾക്കു ഒരുഖണ്ഡം നിലം മാത്രമേ ഉണ്ടായിരുന്നുള്ളു എന്നു് ഇതിന്നത്ഥമില്ല. ചില പ്രഭുക്കൾക്കു ഓരോ "മേനർ" മാത്രമേ ഉണ്ടായിരിക്കയുള്ളു. മററു ചില പ്രഭുക്കന്മാക്കു് അവരുടെ കീഴിൽ അനേകം "മേനറു"കൾ ഉണ്ടായിരിക്കും. മററു ചിലക്കു് വലിയ രാജ്യവിഭാഗങ്ങൾതന്നെ ഏല്പിച്ചുകിട്ടും. ഇംഗ്ലണ്ടിലെ ഒരു "ബേറന്നു" 790 ഖണ്ഡങ്ങൾ ഉൾക്കൊണ്ടിരുന്ന പ്രദേശങ്ങൾ ഉണ്ടായിരുന്നു. ഇററാലിയിൽ ഏതാനും വലിയ പ്രഭുക്കൾ 10,000 "മേനറു"കളുടെ അധിപതികളാ

യിരുന്നു. നിയമപ്രകാരം രാജ്യത്തിലെ മുഴവൻ നിലത്തി ൻേറയും ഉടമസ്ഥയ രാജാവിന്നു സ്വന്തംകീഴിൽരാജ്യത്തിൻെറ നാനാഭാഗത്തും സ്ഥലങ്ങൾ ഉണ്ടായിരിക്കും. രാജാവിൻെറ കീഴിൽ നേരിട്ട നിലം കൈവശം വെച്ചിരുന്നവരെ, അവർ പ്രഭുക്കന്മാരായിരുന്നാലും, അടിയാന്മാരായിരുന്നാലും 'പണ്ടാരക്കുടിയാന്മാർ' എന്നു വിളിച്ചു.

കാലക്രമത്തിൽ വലിയ ഭൂസ്വത്തുക്കൾ വിഭജിക്കപ്പെട്ടു. നിലം പല പദവിയിലുള്ള പ്രഭുക്കളുടെ അധീനത്തിലായിത്തീന്നു. ഓരോ പ്രഭുവിന്നും തൻെറ കീഴിൽ കഴിയുന്നത്ര ഇടപ്രഭുക്കളെ സമ്പാദിക്കേണ്ട ആവശ്യകത നേരിട്ടു.

നാമിന്നുപയോഗിക്കുന്ന അനേകം സാധനങ്ങൾ ഉണ്ടാക്കുവാൻ, നിലം, തൊഴിൽശാല, യന്ത്രശാല, റെയിൽവെ, കപ്പൽ, എല്ലാതരത്തിലുമുള്ള യന്ത്രങ്ങൾ ഇവയെല്ലാം ആവശ്യമാണ്. ഇവയിൽ എത്ര ഇനങ്ങൾക്കധിപനാണെന്നതിനെ അടിസ്ഥാനമാക്കിയാണ് ഒരാൾ ധനികനാണെന്നു കണക്കാക്കുന്നതു്. എന്നാൽ മദ്ധ്യകാലത്തു മനുഷ്യൻ ഉപയോഗിച്ചിരുന്ന മിക്കവാറും സാധനങ്ങൾ നിലങ്ങളിൽ ഉൽപ്പാദിപ്പിക്കപ്പെട്ടവയായിരുന്നു. അതുകൊണ്ടു് അപ്പോൾ നിലമായിരുന്നു ധനം. അക്കാലത്തു് ഒരാൾ ധനികനാണോ എന്നു തീച്ചയാക്കിയിരുന്നതു് ഒരൊററ അളവുകോൽ ഉപയോഗിച്ചാണ്. അയാൾ എത്ര നിലം കൈവശം വെച്ചിരുന്നു എന്നാണ് ആളുകൾ നോക്കിയതു്. അതുകൊണ്ടു് നിലത്തിന്നുവേണ്ടി പ്രഭുക്കളന്യോന്യം കലഹിച്ചു. നാടുവാഴിപ്രഭുത്വത്തിൻെറ കാലം യുദ്ധങ്ങളുടേയും കാലമായിരുന്നു. ഈ യുദ്ധങ്ങൾ ജയിക്കുവാൻ ഓരോ പ്രഭുവിന്നും കിട്ടുന്നത്ര പടയാളികൾ ആവശ്യമാണ്. പാട്ടം തരാമെന്നും, യുദ്ധാവസരങ്ങളിൽ സൈനികസഹായം ചെയ്യാമെന്നും ഉള്ള കരാറി

ന്മേൽ കുടിയാന്മാക്ക നിലം ഏല്പിച്ചുകൊടുക്കുകയായിരുന്നു ഇതിന്നു ഏററവും എളുപ്പമായ വഴി.

അങ്ങിനെ മററു സേവനങ്ങൾക്കു പുറമെ പ്രഭുവിന്നു് സൈന്യസഹായം ചെയ്തുകൊടുക്കുന്നതിന്നും കുടിയാൻ ബാദ്ധ്യസ്ഥനായിരുന്നു. നിശ്ചയിക്കപ്പെട്ട ഏതാനും ദിവസങ്ങൾ പ്രഭുവിന്നുവേണ്ടി യുദ്ധംചെയ്യുവാൻ കുറേ പടയാളികളെ കുടിയാൻ അയച്ചുകൊടുക്കണമെന്നായിരുന്നു നിശ്ചയം. ഇംഗ്ലണ്ടിലും, ഫ്രാൻസിലും ഇങ്ങിനെ ചെയ്യേണ്ടിയിരുന്ന യുദ്ധസേവനം ഒരു കൊല്ലത്തിൽ 40 ദിവസങ്ങളാണു്. അവരവർതന്നെ പടക്കോപ്പണിഞ്ഞു യുദ്ധത്തിന്നു പോകുകയോ, പകരം മററുള്ളവരെ പറഞ്ഞയക്കുകയോ ചെയ്യുന്നതും സാധാരണയായിരുന്നു.

യുദ്ധസേവനംചെയ്യാമെന്ന കരാറിന്മേൽ നിലം ഏററുവാങ്ങിയ രാജാക്കന്മാരും, പ്രഭുക്കന്മാരും, അതേ നിബന്ധനകൾക്കനുസരിച്ചു മററുള്ളവക്കു് ഈ നിലം ചാർത്തിക്കൊടുത്തു. അങ്ങിനെ കൂടുതൽ പടയാളികളെ ഏതവസരത്തിലും ലഭിക്കുവാനുള്ള സൌകര്യങ്ങൾ അവർ ഉണ്ടാക്കി.

ഇഷ്ടംപോലെ നിലം കൈമാററംചെയ്യുവാൻ കുടിയാന്നു അധികാരമുണ്ടായിരുന്നില്ല. അയാൾ അങ്ങിനെ ചെയ്യുന്നതിന്നുമുമ്പ മേൽക്കോയ്മയുടെ അനുവാദം സമ്പാദിക്കണം. ഈ അനുവാദത്തിന്നു ചില അവകാശങ്ങൾ കൊടുക്കേണ്ടതുണ്ടായിരുന്നു. ഒരു കൃഷിക്കാരന്റെ അവകാശി, അയാൾക്കവകാശപ്പെട്ട നിലം ഏററുവാങ്ങുമ്പോൾ അയാളുടെപ്രഭുവിന്നു ചിലതെല്ലാം കൊടുക്കേണ്ടിയിരുന്നതുപോലെ, ഒരു പ്രഭുവിന്റെ അവകാശി ''മേനർ'' ഏററുവാങ്ങുമ്പോൾ അയാളുടെ മേൽക്കോയ്മക്കു ചില കപ്പങ്ങൾ കൊടുക്കേണ്ടിവന്നു. ഒരു കുടിയാൻ മരിക്കുകയും, അവകാശി മൈനറായിരിക്കുകയുംചെയ്യുകയാണെങ്കിൽ, പ്രഭു ആ അവകാശിക്കു പ്രായമെ

ത്തുന്നതുവരെ, സ്വത്തു നോക്കിനടത്തും. ഇതുകൊണ്ടുദ്ദേശിച്ചതു്, പ്രായമെത്താത്ത അവകാശിക്കു്, പ്രഭുവോടുള്ള കടപ്പാടുകൾ നിവ്വഹിക്കുവാൻ സാധിക്കുകയില്ലെന്നായിരുന്നു. കുടിയാന്നു് തൻേറടം വരുന്നതുവരെ പ്രഭു സ്വത്തു നോക്കിനടത്തും; സ്വത്തിൽനിന്നുമുള്ള വരുമാനം സ്വന്തമായെടുക്കും.

സ്ത്രീകളായ അവകാശികൾ വിവാഹംചെയ്യുന്നതിന്നു പ്രഭുവിൻെറ സമ്മതംവേണം. ഒരു വിധവ വിവാഹംചെയ്യുവാൻ തീച്ച്യാക്കുകയാണെങ്കിൽ, പ്രഭുവിന്നു ചില സംഖ്യകൾ പിഴയായി കൊടുക്കണം. നേരേമറിച്ചു് ഒരു വിധവ പുനർവിവാഹംചെയ്യാൻ ഇഷ്ടപ്പെടുന്നില്ലെങ്കിലോ? വിവാഹംചെയ്യാൻ പ്രഭു നിർബ്ബന്ധിക്കാതിരിക്കാനും, ചില പിഴകൾ കൊടുക്കണം.

കുടിയാന്നു ലഭിക്കുന്ന നിലത്തിന്നും രക്ഷക്കും പകരം കുടിയാൻ പ്രഭുവിന്നുവേണ്ടി ചെയ്യേണ്ടിയിരുന്ന ഏതാനും കടമകളും സേവനങ്ങളുമാണു് ഇവിടെ വിവരിച്ചിട്ടുള്ളതു്. മററുചില കാര്യങ്ങളും കുടിയാന്മാർ പ്രഭുവിന്നുവേണ്ടി ചെയ്യേണ്ടതുണ്ടായിരുന്നു. പ്രഭുവിനെ ശത്രുക്കൾ തടവിലാക്കിയാൽ, അയാളെ മോചിപ്പിക്കുവാൻ കൊടുക്കേണ്ടിവരുന്ന സംഖ്യ കുടിയാന്മാർ സംഭാവനചെയ്യേണ്ടതാകണം. പ്രഭുവിൻെറ മകന്നു വീരശൃംഖല ലഭിക്കുമ്പോൾ ആ ചടങ്ങിനെ സംബന്ധിക്കുന്ന ആഘോഷങ്ങൾക്കുവേണ്ടി കുടിയാൻ പ്രഭുവിന്നു ചില കാഴ്ചകൾവെക്കണം.

നാടുവാഴിപ്രഭുത്വവ്യവസ്ഥയിൽ പള്ളികൾ ഒരു കാര്യമായ ഘടകമായിരുന്നു. പള്ളികളുടെ പങ്കു ചില സംഗതികളിൽ വളരെ പ്രധാനമായിരുന്നു. ക്രൈസ്തവലോകത്തെ മുഴുവൻ ഉൾക്കൊണ്ടിരുന്ന ഒരു സ്ഥാപനമായിരുന്നു പള്ളികൾ. ഏതു രാജത്വത്തെക്കാളും കൂടുതൽ ശക്തിയു

ള്ളതും, പൌരാണികമായതും, തുടച്ചയായുള്ളതുമായ ഒരു സംഘടനയായിരുന്നു അതു്. അപ്പോൾ മതത്തിന്നു വളരെ പ്രാധാന്യംകല്പിച്ചിരുന്ന ഒരു കാലമായിരുന്നു പള്ളികൾക്കു വലിയ സ്വാധീനവും ആത്മീയമായ അന്തസ്സും ഉണ്ടായിരുന്നു, കൂടാതെ പള്ളികളുടെ വകയായി ധാരാളം ധനമുണ്ടായിരുന്നു. അക്കാലത്തെ ധനം നിലമാണു് എന്നു നാം കണ്ടുകഴിഞ്ഞു. മദ്ധ്യകാലത്തെ ഏററവും വലിയ നിലമുടമകൾ പള്ളികളായിരുന്നു. പാപംചെയ്തിട്ടുള്ളവർ ദൈവത്തിൻെറ മുമ്പിൽ മാപ്പുകിട്ടുന്നതിന്നുവേണ്ടി, മരിക്കുന്നതിന്നു മുമ്പായി. പള്ളികളിലേക്കു നിലങ്ങൾ സംഭാവനചെയ്യും. പള്ളികൾ, സാധുക്കളേയും രോഗികളേയും ശുശ്രൂഷിക്കുകയെന്ന പാവനകൃത്യത്തിൽ ഏപ്പെട്ടിരുന്നതുകൊണ്ടു് ആ സൽകൃത്യത്തിൽ സഹായകമായിത്തീരുവാൻ, പല പ്രഭുക്കളും രാജാക്കന്മാരും പള്ളികളുടെപേരിൽ നിലങ്ങൾ ചാത്തിക്കൊടുത്തു. പ്രഭുക്കളും രാജാക്കന്മാരും ശത്രുക്കളുടെ നിലം യുദ്ധംചെയ്തു കൈവശപ്പെടുത്തിയാൽ, അതിലൊരു ഭാഗം പള്ളിയിലേക്കു സംഭാവനചെയ്യും. ഇങ്ങിനെ പല തരത്തിലും പള്ളികളുടെ ഭൂസ്വത്തു വദ്ധിച്ചു. പടിഞ്ഞാറൻയൂറോപ്പിൽ ആകെ നിലത്തിൽ ഏതാണ്ടു പകുതിയോളം പള്ളികളുടെ അധീനത്തിലായിത്തീൻ.

മെത്രാന്മാരും മഠാധിപതികളും ''കൌണ്ടു''മാരെപ്പോലെയും ''ഡ്യൂക്കു''കളെപ്പോലെയും നാടുവാഴിപ്രഭുത്വവ്യവസ്ഥയിൽ സ്ഥാനങ്ങൾവഹിച്ചു. മേല്ക്കോയ്മയിൽനിന്നു നിലം സ്വീകരിച്ചിരുന്ന പള്ളികൾ അവയുടെ കീഴിൽ കുടിയാന്മാരേയും സ്വീകരിച്ചു.

നാടുവാഴിപ്രഭുത്വത്തിൻെറ ആദ്യദശയിൽ പള്ളികൾ, സമുദായത്തിലെ പുരോഗമനപരമായ ശക്തികളായിരുന്നു. റോമൻസംസ്കാരത്തിൻെറ ചില സ്വഭാവങ്ങളെ

പള്ളീകൾ നിലനിത്തി. പള്ളികൾ വിദ്യാഭ്യാസം പ്രച രിപ്പിക്കകയും സ്കൂളുകൾ സ്ഥാപിക്കുകയുംചെയ്തു. അനാഥരാ യ കുട്ടികളെ സംരക്ഷിക്കുകയും, രോഗികളെ ശുശ്രൂഷിക്കുന്ന തിന്നു് ആസ്പത്രികൾ നടത്തുകയുംചെയ്തു. പള്ളിയിലെ പാ തിരിമാർ പ്രഭുക്കളുടെ പദവിയുംകൂടി സ്വീകരിച്ചപ്പോൾ, അവർ പള്ളിയുടെ വകയായ സ്വത്തുക്കളെ കാര്യക്ഷമമായി നോക്കി നടത്തി. സാധാരണ പ്രഭുക്കളേക്കാൾ അവർ ധന ത്തിൽനിന്നും ആദായമെടുത്തു.

ഈ ചിത്രത്തിന്നു വേറൊരു വശമുണ്ടു്. സാധാരണ പ്രഭുക്കൾ തങ്ങളുടെ വകയായ നിലങ്ങൾ, പല ഭാഗങ്ങളാ ക്കി, കൂടുതൽ അനുയായികളെ ആകർഷിക്കാൻ ശ്രമിച്ചു. പള്ളികളാകട്ടെ, കൂടുതൽ നിലങ്ങൾ സമ്പാദിക്കുവാനാണു് ശ്രമിച്ചതു്. പാതിരിമാരെ വിവാഹംചെയ്യുന്നതിൽനിന്നും വിലക്കുവാനുള്ള ഒരു കാരണം അവരുടെ സന്താനങ്ങൾക്കിട യിൽ പള്ളിയുടെ സ്വത്തുക്കൾ ഭാഗിക്കപ്പെട്ടാൽ, പള്ളി യുടെ സ്വാധീനത്തിന്നു കോട്ടംതട്ടുമെന്നുള്ളതാണു്. "പത്താ ലൊന്നു്" എന്ന പള്ളിവരിയിൽകൂടി, പള്ളിയുടെ ധനം വർദ്ധിപ്പിക്കുവാൻ പാതിരിമാർ ശ്രമിച്ചു. "പത്താലൊന്നു" എന്നതിൽ നിലനികുതി, ആദായനികുതി, മരണനികുതി, ഇവയെല്ലാം ഉൾപ്പെട്ടിരുന്നു. അതു് ഇന്നത്തെ ഏതു നികു തിയേക്കാൾ ദ്രോഹകരമായിരുന്നു. കൃഷിക്കാർ, വെറും കു ടിയിരുപ്പുകാർപോലും, ഈ വരി കൊടുക്കണം. രോമത്തി ന്റെ "പത്താലൊന്നി"ൽ വാത്തിന്റെ രോമംകൂടി ഉൾപ്പെ ട്ടിരുന്നു. നിരത്തുവക്കിൽനിന്നും അരിഞ്ഞെടുക്കുന്ന പുല്ലി ന്നുകൂടി "പത്താലൊന്നു്" ബാധകമായിരുന്നു. പത്താലൊ ന്നു് കണക്കാക്കുമ്പോൾ ആകെയുള്ള വരുമാനത്തിൽനിന്നും കൃഷിച്ചിലവു കിഴിച്ചുകളയുന്ന കൃഷിക്കാരൻ, നരകത്തിൽ പോകേണ്ടിവരുമെന്നായിരുന്നു വിശ്വാസം.

പള്ളികളുടെ ധനം കണക്കില്ലാതെ വദ്ധിച്ചു: അവയ്ക്കു് ജനങ്ങളുടെ പേരിൽ ആത്മീയമായുണ്ടായിരുന്ന സ്വാധീനത്തേക്കാൾ സാമ്പത്തികമായ സ്വാധീനം വദ്ധിച്ചു. പ്രഭു എന്ന നിലക്കു പള്ളിയുടെ ക്രൂരതകൾസാധാരണപ്രഭുക്കളുടെ ദ്രോഹങ്ങളേക്കാൾ ഒട്ടും കുറവായിരുന്നില്ല. ചിലപ്പോൾ പള്ളികൾ അക്കാര്യത്തിൽ സാധാരണ പ്രഭുക്കളെപ്പോലും കവച്ചുവെച്ചു. സെൻറുല്യൂയിയുടെ കാലത്തു പാരീസ്സിലെ ഒരു പള്ളിയുടെ കീഴിലായിരുന്ന കുടിയാന്മാർ, മദ്ദനങ്ങൾ സഹിക്കാൻകഴിയാതെ രാജ്ഞിയുടെ മുമ്പാകെ ആവലാതിപ്പെട്ടു. രാജ്ഞി "ബഹുമാനപുരസ്സരം" പാതിരിയുടെമുമ്പാകെ പ്രതിഷേധിച്ചു. ഇതിന്നു പാതിരി, തൻെറ കുടിയാന്മാരെ ഇഷ്ടംപോലെ പട്ടിണി കിടത്താൻ പാതിരിമാക്കു് അധികാരമുണ്ടു് എന്നാണു് മറുപടി പറഞ്ഞതു്.

പള്ളികളുടെ ജനശുശ്രൂഷാപരമായ പ്രവത്തനങ്ങളെ കുറിച്ചുള്ള വണ്ണനകൾ അതിശയോക്തി കലന്നവയാണെന്നും അഭിപ്രായമുണ്ടു്. പള്ളികൾ സാധുക്കളെയും രോഗികളെയും സഹായിച്ചു എന്നതു പരമാത്ഥമാണു്. എന്നാൽ പള്ളികൾ മദ്ധ്യകാലത്തെ ഏററവും വലിയ നിലമുടമകളായിരുന്നു. പള്ളികളുടെ അധീനത്തിലുണ്ടായിരുന്ന സമ്പത്തിനോടു താരതമ്യപ്പെടുത്തിനോക്കിയാൽ, സാധാരണ പ്രഭുക്കന്മാർ ചെയ്തത്രപോലും ആതുരശുശ്രൂഷ, പള്ളികൾ ചെയ്തിട്ടില്ലെന്നാണു് ചിലർ വാദിക്കുന്നതു്. ധനികരോടു ധമ്മവിഷയങ്ങളിൽ പണം ചിലവുചെയ്യുവാൻ പള്ളികൾ ആവശ്യപ്പെട്ടു. എന്നാൽ പള്ളികൾ സ്വന്തം ഖജാനയെ ഒരു തരത്തിലും തൊടാതെ വെച്ചു. പള്ളികൾ ഇത്രയധികം ധനം ജനങ്ങളിൽനിന്നു തട്ടിയെടുത്തിരുന്നില്ലെങ്കിൽ, സാധുക്കൾക്കു ധർമ്മം കൊടുക്കുകയെന്നതിൻെറ ആവശ്യംതന്നെ

നേരിട്ടകയില്ലായിരുന്നു, എന്നും ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

പള്ളികളിലെ പുരോഹിതന്മാരും, സാധാരണ പ്രഭുക്കന്മാരും, ഭരണാധികാരികളായ വർഗ്ഗങ്ങളായിരുന്നു. അവർ നിലംമുഴവൻ കയ്യടക്കിവെച്ചു. എല്ലാ സ്വാധീനങ്ങളും അധികാരങ്ങളും ആർജ്ജിച്ചു, പള്ളികൾ ജനങ്ങൾക്ക് ആത്മീയസഹായം ചെയ്തു. പ്രഭുക്കൾ സൈനികമായ രക്ഷ നൽകി. ഇതിന്നു പ്രതിഫലമായി ഈ രണ്ടു വർഗ്ഗക്കാരും സാധാരണ ജനങ്ങളിൽനിന്നു ദേഹാദ്ധ്വാനം പിടിച്ചെടുത്തു. അക്കാലത്തെ ഒരു ചരിത്രകാരൻ ഇങ്ങിനെ രേഖപ്പെടുത്തിയിരിക്കുന്നു: "നാടുവാഴി പ്രഭുത്വം, യഥാർത്ഥത്തിൽ നൽകപ്പെടാത്ത രക്ഷയ്ക്കും സഹായത്തിന്നും പകരമായി, പണിക്കാരായ സാധുക്കളെ, മടിയരായ പ്രഭുവർഗ്ഗത്തിൻെറ അനുകമ്പക്കു പാത്രമാക്കിത്തീർത്ത ഒരു സമുദായവ്യവസ്ഥയാണ്. ആ വ്യവസ്ഥയിൻകീഴിൽ നിലത്തിന്മേൽ ഉടമാവകാശം ലഭിച്ചതു കൃഷിയിൽ ഏർപ്പെട്ടിരുന്ന കൃഷിക്കാർക്കായിരുന്നില്ല; അതു പിടിച്ചെടുക്കുവാൻമാത്രം കയ്യൂക്കുണ്ടായിരുന്ന പ്രഭുക്കൾക്കായിരുന്നു."

# II

# കച്ചവടക്കാരൻ

ഇക്കാലത്തു വളരെ ചുരുക്കം പണക്കാർ മാത്രമേ, സ്വന്തം പെട്ടികളിൽ, പണം വെറുതെ സൂക്ഷിക്കുന്നുള്ളു. അധികം പണക്കാരും പല കാര്യങ്ങളിൽ പണമിറക്കി ലാഭമുണ്ടാക്കുന്നു. ഏററവും അധികം ലാഭമുണ്ടാക്കാൻ പണം ഏതു വിഷയത്തിൽ ഇറക്കേണമെന്നാണു് അവരുടെ ചിന്ത. അവർ പണം കച്ചവടത്തിൽ ഇറക്കുന്നു; ഉരുക്കുകമ്പനിയിൽ ഓഹരികൾ എടുക്കുവാനും ഗവൎമ്മേണ്ടിന്റെ കടപത്രികകൾ വാങ്ങാനും ഉപയോഗിക്കുന്നു. കൂടുതൽ ധനമാൎജ്ജിക്കുന്നതിന്നു കയ്യിരിപ്പുള്ള പണം ഉപയോഗപ്പെടുത്തേണ്ടതാണെന്നു അവർ മനസ്സിലാക്കിയിരിക്കുന്നു. അതിന്നു ഒരായിരം വഴികളുണ്ടെന്നും അവൎക്കു നന്നായറിയാം.

എന്നാൽ മദ്ധ്യകാലത്തു പണമുള്ളവൎക്കു അത്തരം സൌകൎയ്യങ്ങൾ ഉണ്ടായിരുന്നില്ല. ഉപയോഗത്തിന്നാവശ്യമായ പണംതന്നെ, ചുരുക്കം പേരുടെ കയ്യിൽ മാത്രമേ ഉണ്ടായിരുന്നുള്ളു: പണം കയ്യിരിപ്പുള്ളവൎക്കാകട്ടെ, പണംകൊണ്ടു് വലിയ ഉപയോഗം ഉണ്ടായിരുന്നതുമില്ല; പള്ളിയിൽ ഭണ്ഡാരങ്ങൾ നിറയെ സ്വൎണ്ണനാണയങ്ങൾ ഉണ്ടായിരുന്നു. ഈ നാണയങ്ങൾ ഉറപ്പുള്ള പെട്ടികളിൽ നിക്ഷേപിക്കും. പള്ളിവകയായി ആഭരണങ്ങൾ വാങ്ങുന്നതിന്നും ഈ പണം ഉപയോഗിച്ചു. പള്ളിയുടെ വകയായുണ്ടായിരുന്ന നാണയങ്ങളും സ്വൎണ്ണവും വെറുതെ കിടക്കുകയായിരുന്നു. ഈ മൂലധനം ലാഭമുണ്ടാകുന്ന മാൎഗ്ഗങ്ങളിൽ വിനിയോഗിക്കുവാൻ സൌകൎയ്യങ്ങളുണ്ടായിരുന്നില്ല. പ്രഭുക്കന്മാരുടെ കയ്യിൽ ഇരിപ്പുണ്ടായിരുന്ന പണത്തെസ്സംബന്ധിച്ചും നില

ഇതുതന്നെയായിരുന്നു. പിഴയായോ പാട്ടമായോ പ്രഭുവി ൻെറ കയ്യിൽ വന്നുചേരുന്ന പണം, വ്യവസായത്തിലോ കച്ചവടത്തിലോ ഇറക്കുവാൻ സാധിച്ചിരുന്നില്ല. കാരണം അക്കാലത്തു വ്യവസായങ്ങളൊന്നുംതന്നെ ഉണ്ടായിരുന്നില്ല. പുരോഹിതന്മാരുടേയും പ്രഭുക്കന്മാരുടേയും കയ്യിലുണ്ടായിരുന്ന പണം, ഉപയോഗിക്കപ്പെടാതെ കെട്ടിക്കിടക്കുകയായിരുന്നു.

അക്കാലത്തു സാധനങ്ങൾ വാങ്ങാനും പണം ആവശ്യമില്ല. കാരണം അപ്പോൾ സാധനങ്ങൾ വാങ്ങിച്ചിരുന്നതു് പണംകൊടുത്തല്ല. ജനങ്ങൾക്കാവശ്യമായ ഭക്ഷണസാധനങ്ങളും വസ്ത്രസാമഗ്രികളും ''മേനറി''ൽതന്നെ ഉണ്ടാക്കും. നാടുവാഴിപ്രഭുത്വത്തിൻെറ ആദ്യഘട്ടങ്ങളിൽ പണം ഉപയോഗിക്കാതെതന്നെ കാര്യങ്ങൾ നടന്നുപോന്നു. അതു് ഉപഭോക്തൃത്വത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു സമ്പൽവ്യവസ്ഥയായിരുന്നു. ഓരോ ഗ്രാമവും സ്വയംസമ്പൂർണ്ണമായിരുന്നു. നിങ്ങളുടെ കുപ്പായത്തിന്നു് എന്തു വിലകൊടുത്തു എന്നു് ഒരാൾ നിങ്ങളോടു ചോദിക്കുകയാണെങ്കിൽ നിങ്ങൾ പറയുന്ന ഉത്തരം ഇത്ര ഉറുപ്പിക ഇത്രഅണ എന്നായിരിക്കും. മദ്ധ്യകാലത്തിൻെറ ആദ്യദശകളിൽ ഇതേ ചോദ്യം ഒരാളോടു ചോദിച്ചിരുന്നുവെങ്കിൽ, കിട്ടുമായിരുന്ന ഉത്തരം ''ഞാൻതന്നെയാണു് ഇതു് ഉണ്ടാക്കിയതു്'' എന്നായിരിക്കും. കൃഷിക്കാരനും, അവൻെറ കുഡുംബവും അവക്കാവശ്യമായ ഭക്ഷണസാധനങ്ങൾ സ്വന്തമായുണ്ടാക്കി. സ്വന്തം കൈകൊണ്ടുതന്നെ അത്യാവശ്യമായ വീട്ടുസാമാനങ്ങളും അവർ നിർമ്മിച്ചു. അവക്കാവശ്യമായ എല്ലാ സാധനങ്ങളും ഉണ്ടാക്കുന്നതിന്നു് പ്രഭുക്കൾ കൈവേലക്കാരായ അടിയന്മാരെ സ്വന്തം കൊട്ടാരങ്ങളോടനുബന്ധിച്ചു താമസിപ്പിച്ചു.

അങ്ങിനെ "മേനർ"വ്യവസ്ഥയെ അടിസ്ഥാനപ്പെടുത്തിയ ഗ്രാമം തികച്ചും സ്വയംസമ്പൂർണ്ണമായിരുന്നു. ഗ്രാമവാസികൾക്കാവശ്യമായ സാധനങ്ങൾ ഗ്രാമത്തിൽതന്നെ ഉണ്ടാക്കുകയും ഗ്രാമീണർതന്നെ ഉപയോഗിക്കുകയുംചെയ്തു.

തീർച്ചയായും സാധനങ്ങൾ വിനിമയം ചെയ്തിട്ടുണ്ടായിരിക്കണം. ഒരു കുപ്പായമുണ്ടാക്കുന്നതിന്നാവശ്യമായ രോമം ഒരാളുടെ കയ്യിൽ ഉണ്ടായിരില്ലെന്നുവരാം. അതല്ലെങ്കിൽ കുപ്പായം ഉണ്ടാക്കുവാൻ അറിയുന്നവർ ഒരു കുടുംബത്തിൽ ഉണ്ടായില്ലെന്നും വരാം. അങ്ങിനെയാണെങ്കിൽ കുപ്പായത്തെപ്പററി ചോദിക്കുന്ന ചോദ്യത്തിന്നുള്ള ഉത്തരം "അതിന്നു ഞാൻ അഞ്ച് ഗാലൻ വീഞ്ഞുകൊടുത്തു" എന്നായിരിക്കും. ഈ കൊള്ളുക്കൊടുക്കകൾ നടത്തിയിരുന്നതു പള്ളിയുടെ അടുത്തുവെച്ചോ, പ്രഭുവിൻെറ കൊട്ടാരത്തിന്നടുത്തുവെച്ചോ, വിളിച്ചുകൂട്ടിയ ചന്തകളിൽവെച്ചാണ്. ഈ ചന്തകൾ നടപ്പെട്ടതു പള്ളിയിലെ അച്ചൻെറയോ "മേനറി"ലെ പ്രഭുവിൻെറയോ മേൽനോട്ടത്തിലായിരിക്കും. ഈ ചന്തകളിൽവെച്ച് അടിയാന്മാരുടെ കയ്യിൽ മിച്ചമുണ്ടായിരുന്ന സാധനങ്ങൾ അന്യോന്യം കൈമാററംചെയ്തു. അങ്ങിനെ കച്ചവടം വളരെ ചെറിയതോതിൽ മാത്രമേ നടന്നുള്ളു. അതും സാധനങ്ങൾ കൊടുത്തു സാധനങ്ങൾ വാങ്ങുക എന്ന അടിസ്ഥാനത്തിലാണ്. അക്കാലത്തു കച്ചവടാവശ്യാർത്ഥം സാധനങ്ങൾ ഉല്പാദിപ്പിക്കുകയെന്ന പ്രശ്നംതന്നെ ഉത്ഭവിച്ചില്ല. സ്വന്താവശ്യങ്ങൾക്കു വേണ്ടതിലും അധികം സാധനങ്ങൾ ഉണ്ടാക്കുന്നതു, ചന്തയിൽ ആ ചരക്കുകൾക്കു ചിലവുണ്ടാകുമെന്നു കാണുമ്പോൾ മാത്രമാണ്. ചരക്കുകൾക്കു വലിയ പ്രിയമില്ലെന്നു കണ്ടാൽ ചരക്കുണ്ടാക്കാൻ പ്രേരണയുമില്ല.

ആഴ്ചയിലുണ്ടാകുന്ന ഈ ചന്തകളിലെ കൊള്ളക്കൊടു ക്കകൾ, വളരെ ചെറിയതോതിലായിരിക്കും; പ്രാദേശിക മായ അടിസ്ഥാനത്തിലായിരിക്കും. കച്ചവടത്തിൻെറ അഭി വൃദ്ധിക്കും വ്യാപ്തിക്കും തടസ്സമായി നിന്നിരുന്ന മറെറാരുസം ഗതി, അക്കാലത്തെ നിരത്തുകളുടെ ശോച്യാവസ്ഥയാണ്. നിരത്തുകൾ ഇടുങ്ങി, കുഴികൾ നിറഞ്ഞു, സഞ്ചാരത്തിന്നു കൊള്ളാത്തവയായിരുന്നു. മാത്രമല്ല, ഈ നിരത്തുകളിൽ രണ്ടു തരം കൊള്ളക്കാരെ നേരിടേണ്ടതുണ്ടായിരുന്നു. ഒന്നു സാധാ രണ കള്ളന്മാർതന്നെ. ഈ നശിച്ച നിരത്തുകളിൽകൂടി സാധനങ്ങൾ കടത്തിക്കൊണ്ടുപോകുന്നതിന്നു കച്ചവടക്കാർ ഭാരിച്ച ചുങ്കങ്ങൾ കൊടുക്കേണ്ടതുണ്ടായിരുന്നു. ചുങ്കങ്ങൾ തട്ടിയെടുത്തിരുന്ന അതാതിടത്തെ പ്രഭുക്കളായിരുന്നു, കച്ച ടക്കാർക്ക നേരിടേണ്ടിവന്ന മറെറാരുതരം കൊള്ളക്കാർ. ഒരിക്കൽ ഒരു പ്രഭു ഒരു പുഴക്കു പാലം കെട്ടി. ആ പാല ത്തിന്മേൽകൂടി സൌജന്യമായി കടക്കുവാൻ എല്ലാവരേയും അനുവദിച്ചു ഇതു വലിയ ഒരാശ്ചര്യമായി അക്കാലത്തുള്ള വക്കുതോന്നി. കാരണം, ചുങ്കം പിരിക്കുന്ന സമ്പ്രദായം പ്രചുരപ്രചാരമായിരുന്ന ഒരു കാലമായിരുന്ന അതു്. കച്ച വടത്തിന്നു തടസ്സമായിനിന്നിരുന്ന മററു വിഷമതകളും ഉണ്ടായിരുന്നു. പണം അക്കാലത്തു വളരെ ദുർല്ലഭമായി രുന്നു. ഉള്ള പണംതന്നെ പല രൂപത്തിലായിരുന്നു. അളവും തൂക്കവും അതാതിടത്തു് ഓരോ രൂപത്തിലായിരുന്നു. ഈ പരിതസ്ഥിതികളിൽ ദൂരസ്ഥലങ്ങളിലേക്കു സാധന ങ്ങൾ കടത്തിക്കൊണ്ടുപോകുന്നതു വിഷമംപിടിച്ചതും, ആ പൽക്കരവുമായ, ഏപ്പാടായിരുന്നു. ഈ കാരണങ്ങളാൽ ആ കാലത്തു ചന്തകളിൽ നടന്നിരുന്ന വ്യാപാരം, വളരെ ചെറിയതോതിലായിരുന്നതിൽ ആശ്ചര്യപ്പെടാനില്ല.

എന്നാൽ കച്ചവടം എല്ലാകാലത്തും ഇങ്ങിനെ ചുരുങ്ങിയ തോതിലായി നിന്നില്ല. വ്യാപാരം ക്രമേണ വളൎന്നു വന്നു. അതു മദ്ധ്യകാലത്തെ ജീവിതത്തെ മുഴവൻ ബാധിക്കത്തക്കവിധം വ്യാപ്തിയോടുകൂടിയായിത്തീൎന്നു. 11-ാംനൂററാണ്ടിൽ കച്ചവടം വളരെ വികസിച്ചു. 12–ാം നൂററാണ്ടിൽ കച്ചവടത്തിൻെറ അഭിവൃദ്ധി പടിഞ്ഞാറൻ യൂറോപ്പിൻെറ സ്വഭാവത്തെത്തന്നെ മാററിമറിച്ചു.

കുരിശുയുദ്ധങ്ങൾ കച്ചവടത്തിന്നു പ്രചോദനം നൽകി. കരയും കടലും കടന്നു് മുസ്ലീംഭരണത്തിൽനിന്നും തങ്ങളുടെ പുണ്യഭൂമിയെ മോചിപ്പിക്കുവാൻ, ആയിരക്കണക്കായി യൂറോപ്യന്മാർ, ജറുസലത്തിലേക്കു പുറപ്പെട്ടു. അവൎക്കു വഴിയിൽ ആവശ്യമായ സാധനങ്ങൾ എത്തിച്ചുകൊടുക്കേണ്ടതുണ്ടായിരുന്നു. കച്ചവടക്കാർ സാമാനങ്ങളുമായി അവരോടൊപ്പം സഞ്ചരിച്ചു, ഈ കുരിശുയുദ്ധങ്ങൾ കഴിഞ്ഞു തിരിച്ചുവന്ന പടയാളികൾ, തങ്ങൾ കാണുകയും അനുഭവിക്കുകയുംചെയ്ത പുതിയ സാധനങ്ങളിൽ, അഭിരുചിയുള്ളവരായിത്തീൎന്നു. അവൎക്കു് ഈ സാധനങ്ങൾ വല്ല വിധേനയും ലഭിക്കണമെന്നായി. അതുകൊണ്ടു് ഈ സാധനങ്ങൾക്കുള്ള പ്രിയം വൎദ്ധിച്ചു. കൂടാതെ പത്താം നൂററാണ്ടിന്നുശേഷം യൂറോപ്പിലെ ജനസംഖ്യയിൽ, കാര്യമായ വൎദ്ധനവുണ്ടായി. ഈ വൎദ്ധിച്ച ജനങ്ങൾക്കു വേണ്ടിവന്ന സാധനങ്ങളും സമ്പാദിക്കേണ്ടതുണ്ടായിരുന്നു. പുതുതായുണ്ടായ ജനവിഭാഗങ്ങൾക്കു സ്വന്തമായി നിലം ഉണ്ടായിരുന്നില്ല. കുരിശുയുദ്ധങ്ങളിൽക്കൂടി തങ്ങളുടെ നിലയെ അഭിവൃദ്ധിപ്പെടുത്താൻ കഴിയുമെന്നു് അവർ ആശിച്ചു. മദ്ധ്യധരണ്യാഴി പ്രദേശത്തെ മുസ്ലിമിങ്ങൾക്കെതിരായും, കിഴക്കൻ യൂറോപ്പിലെ രാജ്യങ്ങൾക്കെതിരായുമുള്ള യുദ്ധങ്ങളെ, കുരിശുയുദ്ധങ്ങളെന്നുതന്നെ വിളിച്ചു. വാസ്തവത്തിൽ ഈ യുദ്ധങ്ങൾ

DISTRIBUTING LIBRARY No. D. M. 3/125 KOTTAYAM.

നിലം കൈവശപ്പെടുത്തുവാനുള്ള കൊള്ളകൾ മാത്രമായിരുന്നു. പള്ളികൾ ഈ യുദ്ധങ്ങൾക്ക് ഒരു മാന്യത കല്പിച്ചുകൊടുത്തു. ഈ യുദ്ധങ്ങൾ ക്രിസ്തുമതം പ്രചരിപ്പിക്കുന്നതിന്നും, അവിശ്വാസികളെ അവസാനിപ്പിക്കുന്നതിന്നും, പുണ്യഭൂമിയെ മോചിപ്പിക്കുന്നതിന്നും വേണ്ടിയാണെന്നു പള്ളികൾ പ്രഖ്യാപിച്ചു.

80539

ജറുസലത്തിലേക്കു യൂറോപ്പിൽനിന്നും ജനങ്ങൾ തീർത്ഥയാത്ര പോയിരുന്നു. പുണ്യഭൂമിയെ മോചിപ്പിക്കാനുള്ള ജനങ്ങളുടെ ആഗ്രഹം ആത്മാർത്ഥവുമായിരുന്നു. അനേകായിരം ആളുകൾ ഈ പ്രസ്ഥാനത്തിന്നു പിൻബലമായി നില്ക്കുകയുംചെയ്തു. എന്നാൽ കുരിശുയുദ്ധങ്ങളെ അത്രയും ശക്തിപ്പെടുത്തിയതു്, ആയുധങ്ങൾ വഴിയായി ചില ജനവിഭാഗങ്ങൾക്കുണ്ടാകാൻ ഇടയുണ്ടായിരുന്ന, കാര്യലാഭങ്ങളായിരുന്നു.

കുരിശുയുദ്ധങ്ങളിൽക്കൂടി പള്ളികൾക്കു പല കാര്യങ്ങളും നേടാനുണ്ടായിരുന്നു. അവയുടെ ഉദ്ദേശം മതപരമായിരുന്നു. അതു യുദ്ധങ്ങളുടെ കാലമായിരുന്നതുകൊണ്ടു കുരിശുയുദ്ധങ്ങൾ ജയിക്കുകയാണെങ്കിൽ, കീഴടക്കപ്പെടുന്ന പ്രദേശങ്ങളിൽ ക്രിസ്തുമതം പ്രചരിപ്പിക്കാം. കുരിശുഭടന്മാരുടെ അക്രമപരമായ ആവേശത്തെ അതിന്നുവേണ്ടി തിരിച്ചുവിടാം. ഒരു മാർപ്പാപ്പാ കുരിശുയുദ്ധത്തിൽ പങ്കെടുക്കുന്നതിന്നായി ജനങ്ങളോടു ഇങ്ങിനെയാണാഹ്വാനംചെയ്തതു്: "സ്വകാര്യമത്സരങ്ങളുടെപേരിൽ, സ്വമതക്കാർക്കെതിരായി ഇത്രയുംകാലം പടപൊരുതിയവൻ ഇനിമേലിൽ അവിശ്വാസികൾക്കെതിരായി യുദ്ധംചെയ്യട്ടെ; ഇത്രയുംകാലം കൊള്ളക്കാരായി നടന്നിരുന്നവർ ഇനിയങ്ങോട്ടു പടയാളികളായിത്തീരണം. സഹോദരങ്ങൾക്കും സ്വന്തം ബന്ധുക്കൾക്കുമെതി

രായി ഇത്രവരെ ലഹള നടത്തിയവർ ഇനിമേലാൽ മ്ലേച്ഛന്മാക്കെതിരായി പോരാട്ടം നടത്തട്ടെ. ചുരുങ്ങിയ ശമ്പളത്തിനുവേണ്ടി ഇത്രവരെ യുദ്ധംചെയ്തിരുന്ന കൂലിപ്പട്ടാളം ദൈവീകമായ സമ്മാനങ്ങൾക്കുവേണ്ടി പൊരുതട്ടെ.'' പള്ളിക്ക് അതിൻെറ സ്വാധീനവും വരുമാനവും വർദ്ധിപ്പിക്കേണ്ടതുണ്ടായിരുന്നു. കൃസ്തുമതാനുയായികൾ അധിവസിക്കുന്ന പ്രദേശങ്ങൾ വർദ്ധിക്കുന്നതിന്നനുസരിച്ച് പള്ളിയുടെ സ്വാധീനവും സമ്പത്തും വർദ്ധിക്കുമെന്നു അവക്കറിയാമായിരുന്നു.

ഏഷ്യയിലെ മുസ്ലിംസാമ്രാജ്യത്തിൻെറ അതിർത്തിയിൽ ബൈസൈൻെറൻ സാമ്രാജ്യവും പള്ളിയുമുണ്ടായിരുന്നു. കുരിശുയുദ്ധങ്ങളിൽകൂടി തങ്ങളുടെ സ്വാധീനവും ശക്തിയും വർദ്ധിപ്പിക്കുവാൻ കഴിയുമെന്നു് റോമൻ പള്ളികൾ ആഗ്രഹിച്ചതുപോലെ മുസ്ലിമിങ്ങളുടെ മുന്നേററത്തിൽ നിന്നു തങ്ങളുടെ പ്രദേശങ്ങളെ സംരക്ഷിക്കുവാൻ കുരിശുയുദ്ധങ്ങൾ സഹായിക്കുമെന്നു ബൈസൈൻെറൻ പള്ളിക്കും ബോദ്ധ്യമായി

ധനം കൊള്ളയടിക്കുവാൻ ആഗ്രഹമുള്ളവരും, കടത്തിൽപ്പെട്ടു ബുദ്ധിമുട്ടിയിരുന്നവരുമായ പ്രഭുക്കളും, അതുപോലെത്തന്നെ അച്ഛൻെറ സ്വത്തിന്നവകാശമില്ലാത്ത, പ്രഭുക്കന്മാരുടെ ഇളയ മക്കളും, കുരിശുയുദ്ധങ്ങളിൽകൂടി തങ്ങളുടെ ധനസ്ഥിതി നന്നാക്കുവാൻ സാധിക്കുമെന്നു മനസ്സിലാക്കി.

വെനീസ്സ്, ജിനോവ, പൈസ മുതലായ ഇററലിയിലെ പട്ടണങ്ങൾ വലിയ കച്ചവടകേന്ദ്രങ്ങളായിരുന്നു. ദ്വീപസമൂഹത്തിൽ സ്ഥിതിചെയ്യുന്ന പട്ടണങ്ങൾ കച്ചവടകേന്ദ്രങ്ങളായിത്തീരുന്നതു സ്വാഭാവികമാണു്. ഒരു പട്ടണത്തിലെ തെരുവുകൾ തോട്ടുകളായിരുന്നുവെങ്കിൽ, അവിടുത്തെ നിവാ

സികൾ, തോണികളിൽ സഞ്ചരിക്കുന്നതു്, നിരത്തിൽ സഞ്ചരിക്കുന്നതിനേക്കാൾ സുഖകരമായി കരുതും. വെനീസ്സുകാരെസംബന്ധിച്ചിടത്തോളം ഇതു വളരെ പരമാർത്ഥമായിരുന്നു. മദ്ധ്യധരണി വഴിയായി യൂറോപ്പും പൌരസ്ത്യദേശങ്ങളും തമ്മിൽ കച്ചവടം നടത്തിയിരുന്ന അക്കാലത്തു് വെനീസ്സിൻെറ സ്ഥാനം വളരെ പ്രധാനമായിരുന്നു. വെനീസ്സും, ഇററലിയിലെ മററു ചില പട്ടണങ്ങളും, അക്കാലത്തു് എന്തുകൊണ്ടാണു് വലിയ വ്യാപാരകേന്ദ്രങ്ങളായിത്തീൎന്നതു് എന്നു്, യൂറോപ്പിൻെറ പടംനോക്കിയാൽ നമുക്കു മനസ്സിലാകുന്നതാണു്. എന്നാൽ പടത്തിൽനിന്നും മനസ്സിലാക്കാൻ കഴിയാത്ത ഒരു പരമാർത്ഥമുണ്ടു്. കൺസ്റ്റാണ്ടിനോപ്പിളും പടിഞ്ഞാറൻ യൂറോപ്പും തമ്മിലുണ്ടായിരുന്ന ബന്ധം അവസാനിച്ചതോടുകൂടി, വെനിസ്സും കൺസ്റ്റാണ്ടിനോപ്പിളും പൌരസ്ത്യദേശങ്ങളുമായുള്ള ബന്ധം നിലനിൎത്തി. കുറേക്കാലത്തേക്കു് കൺസ്റ്റാണ്ടിനോപ്പിൾ മദ്ധ്യധരണി ആഴിപ്രദേശത്തെ ഏററവും പ്രധാനമായ പട്ടണമായിരുന്നു, അതുകൊണ്ടു് ഈ ബന്ധം വെനീസ്സിന്നു പ്രത്യേകിച്ചും ആദായകരമായിരുന്നു. കിഴക്കൻദിക്കുകളിൽനിന്നു വാസനദ്രവ്യങ്ങൾ, പട്ടു്, മസലിൻ, മരുന്നുകൾ, പരവതാനികൾ മുതലായവ യൂറോപ്പിൽ എല്ലായിടത്തും വില്ക്കുവാനുള്ള സൌകൎയ്യം വെനീസ്സുകാൎക്കു കിട്ടി. വെനീസു്, ജിനോവ, പൈസ മുതലായ വലിയ വ്യാപാരകേന്ദ്രങ്ങൾ, ഏഷ്യാമൈനറിൻെറ തീരപ്രദേശങ്ങളിൽ, കച്ചവടസൌകര്യങ്ങൾ കിട്ടേണമെന്നാശിച്ചു. അതുകൊണ്ടു് വെനീസ്സുകാർ കുരിശുയുദ്ധങ്ങളിൽക്കൂടി, ആ പ്രദേശങ്ങളിൽ കച്ചവടാനുകൂല്യങ്ങൾ ലഭിക്കുവാൻ സൌകര്യപ്പെട്ടുമെന്നു മനസ്സിലാക്കി. വ്യാപാരപരമായി മററുവിധത്തിൽ അഭിവൃദ്ധിപ്രാപിച്ചുകഴിഞ്ഞിരുന്ന ഈ പട്ടണങ്ങൾ, കുരിശുയുദ്ധങ്ങളെ, തങ്ങ

ളുടെ താല്പര്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്താമെന്നാശിച്ചു. അതുകൊണ്ടാണ് മൂന്നാമത്തെ കുരിശുയുദ്ധം ഇററലിയിലെ പട്ടണങ്ങൾക്കു വ്യാപാരാനുകൂല്യങ്ങൾ സമ്പാദിക്കുവാനുള്ള യുദ്ധമായിത്തീർന്നതു്, കുരിശുയോദ്ധാക്കൾ പൊരുതിയിരുന്നതു് ജറുസലത്തിന്നുവേണ്ടിയായിരുന്നില്ല, രാജ്യങ്ങളിലങ്ങോളമിങ്ങോളം വ്യാപാരകേന്ദ്രങ്ങൾ ലഭിക്കുന്നതിന്നുവേണ്ടിയായിരുന്നു.

നാലാമത്തെ കുരിശുയുദ്ധം തുടങ്ങിയതു 1201–ൽ ആയിരുന്നു. ഈ യുദ്ധത്തിൽ വെനീസ്സു ഏററവും പ്രധാനവും ആദായകരവുമായ ഒരു പങ്കു വഹിച്ചു. കുരിശുയുദ്ധത്തിൽ ഏപ്പെട്ടിരുന്നവർ വെനീസ്സിലെ വ്യാപാരികളോടു് സഹായത്തിന്നഭ്യർത്ഥിച്ചു. അവർ കാര്യമായ സഹായം ചെയ്യുകയും ചെയ്തു. സഹായവാഗ്ദാനം ചെയ്തുകൊണ്ടു് നഗരാധിപൻ പറഞ്ഞതിങ്ങിനെയായിരുന്നു. "4500 കുതിരകളേയും, 9000 സ്ഥാനികളേയും, 4500 യോദ്ധാക്കളേയും, 20000 കാലാൾ പടയാളികളേയും കയററുവാൻ ആവശ്യമായ കപ്പലുകൾ ഞങ്ങൾ അനുവദിക്കാം. എന്നാൽ ഇതൊരു നിബന്ധനയിന്മേലാണു്. ഒമ്പതു മാസത്തേക്കു് ഈ കുതിരകൾക്കും ആളുകൾക്കും ഭക്ഷണം കൊടുക്കുന്നതിന്നുള്ള കരാർ ഞങ്ങൾക്കു കിട്ടണം. ദൈവത്തിൻെറപേരിലുള്ള ഭക്തി പ്രമാണിച്ചു് അമ്പതു പടക്കപ്പലുകൾ ഞങ്ങൾ തരാം. ഒരു കരാറിന്മേൽ മാത്രം. നമ്മുടെ ഈ ബന്ധം നിലനില്ക്കുന്നേടത്തോളംകാലം, നിങ്ങൾ കയ്യേറുന്ന പ്രദേശങ്ങളുടേയും, പിടിച്ചെടുക്കുന്ന പട്ടണങ്ങളുടേയും പകുതിഭാഗം ഞങ്ങൾക്കും ബാക്കി നിങ്ങൾക്കും അവകാശപ്പെട്ടതായിരിക്കും."

ഈ കരാറിൽനിന്നും ഒരു സംഗതി വ്യക്തമാകുന്നുണ്ടു്. വെനീസ്സുകാർ "ദൈവത്തിൻെറ പേരിലുള്ള ഭക്തി" കൊണ്ടു

കുരിശ്ശുയുദ്ധങ്ങളെ സഹായിച്ചു. "ദൈവത്തോടുള്ള ഈ ഭക്തി," കൊള്ളയടിച്ചുകിട്ടുന്ന ധനത്തിൻെറ സിംഹഭാഗം കൈവശപ്പെടുത്തുന്നതിന്നുള്ള ആഗ്രഹമായിരുന്നു എന്നു മാത്രം. വെനീസ്സുകാർ നല്ല വ്യാപാരികളായിരുന്നു.

കുരിശ്ശുയുദ്ധംകൊണ്ടു മതത്തിന്നുണ്ടായ നേട്ടങ്ങൾ തുച്ഛമാണു്. കാരണം മുസ്ലീമിങ്ങൾ ക്രമേണ ജറുസലം തിരികെ പിടിച്ചു. എന്നാൽ വ്യാപാരത്തിൻെറകാര്യത്തിൽ കുരിശ്ശുയുദ്ധങ്ങളിൽക്കൂടിയുണ്ടായ നേട്ടങ്ങൾ വമ്പിച്ചവയും വളരെ പ്രാധാന്യമർഹിക്കുന്നവയും ആയിരുന്നു.

നാടുവാഴിപ്രഭുത്വത്തിൻകീഴിൽ, ഉറങ്ങിക്കിടന്നിരുന്ന പടിഞ്ഞാറൻയൂറോപ്പിനെ, തട്ടിയുണർത്തുന്നതിന്നു കുരിശ്ശുയുദ്ധങ്ങൾ സഹായിച്ചു. വിദേശച്ചരക്കുകൾക്കുള്ള പ്രിയം ഈ യുദ്ധങ്ങളുടെ ഫലമായി വളരെ വർദ്ധിച്ചു. മദ്ധ്യധരണി വഴിയായുള്ള കച്ചവടമാർഗ്ഗങ്ങൾ, മുസ്ലിമിങ്ങളിൽ നിന്നും, യൂറോപ്യന്മാർ പിടിച്ചടക്കി. പഴയ കാലത്തെപ്പോലെ മദ്ധ്യധരണിആഴി, കിഴക്കും പടിഞ്ഞാറും തമ്മിലുള്ള വ്യാപാരത്തിൻെറ പ്രധാന മാർഗ്ഗമായിത്തീരുകയും ചെയ്തു.

പതിനൊന്നും പന്ത്രണ്ടും നൂറ്റാണ്ടുകളിൽ യൂറോപ്പിൻെറ വടക്കൻപ്രദേശങ്ങളിലും വ്യാപാരത്തിന്നു വളരെ അഭിവൃദ്ധിയുണ്ടായി, ആ പ്രദേശങ്ങളിൽ അത്ര വളരെ കച്ചവടം പുരോഗതി പ്രാപിച്ചിട്ടുണ്ടായിരുന്നില്ല. ആദ്യമായിട്ടു് അവിടങ്ങളിലും ഒരിളക്കമുണ്ടായി.

വടക്കൻ കടലിലും ബാൾട്ടിക്കിലും മത്സ്യം, തോൽ, ഈച്ചപ്പടികൾ, നെയ്യ്, രോമചർമ്മം മുതലായവ വഹിച്ചുകൊണ്ടു്, കപ്പലുകൾ അങ്ങോട്ടുമിങ്ങോട്ടും സഞ്ചരിക്കുവാൻ തുടങ്ങി. വടക്കൻഭാഗത്തു് ഏററവും വലിയ കച്ചവടകേന്ദ്രം

ബ്രൂജസ്സായിരുന്നു, തെക്കുഭാഗത്തു് യൂറോപ്പിനെ കിഴക്കൻ പ്രദേശങ്ങളുമായി ബന്ധിപ്പിച്ചതു വെനീസ്സായിരുന്നെങ്കിൽ ബ്രൂജസ്സ്, റഷ്യ, സ്കാണ്ടിനേവിയ മുതലായ പ്രദേശങ്ങളുമായി ബന്ധംസ്ഥാപിക്കുന്നതിന്നു സഹായിച്ചു. പൌരസ്ത്യ ദേശങ്ങളിൽനിന്നു വരുന്ന ചരക്കുകൾ വിനിമയം ചെയ്യുന്നതിന്നു സൌകര്യപ്പെടുന്ന ഒരു സ്ഥലം മദ്ധ്യത്തിലും ആവശ്യമായിരുന്നു. വളരെക്കഴിയാതെ യൂറോപ്പിൻെറ മദ്ധ്യത്തിൽ അങ്ങിനെയൊരു കച്ചവടകേന്ദ്രം ഉണ്ടാകുകയും ചെയ്തു. വടക്കുനിന്നു ചരക്കുകളുമായി വന്ന കച്ചവടക്കാർ, ആൽപ്സ് പർവ്വതം കടന്നുവന്ന തെക്കൻകച്ചവടക്കാരുമായി, ഷാമ്പെൻ മൈതാനങ്ങളിൽവെച്ചു കണ്ടുമുട്ടി. ഈ പ്രദേശത്തു് അനേകം പട്ടണങ്ങളിലായി ചന്തകൾ നടത്തപ്പെട്ടു,

ഇന്നു നമ്മുടെ ചുററുമായി പലതരം വ്യാപാരങ്ങൾ നടക്കുന്നു. ലോകത്തിൻെറ എല്ലാ ഭാഗങ്ങളിൽനിന്നും നമുക്കാവശ്യമായ സാധനങ്ങൾ, നമ്മുടെ പട്ടണങ്ങളിലെത്തുന്നു. ആവശ്യമായ സാധനങ്ങൾ പീടികയിൽപോയി നാം തിരഞ്ഞെടുക്കുന്നു. പന്ത്രണ്ടും പതിമൂന്നും നൂററാണ്ടുകളിൽ ഗതാഗതസൌകര്യങ്ങൾ വിരളമായിരുന്നു; ജനങ്ങളുടെ ആവശ്യങ്ങളാകട്ടെ വളരെ പരിമിതമായിരുന്നു. അതുകൊണ്ടു പീടികകൾ തുറന്നുവെച്ചു തുടച്ചയായി കച്ചവടം നടത്തുന്നതിൻെറ സാദ്ധ്യതകൾ ഉണ്ടായിരുന്നില്ല. അധികം പട്ടണങ്ങളിലും വ്യാപാരം നടന്നില്ല. ഇംഗ്ലണ്ടു്, ഫ്രാൻസ്, ബൽജിയം, ഇററലി, ജമ്മനി മുതലായ രാജ്യങ്ങളിൽ അപ്പപ്പോഴായി ചന്തകൾ നടത്തപ്പെട്ടു. ഈ ചന്തകൾ പില്ക്കാലത്തു് പട്ടണങ്ങളുടെ വളച്ചക്കു അടിത്തറയിട്ടു. ക്രമേണ വ്യാപാരത്തിൻെറ സാദ്ധ്യതകൾ വദ്ധിച്ചപ്പോൾ, ഈ ചന്തകളിൽ ജനങ്ങൾക്കാവശ്യമായ സാധനങ്ങൾ സജ്ജീകരിക്കുന്നതു,

വളരെ വിഷമമായിത്തീൎന്നു. ചന്തകൾ തുടൎച്ചയായി നട ത്തേണ്ടിവന്നു. ഇങ്ങിനെ ശരിയായ അങ്ങാടികൾ വളരു വാനുള്ള പരിതഃസ്ഥിതികൾ ഉണ്ടായി.

ആദ്യകാലത്തെ ചന്തകൾ വളരെ ചെറിയ തോതിലു ള്ളവയായിരുന്നു. അതാതു പ്രദേശത്തുണ്ടാക്കിയിരുന്ന ചര ക്കുകൾ മാത്രമേ ഈ ചന്തകളിൽ വിനിമയം ചെയ്യപ്പെ ട്ടുള്ളൂ. പന്ത്രണ്ടും പതിമൂന്നും നൂറൊണ്ടുകളിൽ കാഴ്ചച്ചന്ത കളും ആഴ്ച്ചച്ചന്തകളും രാജാവിൻെറ അനുമതിയോടുകൂടി ആ രംഭിക്കുകയുണ്ടായി. എല്ലാ രാജ്യങ്ങളിൽനിന്നും വന്ന ചര ക്കുകൾ, ഈ ചന്തകളിൽവെച്ചു കൈമാററംചെയ്യപ്പെട്ടു. ചന്തകൾ, പലതരം ചരക്കുകൾ വിതരണം ചെയ്യുന്നതി നുള്ള കേന്ദ്രങ്ങളായി വളൎന്നു. ചന്തകളിൽവെച്ചു കിഴക്കു നിന്നും പടിഞ്ഞാറുനിന്നും വരുന്ന ചരക്കുകൾ, വലിയ കച്ച വടക്കാർ, അന്യോന്യം വാങ്ങുകയും വില്ക്കുകയും ചെയ്തു.

വിദേശികളായ കച്ചവടക്കാരെ സ്വന്തം രാജ്യത്തിലേ ക്കാകൎഷിക്കുവാൻ ഓരോ രാജ്യത്തിലേയും ഭരണാധികാരി കൾ ശ്രമിച്ചു. ഈ കച്ചവടക്കാൎക്ക് എല്ലാവിധ സഹായ ങ്ങളും രക്ഷകളും ചെയ്തുകിട്ടി. കള്ളന്മാർ പരക്കെ കൊള്ള കൾ നടത്തിയിരുന്ന അക്കാലത്തു് ഇങ്ങിനെ നൽകിയിരുന്ന രക്ഷയും സഹായവും, എത്ര പ്രധാനമായിരുന്നു എന്നു നാം മനസ്സിലാക്കണം. വഴിയിൽ പ്രഭുക്കന്മാർ ചുമത്തിയിരുന്ന ചുങ്കങ്ങളിൽനിന്നുപോലും ഈ കച്ചവടക്കാർ ഒഴിവാക്ക പ്പെട്ടിരുന്നു. ചന്തകൾ നടന്നിരുന്ന പ്രദേശത്തിൻെറ അ ധിപതിയായ പ്രഭുവാണു് ഈ സൌകര്യങ്ങളെല്ലാം ചെയ്തു കൊടുത്തതു്. വഴിയിൽവെച്ചു് ഒരു കൂട്ടം കള്ളന്മാർ കച്ചവ ടക്കാരെ കൊള്ളചെയ്താൽ, ആ പ്രദേശത്തെ കച്ചവടക്കാൎക്കു അന്നുമുതൽ ചന്തയിൽ പ്രവേശനം നിഷേധിക്കപ്പെട്ടും.

ചന്തകൾ നടത്തുന്ന പ്രദേശത്തിന്റെ അധിപതിയായ പ്രഭു ഇതെല്ലാം ചെയ്തതിന്റെ ഉദ്ദേശം എന്തായിരുന്നു? പ്രഭുവിന്നു ഇതു വളരെ ആദായകരമായിരുന്നു, അതാതു പ്രദേശത്തെ ജനങ്ങൾക്കു ഇതുകൊണ്ടു നേട്ടങ്ങൾ ഉണ്ടായിരുന്നു. ചന്തയിൽ ചരക്കുകൾ വിററിരുന്ന കച്ചവടക്കാർ പ്രഭുവിന്നു ചില അവകാശങ്ങൾ കൊടുക്കേണ്ടതുണ്ടായിരുന്നു. ചന്തയിൽ പ്രവേശിക്കുമ്പോഴും, ചന്തയിൽനിന്നു പുറത്തേക്കു പോകുമ്പോഴും, ചരക്കുകൾ സൂക്ഷിക്കുന്നതിന്നുള്ള സൌകര്യങ്ങൾക്കു വേണ്ടിയും, ചില നികുതികൾ കൊടുക്കേണ്ടതുണ്ടായിരുന്നു. വില്പനനികുതിയും പീടികനികുതിയും അന്നും ഉണ്ടായിരുന്നു. ഈ നികുതികൾ കൊടുക്കുവാൻ കച്ചവടക്കാർ തയ്യാറായിരുന്നു.

ചന്തകൾ വളരെ വലുതായപ്പോൾ പട്ടണത്തിലെ രക്ഷാവർഗ്ഗത്തിന്നു കാവൽപ്രവൃത്തികൾ ശരിക്കു നിർവ്വഹിക്കുവാൻ കഴിഞ്ഞില്ല. അതുകൊണ്ടു ചന്തയുടെ വകയായി പ്രത്യേകം പോലീസ്സും കോടതിയും ഉണ്ടായി. തക്കങ്ങൾ ഉത്ഭവിക്കുമ്പോൾ അവയ്ക്കു തീരുമാനം വരുത്തിയതു ഈ കോടതികളിൽ വെച്ചായിരുന്നു. ഈ സ്ഥാപനങ്ങൾ വളരെ കൃത്യമായും സൂക്ഷ്മതയോടുകൂടിയും സംഘടിപ്പിക്കപ്പെട്ടു.

ചന്തയുടെ നടത്തിപ്പു് എല്ലായ്പ്പോഴും ഏതാണ്ടു് ഒരേവിധത്തിലായിരുന്നു. കുറെ ദിവസങ്ങളുടെ ഒരുക്കങ്ങൾക്കുശേഷം ചരക്കുകൾ കൊണ്ടുവന്നു കടകൾ കെട്ടിയുണ്ടാക്കി, ചന്ത ഉൽഘാടനം ചെയ്യും. ചരക്കുകൾ വില്ക്കുകയും വാങ്ങുകയും ചെയ്യുവാൻ വരുന്നവരുടെ വിനോദത്തിന്നുവേണ്ടി പല ഏർപ്പാടുകൾ ഉണ്ടായിരിക്കും. വസ്ത്രം, തോൽ മുതലായ സാധനങ്ങളിൽ കൊള്ളക്കൊടുക്ക നടത്തുന്നതിന്നു പ്രത്യേകം ദിവസങ്ങൾ നീക്കിവെച്ചിട്ടുണ്ടായിരിക്കും.

ചന്തകളിൽവെച്ചു പണമിടപാടു നടത്തുന്നതിന്നു് ഏതാനും വ്യക്തികൾക്കു പ്രത്യേകാനുവാദം കൊടുക്കുന്നതും അപൂർവ്വമായിരുന്നില്ല. ഇതിന്നു് അവർ പ്രഭുവിന്നു് ഏതാനും അവകാശങ്ങൾ കൊടുക്കേണ്ടിവന്നു എന്നുമാത്രം.

പലതരം നാണയങ്ങൾ വിനിമയം ചെയ്യുക എന്നതു ചന്തയുടെ പ്രവർത്തനത്തിൽ ഒരു പ്രധാന ഇനമായിരുന്നു. തുണി, ഭക്ഷണസാധനങ്ങൾ മുതലായവ വില്ക്കുന്നതിന്നു പ്രത്യേകദിവസങ്ങൾ നീക്കിവെച്ചിരുന്നതുപോലെ ചന്തയുടെ അവസാനദിവസങ്ങൾ പണമിടവാടുകൾക്കായി നീക്കിവെക്കപ്പെട്ടിരുന്നു. അങ്ങിനെ ഈ ചന്തകൾ സാധാരണ ചരക്കുകൾ വില്ക്കുന്നതു സംബന്ധിച്ചുമാത്രമല്ല, പണമിടവാടുകളുടെ കാര്യത്തിലും വളരെ പ്രാധാന്യമുള്ളവയായിരുന്നു. പലവിധം നാണയങ്ങൾ ഉക്കിക്കണക്കാക്കി വില നിശ്ചയിച്ചു വിനിമയംചെയ്യപ്പെട്ടു. മാത്രമല്ല കടംകൊടുക്കുക, പഴയ കടങ്ങൾ വീട്ടുക, വാഗ്ദത്തപത്രങ്ങൾ സ്വീകരിക്കുക, ബില്ലുകൾ മാററിക്കൊടുക്കുക മുതലായ കാര്യങ്ങൾ ഈ പണമിടപാടുകാർ നിർവ്വഹിച്ചു. അക്കാലത്തെ അപേക്ഷിച്ചു ഈ ബേങ്കുടമകൾ ചന്തയിൽവെച്ചു വമ്പിച്ച ഇടപാടുകളാണു് നടത്തിയതു്. ലണ്ടൻമുതൽ ലവൻറവരെയുള്ള ദിക്കുകളിലെ കച്ചവടക്കാരുമായി, ഈ ബേങ്കുടമകൾ ഇടപാടു നടത്തി. അവരുടെ കടക്കാരിൽ പോപ്പുമാരും, ചക്രവർത്തിമാരും, രാജാക്കന്മാരും, രാജകുമാരന്മാരും, നഗരസഭകളും, നഗരങ്ങളും ഉൾപ്പെട്ടിരുന്നു. അക്കാലത്തുതന്നെ പണമിടപാടു വമ്പിച്ച ഒരു ഏർപ്പാടായിത്തീർന്നുകഴിഞ്ഞിരുന്നു; അതു ഒരു പ്രത്യേക ജോലിയായി ചില വിഭാഗക്കാർ സ്വീകരിച്ചുകഴിഞ്ഞിരുന്നു.

ഇതു വളരെ പ്രധാനമാണു്. പണത്തിൻെറ സഹായമില്ലാതെ സാധനങ്ങൾ വിനിമയംചെയ്യുകയെന്നതായിരുന്നു പഴയ സമ്പ്രദായം. കച്ചവടം അഭിവൃദ്ധിപ്പെട്ടപ്പോൾ ഇതിൽ എന്തൊരുമാററമൊണു് വരുത്തിയതെന്നാണു് ഈ പണമിടവാടുകൾ വ്യക്തമാക്കുന്നതു്. ചരക്കുകൾ കൊടുത്തു ചരക്കുകൾ വാങ്ങുകയെന്ന ആദ്യത്തെ സമ്പ്രദായത്തിൽ വളരെ അസൌകര്യങ്ങളുണ്ടു്. അഞ്ച് ഗാലൻ വീഞ്ഞുകൊടുത്തു ഒരു കുപ്പായം വാങ്ങി എന്നു കേൾക്കുമ്പോൾ അതു വളരെ എളുപ്പമായിരുന്നു എന്നു നമുക്കു തോന്നും. എന്നാൽ വാസ്തവത്തിൽ അതത്ര എളുപ്പമായിരുന്നില്ല. നിങ്ങളുടെ ചരക്കാവശ്യമുള്ളവനും, നിങ്ങൾക്കാവശ്യമുള്ള ചരക്കു കൈവശമുള്ളവനുമായ ഒരാളെ നിങ്ങൾ കണ്ടുപിടിക്കേണ്ടതുണ്ടു്. എന്നാൽ മദ്ധ്യവർത്തിയായി പണം ഉപയോഗിക്കുമ്പോഴാകട്ടെ, കാര്യം വളരെ എളുപ്പമായിത്തീരുന്നു. എന്തു സാധനം ആവശ്യമായിരുന്നാലും പണം എല്ലാവർക്കും സ്വീകാര്യമാണു്. കാരണം പണം ഏതു സാധനത്തിന്നും പകരമായി വിനിമയംചെയ്യാവുന്നതാണു്. പണം ശരിയായി പ്രചാരത്തിൽ വന്നപ്പോൾ കുപ്പായം ആവശ്യമുള്ള ആൾ കുപ്പായം വില്ക്കുവാനും പകരമായി വീഞ്ഞു കൈക്കൊള്ളുവാനും തയ്യാറുള്ള ആളെ അന്വേഷിച്ചു നടക്കേണ്ടിവന്നില്ല, അയാൾ വീഞ്ഞു വിററു പണംവാങ്ങി; ആ പണം കൊടുത്തു കുപ്പായം വാങ്ങുകയും ചെയ്തു. ഒരൊററ ഇടപാടിൻെറ സ്ഥാനത്തു് ഇപ്പോൾ രണ്ടിടപാടുകൾ നടത്തേണ്ടിവരുന്നുണ്ടു്. എന്നാൽ അതു വളരെ എളുപ്പമായും അധികം സമയം ചിലവാക്കാതേയും നടത്തുവാൻ സാധിക്കും. അങ്ങിനെ പണം വിനിമയംചെയ്യുന്നതു് കച്ചവടത്തിൻെറ അഭിവൃദ്ധിയെ ത്വരിതപ്പെടുത്തി. വ്യാപാരത്തിൻെറ അഭിവൃദ്ധിയാകട്ടെ പണമിടപാടിൻെറ

സൌകര്യങ്ങൾ വൎദ്ധിപ്പിച്ചു. പന്ത്രണ്ടാംനൂററാണ്ടിന്നു ശേഷം കമ്പോളത്തെ ആശ്രയിക്കാതെ പ്രവൎത്തിച്ചിരുന്ന പഴയ സമ്പൽവ്യവസ്ഥ ആവിർഭവിച്ചു. കച്ചവടം അഭിവൃദ്ധിപ്പെട്ടതോടുകൂടി സ്വയംസമ്പൂൎണ്ണമായ ''മേനറിനെ'' അടിസ്ഥാനപ്പെടുത്തിയ പഴയ സമ്പൽവ്യവസ്ഥക്കു പരിവൎത്തനമുണ്ടായി. ലോകം മുഴുവൻ വ്യാപിച്ചുനില്ക്കുന്ന വ്യാപാരത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു പുതിയ സമ്പൽവ്യവസ്ഥയായി അതു രൂപാന്തരപ്പെട്ടു.

# III
# പട്ടണങ്ങൾ

കച്ചവടം വദ്ധിച്ചപ്പോൾ, കാഷികവും, വ്യാവസായി കവും, വ്യാപാരപരവുമായ ജീവിതം അഭിവൃദ്ധിപ്രാപിച്ചു. വ്യാപാരം വദ്ധിച്ചതിൻെറ മറെറാരു പ്രധാനഫലം പട്ടണ ങ്ങൾ വളൎന്നുവന്നതായിരുന്നു.

വ്യാപാരം വദ്ധിക്കുന്നതിനു മുമ്പുതന്നെ പട്ടണങ്ങൾ ഉണ്ടായിരുന്നു. രാജാവിൻെറ സൈനികവും നിയമപരവു മായ തലസ്ഥാനങ്ങളിൽ ജനസംഖ്യ അധികമുണ്ടായിരിക്കും. അവ നാട്ടിൻപുറങ്ങളിലെ പട്ടണങ്ങളായിരിക്കും; ആ നഗ രങ്ങൾക്കു പ്രത്യേക അവകാശങ്ങളോ നഗരസഭകളോ ഉണ്ടായിരുന്നില്ല. എന്നാൽ വ്യാപാരത്തിൻെറ വളച്ച യിൽക്കൂടി രൂപമെടുത്ത പട്ടണങ്ങളും, അഭിവൃദ്ധിപ്രാപിച്ച പഴയ പട്ടണങ്ങളും, ഒരു പുതിയ സ്വഭാവത്തോടുകൂടിയവ യായിരുന്നു.

രണ്ടു നിരത്തുകൾ കൂടിച്ചേരുന്ന സ്ഥലങ്ങളിലും, മററു വിധത്തിൽ പട്ടണങ്ങൾ പണിയുന്നതിന്നു സൌകര്യപ്പെ ടുന്ന സ്ഥലങ്ങളിലും, പുതിയ നഗരങ്ങൾ ഉണ്ടായി. ഈ സ്ഥലങ്ങളെയാണ് കച്ചവടക്കാർ അന്വേഷിച്ചു കണ്ടുപിടി ച്ചതു്. അവിടങ്ങളിൽ ഒരു പള്ളിയോ, ''ബർഗ്ഗ്''എന്നറി യപ്പെടുന്ന ഒരു കോട്ടയോ ഉണ്ടായിരിക്കും. ഇതു പട്ടണങ്ങ ളുടെ രക്ഷക്കു സഹായകമായിത്തീൎന്നു. അവിടെ കച്ചവട ക്കാർ യാത്രക്കിടയിൽ വിശ്രമിക്കും; ഉറച്ചു ഹിമമായിനി

ക്കുന്ന പുഴയിൽ യാത്രാസൌകര്യം ഉണ്ടാകുന്നതും കാത്തു നില്ക്കും; ചളികെട്ടിനില്ക്കുന്ന നിരത്തു വീണ്ടും സഞ്ചാരയോഗ്യമായിത്തീരുന്നതും കാത്തുനില്ക്കും; ഈ സന്ദർഭങ്ങളിൽ കോട്ടക്കുള്ളിലോ, പള്ളിയുടെ തണലിലോ, കച്ചവടക്കാർ രക്ഷതേടും. കച്ചവടക്കാർ ഈ സ്ഥലങ്ങളിൽ സമ്രപിക്കുന്നതു സാധാരണയായപ്പോൾ ഈ "ബർഗ്ഗ്"കൾക്കു ചുററും പുറംകോട്ടകളും എടുപ്പുകളും ഉണ്ടായി, ക്രമേണ ഈ പുറംകോട്ടകൾക്കു പഴയ "ബർഗ്ഗി"നേക്കാൾ പ്രാധാന്യംകൂടി. പുറംബർഗ്ഗിൽ താമസിച്ചിരുന്ന കച്ചവടക്കാർ, സ്വരക്ഷക്കു വേണ്ടി തങ്ങൾക്കു ചുററും കോട്ടകൾ നിർമ്മിച്ചു. അപ്പോൾ ആദ്യത്തെ "ബർഗ്ഗി"ൻെറ പഴകി ജീർണ്ണിച്ച ചുമരുകൾ വീണുപൊളിഞ്ഞു. പഴയ ബർഗ്ഗുകൾ പുറംപട്ടണങ്ങളിൽ ലയിച്ചു. ജനങ്ങൾ പഴയ സമ്പ്രദായത്തിലുള്ള "മേനറു"കളെ വിട്ടു വളൎന്നുകൊണ്ടിരുന്ന പട്ടണങ്ങളിലേക്കു മാറിത്താമസിക്കുവാൻതുടങ്ങി. വർദ്ധിച്ചുവന്ന വ്യാപാരം അധികം ആളുകൾക്കു ജോലിയുണ്ടാക്കി. ജോലിയന്വേഷിച്ചു ജനങ്ങൾ പട്ടണങ്ങളിലേക്കു വന്നു.

വ്യാപാരത്തിൻെറ വളർച്ചയും പട്ടണങ്ങളുടെ ആവിർഭാവവും പല വൈരുദ്ധ്യങ്ങൾ സൃഷ്ടിച്ചു. നാടുവാഴിപ്രഭുത്വം അനേകം പരിമിതികളോടുകൂടിയതായിരുന്നു. എന്നാൽ പട്ടണങ്ങളിലെ വ്യാപാരമാകട്ടെ, തികച്ചും സ്വതന്ത്രമായ പരിതഃസ്ഥിതികളിൽ പുരോഗമിക്കുവാൻ വെമ്പി. നഗരം നിന്നിരുന്ന സ്ഥലം പ്രഭുവിൻെറയോ, രാജാവിൻെറയോ, പള്ളിയുടെയോ, അധീനത്തിലായിരുന്നു. ഈ നാടുവാഴിപ്രഭുക്കൾ മററു നിലങ്ങളെ കരുതിയതുപോലെ തന്നെ നഗരം നിന്നിരുന്ന സ്ഥലത്തേയും കരുതി. "മേനറി"ൽ കിട്ടാറുള്ള എല്ലാ അവകാശങ്ങളും, നികുതികളും, കു

ലിയില്ലാസേവനങ്ങളും, നഗരത്തിലും കിട്ടേണമെന്നു പ്രഭു ക്കൾ ആഗ്രഹിച്ചു. എന്നാൽ നഗരത്തിൽ ഇതു സാദ്ധ്യമാ യിരുന്നില്ല. ഇവയെല്ലാം നിലത്തിന്മേലുള്ള ഉടമാവകാ ശത്തെ അടിസ്ഥാനപ്പെടുത്തിയുള്ള നാട്ടുവാഴിപ്രഭുത്വ ത്തിൻെറ അവകാശങ്ങളായിരുന്നു. പട്ടണങ്ങളെസംബന്ധി ച്ചിടത്തോളം ഈ അവകാശങ്ങളെല്ലാം അവസാനിപ്പിക്ക ണം. നാട്ടുവാഴിപ്രഭുത്വത്തിൻെറ നിയമങ്ങളും, നീതിന്യാ യങ്ങളും, മാമൂലിനെ അടിസ്ഥാനപ്പെടുത്തിയുള്ളവയാണ്. അവയെ മാററാൻ പാടുണ്ടായിരുന്നില്ല. എന്നാൽ വ്യാപാ രങ്ങളാകട്ടെ സ്വാഭാവികമായി, പരിവത്തനോന്മുഖവും പരി മിതികളിൽ ഒതുങ്ങിനില്ക്കാത്ത സ്വഭാവത്തോടുകൂടിയതു മാണ്. നാട്ടുവാഴിപ്രഭുത്വത്തിൻെറ ഇടുങ്ങിയ നിബന്ധന കൾക്കുള്ളിൽ ഒതുങ്ങിനില്ക്കുവാൻ വ്യാപാരത്തിന്നു സാദ്ധ്യ മായില്ല. പട്ടണത്തിലെ ജീവിതം ''മേനറി''ലെ ജീവിത ത്തിൽനിന്നും വ്യത്യസ്തമായിരുന്നു. അതുകൊണ്ടു പുതിയ പരിതസ്ഥിതികൾ സൃഷ്ടിക്കേണ്ടതത്യാവശ്യമായിവന്നു.

കച്ചവടക്കാർ ഈ പരിവത്തനങ്ങൾ വരുത്താൻ ശ്രമിച്ചു. ''ഐകമത്യം മഹാബലം'' എന്ന തത്വം അവർ അംഗീകരിച്ചു, കള്ളന്മാരിൽനിന്നു രക്ഷപ്പെടുവാൻ അവർ സംഘംചേന്നു സഞ്ചരിച്ചു. ചന്തകളിൽ തങ്ങൾക്കനുകൂല മായി, ചരക്കുകളുടെ വില നിണ്ണയിക്കുന്നതിന്നുവേണ്ടിയും, അവർ യോജിച്ചുനിന്നു. നാട്ടുവാഴിപ്രഭുത്വത്തിൻെറ നിബ ന്ധനകളെ നേരിടേണ്ടിവന്നപ്പോൾ അവർ ''ഗിൽഡു''ക ളായി സംഘടിച്ചു. നഗരത്തിൻെറയും വ്യാപാരത്തിൻെറയും അഭിവൃദ്ധിക്കുവേണ്ടി അവർ സംഘങ്ങൾ രൂപീകരിച്ചു. സ മരംചെയ്യാതെ ആവശ്യങ്ങൾ വെച്ചുകിട്ടിയാൽ അവർ സ ന്തോഷിച്ചു. ആവശ്യങ്ങൾ പിടിച്ചുവാങ്ങുവാൻ സമരം ചെയ്യേണ്ടിവന്ന സന്ദർഭങ്ങളിൽ അവർ സമരംചെയ്തു.

നഗരവാസികൾക്ക്, സ്വാതന്ത്ര്യം വേണമെന്നായി. അവക്ക് ഇഷ്ടംപോലെ പോകുകയും വരികയും ചെയ്യാൻ പാടുണ്ടായിരിക്കണം. വ്യക്തിഗതമായ ഈ സ്വാതന്ത്ര്യം കൊണ്ടും അവർ തൃപ്തിപ്പെട്ടില്ല. അവക്ക നിലത്തിൻെറ ഉടമാവകാശത്തെ സംബന്ധിച്ചും സ്വാതന്ത്ര്യം വേണം. ഒരാളിൽനിന്നു മറെറാരാളും, അയാളിൽനിന്നു വേറൊരാളും നിലം ഏററുവാങ്ങുകയെന്നതു് അവക്ക ഹൃദ്യമായില്ല. നഗരവാസിക്ക നിലത്തെക്കുറിച്ചും വീടിനെക്കുറിച്ചും നാട്ടുവാഴിയുടെ ആശയമല്ല ഉണ്ടായിരുന്നതു്. നഗരവാസിക്കു കച്ചവടാവശ്യാത്ഥം പെട്ടെന്നു പണമുണ്ടാക്കേണ്ട സന്ദഭ്ങ്ങൾ നേരിടും. അപ്പോൾ തൻെറ കൈവശമുള്ള നിലവും വീടും വില്ക്കുവാനോ പണയം വെക്കുവാനോ സാദ്ധ്യമായിരിക്കണം. അങ്ങിനെ ചെയ്യുവാൻ ഒട്ടനേകം മേല്ലോക്കുടെ അനുവാദത്തിന്നു കാത്തുനില്ക്കുവാൻ സാദ്ധ്യമല്ല. ഈ സ്വാതന്ത്ര്യങ്ങൾ നഗരവാസികൾ സമ്പാദിച്ചു.

നഗരവാസികൾക്ക് അവരുടെ കോടതികളിൽവെച്ചു് അവരുടെ തക്കങ്ങൾ തീരുമാനിക്കണമെന്നായിരുന്നു ആഗ്രഹം. ‘‘മേനറി’’ലെ കോടതികൾ മാമൂലിന്നനുസരിച്ചാണു് കാര്യങ്ങൾ നിവ്വഹിച്ചതു്. വൻതോതിൽ വ്യാപാരങ്ങൾ നടന്നിരുന്ന പട്ടണങ്ങളിൽ ഉത്ഭവിച്ചിരുന്ന പ്രശ്നങ്ങൾ തീരുമാനിക്കുവാൻ ഈ കോടതികൾക്കു സാദ്ധ്യമായില്ല. ‘‘മേനറി’’ലെ പ്രഭുവിന്നു വ്യാപാരസംബന്ധമായ നിയമങ്ങളെക്കുറിച്ചു്, അറിവുണ്ടായിരുന്നില്ല. അക്കാര്യത്തിൽ അയാൾക്കു പരിചയം ഉണ്ടായിരുന്നാൽതന്നെ, ആ പരിജ്ഞാനം പ്രഭുവിൻെറ സ്വാത്ഥതാല്പര്യങ്ങൾക്കുവേണ്ടിയല്ലാതെ, നഗരവാസികളുടെ താല്പര്യങ്ങൾക്കുവേണ്ടി അയാൾ ഉപയോഗിക്കുകയുമില്ല. അതുകൊണ്ടു് അവരുടെ കാര്യങ്ങൾ തീരുമാനിക്കുവാൻ, അവരുടെ വകയായ കോടതികൾ

സ്ഥാപിക്കണമെന്നു്, നഗരവാസികൾ ആഗ്രഹിച്ചു. സ്വന്തം നിയമാവലികൾ എഴുതിയുണ്ടാക്കുവാനും അവർ തയ്യാറായി. ശാന്തമായ "മേനറി"ൽ നിയമം പാലിക്കുന്നതു് എളുപ്പമായിരുന്നു. വദ്ധിച്ചുവരുന്ന സമ്പത്തോടും, ജനസംഖ്യയോടും കൂടിയ നഗരങ്ങളിലെ സമാധാനപാലനം അത്ര എളുപ്പമല്ല. നഗരത്തെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ, പ്രഭുവിനേക്കാൾ, പട്ടണവാസികൾക്കറിയാമായിരുന്നു. അവക്കു് അവരുടെ സ്വന്തം "നഗരസമാധാനം" ആവശ്യമായിരുന്നു.

നഗരവാസികൾ അവരുടെ ഇച്ഛക്കനുസരിച്ചു മാത്രമേ നികുതിചുമത്താൻ പാടുള്ളു എന്നാഗ്രഹിച്ചു. പല തോതിലും ഇനത്തിലും പെടുന്ന നികുതികൾ, സംഭാവനകൾ, പിഴകൾ മുതലായവ പ്രഭുവിന്നു കൊടുക്കുവാൻ അവർ ഇഷ്ടപ്പെട്ടില്ല. കൂടാതെ ഈ ബാദ്ധ്യതകൾ മാറിക്കൊണ്ടുവന്ന സ്ഥിതിഗതികളിൽ തീരെ പൊരുത്തമില്ലാതാകയും ചെയ്തു. കച്ചവടത്തിനുള്ള സൌകര്യങ്ങൾ വദ്ധിപ്പിക്കുന്നതിന്നു് എല്ലാ വിധത്തിലുമുള്ള ചുങ്കങ്ങൾ എടുത്തുകളയുവാൻ അവർ ആഗ്രഹിച്ചു. എല്ലാ ചുങ്കങ്ങളും എടുത്തുകളയുവാൻ അവക്കു കഴിഞ്ഞില്ലെങ്കിലും, അവയുടെ ഇനങ്ങൾ ചുരുക്കിക്കൊണ്ടുവരാൻ അവക്കു സാധിച്ചു.

പ്രഭുക്കന്മാക്കു പട്ടണങ്ങളിന്മേലുണ്ടായിരുന്ന അധികാരങ്ങൾ ഒരടിക്കവസാനിപ്പിക്കാൻ കഴിഞ്ഞില്ല. അല്പാല്പമായിട്ടാണു് അവ നീക്കംചെയ്യപ്പെട്ടതു്. പ്രഭുക്കന്മാർ നഗരങ്ങളുടെപേരിൽ അവക്കുണ്ടായിരുന്ന അവകാശങ്ങൾ ഓരോന്നായി നഗരവാസികൾക്കു വിററു പണംവാങ്ങി. ഇങ്ങിനെ അല്പാല്പമായി അവകാശങ്ങൾ വാങ്ങി, ഒടുക്കം പട്ടണങ്ങൾ സ്വതന്ത്രങ്ങളായി.

പാതിരിമാരും പ്രഭുക്കന്മാരും സമുദായവ്യവസ്ഥയിൽ വന്നുകഴിഞ്ഞിരുന്ന ഈ മാററങ്ങൾ മനസ്സിലാക്കി എന്നു

ധരിക്കുന്നതു തെററായിരിക്കും. ചരിത്രപരമായി വളൎന്നുകഴിഞ്ഞിരുന്ന ഈ ശക്തികളുടെ മുമ്പിൽ, വിലങ്ങടിച്ചുനില്ക്കുവാൻ സാദ്ധ്യമല്ലെന്നും, അവർ മനസ്സിലാക്കിയില്ല. ചിലൎക്കുമാത്രം ഈ മാററങ്ങൾ മനസ്സിലാക്കുവാനുള്ള ബുദ്ധിശക്തിയും തൻേറടവും ഉണ്ടായി, എന്നാൽ പൊതുവിൽ കാൎയ്യം അത്ര എളുപ്പത്തിൽ കലാശിച്ചില്ല. അധികാരത്തിലിരിക്കുന്നവർ, സുഖിച്ചുകഴിയുന്നവർ, തങ്ങളുടെ അധികാരങ്ങൾ പോയ്പോകാതിരിക്കുവാൻ എന്തുംചെയ്യും. ഒരു നായ പോലും അതിന്നു കിട്ടിയ റൊട്ടിക്കഷണം നഷ്ടപ്പെടുന്നതിന്നെതിരായി പൊരുതും. അങ്ങിനെ അധികം സംഗതികളിലും പ്രഭുക്കളും പാതിരികളും (പാതിരികൾ വിശേഷിച്ചും) അവരുടെ അവകാശങ്ങൾ മുറുകെ പിടിച്ചു. നഗരവാസികൾ ബലാൽ അധികാരം പിടിച്ചുവാങ്ങിയപ്പോൾ പ്രഭുക്കളും പുരോഹിതന്മാരും കീഴടങ്ങുവാൻ നിബ്ബന്ധിതരായി. മാമൂലുകളെയും അവകാശങ്ങളെയും മുറുകെ പിടിക്കുകയെന്നതു ചിലരെസംബന്ധിച്ചിടത്തോളം, വെറും സ്വാൎത്ഥതാല്പര്യത്തിന്നുവേണ്ടി മാത്രമായിരുന്നില്ല. അവർ പരിശീലിച്ചുകഴിഞ്ഞിരുന്ന പരിതസ്ഥിതികൾ അങ്ങിനെതന്നെ തുടൎന്നുപോയില്ലെങ്കിൽ, സമുദായവ്യവസ്ഥതന്നെ തകൎന്നു പോകുമെന്നും അവർ ഭയപ്പെട്ടു.

നാം ഇന്നു മനസ്സിലാക്കുന്ന അൎത്ഥത്തിൽ ഗിൽഡുകളുടെ നേതൃത്വത്തിൽ പോരാടിയിരുന്ന നഗരവാസികൾ, വലിയ വിപ്ലവകാരികളൊന്നുമായിരുന്നില്ല. അവരുടെ മേൽക്കോയ്മകളായ പ്രഭുക്കളുടെ അധികാരം, പാടെ അട്ടിമറിക്കാനൊന്നുമായിരുന്നില്ല അവർ ആഗ്രഹിച്ചിരുന്നതു്. വികസിച്ചുകൊണ്ടിരുന്ന കച്ചവടത്തിൻെറ അഭിവൃദ്ധിക്കു തടസ്സമായി നിന്നിരുന്ന, നാടുവാഴി പ്രഭുത്വത്തിൻെറ

പഴയ ചില മാമൂല്യകൾക്കു് അല്പമൊരയവു വരുത്തുക മാത്രമായിരുന്നു, അവരുടെ ആവശ്യം. ''എല്ലാ മനുഷ്യരും സ്വതന്ത്രരും സമന്മാരുമായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു'' എന്നൊന്നും അവർ പ്രഖ്യാപിച്ചില്ല. സ്വാതന്ത്ര്യം ജന്മാവകാശമെന്ന നിലക്കല്ല അവർ ആവശ്യപ്പെട്ടതു്. ആ സ്വാതന്ത്ര്യങ്ങളിൽനിന്നും നേടാനുണ്ടായിരുന്ന നേട്ടങ്ങൾക്കുവേണ്ടിയാണു് അവർ ഈ അവകാശവാദങ്ങൾ മുഴക്കിയതു്. നഗരങ്ങൾക്കാവശ്യമായിരുന്നതു്, അവയുടെ വളച്ചയെ തടസ്സപ്പെട്ടത്തിയിരുന്ന, മാമൂല്യകളിൽനിന്നുമുള്ള, സ്വാതന്ത്ര്യമായിരുന്നു. ഓരോ പട്ടണത്തിന്നും ഇങ്ങിനെ കിട്ടിയ സ്വാതന്ത്ര്യം പല സംഗതികളിലും വ്യത്യാസപ്പെട്ടവയായിരുന്നു. അതുകൊണ്ടു മദ്ധ്യകാലത്തെ നഗരങ്ങളുടെ ഘടനയെക്കുറിച്ചും അവ അനുഭവിച്ചിരുന്ന അധികാരാവകാശങ്ങളെക്കുറിച്ചും, സ്വാതന്ത്ര്യങ്ങളെക്കുറിച്ചും തിട്ടമായ ഒരു വിവരണം നല്കുക സാദ്ധ്യമല്ല.

പൂർണ്ണമായും സ്വതന്ത്രങ്ങളായ, സ്വയംഭരണാധികാരത്തോട്ടുകൂടിയ പട്ടണങ്ങൾ ഉണ്ടായിരുന്നു; പല തോതിലുള്ള സ്വാതന്ത്ര്യങ്ങൾ അനുഭവിച്ചിരുന്ന കമ്യൂണുകൾ ഉണ്ടായിരുന്നു; നാട്ടുവാഴിപ്രഭുത്വത്തിൽനിന്നും ഏതാനും അധികാരങ്ങൾ മാത്രം ലഭിച്ചിരുന്ന നഗരങ്ങളും ഉണ്ടായിരുന്നു. പട്ടണങ്ങൾക്കു ലഭിച്ച ഈ അധികാരങ്ങൾ പ്രഭുവിൻെറ തരകുകളിൽ രേഖപ്പെടുത്തി വാങ്ങും. ചിലപ്പോൾ ഈ ശാസനങ്ങൾ പട്ടണത്തിലെ യോഗമണ്ഡപത്തിൻെറയോ, പള്ളിയുടെയോ ചുമരുകളിൽ കൊത്തിവെക്കുകയും ചെയ്തിരുന്നു.

നഗരത്തിൻെറ സ്വാതന്ത്ര്യത്തിന്നുവേണ്ടിയുള്ള സമരത്തിൽ കച്ചവടക്കാരാണു് നേതൃത്വം വഹിച്ചതു്. അവരായിരുന്നു പട്ടണത്തിൽ ഏററവും സ്വാധീനമുണ്ടായിരുന്ന ജനവിഭാഗം. അവർ അവരുടെ സംഘങ്ങൾക്കുവേണ്ടി

പല അവകാശങ്ങളും സമ്പാദിച്ചു: പട്ടണത്തിലെ മൊത്ത ക്കച്ചവടത്തിന്റെ കാര്യത്തിൽ, കച്ചവടക്കാരുടെ സംഘ ങ്ങൾ, കുത്തകാവകാശം ചെലുത്തി. ഒരു കച്ചവടക്കാരൻ "ഗിൽഡി"ൽ അംഗമല്ലെങ്കിൽ, അയാൾക്കു കച്ചവടം ചെയ്യാനുള്ള സൌകര്യങ്ങൾ നിഷേധിക്കും. ചിലേടങ്ങളിൽ ഗിൽഡിൽ അംഗമല്ലാത്തവക്കും ചരക്കുകൾ വാങ്ങാമായി രുന്നു. എന്നാൽ ഗിൽഡിൽ അംഗങ്ങളായിരുന്ന കച്ചവട ക്കാർ, അവക്കാവശ്യമായ ചരക്കുകൾ വാങ്ങിക്കഴിഞ്ഞതിന്നു ശേഷം മാത്രമേ, അംഗങ്ങളല്ലാത്ത കച്ചവടക്കാക്കു സാധന ങ്ങൾ വാങ്ങുവാൻ പാടുണ്ടായിരുന്നുള്ളു.

ഗിൽഡിലെ അംഗങ്ങൾ അംഗങ്ങളല്ലാത്ത കച്ചവട ക്കാരെ ഒഴിച്ചുനിർത്തി. അതുപോലെതന്നെ വിദേശികളായ കച്ചവടക്കാർ തങ്ങളുടെ പ്രദേശത്തെ കച്ചവടം കൈവശ പ്പെടുത്തുന്നതിനെ തടയുവാനും അവക്കു സാധിച്ചു. കമ്പോ ളത്തിന്റെ നിയന്ത്രണം മുഴുവൻ ഗിൽഡിന്റെ കയ്യിലായി. മാക്കററിൽ വരുന്ന എല്ലാ സാധനങ്ങളും ഗിൽഡിലെ അംഗ ങ്ങളുടെ കയ്യിൽക്കൂടി കടന്നുപോകണം; വിദേശികളുടെ മത്സ രത്തിൽനിന്നും രക്ഷ നേടണം; സാധനങ്ങളുടെ വില നിർണ്ണ യിക്കുന്നതു ഗിൽഡായിരിക്കണം: കച്ചവടത്തിന്റെ എല്ലാ തുറകളിലും കാര്യമായ പങ്ക് ഗിൽഡിന്നുണ്ടായിരിക്കണം; മാക്കററു മുഴുവൻ അവരുടെ കുത്തകക്കു കീഴിലായിരിക്കണം, ഇവയായിരുന്നു കച്ചവടക്കാരുടെ ആവശ്യങ്ങൾ.

ഇങ്ങിനെയുള്ള സ്വാധീനങ്ങൾ ചെലുത്തുന്നതിന്നും, കച്ചവടത്തിൽ എല്ലാ കുത്തകാവകാശങ്ങളും കൈവശപ്പെടു ത്തുന്നതിന്നും, കച്ചവടക്കാരുടെ "ഗിൽഡ്" അധികാരസ്ഥ ന്മാരുമായി മമതയിൽ ഇരിക്കേണ്ടതു് ആവശ്യമായിരുന്നു. കച്ചവടക്കാർ പട്ടണത്തിലെ പ്രമാണികളായിരിക്കും. ഉദ്യോ

ഗസ്ഥന്മാരായി ആരെയാണു് നിശ്ചയിക്കേണ്ടതെന്നു തീച്ച്പ്പെടുത്തുന്നതിൽ അവക്കു കാര്യമായ പങ്കുണ്ടായിരിക്കും. ചില സ്ഥലങ്ങളിൽ ഉദ്യോഗസ്ഥന്മാർ അവരുടെ സ്വാധീനത്തിലുള്ളവരായിരിക്കും, മററു ചിലേടങ്ങളിൽ കച്ചവടക്കാർതന്നെ ഉദ്യോഗസ്ഥന്മാരായിരിക്കും. ചില നഗരങ്ങളിൽ, ഗിൽഡിലെ മെമ്പർമാക്കു മാത്രമെ, ഗവമ്മെണ്ടിൻെറ ഉദ്യോഗസ്ഥന്മാരായിരിക്കുവാൻ പാടുള്ളു എന്നു വ്യക്തമായ നിബന്ധനകളും ഉണ്ടായിരുന്നു.

കച്ചവടത്തെ സംബന്ധിക്കുന്ന എല്ലാ അധികാരങ്ങളും കൈവശംവെക്കുവാൻ ആഗ്രഹിച്ചിരുന്ന ഗിൽഡിലെ അംഗങ്ങൾ ഈ എല്ലാ നടപടിക്രമങ്ങളിലും പരിശീലനം സിദ്ധിച്ചവരായിരിക്കും. ഗിൽഡിൽ അംഗമാകുന്നവക്കു് ചില അവകാശങ്ങൾ ലഭിച്ചു. എന്നാൽ സംഘത്തിൻെറ എല്ലാ നിയമങ്ങളേയും അനുസരിച്ചാൽ മാത്രമേ അംഗങ്ങളായി തുടന്നുപോകുവാൻ അവരെ അനുവദിച്ചുള്ളു. ഈ നിയമങ്ങൾ ലംഘിക്കുന്നവരെ ഗിൽഡിൽനിന്നു പുറത്താക്കി, മററു ചില ശിക്ഷകൾക്കും അവർ വിധേയരായി. ഗിൽഡിനെ ധിക്കരിക്കുന്ന അംഗം തൻെറ കട അടച്ചുപൂട്ടുവാൻ നിബ്ബന്ധിതനായി. ഇതിന്നു കൂട്ടാക്കിയില്ലെങ്കിൽ ഗിൽഡിലെ മററംഗങ്ങൾ ആ കടക്കുമുമ്പിൽ പിക്കററുചെയ്തു വ്യാപാരം സ്തംഭിപ്പിക്കും.

പിക്കററുചെയ്യുന്നതിനെ തടയുവാൻ കോടതിയിൽനിന്നും തടസ്സകല്പനകൾ കൊണ്ടുവരാൻ സാദ്ധ്യമായിരുന്നില്ല. കാരണം ഗിൽഡിന്നു് അത്രക്കും സ്വാധീനമുണ്ടായിരുന്നു.

ഗിൽഡുകൾ അതാതു പ്രദേശത്തുമാത്രമല്ല മററു സ്ഥലങ്ങളിലും സ്വാധീനം ചെലുത്തി. ഇങ്ങിനെയുള്ള ഒരു

ജർമ്മൻ ഗിൽഡിന്നു പോളണ്ടുമുതൽ റഷ്യവരെ പാണ്ടികശാലകൾ ഉണ്ടായിരുന്നു, നൂറിലധികം പട്ടണങ്ങൾ ഈ സംഘത്തിന്റെ വരുതിക്കു കീഴിൽ പെട്ടിരുന്നു; പടിഞ്ഞാറൻ യൂറോപ്പിലെ കച്ചവടം മുഴുവൻ ഈ സംഘത്തിന്റെ കയ്യിലായി. അതു ശരിക്കൊരു ഭരണകൂടംതന്നെയായിരുന്നു. അതു കച്ചവടക്കരാറുകൾ ചെയ്തു. കച്ചവടക്കപ്പലുകൾക്കു രക്ഷനൽകാൻ, പടക്കപ്പലുകൾ പണിയിച്ചു. വടക്കൻ കടലുകളിൽനിന്നു കടൽക്കള്ളന്മാരെ അകററി; സ്വന്തം നിയമങ്ങൾ നടപ്പാക്കി ഭരണസഭകൾ നടത്തുകയും ചെയ്തു.

കച്ചവടക്കാരും പട്ടണങ്ങളും നേടിയ ഈ അവകാശങ്ങൾ വ്യാപാരത്തിന്റെ സാദ്ധ്യതകൾ എന്തൊക്കെയാണെന്നു വ്യക്തമാക്കി. നഗരത്തിൽ കച്ചവടക്കാർക്കുണ്ടായിരുന്ന പ്രാധാന്യം, പണത്തിന്റെ രൂപത്തിലുള്ള ധനത്തിന്നു ഭൂസ്വത്തിനേക്കാളുണ്ടായിരുന്ന പ്രാധാന്യത്തെ വ്യക്തമാക്കി.

നാടുവാഴിപ്രഭുത്വത്തിന്റെ ആദ്യഘട്ടത്തിൽ ഒരാളുടെ ധനം കണക്കാക്കുവാനുള്ള മാനദണ്ഡം നിലമായിരുന്നു. കച്ചവടം അഭിവൃദ്ധിപ്പെട്ടപ്പോൾ ഒരു പുതിയ തരത്തിലുള്ള ധനം ആവിർഭവിച്ചു. അതായതു്, പണം ധനമായി രൂപാന്തരപ്പെട്ടു. നാടുവാഴിപ്രഭുത്വത്തിന്റെ ആദ്യഘട്ടത്തിൽ പണം നിശ്ചലമായി നില്ക്കുകയായിരുന്നു. എന്നാൽ ക്രമേണ പണം ഇളകുവാൻ തുടങ്ങി. നാടുവഴിപ്രഭുത്വത്തിന്റെ ആദ്യഘട്ടത്തിൽ, പുരോഹിതന്മാരും പ്രഭുക്കന്മാരും, സമുദായത്തിന്റെ ഉന്നതതലത്തിൽനിന്നുകൊണ്ടു്, അദ്ധ്വാനിക്കുന്നവരായ ജനവിഭാഗങ്ങളുടെ, അദ്ധ്വാനത്തെ ചൂഷണംചെയ്തു, സുഖമനുഭവിച്ചു. ക്രമേണ ഒരു പുതിയ വർഗ്ഗം ഉണ്ടായി. വ്യാപാരത്തിൽ ഏർപ്പെട്ടു്, ഒരു പുതിയ ജീവിതം നയിച്ചി

രുന്ന "മദ്ധ്യവർഗ്ഗം." നാട്ടുവാഴിപ്രഭുത്വത്തിന്റെ ആദ്യഘട്ടത്തിൽ, നിലമുടമകളെന്നനിലക്കു പുരോഹിതന്മാർക്കും പ്രഭുക്കന്മാർക്കും ഭരണാധികാരം ലഭിച്ചു. ക്രമേണ പണത്തിന്റെ ഉടമകളെന്ന നിലക്കു മദ്ധ്യവർഗ്ഗക്കാർക്കു ഭരണകൂടത്തിൽ കാര്യമായ സ്വാധീനം ചെലുത്താൻ സാധിച്ചു.

IV

# പുതിയ ആശയങ്ങൾ

പലിശക്കു വാങ്ങിയ പണംകൊണ്ടാണു് ഇപ്പോൾ വ്യാപാരം നടത്തുന്നതു്. ഒരു കമ്പനി അവരോടു മത്സരിക്കുന്ന മറെറാരു കമ്പനിയെ വിലക്കുവാങ്ങുവാൻ വിചാരിക്കുന്നുവെന്നു വെക്കുക. അപ്പോൾ കടം വാങ്ങിയിട്ടാണു് അവർ ആവശ്യമായ പണം ഉണ്ടാക്കുന്നതു്. അവർ കടപത്രങ്ങൾ വിററു പണം ശേഖരിക്കുന്നു. ഈ കടപത്രങ്ങൾ ആവശ്യപ്പെടുമ്പോൾ സംഖ്യ തരുന്നതാണെന്നുള്ള വാഗ്ദത്ത പത്രങ്ങൾ മാത്രമാണു്. ഒരു പീടികക്കാരൻ പുതിയ ഉപകരണങ്ങൾ വാങ്ങുവാൻ ഉദ്ദേശിക്കുന്നുവെന്നു വിചാരിക്കുക. അയാൾ ബേങ്കിൽ പോയി പണം പലിശക്കു വാങ്ങുന്നു. ബേങ്കു് അയാൾക്കു കൊടുക്കുന്ന സംഖ്യക്കു പലിശ ചുമത്തുന്നു. അയൽപക്കക്കാരൻെറ നിലം വിലക്കുവാങ്ങുവാൻ ഉദ്ദേശിക്കുന്ന കൃഷിക്കാരൻ തൻെറ കയ്യിലുള്ള മറെറന്തെങ്കിലും സ്വത്തു പണയം വെക്കുന്നു. ഈ പണയസംഖ്യക്കു കൃഷിക്കാരൻ പലിശ കൊടുക്കാൻ ബാദ്ധ്യസ്ഥനാണു്. ഇങ്ങിനെ പലിശക്കു പണം കടം വാങ്ങുകയെന്ന സമ്പ്രദായം നമുക്കു സുപരിചിതമായിക്കഴിഞ്ഞിരിക്കുന്നു. അതുകൊണ്ടു് എല്ലാ കാലത്തും ഈ സമ്പ്രദായം നടപ്പിലുണ്ടായിരുന്നു; ഇതു കേവലം സ്വാഭാവികമായ ഒരു കാര്യമാണു് എന്നു നാം ധരിച്ചുവശായിട്ടുണ്ടു്.

പണം ഉപയോഗിക്കുന്നതിന്നു്, അതിന്മേൽ പലിശ ചുമത്തുന്നതു, കുററകരമായിക്കരുതിയിരുന്ന ഒരു കാലമുണ്ടാ

യിരുന്നു. മദ്ധ്യകാലത്തിൻെറ ആദ്യദശയിൽ പലിശക്കു കടം കൊടുക്കുന്നതിനെ പള്ളികൾ നിരോധിച്ചിരുന്നു.

"പണം പലിശക്കു കൊടുക്കുന്നതു് അതിപലിശ വാങ്ങലാണു്. അതിപലിശ പാപമാണു്." പള്ളി പാപമാണെന്നു പ്രഖ്യാപിച്ച കാര്യങ്ങളെ ഭയപ്പെടണം. നാടുവാഴിപ്രഭുത്വത്തിൻെറ കാലത്തു പള്ളികൾക്കു ഇന്നത്തെക്കാൾ ജനസാമാന്യത്തിൻെറ പേരിൽ വലിയ സ്വാധീനമുണ്ടായിരുന്നു. പലിശ വാങ്ങുന്നതിനെ പള്ളികൾ മാത്രമല്ല എതിർത്തതു്. നഗരഗവർമ്മേണ്ടുകളും രാജ്യത്തിൻെറ പൊതുഭരണാധികാരികളും ഇതിന്നെതിരായി നിയമങ്ങൾ പാസ്സാക്കി. അതിപലിശക്കെതിരായി ഇംഗ്ലണ്ടിൽ പാസ്സാക്കിയിരുന്ന ഒരു നിയമത്തിൽ ഇങ്ങിനെ പറയുന്നു: "അതിപലിശയെന്നതു ദൈവത്തിൻെറ മുമ്പിൽ പാപം ചെയ്യലാണു്; ഈ മതശാസനം ജനസാമാന്യം വേണ്ടത്ര അനുസരിക്കുന്നില്ല. ഏതു തരത്തിലുള്ള പലിശയും, എന്താവശ്യത്തിന്നുവേണ്ടിയായാലും, ഏതു സമ്പ്രദായത്തിൽ ചുമത്തിയതായാലും കുററകരമാണു്. പലിശ വാങ്ങുകയോ, കൊടുക്കുകയോ ചെയ്താൽ കടം കൊടുത്ത സംഖ്യ പിടിച്ചടക്കും, കടം കൊടുത്ത ആളെ തടവിലിടുകയും ചെയ്യും". പലിശയെപ്പററി മദ്ധ്യകാലത്തെ ജനങ്ങളുടെ ഇടയിൽ പ്രചാരത്തിലുണ്ടായിരുന്ന അഭിപ്രായത്തിൻെറ ശരിയായ പ്രതിഫലനമാണു് ഈ നിയമം. പലിശ തെററാണെന്നു ജനങ്ങൾ അംഗീകരിച്ചിരുന്നു. പലിശ വാങ്ങുന്നതിന്നെതിരായ ഈ മനോഭാവം എങ്ങിനെയുണ്ടായി? നാടുവാഴിപ്രഭുത്വവ്യവസ്ഥയിലെ സാമുദായികബന്ധങ്ങൾ പരിശോധിച്ചാൽ ഇതു വ്യക്തമാകും.

ആ സമുദായവ്യവസ്ഥയിൽ കച്ചവടത്തിന്നു പ്രാധാന്യമുണ്ടായിരുന്നില്ല. ലാഭത്തിന്നുവേണ്ടി പണമിറക്കാവുന്ന

ഏപ്പാട്ടുകൾ ഉണ്ടായിരുന്നില്ല. ഒരാൾ മറെറാരാളോട്ട് കടംമേടിക്കുന്നതു് അത്യാവശ്യമായ കാര്യങ്ങൾക്കുവേണ്ടി ചിലവഴിക്കുന്നതിന്നു മാത്രമായിരിക്കും. എന്തോ ഒരത്യാപത്തു പിണഞ്ഞതുകൊണ്ടു മാത്രമായിരിക്കും അയാൾ കടം മേടിക്കുന്നതു്. ഒരു പക്ഷേ അയാളുടെ ഒരു കാള ചത്തുപോയിരിക്കാം; അല്ലെങ്കിൽ വെള്ളമില്ലാത്തതുകൊണ്ടു് അയാളുടെ കൃഷി ഉണങ്ങിപ്പോയിരിക്കാം; അയാൾ വിഷമത്തിൽ പെട്ടുന്നു; അയാൾക്കു സഹായം അത്യാവശ്യമായിത്തീരുന്നു. അങ്ങിനെയുള്ള ഒരാൾക്കു് പണസഹായം ചെയ്താൽ പ്രതിഫലമായി അയാളിൽനിന്നും ആദായം കിട്ടണമെന്നാഗ്രഹിക്കുന്നതു് അന്യായമാണു്. ഇതായിരുന്നു അക്കാലത്തു പ്രചാരത്തിലുണ്ടായിരുന്ന ആശയം. ഒരു യഥാത്ഥ ക്രസ്ത്യാനി അയൽപക്കക്കാരനെ, ആദായത്തിന്നുള്ള ആഗ്രഹം കൂടാതെ, സഹായിക്കേണ്ടതാണു്. "ഒരാൾക്കു് ഒരു ചാക്കു മാവു വായ്പയായി കൊടുത്താൽ ഒരു ചാക്കു മാവു മാത്രമേ തിരിച്ചുകിട്ടുവാൻ ആഗ്രഹിക്കാൻ പാടുള്ളു. ഒരു ചാക്കിൽ കൂടുതലായി മാവു തിരിച്ചുകിട്ടുവാൻ ആഗ്രഹിക്കുന്നതു്, മറെറാരാളെ ചതിക്കുന്നതിന്നു തുല്യമായിരിക്കും, അതന്യായമാണു്. കൊടുത്തതു മാത്രം തിരിച്ചുകിട്ടുവാൻ ഒരാൾക്കർഹതയുണ്ടു്. അധികമായോ കുറഞ്ഞോ വാങ്ങുന്നതു തെററായിരിക്കും"

മനുഷ്യൻെറ എല്ലാ പ്രവൃത്തികളിലും അനുഷ്ഠിക്കേണ്ട ചില "ശരി"കളും "തെററു"കളും ഉണ്ടെന്നു പള്ളി ജനങ്ങളെ പഠിപ്പിച്ചു. മനുഷ്യൻെറ മതപരമായ പ്രവത്തനങ്ങളെസംബന്ധിക്കുന്ന "ശരി"കളും "തെററു"കളും സാമുദായികപ്രവത്തനങ്ങൾക്കും ബാധകമായിരുന്നു. വിശേഷിച്ചും ധനസംബന്ധമായ ഇടപാടുകളിൽ ഇതു കൂടുതൽ പ്രധാനമാ

യിരുന്നു. ഈ എല്ലാ കാര്യങ്ങളെസംബന്ധിച്ചും പള്ളിയുടെ നിയമങ്ങൾ വളരെ കർശനങ്ങളായിരുന്നു.

കച്ചവടക്കാര്യങ്ങളിൽ ഒരു സ്നേഹിതനോടു പെരുമാറുന്നതുപോലെ, ഒരപരിചിതനോടും പെരുമാറിക്കൊള്ളണം, എന്നു് ഇക്കാലത്തു് ആരും വാദിക്കുകയില്ല. മററു സംഗതികളെ അപേക്ഷിച്ചു, കച്ചവടത്തിൻെറ കാര്യത്തിൽ, വ്യത്യസ്തമായ ഒരു നടപടിക്രമം സ്വീകരിക്കുന്നതു് സാധാരണയാണു്. എതിരാളിയെ തോല്പിക്കാൻ ശ്രമിക്കുന്ന വ്യവസായി എന്തുമാർഗ്ഗങ്ങളും അംഗീകരിക്കുന്നു. അയാൾ ചരക്കുകൾ ചുരുങ്ങിയ വിലക്കു വില്ക്കും; എതിരാളിയുമായി കച്ചവടമത്സരത്തിൽ ഏർപ്പെടും; അയാളുടെ കമ്പനിയുടെ പേരിൽ പ്രത്യേകാവകാശങ്ങൾ സമ്പാദിക്കും; അങ്ങിനെ എതിരാളിയുടെ കച്ചവടത്തെ പൊളിക്കാൻ എല്ലാ വിദ്യകളും പ്രയോഗിക്കും. ഈ സൂത്രങ്ങളുടെ ഫലമായി എതിരാളിയുടെ വ്യാപാരം പൊളിയുന്നു. താൻ വരുത്തിച്ചേർക്കുന്ന ഈ നാശത്തെക്കുറിച്ചു് അയാൾക്കറിയാം. "കച്ചവടം കച്ചവടമാണു്" എന്നാണയാളുടെ ന്യായം. എന്നാൽ അതേ വ്യവസായിതന്നെ തൻെറ സ്നേഹിതനോ അയൽവാസിയോ പട്ടിണികിടക്കുന്നതിഷ്ടപ്പെടുന്നില്ല. വ്യാപാരസംബന്ധമായ കാര്യങ്ങളിൽ ഒരു നീതിയും, മററു സംഗതികളിൽ മററു നിയമങ്ങളും എന്നതാണു്, ഇപ്പോഴത്തെ സമ്പ്രദായം. ഇതു മദ്ധ്യകാലത്തെ മതശാസനങ്ങൾക്കു വിപരീതമായിരുന്നു. അക്കാലത്തെ പള്ളികൾ പഠിപ്പിച്ച കാര്യങ്ങൾ ജനങ്ങൾ വിശ്വസിക്കുകയും ചെയ്തു.

ഒരു കാര്യം ലാഭകരമാണെങ്കിലും ആത്മീയമായി അന്യായമാണെങ്കിൽ, അതു ചെയ്യരുതു്. ആത്മാവിന്നാണു മുൻഗണന നല്കേണ്ടതു്, ഈ തത്വങ്ങളാണു് പള്ളികൾ പ്രചരി

പ്പിച്ചതു്. "ലോകം മുഴുവൻ കിട്ടിയാലും, ആത്മാവു നഷ്ട പ്പെട്ടുകയാണെങ്കിൽ, അതുകൊണ്ടെന്തുകാര്യമാണുള്ളതു്" ഇ തായിരുന്നു പള്ളികളുടെ ആദർശം. ഒരാൾ നടത്തുന്ന ഇട പാടുകളിൽ അയാൾക്കു കിട്ടാനർഹതയുള്ളതിൽ കൂടുതലായി വല്ലതും ലഭിക്കുകയാണെങ്കിൽ, അതുകൊണ്ടു മററൊരാൾക്കു നഷ്ടംവരുന്നു എന്നു മാത്രമെ അർത്ഥമുള്ളു. അതു തെററാണു്. മദ്ധ്യകാലത്തെ ഏററവും വലിയ ഒരു മതചിന്തകൻ ലാഭേ ച്ഛയെ കലശലായധിക്ഷേപിച്ചിരിക്കുന്നു. കച്ചവടക്കാർ അവരുടെ അദ്ധ്വാനത്തിൻെറ പ്രതിഫലമല്ലാതെ കൂടുത ലായി ആദായമെടുക്കുവാൻ പാടില്ലെന്നായിരുന്നു നിശ്ചയം.

മദ്ധ്യകാലത്തെ പാതിരിമാർ മദ്ധ്യവർത്തികളെ ആക്ഷേ പിച്ചു. "ഒരു കക്ഷിയെ തോല്പിക്കുകയും മററു കക്ഷിയെ കൊള്ളയടിക്കയും ചെയ്യുന്ന ആൾ," എന്നു മദ്ധ്യവർത്തിയെ നിർവ്വചിക്കുകകൂടിയുണ്ടായിട്ടുണ്ടു്. വ്യാപാരത്തിൽ നിയമ വിധേയമായ ഏതു മാർഗ്ഗവും സ്വീകരിക്കുകയെന്നതു മദ്ധ്യകാ ലത്തെ ചിന്താഗതിക്കു യോജിച്ചതായിരുന്നില്ല. ഇന്നാകട്ടെ കച്ചവടക്കാരൻ ഏററവും ചുരുങ്ങിയ വിലക്കു് ചരക്കുകൾ വാങ്ങി, ഏററവും വലിയ വിലക്കു വില്ക്കുന്നു. മദ്ധ്യകാല ത്തായിരുന്നെങ്കിൽ ഇതു വലിയ പാപമായി പ്രഖ്യാപിക്ക പ്പെട്ടും—പൊതുജനങ്ങൾക്കുപകാരപ്രദമായ ഒരു കാര്യം ചെ യ്യുന്നതുകൊണ്ടു കച്ചവടക്കാരനു ന്യായമായ ഒരു പ്രതി ഫലം കിട്ടാൻ അവകാശമുണ്ടു്. കൂടുതലായി ലാഭമെടു ക്കാൻ അവകാശം ഇല്ല.

സ്വന്തം ജീവിതാവശ്യങ്ങളിൽ കൂടുതലായി പണം സ്വ രൂപിക്കുന്നതും അസാന്മാർഗ്ഗികമായിരുന്നു. ഈ സംഗതിക ളിൽ ബൈബിളിൻെറ ശാസനം ഇങ്ങിനെയായിരുന്നു: "ധ നികനു സ്വർഗ്ഗത്തിൽ കടക്കാൻ കഴിയുന്നതിലും എളുപ്പം

ഒരൊട്ടകത്തിന്നു ഒരു സൂചിയുടെ ദ്വാരത്തിൽക്കൂടി കടക്കുന്നതാണു്."

അക്കാലത്തെ ഒരെഴുത്തുകാരൻ ഇങ്ങിനെ പറഞ്ഞിരിക്കുന്നു: "സ്വന്താവശ്യങ്ങൾ നിവ്വഹിക്കുവാൻമാത്രം സമ്പാദ്യമുള്ള ഒരാൾ സമുദായത്തിൽ ഉന്നതമായ ഒരു സ്ഥാനം ലഭിക്കുന്നതിന്നോ, പില്ക്കാലത്തു് അദ്ധ്വാനിക്കാതെ മടിയനായിരുന്നു സുഖിക്കുന്നതിന്നോ, തൻെറ സന്താനങ്ങൾക്കു് അദ്ധ്വാനിക്കാതെ സുഖം സിദ്ധിക്കുന്നതിന്നോ, വേണ്ടി പിന്നെയും വിശ്രമമില്ലാതെ അത്യദ്ധ്വാനം ചെയ്യുന്നുണ്ടെങ്കിൽ, അതു് അത്യാശകൊണ്ടും അഹംഭാവംകൊണ്ടും മാത്രമാണു്."

പ്രകൃത്യാനുസൃതമായ ഒരു സമ്പൽവ്യവസ്ഥയിൽ ജീവിച്ചുശീലിച്ചിരുന്നവർ, പണത്തെ അടിസ്ഥാനപ്പെടുത്തിയുള്ള പുതിയ വ്യവസ്ഥയെ, അതേ മാനദണ്ഡംവെച്ചുതന്നെ അളന്നുനോക്കുവാൻ ശ്രമിച്ചു. നൂറുപവൻ കടംകൊടുത്താൽ നൂറുപവൻ മാത്രമേ തിരിച്ചുവാങ്ങുവാൻ പാടുള്ളു എന്നു് അവർ വാദിച്ചു. പണം ഉപയോഗിക്കുന്നതിന്നു പലിശ ചുമത്തുന്നതു സമയം വിലക്കു വില്ക്കുകയായിരിക്കും. സമയം ദൈവത്തിൻേറതാണു്. അതു വില്ക്കുവാൻ ആക്കും അവകാശമില്ല.

പണം കടംകൊടുത്തു പലിശസഹിതം തിരിച്ചുവാങ്ങുന്നതുകൊണ്ടു കടംകൊടുക്കുന്ന ആൾക്കു് അദ്ധ്വാനിക്കാതെ ജീവിക്കാനുള്ള സൌകര്യം ലഭിക്കുന്നു. ഇതു തെററാണു്. (മദ്ധ്യകാലത്തെ വിശ്വാസപ്രകാരം പുരോഹിതനും പടയാളിയും അവരുടെ ജീവിതത്തിന്നുവേണ്ടി അദ്ധ്വാനിക്കുന്നു എന്നായിരുന്നു വെപ്പു്) നിങ്ങളുടെ പണം നിങ്ങൾക്കുവേണ്ടി അദ്ധ്വാനിക്കുകയാണെന്നു പറഞ്ഞാൽ പുരോഹിതൻ സമ്മതിക്കുകയില്ല. അയാൾ പറയും, പണം ഫലഭൂയിഷ്ഠമല്ല,

അതിന്നു് ഒന്നുംതന്നെ ഉണ്ടാക്കാൻ സാദ്ധ്യമല്ല. പള്ളികൾ ശാസിച്ചു: "പലിശ വാങ്ങുന്നതു പാപമാണു്."

എന്നാൽ പള്ളികൾ പറഞ്ഞതും പ്രവൎത്തിച്ചതും രണ്ടു തരത്തിലാണു്. പലിശ വാങ്ങുന്നതിനെ എതിൎക്കുന്നതിൽ പാതിരിമാരും രാജാക്കന്മാരും മുന്നിട്ടുനിന്നു. എന്നാൽ അവർ കൊണ്ടുവന്ന ഈ നിയമങ്ങളെ ആദ്യമായിലംഘിച്ചതു് അവർതന്നെയാണു്. അവർ പലിശക്കു പണം വാങ്ങുകയും കൊടുക്കുകയുംചെയ്തു. അതിപലിശക്കെതിരെ പ്രസംഗിക്കുമ്പോൾതന്നെയാണു് അവർ ഇങ്ങിനെ ചെയ്തതു്. പണ്ടുമ പൊട്ടുകാരായി വലിയ പലിശ ചുമത്തി ജീവിതം നയിച്ചിരുന്ന ജൂതന്മാരെ അതിപലിശ വാങ്ങുന്നവരെന്നുപറഞ്ഞു അധിക്ഷേപിക്കുകയും അപമാനിക്കുകയുംചെയ്തു. ഇററലിയിലെ ബേങ്കുടമകൾ ധാരാളം. പണമിടപാടുകൾ നടത്തി. അവൎക്കു കിട്ടേണ്ട പലിശകൾ പിരിച്ചെടുക്കുവാൻ കഴിയാഞ്ഞപ്പോൾ, ആത്മീയ ശിക്ഷകളെ കാണിച്ചു ഭയപ്പെടുത്തി, പോപ്പുതന്നെ ഈ സംഖ്യകൾ പിരിച്ചെടുക്കുന്നതിൽ, ബേങ്കർമാരെ സഹായിച്ചു. ഇക്കാൎയ്യത്തിൽ ഏററവും പാപികളായ പള്ളികൾ, അതിപലിശയെടുത്തിരുന്ന മററുള്ളവരെ അധിക്ഷേപിക്കുകയും കുററപ്പെടുത്തുകയുംചെയ്തു.

പലിശയെടുക്കുന്നതു പാപമാണെന്ന തത്വം കച്ചവടക്കാരുടെ താല്പൎയ്യങ്ങൾക്കു ഹാനികരമാണു്. വ്യാപാരം രാജ്യമാസകലം വ്യാപിച്ചിരുന്ന അവസരമായിരുന്നു അതു്. പണം ജീവിതത്തിൽ അധിപ്രധാനമായ പങ്കു വഹിക്കുവാനും തുടങ്ങി. അപ്പോൾ പലിശയെസംബന്ധിക്കുന്ന നിബന്ധനകൾ ഒരു വലിയതടസ്സമായി അവൎക്കനുഭവപ്പെട്ടു.

വളൎന്നുവരികയായിരുന്ന മദ്ധ്യവൎഗ്ഗക്കാർ അവരുടെ കയ്യിൽ സ്വരൂപിച്ചിരുന്ന പണം ഉറപ്പുള്ള ഇരുമ്പുപെട്ടിക

ളിൽ സൂക്ഷിച്ചുവെച്ചില്ല. (പണം ഇറക്കി വ്യവസായംനടത്തുന്നതിന്നുള്ള സാദ്ധ്യതകളില്ലാത്ത കാലമായിരുന്നില്ല അപ്പോൾ) പുതിയ കച്ചവടക്കാക്ക് കിട്ടാവുന്ന മുഴവൻ പണവും ഉപയോഗപ്പെട്ടത്തുവാൻ,- സൌകയ്യങ്ങളുണ്ടായിരുന്നു. കച്ചവടം തുടൎന്നുപോകാനും, വിപുലപ്പെട്ടത്താനും, അവർ അധികം പണത്തിന്നന്വേഷിച്ചുനടന്നു. അവക്കു പണമിടപാട്ടകാരായ ജൂതരുടെ അട്ടത്തു പോകാം. അല്ലെങ്കിൽ പണംകൊണ്ടു കച്ചവടംചെയ്യുന്ന ബേങ്കുടമകളെ സമീപിക്കാം. എന്നാൽ പണം പലിശക്കു കൊട്ടക്കുന്നതിന്നെ നിരോധിക്കുന്ന പള്ളിയുടെ ശാസനങ്ങൾ അവരെ വിലക്കി.

വളൎന്നുവരികയായിരുന്ന കച്ചവടവൎഗ്ഗങ്ങളുടെ താല്പയ്യങ്ങളും, പഴയ സമ്പൽവ്യവസ്ഥയുടേതായ മതശാസനങ്ങളും തമ്മിൽ കൂട്ടിമുട്ടി. പള്ളിയുടെ നിരോധനങ്ങൾ ബലഹീനങ്ങളായി. എന്നാൽ പെട്ടെന്നങ്ങിനെ സംഭവിച്ചില്ല. സാവധാനത്തിൽ പുതിയ നിയമങ്ങൾ നടപ്പിൽവരുത്തിയും കൊണ്ടാണു് ഇതു സാദ്ധ്യമായതു്. "അതിലാഭമെട്ടക്കുന്നതു പാപമാണു്. എന്നാൽ ചില പ്രത്യേക പരിതസ്ഥിതികളിൽ......" "അതിലാഭത്തിന്നാഗ്രഹിക്കുന്നതു തെററാണു്. എന്നാൽ പ്രത്യേകം ചില സന്ദൎഭങ്ങളിൽ...." ഇങ്ങിനെ ആ നിയമങ്ങൾ ഇഴഞ്ഞുപോയി.

പലിശയെ സംബന്ധിക്കുന്ന നിരോധനങ്ങളിൽ നിന്നും ഒഴിവാക്കപ്പെട്ടിരുന്ന ഈ ഇനങ്ങൾ ഏതെല്ലാമായിരുന്നുവെന്നു പരിശോധിക്കുന്നതു രസാവഹമായിരിക്കും. "ഒരു ബേങ്കുടമ ഒരു കച്ചവടക്കാരന്നു പണം കടംകൊട്ടത്താൽ ആ സംഖ്യക്കു പലിശചുമത്തുന്നതു തെററാണു്. എന്നാൽ കച്ചവടക്കാരൻ ഈ പണം കച്ചവടത്തിലിറക്കിയാൽ ഒരുപക്ഷെ പണം മുഴവനുംതന്നെ നഷ്ടപ്പെട്ടുപോകുവാൻ ഇടയുണ്ടു്. അതുകൊണ്ടു്, കച്ചവടക്കാരൻ ബേങ്കുടമ

യിൽനിന്നു വാങ്ങിയ സംഖ്യ മാത്രമല്ല കുറച്ചു ധികവുംകൊടു ക്കേണമെന്നുള്ളതു ന്യായമാണു്. ബേങ്കുടമ പണംകൊടു ക്കുന്നതിൽ കാണിച്ച ധൈര്യത്തിന്നു് ഒരു ചെറിയ പ്രതി ഫലം കച്ചവടക്കാരൻ കൊടുക്കണമെന്നത്ഥം."

ബേങ്കുടമ തൻെറ പണം സ്വന്തമായി കച്ചവടാവ ശ്യാത്ഥം ഉപയോഗിച്ചിരുന്നുവെങ്കിൽ അയാൾക്കു ആദായമു ണ്ടാക്കുവാൻ കഴിയുമായിരുന്നു. അതുകൊണ്ടു് സ്വന്തം പണം താൻതന്നെ ഉപയോഗിക്കാതെ കച്ചവടക്കാരന്നു കട മായി കൊടുത്തതുകൊണ്ടു് ബേങ്കുടമസ്ഥു ഒരു ചെറിയ സംഖ്യ പ്രതിഫലമായി ലഭിക്കുവാൻ അവകാശമുണ്ടു്.

മാറിക്കൊണ്ടിരുന്ന പരിതഃസ്ഥിതികളുമായി പൊരു ത്തമുണ്ടാകത്തക്കവിധം പലിശയെ സംബന്ധിക്കുന്ന വിഷമംപിടിച്ച നിരോധനങ്ങൾ പലവിധത്തിലും ബല ഹീനമാകുവാൻതുടങ്ങി. കച്ചവടം "മിതവും സ്വീകാര്യവു മായ ലാഭമുണ്ടാക്കുന്നതിന്നുള്ള വഴിയാണു്" എന്നു സമ്മതി ക്കപ്പെട്ടു. കച്ചവടത്തിൽ പണമിറക്കി ആദായമുണ്ടാക്കു വാൻ സാദ്ധ്യമാണെന്നു സവ്വരും അംഗീകരിച്ചു. "പണം പണത്തെയുണ്ടാക്കുന്നില്ലെന്നു പറയുന്നതു തെററാണു്. വയലുകൾ ഫലംചെയ്യണമെങ്കിൽ അദ്ധ്വാനവും പണച്ചി ലവും ആവശ്യമാണു്. കടംവാങ്ങിയ ആൾക്കു കിട്ടുന്ന ആദായം കടംകൊടുത്ത ആളുടെ നഷ്ടമായി കരുതണം. അതുകൊണ്ടു് അതിപലിശയെക്കുറിച്ചുള്ള നിയമങ്ങൾ മിതമായ പലിശക്കു ബാധകമല്ല."

ഈ വാദമുഖങ്ങൾ സ്വീകരിച്ചുകൊണ്ടാണു് പലിശ യെക്കുറിച്ചുള്ള പള്ളിയുടെ ശാസനങ്ങൾ ബലഹീനങ്ങളാ യതു്. വിശ്വാസങ്ങൾ, നിയമങ്ങൾ, ജീവിതത്തിൻെറ സാമൂഹ്യബന്ധങ്ങൾ ഇവയെല്ലാം സമുദായത്തിൻെറ വളച്ച യുടെ പുതിയ രൂപത്തിനനുസരിച്ചു മാറുവാൻതുടങ്ങി.

V

# കൃഷിക്കാരൻ

കൃഷിക്കാരന്റെ നിലയിൽ അതിപ്രധാനമായ ഒരു മാററമുണ്ടായി. നാടുവാഴിപ്രഭുത്വത്തിൻകീഴിൽ പ്രഭുവും അടിയാനും തമ്മിലുള്ള ബന്ധം, മാമൂലിന്നനുസരിച്ചായിരുന്നു നിർണ്ണയിക്കപ്പെട്ടിരുന്നതു്. ഈ ബന്ധത്തിന്നു മാററം വരാത്തകാലത്തോളം കൃഷിക്കാരന്നു് തന്റെ നില നന്നാക്കിത്തീർക്കുവാൻ സാദ്ധ്യമായിരുന്നില്ല. കൃഷിക്കാരൻ അസ്വതന്ത്രനായി ചങ്ങലയിൽ കുടുങ്ങിക്കിടക്കുകയായിരുന്നു. കച്ചവടം വളർന്നുവന്നു; പണത്തെ അടിസ്ഥാനപ്പെടുത്തിയുള്ള സമ്പൽവ്യവസ്ഥ നടപ്പിൽവന്നു; പട്ടണങ്ങൾ ആവിർഭവിച്ചു; കൃഷിക്കാരന്നു തന്നെ കെട്ടിവരിഞ്ഞിരുന്ന ചങ്ങല പൊട്ടിച്ചെറിയുവാൻ ഒരു സന്ദർഭം ലഭിച്ചു.

നഗരവാസികൾ, മുഴുവൻ സമയവും വ്യവസായത്തിലും കച്ചവടത്തിലും വിനിയോഗിച്ചു. അവർക്കാവശ്യമായ ഭക്ഷണസാധനങ്ങൾ നാട്ടിൻപുറത്തുനിന്നു ലഭിക്കേണ്ടതായിവന്നു. അങ്ങിനെ പട്ടണവും ഗ്രാമവും തമ്മിൽ ഒരു പ്രവൃത്തിവിഭജനം ഉണ്ടായി. പട്ടണം വ്യവസായത്തിൽ ഏർപ്പെട്ടു, ചരക്കുകൾ ഉണ്ടാക്കി, കച്ചവടം ചെയ്തു. ഗ്രാമങ്ങൾ കൃഷിയിൽ ശ്രദ്ധചെലുത്തി, നഗരവാസികൾക്കാവശ്യമായ ഭക്ഷണസാധനങ്ങൾ ഉണ്ടാക്കുവാൻ ശ്രമിച്ചു. കമ്പോളത്തിന്റെ വ്യാപ്തി ഉല്പാദനത്തിന്റെ വികാസത്തി

ന്നിഃംവെച്ചു. കൃഷി അഭിവൃദ്ധിപ്പെടുത്തേണ്ടതത്യാവശ്യമായിത്തീന്നു.

കാഷികോല്പന്നങ്ങൾ വദ്ധിപ്പിക്കവാനും, കൃഷിയെ അഭിവൃദ്ധിപ്പെടുത്തുവാനും രണ്ടു മാൎഗ്ഗങ്ങൾ ഉണ്ടായിരുന്നു, ശാസ്ത്രീയമായ സമ്പ്രദായങ്ങൾ ഉപയോഗിച്ചു കൃഷിചെയ്യുക; നിലം നല്ലപോലെ ഉഴുതുമറിച്ച്, നല്ല വളങ്ങൾ ചേൎത്തു വിള വദ്ധിപ്പിക്കുക; കൂടുതൽ നിലങ്ങൾ വെട്ടിത്തെളിയിച്ചു കൃഷിനിലങ്ങളുടെ വ്യാപ്തി വദ്ധിപ്പിക്കുക ഈ രണ്ടു മാൎഗ്ഗങ്ങളും അപ്പോൾ സ്വീകരിക്കപ്പെട്ടു.

12-ാം നൂററാണ്ടിൽ പടിഞ്ഞാറൻ യൂറോപ്പിലെ കൃഷിക്കാരൻ, അവനു ചുററും ഉടമയില്ലാതെ കിടന്നിരുന്ന നിലങ്ങൾ കൈവശപ്പെടുത്തി, പ്രഭുവിൻെറ മദ്ദനങ്ങളിൽ നിന്നും രക്ഷനേടുവാൻ ആഗ്രഹിച്ചു. ഫ്രാൻസിൽ പകുതിയും, ജമ്മനിയിൽ മൂന്നിലൊന്നും, ഇംഗ്ലണ്ടിൽ അഞ്ചിലൊന്നും, ഭാഗം വരുന്ന കൃഷിനിലങ്ങൾ മാത്രമേ കൃഷിക്കായുപയോഗിച്ചിരുന്നുള്ളു. ബാക്കി നിലങ്ങൾ മുഴുവൻ കാടായോ, ചതുപ്പുനിലമായോ, തരിശായോ കിടന്നിരുന്നു. കൃഷിചെയ്തിരുന്ന നിലത്തിൻെറ ചുററുമായി കൃഷിചെയ്യാതെ വളരെ സ്ഥലം ഇങ്ങിനെ കിടക്കുന്നുണ്ടായിരുന്നു. ഈ നിലങ്ങൾ കൃഷിക്കാരെ മാടിവിളിക്കുകയാണോ എന്നു തോന്നി. അദ്ധ്വാനശീലരായ കൃഷിക്കാർ ഈ ക്ഷണം സ്വീകരിച്ചു.

ഈ നിലങ്ങൾ കൃഷിചെയ്യുവാൻ ഒരുങ്ങിയാൽ തങ്ങൾക്കു സ്വാതന്ത്ര്യരാവാൻ കഴിയുമെന്നു് അവർ ആശിച്ചു. കൃഷിക്കാർ കാടുവെട്ടിത്തെളിയിച്ചു, നിലം ഉഴുതു ശരിപ്പെടുത്തി, കൃഷിചെയ്യുവാൻ തയ്യാറായി; ചതുപ്പുനിലങ്ങളെ നല്ല നിലങ്ങളാക്കി മാററാൻ പരിശ്രമിച്ചു. കടലിൻെറ

ആക്രമണത്തിന്നെതിരായി മതില്കകൾ കെട്ടി. അങ്ങിനെ കൃഷിചെയ്യാവുന്ന നിലങ്ങൾ ധാരാളം ഉണ്ടാക്കി.

കൃഷിക്കാരുടെ ഈ പരിശ്രമം വളരെ വിഷമംപിടിച്ച ഒന്നായിരുന്നു. വളരെക്കാലം നീണ്ടുനിന്ന ഒരു സമരമായിരുന്നു അതു്. എന്നാൽ ഈ സമരത്തിൽ ജയിച്ചാൽ കൃഷിക്കാരൻ സ്വതന്ത്രനാകും. സ്വന്തമായി കുറച്ചു നിലം അവൻ സമ്പാദിക്കും. പ്രഭുവിന്നു പഴയ സമ്പ്രദായത്തിലുള്ള സേവനങ്ങളും കൂലിയില്ലാവേലകളും ചെയ്തുകൊടുക്കാതെ, സ്വതന്ത്രനായി ജീവിക്കാം. ഈ സന്ദർഭത്തെ അനേകായിരം കൃഷിക്കാർ തികച്ചും ഉപയോഗപ്പെടുത്തി.

കൃഷിനിലം പുതുതായുണ്ടാക്കുമ്പോഴും കൃഷിക്കാരൻ പ്രഭുവിന്നു പാട്ടംകൊടുക്കണം. എന്നാൽ ഈ പാട്ടം പഴയ സമ്പ്രദായത്തിലായിരുന്നില്ല. നിശ്ചിതമായ ഏതാനും സാധനങ്ങളും, തിട്ടപ്പെടുത്തപ്പെട്ട ചെറിയൊരു തുകയും, മാത്രമാണു് കൃഷിക്കാരൻ കൊടുക്കേണ്ടിയിരുന്നതു്. അവൻെറ നിലത്തു് ഇഷ്ടംപോലെ പ്രവൎത്തിച്ചു സ്വതന്ത്രനായിക്കഴിയുവാൻ അവന്നു സൌകര്യമുണ്ടായി.

ഈ ഏൎപ്പാടുകൊണ്ടു്, പുതിയ പരിതഃസ്ഥിതികളിൽ, പ്രഭുവിന്നും ചില നേട്ടങ്ങൾ ഉണ്ടായി. അതുകൊണ്ടാണു് പ്രഭുക്കളും പുരോഹിതന്മാരും തങ്ങളുടെ അധീനത്തിലുണ്ടായിരുന്ന തരിശുനിലങ്ങൾ, കൃഷിക്കാൎക്കു കൃഷിനിലങ്ങളാക്കി മാററുവാൻ ഏല്പിച്ചുകൊടുത്തതു്. പാഴായിക്കിടന്നിരുന്ന നിലങ്ങളിൽനിന്നും ആദായം കിട്ടുകയെന്നായിരുന്നു ഇതിൻെറ അൎത്ഥം. അതുകൊണ്ടു കൃഷിക്കാർ നിലത്തിന്നുവേണ്ടി പ്രഭുക്കളെ സമീപിക്കുവാൻ കാത്തുനില്ക്കാതെ പ്രഭുക്കൾ, നിലം ആവശ്യമുള്ള കൃഷിക്കാൎക്കു കൊടുക്കുന്നതാണെന്നു പ്രഖ്യാപിച്ചു. തരിശുനിലങ്ങൾ ഇങ്ങിനെ കൃഷിക്കാരെ ഏല്പിച്ചു ചില പ്രഭുക്കന്മാർ വമ്പിച്ചതോതിൽ ആദാ

യമുണ്ടാക്കി. പുതുതായി ചില ഗ്രാമങ്ങൾ ഉണ്ടാക്കുന്നതിന്നു തന്നെ ചില പ്രഭുക്കന്മാക്കു സാധിച്ചു. വളൎന്നുകൊണ്ടുവന്ന ഈ പ്രസ്ഥാനം അനേകായിരം ഏക്കർ നിലം കൃഷിനിലമായി മാററുവാൻ സംഗതിയാക്കി.

1350 ആകുമ്പോഴേക്കും സൈലീഷ്യയിൽ 150000 മുതൽ 200000 വരെ വരുന്ന കൃഷിക്കാരുടെ കയ്യിലായി 1500 പുതിയ ഗ്രാമങ്ങൾ ഉണ്ടായി. ഈ വളൎച്ച വളരെ പ്രധാനമായിരുന്നു. അടിയാന്മാക്കു പുതുതായി നിലങ്ങൾകിട്ടി. കൂലിയില്ലാവേല പാട്ടമായിക്കൊടുക്കാതെ, ഒരു നിശ്ചിതസംഖ്യമാത്രം കാലത്താൽ പാട്ടമായി ക്കൊടുത്തു. നിലം കിട്ടുകയെന്നതു, അടിയാനെസംബന്ധിച്ചിടത്തോളം, വളരെ പ്രധാനമായ ഒരു നേട്ടമായിരുന്നു. ഈ പുതിയ പ്രസ്ഥാനം പഴയ ''മേനറി''ലെ അസ്വതന്ത്രരായ കൃഷിക്കാരുടെ പദവിയിലും സാരമായ മാററങ്ങൾ വരുത്തി.

വളരെക്കാലത്തോളം തന്റെ കഷ്ടാവസ്ഥയെ, തന്റെ തലവിധിയായി കൃഷിക്കാരൻ സ്വീകരിച്ചു; പല വ്യത്യാസങ്ങളോടുകൂടിയ സമുദായത്തിൽ ജനിച്ചു, പുരോഹിതന്മാർ, പടയാളികൾ, പണിക്കാർ എന്ന വിഭജനത്തിന്നനുസരിച്ചു തന്റെ കടമകളെ അക്ഷരംപ്രതി അനുഷ്ഠിച്ചു; കൃഷിക്കാരൻ അയാളുടെ പദവിയെ ചോദ്യംചെയ്യാതെ സ്വീകരിച്ചു. ഉയരുവാനുള്ള എല്ലാ സൌകര്യങ്ങളും നിഷേധിക്കപ്പെട്ടു. ജീവിതം അങ്ങിനെ നീട്ടിക്കൊണ്ടുപോകുക എന്ന ലക്ഷ്യം മാത്രമേ അയാൾക്കുണ്ടായിരുന്നുള്ളു; മാമൂലിന്നനുസരിച്ച് അയാൾ ദൈനംദിനകൎത്തവ്യങ്ങൾ നിൎവ്വഹിച്ചു. പുതിയ വിത്തുകൾ വിതച്ചുനോക്കുന്നതിന്നോ, പുതിയ വിളവുകൾ ഉല്പാദിപ്പിക്കുന്നതിന്നോ, അയാൾ ആഗ്രഹിച്ചില്ല. കാരണം അയാൾ ഉണ്ടാക്കുന്ന സാധനങ്ങളിൽ മിച്ചംവരുന്നതു വിററ

ഴിക്കാൻ കമ്പോളം ഉണ്ടായിരുന്നില്ല. മാത്രമല്ല അങ്ങിനെയുണ്ടാകുന്ന പുതിയ വിളവുകളുടെ സിംഹഭാഗവും പ്രഭു തട്ടിയെടുക്കുകയും ചെയ്യു.

ക്രമേണ ഈ നിലക്കു മാററംവന്നു. പ്രഭുവിന്നു കൊടുക്കേണ്ടതായ ഓഹരിയും, സ്വന്തം ആവശ്യങ്ങളും കഴിച്ചു ബാക്കിയുണ്ടാകുന്ന സാധനങ്ങൾ വിററഴിക്കുവാനുള്ള സൌകര്യം കൃഷിക്കാരന്നു ലഭിച്ചു. പണം ഉപയോഗിക്കുവാൻ അയാൾ പഠിച്ചുകഴിഞ്ഞിരുന്നില്ല; എന്നാൽ അക്കാര്യത്തിലും അയാൾക്കു പരിചയംസിദ്ധിക്കുകയായിരുന്നു. പഴയ വ്യവസ്ഥയിൽ ഒതുങ്ങാത്ത കച്ചവടക്കാർ എന്ന ഒരു പുതിയ വർഗ്ഗം ഉണ്ടായിക്കഴിഞ്ഞിട്ടുണ്ടെന്നു് അയാൾ മനസ്സിലാക്കി. ഈ കച്ചവടക്കാർ പട്ടണങ്ങളിൽ വളരെ അഭിവൃദ്ധിയിൽ കഴിഞ്ഞുകൂടുന്നതും കൃഷിക്കാരൻ കണ്ടു. അയാൾ ഇടക്കെല്ലാം പട്ടണങ്ങളിലെ സമൃദ്ധിയെ കാണുകയും ആസ്വദിക്കുകയുംചെയ്യു. അടിയാന്മാക്കു് അനുകൂലമായ ചില മാററങ്ങൾ ഉണ്ടാകുന്നതായി അയാൾക്കനുഭവപ്പെട്ടു. കൂടുതൽ അദ്ധ്വാനിച്ചു, നല്ല വിളവുകൾ ഉണ്ടാക്കി, ആ സാധനങ്ങൾ വിററു കുറച്ചു പണം സമ്പാദിച്ചു, എന്തുകൊണ്ടയാൾക്കും ഒരു കച്ചവടക്കാരനായിക്കൂടാ? പ്രഭുവിന്നു പണംകൊടുത്തു് അയാളോടു ചെയ്യേണ്ട ബാദ്ധ്യതകളിൽ നിന്നു് എന്തുകൊണ്ടു കൃഷിക്കാരനും മോചനംനേടുവാൻപാടില്ല? ഇതായിരുന്നു കൃഷിക്കാരൻെറ ചിന്ത. ഇതിന്നു പ്രഭു അനുവദിക്കുകയില്ലെങ്കിൽ, കൃഷിക്കാരൻ ഒന്നുകിൽ പട്ടണത്തിലേക്കു പോകും; അതല്ലെങ്കിൽ പാട്ടം പണമായി കൊടുക്കാമെന്ന നിബന്ധനയിന്മേൽ കാടുവെട്ടിത്തെളിയിച്ചു പുതുനിലങ്ങൾ ഉണ്ടാക്കുന്നതിന്നു തയ്യാറാകും.

അടിയാന്മാരിൽനിന്നു സേവനങ്ങൾക്കുപകരം പണം വാങ്ങി, ആ കടമയിൽനിന്നും അവരെ ഒഴിവാക്കുന്നതിന്നു

പ്രഭുവും അനുകൂലിച്ചു. പൌരസ്ത്യദേശങ്ങളിൽനിന്നും വന്നിരുന്ന ചില സാധനങ്ങൾ അയാൾക്കു വാങ്ങേണമെന്നുണ്ടായിരുന്നു: അയാളുടെ കവചം ഉണ്ടാക്കിക്കുന്നതിന്നു പണംകൊടുക്കേണ്ടതുണ്ടായിരുന്നു. പ്രഭു പണവുമായി പരിചയിച്ചുകഴിഞ്ഞിരുന്നു. അതുകൊണ്ട് ആഴ്ചയിൽ ഏതാനും ദിവസങ്ങൾ തൻെറ നിലത്തു കൂലിയില്ലാതെ പണിയെടുക്കുന്നതിന്നുപകരം, കൃഷിക്കാരൻ പ്രഭുവിന്ന് ഏക്കറിന്ന് ഒരു തിട്ടമായ തുക പാട്ടമായികൊടുത്താൽമതിയെന്നും, അയാൾ സമ്മതിച്ചു. അടിയാനിൽനിന്നു കിട്ടുന്ന ഈ പണംകൊണ്ടു് ഇഷ്ടംപോലെ പല കാര്യങ്ങൾക്കും ഉപയോഗിക്കാൻ സാദ്ധ്യമാണെന്നു പ്രഭു മനസ്സിലാക്കി.

ഈ മാർഗ്ഗം സ്വീകരിക്കയല്ലാതെ പ്രഭുവിന്നു വേറെ പോംവഴിയുണ്ടായിരുന്നില്ല. അടിയാൻെറ മേൽ ചുമത്തിയിരുന്ന നിബന്ധനകൾ, അല്പമെങ്കിലും അയച്ചുവിട്ടില്ലെങ്കിൽ, അടിയാൻ പ്രഭുവിനെ വിട്ടുപോകുമെന്നു തീർച്ചയായി. അങ്ങിനെയായാൽ പ്രഭുവിന്നു കൃഷിക്കാരിൽനിന്നു പാട്ടംകിട്ടുകയില്ല; സേവനം ലഭിക്കുകയില്ല. അതുകൊണ്ടു പഴയമട്ടിൽ കൃഷിക്കാരൻ തൻെറ നിലങ്ങളിൽ കൂലിയില്ലാതെ പണിയെടുക്കുന്നതിന്നുപകരം കൃഷിക്കാരനിൽനിന്നും പാട്ടം പണമായിക്കിട്ടുന്നതായിരുന്നു, പ്രഭുവിന്നു സ്വീകാര്യമായിത്തോന്നിയതു്.

മാത്രമല്ല, തന്നോടു മററുവിധത്തിൽ കടപ്പെട്ടിട്ടില്ലാത്ത സ്വതന്ത്രരായ കൂലിക്കാരെ, കൂലികൊടുത്തു പണിക്കു നിശ്ചയിക്കുന്നതും, പ്രഭുവിന്നു ആദായകരമായിത്തോന്നി. സ്വന്തം നിലത്തു പണിയെടുത്തുകൊണ്ടിരിക്കുന്ന അടിയാനെ, ആ പ്രവൃത്തി നിർത്തിവെച്ച്, പ്രഭുവിൻെറ നിലത്തു പണിയെടുക്കുവാൻ നിർബ്ബന്ധിക്കുന്നതു് വിഡ്ഢിത്തമാണെന്നു പ്രഭു

മനസ്സിലാക്കി. അടിയാൻ ആത്മാത്ഥമായി പണിയെടുക്കു കയില്ലെന്നു് അയാൾക്കു ബോദ്ധ്യപ്പെട്ടു. അതുകൊണ്ടു് കൂലിയില്ലാവേലയിൽക്കൂടി തൻെറ നിലങ്ങൾ കൃഷിചെയ്യു ന്നതിനേക്കാൾ നല്ലതു്, ദിവസക്കൂലികൊടുത്തു കൂലിപ്രവൃ ത്തിക്കാരെക്കൊണ്ടു് പണിയെടുപ്പിക്കുന്നതാണെന്നു പ്രഭു തീച്ചപ്പെടുത്തി.

കൃഷിക്കാർ ഇങ്ങിനെ പ്രഭുവിന്നുവേണ്ടി ചെയ്യേണ്ടി യിരുന്ന പല ബാദ്ധ്യതകളിൽനിന്നും മോചനംനേടി. വ്യക്തിഗതമായ എല്ലാ സ്വാതന്ത്ര്യങ്ങളും പ്രഭുവിൽനിന്നു വിലകൊടുത്തു വാങ്ങിയിരുന്ന കൃഷിക്കാരും ഉണ്ടായിരുന്നു. ഇങ്ങിനെ തൻെറ കീഴിലുള്ള അടിയാന്മാക്കു സ്വാതന്ത്ര്യം കൊടുക്കുന്നതും, അവരെ പഴയ മാമൂൽപ്രകാരമുള്ള സേവന ങ്ങളിൽനിന്നൊഴിവാക്കുന്നതും, ആദായകരമാണെന്നു മനസ്സി ലാക്കാത്ത പ്രഭുക്കളും ഉണ്ടായിരുന്നു. ചരിത്രത്തിൻെറ എല്ലാ ദശകളിലും, അനിവ്വാര്യമായി സംഭവിക്കാൻപോ കുന്ന മാററങ്ങളെ, മനസ്സിലാക്കാൻ കൂട്ടാക്കാത്ത, യാഥാ സ്ഥിതികന്മാർ ഉണ്ടാകുന്നതു് സാധാരണയാണല്ലൊ. തങ്ങൾക്കിഷ്ടമല്ലാത്ത പുതിയ പരിവത്തനങ്ങൾ കണ്ടു ഭയന്നു്, അവർ പഴയതിനെ മുറുകെ പിടിക്കും.

അടിയാന്മാരെ മോചിപ്പിക്കുന്നതിൽ പള്ളികളാണു് മുൻകയ്യെടുത്തിരിക്കുകയെന്നു് നമുക്കു തോന്നാൻ ഇടയുണ്ടു്. എന്നാൽ നേരെമറിച്ചാണു് കാര്യങ്ങൾ നടന്നതു്. നഗര ങ്ങളിലും നാട്ടിൻപുറങ്ങളിലും സാധാരണ ജനങ്ങൾക്കു സ്വാ തന്ത്ര്യംകിട്ടുന്നതിനെ ശക്തിയായെതിത്തതു്, പ്രഭുക്കന്മാരാ യിരുന്നില്ല; പുരോഹിതന്മാരായിരുന്നു. അടിയാന്മാരെ മോ ചിപ്പിച്ചു, പാട്ടം പണമായി സ്വീകരിച്ചു്, ആ പണം കൊണ്ടു കൂലിപ്രവൃത്തിക്കാരെ നിയമിക്കുന്നതു് ആദായകരമാ

ണ്ടെന്നു പ്രഭു മനസ്സിലാക്കി. എന്നാൽ പള്ളികൾ ഈ അടിയാന്മാരുടെ സ്വാതന്ത്ര്യത്തിന്നെതിരായി വാദിച്ചു. "അടിയാന്മാരുടെപേരിൽ അധികാരമുള്ള വല്ല ആളും അവക്കു് സ്വാതന്ത്ര്യംകൊടുക്കുകയാണെങ്കിൽ, അയാളെ പള്ളിയിൽ നിന്നു പുറത്താക്കുന്നതാണു്" എന്നു പ്രഖ്യാപിച്ചിരുന്ന മതസംഘങ്ങളും അക്കാലത്തുണ്ടായിരുന്നു. "പള്ളിയിലെ പാതിരിമാർ, അവരുടെ കീഴിലുള്ള അടിയാന്മാക്കു സ്വാതന്ത്ര്യം കൊടുക്കുന്നതല്ലെന്നു പ്രതിജ്ഞചെയ്യേണ്ടതാണു്" എന്നും അവർ നിയമമാക്കി. "എല്ലാ പ്രഭുക്കളിലുംവെച്ചു കഠിനന്മാർ പള്ളികളിലെ പാതിരിമാരാണു്; അവർ മാമൂൽ പ്രകാരം തങ്ങൾക്കു കിട്ടേണ്ടിയിരുന്ന അവകാശങ്ങൾ മുറുകെ പിടിച്ചു. പള്ളികൾ അടിയാൻെറ സേവനത്തെ അടിസ്ഥാനപ്പെടുത്തിയുള്ള നിലമുടമസമ്പ്രദായത്തിൽ ഉറച്ചുനിന്നു. മതസംഘങ്ങൾ, ഒരൊററ അടിയാന്നുപോലും സ്വാതന്ത്ര്യംകൊടുക്കുന്നതിനെ അനുകൂലിച്ചില്ല; അടിയാൻ ചെയ്യേണ്ടിയിരുന്ന കടമകളെസംബന്ധിച്ചിടത്തോളം, യാതൊരു വിട്ടുവീഴ്ചക്കും അവർ തയ്യാറായില്ല." ഏതാനും ഇംഗ്ലീഷു ചരിത്രകാരന്മാരുടെ അഭിപ്രായമാണു് ഈ ഉദ്ധരിച്ചതു്.

പുരോഹിതന്മാരല്ലാത്ത സാധാരണ പ്രഭുക്കന്മാരാണു് അല്പമെങ്കിലും ദയ കാണിച്ചതു്. കാരണം, പ്രഭു ഒരു സാധാരണ മനുഷ്യനാണു്. അയാൾ ധാരാളച്ചിലവുചെയ്തു സമയംപോക്കി. അയാൾക്കു മരിക്കുമ്പോൾ താൻചെയ്ത പാപങ്ങളെക്കുറിച്ചു പശ്ചാത്തപിക്കേണ്ടതുണ്ടു്. പാതിരികളായ പ്രഭുക്കളുടെ നില, ഇതിൽനിന്നെല്ലാം ഭിന്നമായിരുന്നതുകൊണ്ടു്, അവക്കു കൃഷിക്കാരെ മദ്ദിക്കുവാൻ വൈമനസ്യമുണ്ടായില്ല. പുരോഹിതന്മാരായ പ്രഭുക്കൾക്കെതിരായിട്ടാണു് കൃഷിക്കാക്കു് അധികം ആക്ഷേപങ്ങളുണ്ടായിരുന്നതു്.

വെറുതെ ആവലാതിപ്പെട്ടു അടങ്ങിയിരിക്കുകയല്ല കൃഷിക്കാർ ചെയ്തതു്. കൃഷിക്കാർ ചിലപ്പോൾ പള്ളിവകയായ നിലങ്ങൾ കയ്യേറി. പള്ളികളുടെ ജനലുകൾക്കു നേരെ കല്ലെറിഞ്ഞു. വാതിലുകൾക്കു തീവെച്ചു. പാതിരിമാരെ അടിച്ചുവീഴ്ത്തി. ഈ സമരങ്ങളിൽ കച്ചവടക്കാർ കൃഷിക്കാരുടെ പക്ഷത്തുനിന്നു. കാരണം അവരും പാതിരിമാൎക്കും പ്രഭുക്കന്മാൎക്കും എതിരായി സമരങ്ങൾ നടത്തുകയായിരുന്നു.

സ്വാതന്ത്ര്യത്തിൻെറ രസം ആസ്വദിക്കുവാൻ തുടങ്ങിയിരുന്ന കൃഷിക്കാർ, തങ്ങളുടെ പരിശ്രമങ്ങൾ തുടൎന്നു. മററു വിധത്തിൽ സ്വാതന്ത്ര്യം അനുവദിക്കുകയില്ലെന്നു കണ്ടപ്പോൾ അവർ ബലമുപയോഗിച്ചു സമരം നടത്തി. പ്രഭുക്കന്മാരും പുരോഹിതന്മാരും, ഈ സ്വാതന്ത്ര്യപ്രസ്ഥാനത്തിന്നെതിരായി നടത്തിയ പരിശ്രമങ്ങൾ വൃഥാവിലായി. പുതുതായുണ്ടായ സാമ്പത്തികശക്തികളെ അവക്കു നേരിടുവാൻ കഴിഞ്ഞില്ല.

ഇംഗ്ലണ്ടിൽ പ്ലേഗുമൂലമുണ്ടായ ജീവനാശം ഈ സ്വാതന്ത്ര്യസമ്പാദനത്തെ സഹായിച്ച ഒരു പ്രധാന സംഭവമായിരുന്നു. ആരോഗ്യനിയമങ്ങൾ പഠിച്ചു പരിശീലിച്ചു്, ശാസ്ത്രീയമായ ചികിത്സാസമ്പ്രദായങ്ങൾ സ്വീകരിച്ചുകഴിയുന്ന ഇക്കാലത്തെ ആളുകൾക്കു്, മദ്ധ്യകാലത്തു്, പകൎച്ചവ്യാധികൾ വരുത്തിയിരുന്ന കെടുതികൾ, എത്ര ഭയങ്കരമായിരുന്നു എന്നു മനസ്സിലാക്കുവാൻ സാദ്ധ്യമല്ല. ഒന്നാം ലോകമഹായുദ്ധത്തിൽ പല രാജ്യങ്ങളിലുമായി കൊല്ലപ്പെട്ട ജനങ്ങളുടെ ഇരട്ടി, പ്ലേഗിൻെറ ഫലമായി ഒരേ പ്രാവശ്യംതന്നെ യൂറോപ്പിൽ മരിച്ചുപോകയുണ്ടായി. ഈ അത്യാഹിതത്തെപ്പററി ഒരു ഇററലിക്കാരൻ ഇങ്ങിനെ എഴുതിയിരി

ക്കുന്നു: "1348-ൽ ഫ്ളോറൻസിൽ ഭയങ്കരമായ പ്ലേഗുബാധയുണ്ടായി. ഇതാദ്യം പൊട്ടിപ്പുറപ്പെട്ടതു് "ലവൻറി"ലായിരുന്നു. പിന്നെ ഇതു പടിഞ്ഞാറോട്ടു പാളിപ്പിടിച്ചു. രോഗം പരക്കാതിരിക്കാൻ മനുഷ്യസാദ്ധ്യമായ എല്ലാ മുൻകരുതലുകളും എടുത്തു. രോഗികളെ അകററി താമസിപ്പിച്ചു. നഗരം ശുചിയാക്കിവെച്ചു. രോഗത്തിൽനിന്നും രക്ഷനേടാനുള്ള എല്ലാ നിർദ്ദേശങ്ങളും പ്രസിദ്ധപ്പെടുത്തി. അനേകം പ്രാർത്ഥനകൾ നടത്തി. എന്നിട്ടും രോഗം പരക്കാതിരുന്നില്ല. ഈ രോഗത്തിന്നുള്ള ചികിത്സ ഒരാൾക്കും അറിയാമായിരുന്നില്ല. രോഗം ബാധിച്ചവരിൽ ആരും രക്ഷപ്പെട്ടില്ല. രോഗലക്ഷണങ്ങൾ കണ്ടു മൂന്നു ദിവസമാകുമ്പോഴേക്കും രോഗി മരിച്ചുവീഴും."

എല്ലായിടത്തും ജനങ്ങൾ ഈച്ചകളെപ്പോലെ ചത്തൊടുങ്ങി. ഫ്ളോറൻസിൽതന്നെ 100000 പേർ മരിച്ചു. ലണ്ടൻ പട്ടണത്തിൽ ദിവസേന ശരാശരി ഇരുനൂറു ആളുകൾ മരിച്ചു. പാരീസ്സിൽ എണ്ണൂറു പേർ മരിച്ചു. ഇംഗ്ലണ്ടു് ഫ്രാൻസു് മുതലായ രാജ്യങ്ങളിൽ മൂന്നിലൊന്നോ പകുതിയോ ജനങ്ങൾ മരിച്ചൊടുങ്ങി. ഈ രോഗം യൂറോപ്പിൽ 1348 മുതൽ 1350 വരെ ആളിക്കത്തി. രോഗം വീണ്ടും വീണ്ടുമുണ്ടായി, അയർലണ്ടുകാരനായ ഒരു പാതിരി നിരാശനായിങ്ങിനെ എഴുതിയിരിക്കുന്നു: "ഞാൻ എഴുതിയിട്ടുള്ളതെല്ലാം എന്നോടൊപ്പം നശിച്ചുപോയാലോ എന്നു ഭയന്നു ഞാൻ ഈ തോൽകടലാസ്സുകൾ ഇതാ സൂക്ഷിച്ചുവെക്കുന്നു. ഈ രോഗം പിടിപെടാതെ രക്ഷപ്പെട്ടുവാൻ ഭാഗ്യമുള്ള ആരെങ്കിലും ഇതു് തുടർന്നെഴുതട്ടെ എന്നു ഞാൻ ആശിക്കുന്നു"

അധികം ആളുകളും മരിച്ചുകഴിഞ്ഞതുകൊണ്ടു ശേഷിച്ചവരുടെ അദ്ധ്വാനശക്തിക്കും സേവനങ്ങൾക്കും വിലകൂടി.

കൂലിപ്രവൃത്തിക്കാക്ക കൂലിക്കൂടുതലിന്നാവശ്യപ്പെടാനും അതു വെച്ചുകിട്ടാനും അവസരംലഭിച്ചു. നിലത്തിൻെറ വില നിലത്തു വിളവുകൾ ഉണ്ടാക്കുന്നതിൻെറ സാദ്ധ്യതകളെ ആശ്രയിച്ചായിരിക്കുമല്ലോ. പണ്ണിയെടുക്കുവാൻ ആളില്ലാതെ വിളവുണ്ടാക്കുവാൻ കഴിയുകയുമില്ല. കൂലിക്കാരുടെ എണ്ണം കുറഞ്ഞപ്പോൾ അവരെ കിട്ടാനുള്ള ബുദ്ധിമുട്ടുകൾ വദ്ധിച്ചു. പണിയെടുക്കുന്നവൻെറ അദ്ധ്വാനശക്തിക്കു വിലകൂടി. അയാൾ അതു മനസ്സിലാക്കുകയും ചെയ്തു.

ഇതു പ്രഭുവിന്നും അറിയാമായിരുന്നു. അടിയാന്മാക്ക സ്വാതന്ത്ര്യം കൊടുക്കാൻകൂട്ടാക്കാതിരുന്ന പ്രഭുക്കന്മാർ തങ്ങളുടെ അവകാശങ്ങൾ മുറുകെ പിടിച്ചു. അടിയാന്മാക്ക സ്വാതന്ത്ര്യം കൊടുത്തിരുന്ന പ്രഭുക്കൾ, പാട്ടമായി കിട്ടിയ പണംകൊണ്ടു വേണ്ടത്ര കൂലിക്കാരെ കിട്ടാൻ കഴിയാതെ വിഷമിക്കുകയും ചെയ്തു. കൂലിക്കാരുടെകൂലി അമ്പതുശതമാനം വദ്ധിച്ചു. പാട്ടം പണമായി വാങ്ങിയിരുന്ന പ്രഭുക്കന്മാക്ക് ഉള്ളപണംകൊണ്ട് പണ്ടു കിട്ടിയത്ര കൂലിക്കാരെ കിട്ടിയില്ല. കൂലിക്കൂടുതലിന്നു ചോദിക്കുന്നതും കൊടുക്കുന്നതും കുററകരമാക്കുന്ന നിയമങ്ങൾ ഉണ്ടാക്കി. എന്നാൽ ഫലമുണ്ടായില്ല.

അങ്ങിനെ നിലത്തിൻെറ ഉടമയായ പ്രഭുവിന്നും, അയാളുടെ കീഴിൽ പ്രവൃത്തിയെടുത്തിരുന്ന കൂലിക്കാക്കംതമ്മിൽ ഒരു വടംവലിനടന്നു. പ്രവൃത്തിക്കാർ സ്വാതന്ത്ര്യത്തിൻെറ രസം അറിഞ്ഞുകഴിഞ്ഞിരുന്നു. കൂടുതൽ സ്വാതന്ത്ര്യങ്ങൾക്കുവേണ്ടി അവർ വെമ്പുകയായിരുന്നു. പ്രവൃത്തിക്കാർ അതിന്നു മുമ്പും തങ്ങളുടെ മദ്ധ്യകന്മാക്കെതിരായി ലഹളകൾക്കൊരുങ്ങിയിട്ടുണ്ട്. എന്നാൽ ഈ ലഹളകൾ പ്രാദേശിക സംഭവങ്ങളായിരുന്നു. ആ ചെറു ലഹളകൾ അടിച്ചമത്തപ്പെടുകയുംചെയ്തിരുന്നു. 14-ാംനൂററാണ്ടില്

ണ്ടായ കഷകലഹളകളാകട്ടെ ഇവയിൽനിന്നും വ്യത്യസ്ത ങ്ങളാണു്. കൂലിക്കാരെ കിട്ടാനുള്ള വിഷമം പ്രവൃത്തിക്കാരുടെ ശക്തി വദ്ധിപ്പിച്ചു. മററുവിധത്തിൽ പിടിച്ചുവാങ്ങുവാൻ കഴിയാതിരുന്ന അവകാശങ്ങൾ അവർ ലഹളകൾ നടത്തി വെച്ചുവാങ്ങുവാൻ ഒരുങ്ങി.

കഷകലഹളകളുടെ കാരണങ്ങളെക്കുറിച്ചു് ചരിത്രകാരന്മാരുടെ ഇടയിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടു്. പ്രഭുക്കൾ കൃഷിക്കാരെ പഴയ സേവനങ്ങൾചെയ്യുവാൻ നിബ്ബന്ധിച്ചതാണു കാരണമെന്നു് ഒരു കൂട്ടർ അഭിപ്രായപ്പെടുന്നു. കൃഷിക്കാരൻ അവൻെറ ശക്തി മനസ്സിലാക്കി; താൻ പ്രഭുവിന്നു ചെയ്തുകൊടുക്കേണ്ടിയിരുന്ന ബാദ്ധ്യതകൾ റദ്ദുചെയ്യണമെന്നാവശ്യപ്പെട്ടു; പ്രഭു വഴങ്ങിയില്ല, അതായിരുന്നു കാരണമെന്നു മററുചിലർ പറയുന്നു. ഒരുപക്ഷെ ഈ രണ്ടു വാദങ്ങളും ശരിയായിരിക്കാം. രണ്ടുവശത്തും അക്രമങ്ങൾ നടന്നിരുന്നു എന്നു് അക്കാലത്തെ രേഖകളിൽനിന്നു വ്യക്തമാകുന്നുണ്ടു്. രേഖകളും സ്വത്തുക്കളും ഇരുവശത്തും നശിപ്പിക്കപ്പെട്ടിട്ടുണ്ടു്. കൃഷിക്കാരും പ്രഭുക്കളും ധാരാളം കൊലചെയ്യപ്പെട്ടു. അറസ്റ്റ്ചെയ്യപ്പെട്ട അനേകം കൃഷിക്കാർ "നിയമപ്രകാരം" കൊല്ലപ്പെടുകയുംചെയ്തു. ഇങ്ങിനെ വധശിക്ഷക്കു വിധേയനായ ഒരു കൃഷിക്കാരൻെറ പേരിൽ തയ്യാറാക്കിയ കുററപത്രത്തിൽ ഇങ്ങിനെ പറയുന്നു:

"ആയുധം ധരിച്ചു് ഒരു കൊടിയുമേന്തി ഇയാൾ നാട്ടിലെ നടന്നു ലഹളക്കാരെ ശേഖരിച്ചു. ആരും പ്രഭുക്കന്മാരുടെ കല്പനകൾ അനുസരിക്കരുതെന്നു പ്രസംഗിച്ചു. അവൎക്കു കൊടുക്കേണ്ട അവകാശങ്ങൾ കൊടുക്കരുതെന്നു പ്രഖ്യാപിച്ചു. അങ്ങിനെ അയാൾ സ്വന്തമായി രാജാധികാരംനടത്തുവാൻ ശ്രമിച്ചു."

ആയിരക്കണക്കായി കൃഷിക്കാർ തൂക്കമരമേറി; കഷ്ടകലഹളകൾ അമത്തപ്പെട്ടു. എന്നാൽ രാജ്യത്തിൽ കാഷികമായുണ്ടായിക്കഴിഞ്ഞിരുന്ന മാററങ്ങൾ ഇല്ലായ്മചെയ്യുവാൻ പ്രഭുവഗ്ഗങ്ങൾക്കു സാധിച്ചില്ല. പഴയ നാട്ടവാഴിപ്രഭുത്വവ്യവസ്ഥക്കു കോട്ടംതട്ടി. സാമ്പത്തികശക്തികളുടെ പ്രവത്തനഫലമായുണ്ടായ മാററങ്ങളെ ഇല്ലായ്മചെയ്യുവാൻ സാദ്ധ്യമായില്ല. 15-ാംനൂററാണ്ടിൻെറ മദ്ധ്യമാകുമ്പോഴേക്കും, കൂലിയില്ലാവേലചെയ്യുന്നതിന്നുപകരം, പണം പാട്ടമായി കൊടുക്കുകയെന്ന സമ്പ്രദായം, പടിഞ്ഞാറൻ യൂറോപ്പിൽ മുഴുവൻ നടപ്പിൽവന്നു. കൃഷിക്കാക്കു സ്വാതന്ത്ര്യംകിട്ടി. കൃഷികത്തൊഴിലാളി വെറുമൊരു പൂട്ടകാളയല്ലാതായി. അഭിമാനത്തോടെ തലയുയത്തിനില്ക്കുവാൻ അയാൾക്കു സാധിച്ചു. നാട്ടവാഴിപ്രഭുത്വത്തിൻെറകീഴിൽ നടപ്പില്ലാതിരുന്ന ഇടപാട്ടകൾ പ്രചാരത്തിൽവന്നു. അന്യോന്യമുള്ള സേവനങ്ങളേയും ബാദ്ധ്യതകളേയും അടിസ്ഥാനപ്പെടുത്തി, ഭൂസ്വത്തിന്മേൽ അവകാശങ്ങൾ അനുവദിക്കുകയെന്ന സമ്പ്രദായം, അവസാനിച്ചു. ഒരു പുതിയ നിലമുടമസമ്പ്രദായം ആവിർഭവിച്ചു. കൃഷിക്കാക്ക് എങ്ങും ഇഷ്ടംപോലെ സഞ്ചരിക്കുവാൻ സ്വാതന്ത്ര്യംലഭിച്ചു. അവക്ക് അവരുടെ നിലം ഇഷ്ടംപോലെ കൈകാര്യംചെയ്യുവാൻ സാധിച്ചു.

നിലം മറേറതു ചരക്കുപോലെയും വില്ക്കുകയും വാങ്ങുകയുംചെയ്തു, എന്നതു് നാട്ടവാഴിപ്രഭുത്വത്തിൻെറ അന്ത്യത്തേയാണു് കുറിച്ചതു്. പരിവത്തനോന്മുഖമായ ശക്തികൾ പടിഞ്ഞാറൻയൂറോപ്പിൽ പ്രവത്തിക്കുവാൻ തുടങ്ങി. സ്ഥിതിഗതികളുടെ സ്വരൂപം ആകപ്പാടെ മാറുകയുംചെയ്തു.

VI

# ഗിൽഡുകൾ.

വ്യവസായം മാറിത്തുടങ്ങി: അതിന്നുമുമ്പു കൈത്തൊഴിൽ, വളരെ ചെറിയതോതിൽ കൃഷിക്കാരൻെറ വീട്ടിൽവെച്ചുതന്നെയാണു് നടത്തിയിരുന്നതു്. വീട്ടുസാമാനങ്ങൾ ഉണ്ടാക്കുവാൻ കൃഷിക്കാരന്നു് ആശാരിയെ വിളിക്കേണ്ടിവന്നില്ല. അയാളുടെ കുടുംബത്തിലുള്ളവർതന്നെ മരംമുറിച്ചു, ആവശ്യമുള്ള ആകൃതിയിൽ വീട്ടുസാമാനങ്ങൾ ഉണ്ടാക്കി. കുടുംബാംഗങ്ങൾതന്നെ നൂൽനൂററു, നെയ്തു, തുന്നി വസ്ത്രമാക്കി. എല്ലാ സാധനങ്ങളും ഉണ്ടാക്കിയതു് കുടുംബാംഗങ്ങളുടെ ആവശ്യത്തിന്നു മാത്രമായിരുന്നു. പ്രഭുവിൻെറ വേലക്കാരിൽ ചിലർ, പ്രഭുവിന്നുവേണ്ടി ഇത്തരം പ്രവൃത്തികളിൽ ഏൎപ്പെട്ടു. മററുള്ളവർ പ്രഭുവിൻെറ നിലങ്ങളിൽ പണിയെടുക്കുകയുംചെയ്തു. പള്ളിയുടെ കീഴിലും ഈ കൈത്തൊഴിലുകൾ പരിശീലിച്ചിരുന്ന പ്രവൃത്തിക്കാരുണ്ടായിരിക്കും: അവർ സാധനങ്ങൾ ഉണ്ടാക്കിയതു പള്ളിയിലെ പുരോഹിതന്മാരുടെ ആവശ്യങ്ങൾ നിൎവ്വഹിക്കുവാൻ മാത്രമായിരുന്നു. ഈ കൈത്തൊഴിലുകളിൽകൂടി ചരക്കുകൾ ഉണ്ടാക്കിയതു് കമ്പോളത്തിൽ വിററഴിക്കുവാനായിരുന്നില്ല. കൈത്തൊഴിലിൽ ഏൎപ്പെട്ടവൎക്കു്, അതേ ജോലിനോക്കിയുംകൊണ്ടു് സ്വതന്ത്രമായി ജീവിക്കുവാൻമാത്രം, മാൎക്കററു് വികസിച്ചിരുന്നില്ല.

പട്ടണങ്ങൾ വളൎന്നതും, പണം ഉപയോഗിക്കാൻതുടങ്ങിയതും കൈവേലക്കാൎക്ക് കൈവേലയെ ആശ്രയിച്ചു തന്നെ ജീവിതംനയിക്കുവാനുള്ള സാദ്ധ്യതകളുണ്ടാക്കി. കശാപ്പുകാരനും, മെഴുകുതിരിയുണ്ടാക്കുന്നവനും, അപ്പമുണ്ടാക്കുന്നവനും പട്ടണത്തിൽപോയി കടകൾതുറക്കുവാൻതുടങ്ങി, ഈ കച്ചവടക്കാർ ചരക്കുകൾ ഉണ്ടാക്കിയതു്, അവരുടെ കുടുംബാംഗങ്ങളുടെ ആവശ്യങ്ങൾ നിൎവ്വഹിക്കാനല്ല, മററുള്ളവൎക്കു വിററഴിക്കാൻവേണ്ടിയാണു്. അവർ വ്യവസായത്തിൽ ഏൎപ്പെട്ടതു്, ചെറുതെങ്കിലും വികസിച്ചുവരികയായിരുന്ന, മാൎക്കററിൽ ചരക്കുകൾ ഇറക്കുവാൻവേണ്ടിയായിരുന്നു.

ഇതിന്നു വലിയ മൂലധനമൊന്നും ആവശ്യമായിരുന്നില്ല. വീട്ടിൻെറ ഒരു മുറിതന്നെ പ്രവൃത്തിശാലയായി ഉപയോഗിച്ചു. കൈത്തൊഴിലിൽ വേണ്ടത്ര പരിശീലനമുണ്ടായിരിക്കുക; സാധനങ്ങൾ വാങ്ങുവാൻ അടവുകാരുമുണ്ടായിരിക്കുക, ഇത്രയുമുണ്ടായാൽ കാൎയ്യം സാധിച്ചു. ഒരാൾ നല്ല പണിക്കാരനാണെന്നു നഗരവാസികൾ അറിഞ്ഞുകഴിഞ്ഞാൽ, അയാളുണ്ടാക്കുന്ന ചരക്കുകൾക്കു വളരെ പ്രിയമുണ്ടാകും. അങ്ങിനെ ചരക്കുകൾ അധികം ചിലവാകുമെന്നുകണ്ടാൽ അയാളുടെ കീഴിൽ ഒന്നോ രണ്ടോ പ്രവൃത്തിക്കാരെ നിയമിക്കുവാനും അയാൾക്കു സാധിക്കും.

ഇങ്ങിനെ പണിക്കുനിൎത്തിയവരിൽ രണ്ടുതരക്കാരുണ്ടായിരിക്കും. പണി പഠിക്കുവാൻപോകുന്നവരും ദിവസക്കൂലിക്കുവേണ്ടി പണിയെടുക്കുന്നവരും. പഠിക്കുവാൻ ചേരുന്നവർ വിദഗ്ദ്ധൻെറ കീഴിൽ പരിശീലിക്കുകയും, അയാളുടെ കൂടെത്തന്നെ താമസിക്കുകയുംചെയ്യും. കൈത്തൊഴിലിൻെറ സ്വഭാവത്തിനനുസരിച്ചു പരിശീലനത്തിൻെറ

കാലം ഏറിയോ കുറഞ്ഞോ ഇരിക്കും. പരിശീലനക്കാലം ഒരു കൊല്ലം മുതൽ പന്ത്രണ്ടു കൊല്ലംവരെ ആകാറുണ്ട്. പരിശീലനത്തിന്നു ചേരുകയെന്നതു് വളരെ പ്രധാനമായ ഒരു കാര്യമാണു്. പരിശീലനത്തിനു ചേരുന്ന കുട്ടിയുടെ രക്ഷിതാവും, കൈത്തൊഴിൽവിദഗ്ദ്ധനുംതമ്മിൽ ഒരു കരാറിൽ ഏർപ്പെട്ടും: ഭക്ഷണസാധനമായോ, പണമായോ, ഒരു ചെറിയ ഫീസ്സ്, കുട്ടിയുടെ വകയായി വിദഗ്ദ്ധന്നു കിട്ടണം. ഉത്സാഹിച്ചും അനുസരണത്തോടുകൂടിയും പ്രവർത്തിക്കുന്നതാണെന്നു കുട്ടി വാഗ്ദത്തംചെയ്യണം. വിദഗ്ദ്ധൻ തൊഴിലിനെസംബന്ധിക്കുന്ന എല്ലാ രഹസ്യങ്ങളും കുട്ടിയെ പഠിപ്പിക്കണം. പരിശീലനത്തിൻെറകാലത്തു കുട്ടി വിദഗ്ദ്ധൻെറ കൂടെ താമസിച്ചു് അയാളോടൊപ്പം ഭക്ഷണംകഴിച്ചു കഴിഞ്ഞുകൂടുകയുംവേണം.

പരിശീലനകാലം കഴിഞ്ഞാൽ കൈത്തൊഴിൽ വിദ്യാർത്ഥി, അയാളുടെ പരീക്ഷയിൽ ജയിക്കുന്നു എന്നു വിചാരിക്കുക. എന്നാൽ അയാളുടെവകയായി, ആവശ്യമായ മൂലധനമുണ്ടെങ്കിൽ, ഒരു ഷാപ്പ് തുറക്കും. തൻെറ കയ്യിൽ വേണ്ടത്ര പണമില്ലെങ്കിൽ, കൈത്തൊഴിൽ പരിശീലിപ്പിച്ച വിദഗ്ദ്ധൻെറ കീഴിൽതന്നെ, അയാൾ ഒരു ദിവസക്കൂലിക്കാരനായി ജോലി നോക്കും: അല്ലെങ്കിൽ മററാരുടെയെങ്കിലും കീഴിൽ ജോലിയന്വേഷിച്ചുപോകും: അങ്ങിനെ കുറച്ചുകൊല്ലം പണിയെടുത്തതിന്നുശേഷം വളരെ അരിഷ്ടിച്ചു സമ്പാദിച്ച മുതലിറക്കി അയാൾ ഒരു ഷാപ്പുതുടങ്ങും. ഒരു ചെറിയ വ്യവസായം ആരംഭിച്ചു ഉല്പാദനം നടത്തുന്നതിന്നു് അക്കാലത്തു ചെറിയ മൂലധനം മതിയായിരുന്നു. മദ്ധ്യകാലത്തെ വ്യവസായത്തിൻെറ ഘടകം, ഈ കൈത്തൊഴിൽ കടകളായിരുന്നു: അവിടെ കൈത്തൊഴിൽക്കാ

രൻ ഏതാനും സഹായികളോടുകൂടി, ചെറിയതോതിൽ ഒരു വ്യവസായിയുടെ കടമകൾ നിവ്വഹിച്ചു. അയാൾ വില്പനക്കായി ചരക്കുകൾ നിമ്മിച്ചു എന്നു മാത്രമല്ല, അയാൾതന്നെ ആ ചരക്കുകൾ വിററഴിക്കയുംചെയ്തു. ഷാപ്പിൻെറ ഒരു ചുമരിൽ, തെരുവിന്നഭിമുഖമായി, ഒരു ജനൽ ഉണ്ടായിരിക്കും. അവിടെ വില്ക്കുവാനുള്ള സാധനങ്ങൾ പ്രദശിപ്പിക്കുകയും അവിടെവെച്ചുതന്നെ അവ വില്ക്കുകയുംചെയ്യും.

വ്യവസായത്തിൻെറ വളച്ച്യിലുണ്ടായ ഈ പതനത്തെ മനസ്സിലാക്കിയിരിക്കേണ്ടതത്യാവശ്യമാണു്. കുഡുംബാംഗങ്ങളുടെ ആവശ്യാത്ഥം, ചരക്കുകൾ ഉണ്ടാക്കുകയായിരുന്നു ആദ്യത്തെ സമ്പ്രദായം. പിന്നീട്ട് മാക്കററിൽ വില്ക്കുന്നതിന്നുവേണ്ടി ചരക്കുകൾ ഉല്പാദിപ്പിക്കുക എന്ന നില വന്നു. ഈ ചരക്കുകൾ ഉണ്ടാക്കിയതാകട്ടെ, കൈത്തൊഴിൽ ഉപജീവനമാഗ്ഗമായി സ്വീകരിച്ചിരുന്ന, പ്രവൃത്തിക്കാരായിരുന്നു. അവരുടെ അധീനത്തിൽതന്നെ, ഉല്പാദനത്തിന്നാവശ്യമായ ഉപകരണങ്ങളും അസംസ്കൃതസാധനങ്ങളും ഉണ്ടായിരുന്നു. ഉല്പാദിപ്പിക്കപ്പെട്ട ചരക്കുകൾ അവർതന്നെ വിററഴിക്കുകയുംചെയ്തു. (ഇന്നാകട്ടെ, വ്യവസായത്തിൽ ഏപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കു് അസംസ്കൃതസാധനങ്ങളോ ഉപകരണങ്ങളോ സ്വന്തമായില്ല. തൊഴിലാളികൾ ഇപ്പോൾ വില്ക്കുന്നതു് അവരുണ്ടാക്കുന്ന ചരക്കുകളല്ല, അവരുടെ അദ്ധ്വാനശക്തിയാണു്.)

അവരുടെ മുൻഗാമികളായ കച്ചവടക്കാരുടെ മാതൃകയെ ഈ കൈവേലക്കാർ സ്വീകരിച്ചു. അവർ സ്വന്തം "ഗിൽഡു"കൾ സ്ഥാപിച്ചു. ഒരു പട്ടണത്തിൽ ഒരേ തൊഴിലിൽ ഏപ്പെട്ടിരുന്ന തൊഴിലാളികളെല്ലാം ചേന്നു്, കൈത്തൊഴിൽ സംഘങ്ങൾ സ്ഥാപിച്ചു. ഇക്കാലത്തു് ആരെ

ങ്കിലും തൊഴിലാളിയുടേയും മുതലാളിയുടേയും താല്പര്യൈ്യ ക്യത്തെക്കുറിച്ചു സംസാരിക്കുകയാണെങ്കിൽ ആ വാദം വില പ്പോകുകയില്ല. എന്നാൽ മദ്ധ്യകാലത്തെ തൊഴിൽസംഘ ങ്ങളിൽ, ഒരേ തൊഴിലിൽ ഏൎപ്പെട്ടിരുന്ന വിദഗ്ദ്ധന്മാരും, കൂലിപ്രവൃത്തിക്കാരും, വിദ്യാൎത്ഥികളും അംഗങ്ങളായിരുന്നു. യജമാനനും പണിക്കാരനും ഒരേ സംഘത്തിൽചേൎന്നു തങ്ങ ളുടെ ആവശ്യങ്ങൾ നേടുവാൻ പരിശ്രമിച്ചു. ഇതു സാദ്ധ്യ മായതു്, പണിക്കാരനും യജമാനനും തമ്മിലുള്ള അകലിച്ച അത്രമേൽ വൎദ്ധിച്ചതല്ലാത്തതുകൊണ്ടാണു്; കൂലിപ്രവൃത്തി ക്കാരും വിദ്യാൎത്ഥികളും യജമാനന്മാരോടൊപ്പം താമസിച്ചി രുന്നതുകൊണ്ടാണു്; എല്ലാവൎക്കും ഒരേ അഭിലാഷങ്ങൾ ഉ ണ്ടായിരുന്നതുകൊണ്ടാണു്. പരിശീലനത്തിന്നു ചേൎന്ന വിദ്യാൎത്ഥി സ്വന്തം ഷോപ്പ് ആരംഭിച്ചെന്നുവരാം. എ ന്നാൽ ഇതിന്നു സാദ്ധ്യതയില്ലെങ്കിൽ, യജമാനനും പണി ക്കാരനും ഒരേ സംഘത്തിൽ അംഗമായിച്ചേരും. ക്രമേണ ഈ നിലക്കു മാററംവന്നപ്പോൾ കൂലിപ്രവൃത്തിക്കാർ അവ രുടെ സ്വന്തം സംഘങ്ങൾ സ്ഥാപിച്ചു.

കൈത്തൊഴിൽഗിൽഡുകളിൽ പല ഇനക്കാരും പദ വിക്കാരുമായ കൈത്തൊഴിലുകാർ അംഗങ്ങളായിരുന്നു, എങ്കിലും എല്ലാ ഇനത്തിലും പെട്ടുന്നവൎക്കു്, തുല്യമായ പദ വിയും അവകാശങ്ങളും അനുവദിച്ചു. ഏതു കൈത്തൊ ഴിൽകാരനും ഏതു പദവിയിലും എത്തുന്നതിന്നുള്ള സൌക ൎയ്യങ്ങൾ ഉണ്ടായിരുന്നു.

ലണ്ടനിലെ ഒരു കൈത്തൊഴിൽഗിൽഡ് അംഗീകരി ച്ചിരുന്ന നിയമാവലിയിൽ ഇങ്ങിനെ പറയുന്നു:

(1) ഈ ഗിൽഡിലെ വല്ല അംഗവും ദാരിദ്ര്യത്തിൽ പെട്ടുകയാണെങ്കിൽ, അയാൾ സൽസ്വഭാവിയാണെങ്കിൽ

ആഴ്ചയിൽ ഏഴ പെൻസു് അയാൾക്കു് സൌജന്യമായി നല്കുന്നതാണു്.

(2) സംഘത്തിൽ അംഗമല്ലാത്ത യാതൊരാളേയും ഈ കൈത്തൊഴിലിൽ ഏൎപ്പെട്ടവാൻ അനുവദിക്കുന്നതല്ല.

(3) ഒരു വിദഗ്ദ്ധൻെറകീഴിൽ പണിയെടുക്കുന്ന കൂലിക്കാരനെ അയാളുടെ സമ്മതംകൂടാതെ വേറൊരാൾ പ്രവൃത്തിക്കു നിശ്ചയിക്കുവാൻ പാടില്ല.

(4) ഏതെങ്കിലും കൂലിക്കാരൻ തൻെറ യജമാനനോടു് തെററായ നിലയിൽ പെരുമാറുകയാണെങ്കിൽ മേയരും നഗരമുഖ്യസ്ഥന്മാരും അയാളെ മാപ്പാക്കുന്നതുവരെ അയാളെ മറെറാരാളും പ്രവൃത്തിക്കെടുക്കുന്നതല്ല.

(5) ഒരു വ്യവസായത്തിൽപെട്ട എല്ലാവരും ചേൎന്നു്, ആ വ്യവസായത്തെ സംബന്ധിക്കുന്ന കാര്യങ്ങളിൽ മേൽനോട്ടംവഹിക്കുവാൻ രണ്ടു പ്രതിനിധികളെ തിരഞ്ഞെടുക്കണം: ഇങ്ങിനെ തിരഞ്ഞെടുക്കപ്പെട്ടുന്നവർ മേയരുടേയും നഗരമുഖ്യസ്ഥന്മാരുടേയും മുമ്പിൽ ഹാജരാകണം: വ്യവസായത്തെസംബന്ധിക്കുന്ന കാര്യങ്ങളെ സത്യമായും ന്യായമായും പരിശോധിക്കുന്നതാണെന്നു് അവർ പ്രതിജ്ഞചെയ്യണം. അന്യായമായുണ്ടാക്കപ്പെട്ടുന്ന സാധനങ്ങൾ പിടിച്ചെടുക്കുന്നതാണു്.

(6) പരിശീലനംസിദ്ധിച്ചു തൊഴിൽ വൈദഗ്ദ്ധ്യം സിദ്ധിച്ചിട്ടില്ലാത്ത യാതൊരാളേയും, വ്യവസായത്തിൽ ഏൎപ്പെട്ടുന്നതിന്നു് അർഹനായി കരുതുകയില്ല.

ഈ നിയമാവലിയിൽ ഒന്നാമത്തെ വകുപ്പു തെളിയിക്കുന്നതു്, ഗിൽഡുകൾ അവയിലെ അംഗങ്ങൾക്കു സഹായം ലഭിക്കുന്നതിന്നുവേണ്ടിയാണു് സ്ഥാപിക്കപ്പെട്ടതെന്നാണു്, വിഷമതയിൽപെട്ടിരുന്ന അംഗങ്ങൾക്കു ഗിൽഡുകൾ ധന

സഹായം ചെയ്തു. "തൊഴിലില്ലായ്മവേതനം" "വയസ്സുകാലത്തു കൊടുക്കുന്ന പെൻഷൻ" ഇവയെപ്പററിയെല്ലാം ഇപ്പോൾ നാം പറഞ്ഞുകേൾക്കുന്നു. എന്നാൽ 600 കൊല്ലങ്ങൾക്കുമുമ്പ് ഈ കൈത്തൊഴിൽസംഘങ്ങളുടെ കീഴിൽ ഈ സഹായം നല്കപ്പെട്ടിരുന്നു എന്നു നാം മനസ്സിലാക്കണം.

ഈ സംഘങ്ങളുടെ നടത്തിപ്പ് അംഗങ്ങളന്യോന്യമുണ്ടായിരുന്ന സ്നേഹത്തെ അടിസ്ഥാനപ്പെടുത്തിയായിരുന്നു, മത്സരത്തെ അടിസ്ഥാനപ്പെടുത്തിയായിരുന്നില്ല എന്നാണ് മൂന്നാമത്തെ വകുപ്പുകൊണ്ടു വ്യക്തമാകുന്നത്. ഒരാളുടെ പണി ചെയ്തുതീരാതെ ബാക്കിയാകുമ്പോൾ മററുള്ളവർ അയാളെ സഹായിക്കണമെന്നും നിബന്ധനയുണ്ടായിരുന്നു.

കൈത്തൊഴിൽവേലക്കാർ സംഘത്തിൻെറ പിൻബലത്തോടുകൂടി വ്യവസായം തങ്ങളുടെ നിയന്ത്രണത്തിൻകീഴിൽ ഒതുക്കിനിത്താൻ ശ്രമിച്ചു. ഏതെങ്കിലും കൈത്തൊഴിലിൽക്കൂടി വ്യവസായം നടത്തുവാൻ ഗിൽഡിൽ അംഗമായിക്കൊള്ളണമെന്ന നിർബ്ബന്ധമുണ്ടായിരുന്നു. സംഘത്തിൻെറ സമ്മതംകൂടാതെ, സംഘത്തിൽ അംഗമല്ലാത്ത യാതൊരാൾക്കും ഏതെങ്കിലും തൊഴിലിൽ ഏപ്പെടുവാൻ സാദ്ധ്യമായിരുന്നില്ല. പിച്ചക്കാക്കുപോലും ഗിൽഡുകൾ ഉണ്ടായിരുന്നു. പുറമെനിന്നു വരുന്ന ഇരപ്പാളികൾക്ക്, കൊല്ലത്തിൽ രണ്ടു ദിവസങ്ങളൊഴിച്ചു മററവസരങ്ങളിൽ, പട്ടണത്തിൽ നടന്നു ഭിക്ഷയാചിക്കുവാൻ പാടില്ലായിരുന്നു. നഗരത്തിൽ ഗിൽഡുകൾക്കുണ്ടായിരുന്ന കുത്തകാധികാരങ്ങൾക്കു കോട്ടംതട്ടാതിരിക്കുവാൻ ഓരോ അംഗവും പ്രത്യേകം ശ്രദ്ധിച്ചു. അങ്ങിനെയുള്ള അവകാശങ്ങൾ ഗിൽഡിൻെറ പ്രവത്തനത്തിൽക്കൂടി സംരക്ഷിക്കപ്പെട്ടന്നതു്, അം

ഗങ്ങൾക്കു വളരെ ആദായകരമായിത്തീൎന്നു. പള്ളികൾ പോലും ഗിൽഡുനിയമങ്ങളെ അംഗീകരിക്കേണ്ടിവന്നു.

മദ്ധ്യകാലത്തെ ചരിത്രത്തിൽ, പട്ടണങ്ങളന്യോന്യം ഭയങ്കരമായ യുദ്ധങ്ങളിൽ ഏൎപ്പെട്ടിരുന്നു എന്നു നാം വായിച്ചിട്ടുണ്ടു്, പട്ടണങ്ങളിലെ ഗിൽഡുകൾ മററു പട്ടണങ്ങളുടെ മത്സരത്തെ എതിൎക്കുന്നതിൽ കാണിച്ച വാശിയായിരുന്നു ഈ യുദ്ധങ്ങൾക്കു കാരണമാക്കിയതു്.

ഒരാൾ ഇപ്പോൾ ഉല്പാദനത്തെ സഹായിക്കുന്ന ഒരു വിദ്യ കണ്ടുപിടിച്ചു എന്നു വിചാരിക്കുക, അയാളുടെ സമ്മതം കൂടാതെ മററാൎക്കും ആ വിദ്യ പ്രയോഗിക്കാൻപാടില്ല. മദ്ധ്യകാലത്തു കണ്ടുപിടുത്തങ്ങളുടെപേരിൽ ഇങ്ങിനെ സ്വകാര്യാവകാശങ്ങൾ നൽകുന്ന നിയമങ്ങൾ ഉണ്ടായിരുന്നില്ല. കൈത്തൊഴിലിനെ സംബന്ധിക്കുന്ന രഹസ്യങ്ങൾ പരസ്യമാകാതിരിക്കാൻ ഗിൽഡുകളാണു് നടപടികൾ എടുത്തതു് "കൈത്തൊഴിലിനെസംബന്ധിക്കുന്ന രഹസ്യമറിയുന്നവർ, നഗരം വിട്ടുപോകുകയാണെങ്കിൽ തിരിച്ചുവരാൻ അവരെ നിൎബ്ബന്ധിക്കും, അനുസരിക്കാതിരിക്കുകയാണെങ്കിൽ അവരുടെ ബന്ധുക്കളെ തടങ്ങലിൽവെക്കും. ബന്ധുക്കളുടെ രക്ഷയോൎത്തെങ്കിലും അവർ തിരിച്ചുവരും, എന്നിട്ടും അയാൾ അനുസരിച്ചില്ലെങ്കിൽ അയാളെ കൊലപ്പെടുത്തുന്നതിന്നു് ഏൎപ്പാടുചെയ്യും."

പുറമെയുള്ളവർ തങ്ങളുടെ അവകാശങ്ങളിന്മേൽ കൈവെക്കുന്നതിനെ തടയുവാൻ ഗിൽഡു വളരെ ശ്രദ്ധിച്ചു. അതോടൊപ്പം ഗിൽഡിലെ അംഗങ്ങളന്യോന്യം ദോഷകരമായ യാതൊരുകാര്യവും ചെയ്തുപോകരുതെന്നും ഗിൽഡുകൾ കഠിനമായി ശാസിച്ചു. മററൊരാളുടെ അടവുകാരെ

KOTTAYAM PUBLIC LIBRARY KOTTAYAM

ആകർഷിക്കുവാൻ ഇന്നു ചെയ്യുന്ന വിദ്യകളെല്ലാം അക്കാലത്തു നിഷിദ്ധമായിരുന്നു.

ഗിൽഡിലെ അംഗങ്ങളുണ്ടാക്കുന്ന സാധനങ്ങളുടെ ഗുണത്തെസംബന്ധിച്ചിടത്തോളം ഗിൽഡുകൾ വളരെ ശ്രദ്ധ ചെലുത്തി. ശരിയായ പരിശീലനം സിദ്ധിച്ചവർക്കു മാത്രമേ വ്യവസായത്തിൽ ഏർപ്പെടുവാൻ പാടുണ്ടായിരുന്നുള്ളു. മാത്രമല്ല ഗിൽഡിലെ അംഗങ്ങളുടെ പ്രവൃത്തിയെ മേൽനോട്ടം ചെയ്തുകൊണ്ട് സാധനങ്ങൾ നന്നായുണ്ടാകുന്നതിന്നുള്ള വ്യവസ്ഥകളും ഗിൽഡുതന്നെ ചെയ്തു. ഗിൽഡിന്നു സ്വന്തം സൽപ്പേരിനെ നിലനിർത്തുന്നതിൽ വലിയ ഉൽക്കണ്ഠയുണ്ടായിരുന്നു. കൈത്തൊഴിൽകാരൻ വില്ക്കുന്ന ഓരോ സാധനവും നല്ലതായിരിക്കുമെന്നു്, ഗിൽഡു ഉറപ്പുനൽകി. ചരക്കുകളുടെ ഗുണം നിലനിർത്തുന്നതിന്നും മോശമായ വിധത്തിൽ പണിചെയ്യുന്നതിനെ തടയുന്നതിന്നും, ഗിൽഡു നിയമങ്ങളുണ്ടാക്കി. ഈ നിയമങ്ങൾ ലംഘിക്കുന്നവരെ ശിക്ഷിക്കുകയും ചെയ്തു.

ഗിൽഡിൻെറ പരിശോധനാ ഉദ്യോഗസ്ഥന്മാർ അളവുകളും തൂക്കങ്ങളും പരിശോധിച്ചു. അസംസ്കൃത പദാർത്ഥങ്ങളും ഉല്പാദിപ്പിച്ച ചരക്കുകളും പരിശോധിച്ചു. ഓരോ സാധനവും നന്നായി പരിശോധിച്ചു മുദ്രയടിച്ചു. ഇങ്ങിനെ ചെയ്യുന്നതു്, ഗിൽഡിൻെറ സൽപ്പേരിനെ നിലനിർത്തുന്നതിന്നാവശ്യമായിരുന്നു. പൊതുജനങ്ങളുടെ നന്മയെ ഉദ്ദേശിച്ചു്, ഗിൽഡ് ഇത്രയും കാര്യങ്ങൾ ചെയ്യേണ്ടതാണെന്നു നഗരാധികാരികളും നിഷ്കർഷിച്ചു. ചില ഗിൽഡുകൾ സാധനങ്ങളുടെ ന്യായമായ വില നിജപ്പെടുത്തി മുദ്രകുത്തുകയും ചെയ്തു.

''ന്യായമായ വില''യെപ്പററി പറയുമ്പോൾ, മദ്ധ്യകാലത്തു പലിശയെക്കുറിച്ചുണ്ടായിരുന്ന അവജ്ഞ നമുക്കോമ്മവരും. അപ്പോൾ ''ശരിയും'' ''തെററും'' സാമ്പത്തിക കാര്യങ്ങളിൽ വളരെ സ്വാധീനം ചെലുത്തി. ആദ്യകാലത്തെ പ്രകൃത്യനുസൃതമായ സമ്പൽവ്യവസ്ഥയിൻകീഴിൽ സാധനങ്ങൾ കൊടുത്തു സാധനങ്ങൾ വാങ്ങിയിരുന്നതു് ലാഭമുണ്ടാക്കാനായിരുന്നില്ല. വാങ്ങുന്നവൻേറയും വില്ക്കുന്നവൻേറയും സൌകര്യങ്ങളെ ലക്ഷ്യമാക്കി മാത്രമായിരുന്നു. ഏതെങ്കിലും ഒരു ഇടപാടിൽ, ഒരാൾക്കു മറേറ ആളേക്കാൾ, നന്മ ലഭിക്കുന്നതു ശരിയല്ല. ഞാൻ എൻെറ കുപ്പായത്തിന്നു പകരം നിങ്ങളുടെ അഞ്ചു ഗാലൻ വീഞ്ഞു വാങ്ങുമ്പോൾ, എൻെറ കുപ്പായമുണ്ടാക്കുവാൻ ഞാൻ ചെയ്ത അദ്ധ്വാനത്തിൻെറ വിലയും അതിന്നുപയോഗിച്ച രോമത്തിൻെറ വിലയും, നിങ്ങൾ വീഞ്ഞുണ്ടാക്കുവാൻ ചിലവാക്കിയ മുന്തിരങ്ങയുടേയും സമയത്തിൻേറയും വിലക്കു തുല്യമായിരിക്കണം; ഈ ബോധം രണ്ടുപേക്കുമുണ്ടായിരിക്കണം. പണം ഉപയോഗിക്കുവാൻ തുടങ്ങിയതിൽപിന്നെയും ഇതേ ആശയംതന്നെയാണു് പ്രചാരത്തിൽ വന്നതു്. തൻെറ അദ്ധ്വാനത്തിന്നും താൻ ഉപയോഗിച്ച സാധനങ്ങൾക്കും എത്ര വില നില്ക്കുമെന്നു കൈത്തൊഴിൽകാരന്നു നിശ്ചയമുണ്ടായിരിക്കും. അയാൾ തൻെറ ചരക്കിന്നു വില നിശ്ചയിച്ചതു് ഈ സംഗതികൾവെച്ചുകൊണ്ടുതന്നെയാണു്. അങ്ങിനെ അയാളുടെ അസ്സൽ മുതൽ തന്നെയായിരുന്നു സാധനത്തിൻെറ ന്യായമായ വില. അതേ വിലക്കുതന്നെ അയാൾ ചരക്കുകൾ വിററു. ഒരു പെനിപോലും അധികം വാങ്ങിയില്ല. സെൻറു്തോമസ്സ് എക്വിനാസ് ഇക്കാര്യത്തിൽ ഇങ്ങിനെ പറഞ്ഞു: ''കച്ചവടത്തിൻെറ കാര്യത്തിൽ സ്വീകരിക്കുന്ന നടപടിക്രമം ഒരാൾക്കു മറെറാരാളേക്കാൾ

ആദായം നൽകുന്ന വിധത്തിലായിരിക്കരുതു്. ഒരു സാധന മുണ്ടാക്കുന്നതിന്നു ചിലവായ അസ്സൽ മുതലിൽ കൂടുതലായോ കുറവായോ, അതിൻെറ വില നിശ്ചയിക്കുന്നതു് അന്യായ മാണു്. ന്യായമായ വിലയിൽ കൂടുതലായോ കുറവായോ, ചരക്കുകൾ വാങ്ങുകയോ വില്ക്കുകയോ ചെയ്യുന്നതു നിയമവി രുദ്ധമാണു്."

പൌരന്മാർ ലാഭക്കൊതിയനായ വ്യാപാരിയെ മേയ രുടെ മുമ്പാകെ ഹാജരാക്കി. ന്യായമായ വില നിശ്ചയി ക്കുന്നതിന്നു ഗിൽഡുകൾ ആവശ്യമായ എല്ലാ കാര്യങ്ങളും ചെയ്തുകൊള്ളുമെന്നു സമാധാനിച്ചു പൌരന്മാരും അടങ്ങി യിരുന്നില്ല. ലാഭക്കൊതിക്കെതിരായി പാതിരിമാർ പ്രസം ഗിച്ചു. എന്നാൽ അധികലാഭമുണ്ടാക്കുന്ന മാർഗ്ഗങ്ങളെക്കു റിച്ചു് ഉപദേശിക്കുവാനും ആളുകൾ ഉണ്ടായി. കച്ചവടക്കാർ വിശ്വസ്തരായംഗീകരിക്കപ്പെട്ടില്ല. "വിനിമയം" എന്ന വാക്കിന്നു തുല്യമായ ജർമ്മൻ പദത്തിന്നു ചതിക്കുക എന്നു കൂടി അർത്ഥമുണ്ടായിരുന്നു. സാധനങ്ങൾ ന്യായവിലക്കു വില്ക്കപ്പെടുന്നതിന്നാവശ്യമായ നടപടികൾ നഗരാധികാ രികൾ എടുക്കാതിരുന്നില്ല.

ഏതെങ്കിലും ഒരു ഗിൽഡു് അതിൻെറ കുത്തകാവകാശ ങ്ങളെ, ചരക്കുകളുടെ വില കയററുവാൻ ഉപയോഗിക്കുക യാണെങ്കിൽ, ഗിൽഡിൻെറ ആ അവകാശങ്ങളെ നഗരാധി കാരികൾ റദ്ദുചെയ്യു.

വ്യാപാരം വിപുലപ്പെടുന്നതിന്നും നഗരങ്ങൾ വല്യ താകുന്നതിന്നും മുമ്പു "ന്യായവില" എന്ന ആശയം സ്വാഭാ വികമായിരുന്നു. എന്നാൽ, മാക്കററിൻെറ വളർച്ചയും അതു മൂലമുണ്ടായ വൻതോതിലുള്ള ഉല്പാദനവും സാമ്പത്തികമായ ആശയങ്ങളിൽ വലിയ മാററം വരുത്തി. "ന്യായവില"ക്കു

പകരം "മാക്കററുവില" സ്ഥാനം പിടിച്ചു. അതിപലിശ യെക്കുറിച്ചുള്ള അഭിപ്രായങ്ങൾ മാറിയതുപോലെ "ന്യായ വില"യെക്കുറിച്ചുള്ള സങ്കല്പത്തിന്നും മാററം വന്നു. "ന്യായ വില"യും സാമ്പത്തികശക്തികളുടെ ആഘാതമേററു പിൻ വാങ്ങേണ്ടിവന്നു.

മദ്ധ്യകാലത്തിൻെറ ആദ്യദശയിൽ കമ്പോളം പ്രാദേശികമായിരുന്നു. പട്ടണത്തിലേയും പരിസരങ്ങളിലേയും ജനങ്ങൾ മാത്രമേ ചരക്കുകൾ വാങ്ങിയുള്ളൂ. ദൂരത്തുള്ള പട്ടണങ്ങളിലോ, രാജ്യത്തിൻെറ മറുഭാഗങ്ങളിലോ, ഉണ്ടായ സംഭവങ്ങൾ ഈ കമ്പോളത്തെ ബാധിച്ചില്ല. അതുകൊണ്ടു്, സാധനങ്ങളുടെ വില നിജപ്പെട്ടത്തിയിരുന്നതു് അതാതിടത്തെ പരിത:സ്ഥിതികൾക്കനുസരിച്ചായിരുന്നു. എന്നാൽ പ്രാദേശികമായ കമ്പോളങ്ങളിലെ സ്ഥിതിഗതികൾ മാറി, അതിന്നനുസരിച്ചു വിലയിലും മാററംവന്നു. മുന്തിരിവള്ളികൾക്കു വല്ല രോഗവും ബാധിച്ചു മുന്തിരിങ്ങയുടെ ഉല്പാദനം കുറഞ്ഞുപോകയാണെങ്കിൽ, മാക്കററിൽ ആവശ്യമായ വീഞ്ഞു് ഉണ്ടായെന്നുവരില്ല. അപ്പോൾ അധികം വില കൊടുക്കാൻ കഴിഞ്ഞവക്കുമാത്രമേ വീഞ്ഞു ലഭിച്ചുള്ളൂ. ഈ വിലക്കയററം ഇക്കാലത്തെ മാക്കററിൽ ഉണ്ടാകുന്ന വിലക്കയററംപോലെ ആയിരിക്കുകയില്ല. ലാഭമുണ്ടാക്കുന്നതിന്നുവേണ്ടി സംഘടിതമായി വിലകയററിയോ, ചുരുക്കിയോ, മാക്കററിനെ നിയന്ത്രിക്കുന്ന ഇന്നത്തെ സമ്പ്രദായത്തിൽനിന്നും ഭിന്നമായിരുന്നു അതു്. അനിവാര്യമായ സംഗതികളെക്കൊണ്ടു് സാധനങ്ങളുടെ വില വദ്ധിക്കുന്നതു കച്ചവടക്കാരൻെറ ലാഭക്കൊതികൊണ്ടായിരിക്കണമെന്നില്ല. സാധാരണ പരിതസ്ഥിതികളിൽ, അസ്വാഭാവികമായുണ്ടാകുന്ന വിലക്കയററമായി, ഇതിനെ കണക്കാക്കും. "ന്യായവിലയെ" ഈ വിലക്കയററം ബാധിച്ചില്ല. മാത്ര

മല്ല അമിതാദായത്തെ ഇതു ന്യായീകരിച്ചതുമില്ല. വിള മോശമായകാലത്തു് തൻെറ ധാന്യത്തിന്നു കൂടുതൽ വിലകിട്ടണമെന്നു കൃഷിക്കാരൻ വാദിച്ചാൽ ന്യായമാണു്. കാരണം അയാൾക്കു കുറച്ചു ധാന്യം മാത്രമേ വില്ക്കുവാനുണ്ടായിരിക്കുകയുള്ളു.

വലിയതും സ്ഥിരതയില്ലാത്തതും, മററു പ്രദേശങ്ങളുമായി ബന്ധമുള്ളതുമായ കമ്പോളത്തിൽ, "ന്യായവിലയെ" നിലനിൎത്തുക സാദ്ധ്യമല്ല, പട്ടണത്തിൽ ഉണ്ടാക്കിയ ചരക്കുകൾമാത്രം പട്ടണത്തിലുള്ളവർതന്നെ വില്ക്കുകയും വാങ്ങുകയുംചെയ്യുക; ഈ സമ്പ്രദായം മാറി. വളരെ അകലത്തുള്ള പ്രദേശങ്ങളിൽനിന്നു സാധനങ്ങൾ വില്പനക്കുവന്നു. പുറമെനിന്നു് ആളുകൾ ചരക്കു വാങ്ങാനും വില്ക്കാനും മാൎക്കററിലേക്കു വന്നു. പ്രാദേശിക മാൎക്കററിൻെറ രൂപം മാറി. വ്യാപാരം വൎദ്ധിച്ചു. "ന്യായവില" നിലനിൎത്തുന്നതിന്നു സാധിക്കാതായി. ക്രമേണ "ന്യായവില" "മാൎക്കററുവില"ക്കു വഴി വഴങ്ങിക്കൊടുത്തു. ഈ പരിവൎത്തനം വന്നുകഴിഞ്ഞിട്ടും അതു മനസ്സിലാക്കുവാൻ എല്ലാവൎക്കും കഴിഞ്ഞില്ല. മനസ്സിലായിട്ടും അതു സമ്മതിക്കുന്നതിന്നു ജനങ്ങൾ തയ്യാറായില്ല. മാമൂലുകളും ആചാരങ്ങളും, അവ ഉത്ഭവിക്കാൻ ഇടയാക്കിയ പരിതഃസ്ഥിതികൾ മാറിയാലും, പിന്നെയും കുറേക്കാലം ഒട്ടിനില്ക്കും.

കാലം മുന്നോട്ടു പോയതോടുകൂടി ഈ യാഥാസ്ഥിതികമനോഭാവത്തിന്നും മാററം വന്നു. 14-ാം നൂററാണ്ടിൽ പാരീസ്സ് സൎവ്വകലാശാലയുടെ അദ്ധ്യക്ഷനായിരുന്ന ഒരു ചിന്തകൻ പറയുകയുണ്ടായി: "ഒരു സാധനത്തിൻെറ വില അതിൻെറ സഹജമായ ഉപയോഗത്തെ അടിസ്ഥാനപ്പെടുത്തി നിൎണ്ണയിക്കുവാൻ സാദ്ധ്യമല്ല. മനുഷ്യന്നു് ആ സാധ

നംകൊണ്ടുള്ള ആവശ്യവും പരിഗണിക്കേണ്ടതാണ്. മനുഷ്യൻെറ ആവശ്യവുമായി തട്ടിച്ചുനോക്കിയിട്ടുമാത്രമേ സാധനങ്ങളുടെ വില നിർണ്ണയിക്കുവാൻ പാടുള്ളു.''

''ഇരിപ്പും'' ''അഴിച്ചലും'' എന്ന തത്വമാണ് ഈ വാദത്തിൽ അടങ്ങിയിരുന്നതു്. പരിത:സ്ഥിതികളുമായി തട്ടിച്ചുനോക്കാതെ, ചരക്കുകൾക്കു വിലയില്ലെന്നാണ് അദ്ദേഹം ഖാദിച്ചതു്. ''ന്യായവില'' അങ്ങിനെ പിൻവാങ്ങി. ''മാക്കററുവില'' സ്ഥാനംപിടിക്കയുംചെയ്തു

വിലയിൽ മാററംവന്നതുപോലെ ഗിൽഡുകളുടെ സ്വഭാവത്തിലും മാററംവന്നു. ചരിത്രം മാററത്തിൻെറ ഒരു രേഖയാണ്. ''ഗിൽഡി''നെ അടിസ്ഥാനപ്പെടുത്തിയുള്ള സമ്പൽവ്യവസ്ഥ എങ്ങിനെ അവസാനിച്ചു എന്നും നാം പരിശോധിക്കേണ്ടതാവശ്യമാണ്.

ഈ സമ്പൽവ്യവസ്ഥക്കു രണ്ടു പ്രധാന ലക്ഷണങ്ങൾ ഉണ്ടായിരുന്നു. വിദഗ്ദ്ധരായ കൈത്തൊഴിൽകാരന്യോന്യം സമന്മാരാണെന്ന നിശ്ചയം; ഏതു കൂലിപ്രവൃത്തിക്കാരനും ഉത്സാഹിച്ചു യജമാനനായിത്തീരാൻ സാധിക്കുന്ന പരിത:സ്ഥിതികൾ.

യജമാനന്മാരന്യോന്യമുള്ള തുല്യനില എങ്ങോ പോയ്മറഞ്ഞു. യജമാനന്മാരിൽ ചിലരുടെ നില മെച്ചപ്പെട്ടു. അവർ അവരോളം ധനികരല്ലാത്ത മററുള്ളവരെ പുച്ഛരസത്തോടെ വീക്ഷിച്ചു. അവർ അവരുടെ പദവിയിലുള്ളവരെ മാത്രം ചേർത്തുകൊണ്ടു പുതിയ ഗിൽഡുകൾ സ്ഥാപിച്ചു. അങ്ങിനെ ''വലിയ ഗിൽഡു''കളും ''ചെറിയ ഗിൽഡു''കളും ഉണ്ടായി. ചെറിയ ഗിൽഡിലെ അംഗങ്ങൾ വലിയ ഗിൽഡിലെ യജമാനന്മാരുടെ കീഴിൽ കൂലിപ്രവൃത്തിചെയ്യുന്നതും സാധാരണയായി. ആദ്യകാലത്തെ

കച്ചവടക്കാരുടെ ഗിൽഡിൽ അംഗങ്ങളായിരുന്നവക്ക പട്ടണം മുഴുവനും കുത്തകാവകാശമുണ്ടായിരുന്നു എന്നു നാം കണ്ടുകഴിഞ്ഞു. ഈ കച്ചവടക്കാരുടെ അവകാശങ്ങൾ കൈത്തൊഴിൽക്കാരുടെ ഗിൽഡുകൾ തട്ടിനീക്കി. ഓരോ ഗിൽഡും അതാതിൻെറ സാധനങ്ങളിൽ കച്ചവടംനടത്തി. ചില കച്ചവടക്കാർ പൊതുവിൽ എല്ലാ സാധനങ്ങളെ ക്കൊണ്ടും കച്ചവടംനടത്തുകയെന്ന സമ്പ്രദായംവിട്ട് ഒരൊ റററ സാധനംകൊണ്ടുള്ള കച്ചവടത്തെ അഭിവൃദ്ധിപ്പെടുത്തി. അങ്ങിനെ തീരെ നശിച്ചുപോകുന്നതിന്നുപകരം അവർ വലിയ കച്ചവടക്കാരായി വളൎന്നു. അതുപോലെതന്നെ കൈത്തൊഴിൽസംഘങ്ങളിലെ പണക്കാരായ ചില അംഗങ്ങൾ ചരക്കുകൾ ഉണ്ടാക്കുന്ന ജോലി വിട്ടു കച്ചവടത്തിൽ മാത്രം ശ്രദ്ധ പതിപ്പിച്ചു, അവരും വലിയ കച്ചവടക്കാരായിത്തീൎന്നു. ഇങ്ങിനെ വളൎന്നുവന്ന വൻകിട കച്ചവടക്കാരുടെ കൂട്ടുകമ്പനികൾ ലണ്ടനിലും പാരീസ്സിലും മററും ഉണ്ടായി. അവ ഏററവും സമ്പത്തുള്ള സംഘങ്ങളായിത്തീൎന്നു. ഈ സംഘങ്ങൾക്ക് എല്ലാ അധികാരങ്ങളും ലഭിച്ചു.

ധനികരായ കച്ചവടക്കാരും ഗിൽഡംഗങ്ങളും നഗരഭരണത്തെത്തന്നെ നിയന്ത്രിക്കുവാൻതുടങ്ങി. അവർ നഗരങ്ങളിലെ യഥാൎത്ഥ ഭരണാധികാരികളായിത്തീൎന്നു. എല്ലായിടത്തും ഏററവും ധനികരും ഏററവും സ്വാധീനമുള്ളവരുമായ ഈ പുതിയ വിഭാഗക്കാർ നഗരസഭയെ തങ്ങളുടെ കുത്തകയാക്കിവെച്ചു. ധനം നിലമായിരുന്നപ്പോൾ ഭരണാധികാരമുള്ള വൎഗ്ഗം പ്രഭുക്കളായിരുന്നു. പണം ധനമായപ്പോൾ, നഗരത്തിലെ പണക്കാരുടെ വൎഗ്ഗം ഭരണാധികാരം കൈവശപ്പെടുത്തി. പതിനഞ്ചാം നൂററാണ്ടിൽ ഹോള

ണ്ടിലെ എല്ലാ പട്ടണങ്ങളിലും നഗരഭരണം പണക്കാരായ ചില കുടുംബങ്ങളുടെ കയ്യിലായിരുന്നു. നഗരത്തിലെ എല്ലാ അധികാരവും അഭിജ്ഞരായ ധനികരുടെ കുത്തകയായിത്തീൎന്നു. അവർ മേയരേയും മററു ഉദ്യോഗസ്ഥന്മാരേയും നിശ്ചയിച്ചു; നഗരഭരണത്തെ എല്ലാവിധത്തിലും നിയന്ത്രിച്ചു.

ജൎമ്മനിയിലെ പട്ടണങ്ങളിലും ഇതുതന്നെയായിരുന്നു സ്ഥിതി. കച്ചവടക്കാരും ധനികരുമായിരുന്ന നഗരവാസികൾ നഗരത്തെ ഭരിച്ചു. അവരുടെ സഭകൾ നിയമനിൎമ്മാണത്തെ നിയന്ത്രിച്ചു; ന്യായക്കോടതികളെ സ്വാധീനിച്ചു. നികുതിസമ്പ്രദായം നടപ്പിൽവരുത്തി; അനിയന്ത്രിതമായ അധികാരത്തോടുകൂടി നഗരത്തെ ഭരിച്ചു.

ഗിൽഡുസമ്പ്രദായത്തിന്റെ നാശത്തിന്നു മറെറാരു കാരണം യജമാനനും കൂലിപ്രവൃത്തിക്കാരനുംതമ്മിൽ വളൎന്നുവന്ന അകലിച്ചയായിരുന്നു. പരിശീലനംകഴിച്ചു്, കൂലിക്കാരനായി പ്രവൃത്തിയെടുത്തു്, യജമാനനായിത്തീരുകയെന്നതായിരുന്നു ആദ്യത്തെ സമ്പ്രദായം. അതു പിന്നീടു പരിശീലനംകഴിച്ചു കൂലിപ്രവൎത്തിക്കാരനായിത്തീരുക എന്നു മാത്രമായി മാറി. അതിൽ അപ്പുറം പോകുന്നതു് അസാദ്ധ്യമായിത്തീൎന്നു. പ്രവൃത്തിക്കാരന്റെ നിലയിൽനിന്നു യജമാനന്റെ നിലയിലേക്കുയരുന്നതു് ഏററവും പ്രയാസമായിത്തീൎന്നു. അധികം ആളുകൾ പട്ടണത്തിലേക്കു് അടിച്ചുകയറാൻതുടങ്ങിയപ്പോൾ കൂലിപ്രവൃത്തിക്കാർ ഉയൎന്നുവരുന്നതിനെ യജമാനന്മാർ തടഞ്ഞു. യജമാനന്മാർ അവരുടെ കുത്തക നിലനിൎത്തുവാൻ അങ്ങേഅററം ശ്രമിച്ചു. ചുരുക്കം ചിലൎക്കുമാത്രമേ ഉയൎന്നുവരാനുള്ള സാഹചര്യങ്ങൾ ലഭിച്ചുള്ളു. വിദഗ്ദ്ധ കൈത്തൊഴിൽക്കാ

രനാകുന്നതിന്നുള്ള പരിശീലനം കൂടുതൽ വിഷമമായി ത്തീൎന്നു. അതിന്നു കൊടുക്കേണ്ടിയിരുന്ന സംഖ്യ വലു തായി. അടിത്തട്ടിൽ കിടന്നിരുന്ന വെറും കൂലിക്കാരന്ന് ഉയ ൎന്നുവരാൻ ചെയ്യേണ്ടിയിരുന്ന ബാദ്ധ്യതകൾ വൎദ്ധിച്ചു. ഉയൎന്ന വിഭാഗത്തിൽ പെട്ടന്നവൎക്കാണെങ്കിൽ ബാദ്ധ്യത കൾ ചുരുങ്ങുകയുംചെയ്തു. അവൎക്കു വിദഗ്ദ്ധന്മാരായ കൂലി ക്കാരെ വെച്ചു പണിയെടുപ്പിക്കുന്ന യജമാനന്മാരായിത്തീ രാൻ എളുപ്പം സാധിച്ചു. "യജമാനന്റെ മകനല്ലാതെ മറെറാരു കൈത്തൊഴിൽക്കാരനും യജമാനനാകാൻ പാ ടില്ല." ഈ നിലയിലേക്കാണ് കാൎയ്യങ്ങൾ നീങ്ങിയതു്.

ഉയൎന്നുവരുവാനുള്ള സൌകൎയ്യങ്ങൾ നിഷേധിക്കപ്പെട്ട പ്പോൾ കൂലിപ്രവൃത്തിക്കാർ അടങ്ങിയിരുന്നില്ല. അവരുടെ താല്പൎയ്യവും അവരുടെ യജമാനന്മാരുടെ താല്പൎയ്യവും ഭിന്നമാ ണെന്നു കൂലിക്കാൎക്കു ബോദ്ധ്യമായി. അവർ കൂലിക്കാൎക്കു മാത്രമായി സംഘങ്ങൾ സ്ഥാപിച്ചു. അവരുടെ യജമാന ന്മാർ വ്യവസായത്തിന്റെ കുത്തകാവകാശം നേടുന്നതിന്നു സ്വന്തം സംഘങ്ങൾ സ്ഥാപിച്ചതുപോലെ, കൂലിക്കാർ അവ രുടെ അവകാശങ്ങൾ നേടുന്നതിന്നു കൂലിക്കാരുടെ യൂനിയനു കൾ സ്ഥാപിച്ചു.

കൂലിക്കാരുടെ യൂനിയനുകൾ ഇന്നത്തെ ട്രേഡ് യൂനിയ നുകളെപ്പോലെ, അംഗങ്ങളുടെ കൂലി വൎദ്ധിപ്പിക്കുന്നതിന്നു വേണ്ടി പരിശ്രമിച്ചു. ഇന്നത്തെ തൊഴിലാളിയൂനിയനു കളെ മുതലാളികൾ എതിൎക്കുന്നതുപോലെ, അന്നത്തെ ഈ യൂനിയനുകളെ അക്കാലത്തെ യജമാനന്മാർ എതിൎത്തു. യജ മാനന്മാർ നഗരാധിപന്മാരുടെ മുമ്പാകെ ഈ യൂനിയനുക ളുടെപേരിൽ ആക്ഷേപം ബോധിപ്പിച്ചു. ഈ യൂനിയനു കൾ നിയമവിരുദ്ധമാക്കപ്പെട്ടു. 1396-ൽ ലണ്ടനിൽ ഇങ്ങി നെയൊരു നിയമം പാസ്സാക്കിയതായി കാണുന്നു: "എന്തെ

ല്ലാമോ പേരുകൾ പറഞ്ഞു്  ഈ വ്യവസായത്തിലെ ചില കൂലിക്കാർ (പ്രക്ഷോഭണോപജീവികളായ കമ്മ്യൂണിസ്റ്റുകൾ എന്നു വേണമെങ്കിൽ പറയാം!) മററുള്ള കൂലിക്കാരെ വഴിപിഴപ്പിക്കുകയും, അന്യായമായ കൂലിക്കയററത്തിന്നാവശ്യപ്പെടുകയും ചെയ്യുന്നു. അതുകൊണ്ടു് ഈ വ്യവസായത്തിലെ കൂലിക്കാർ യജമാനന്മാരുടെ നിയന്ത്രണത്തിൻ കീഴിൽതന്നെ നിൽക്കേണ്ടതാണെന്നു് ഇതിനാൽ നിശ്ചയിച്ചിരിക്കുന്നു. മററു വ്യവസായങ്ങളിലെ കൂലിക്കാരും ഈ നിയമം അനുസരിക്കേണ്ടതാണു്. കൂലിക്കാർ സംഘങ്ങൾ സ്ഥാപിക്കുകയോ, യോഗംചേരുകയോ, നിയമവിരുദ്ധമായ മററു സംഗതികളിൽ ഏപ്പെടുകയോ ചെയ്യാൻ പാടുള്ളതല്ല. അങ്ങിനെ ചെയ്താൽ ശിക്ഷയിൽ ഉൾപ്പെടുന്നതാണു്."

ഫ്രാൻസിലും ഇങ്ങിനെതന്നെ സംഭവിച്ചു. ലിയോൺ പട്ടണത്തിലെ പൌരമുഖ്യന്മാർ ഫ്രാൻസിസ് ഒന്നാമൻെറ മുമ്പിൽ ആവലാതിപ്പെട്ടു. "കഴിഞ്ഞ മൂന്നു കൊല്ലങ്ങളായി കൂലിപ്രവൃത്തിക്കാരായ ഏതാനും അച്ചടിവേലക്കാർ, മററു വേലക്കാരെ മുഴുവൻ ലഹളക്കു പ്രേരിപ്പിക്കുകയാണു്. പഴയ മാമൂലുകൾക്കു വിപരീതമായി, കൂലിക്കാർക്കു കൂലിക്കയററം കിട്ടുന്നതിന്നു് അവർ സംഘങ്ങൾ രൂപീകരിച്ചിരിക്കുന്നു. ഇതിൻെറയെല്ലാം ഫലമായി ഈ പട്ടണത്തിൽ അച്ചടിവേല അസാദ്ധ്യമായിത്തീർന്നിരിക്കുന്നു." ഇവർ ആക്ഷേപം ബോധിപ്പിച്ചു എന്നുമാത്രമല്ല പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കയുംചെയ്തു. രാജാവു് നിയമം പാസ്സാക്കി. "മേല്പടി കൂലിക്കാരും തൊഴിൽ പരിശീലനക്കാരും സംഘങ്ങൾ സ്ഥാപിക്കുകയോ പ്രതിജ്ഞകൾ എടുക്കുകയോ, നേതാവിനെ തിരഞ്ഞെടുക്കുകയോ, കൊടിയോ ബേഡ്ജോ ധരിക്കുകയോ, യോഗം ചേരുകയോ ചെയ്യാൻ പാടുള്ളതല്ല. ഈ നിബന്ധനയെ ലംഘിക്കുന്നവർ ജയിൽശിക്ഷക്കും നാടുകട

ത്തലിന്നും വിധേയരാകുന്നതാണു്. വേലക്കാർ ഒരു പ്രവൃത്തി തുടങ്ങിവെച്ചാൽ അതു മുഴമിക്കാതെ ജോലിയിൽനിന്നു പിരിഞ്ഞുപോകുവാൻ പാട്ടുള്ളതല്ല. അവർ പണിമുടക്കുവാൻ പാട്ടുള്ളതല്ല.''

പ്ലേഗിന്നുശേഷം കൂലിക്കയററത്തെക്കുറിച്ചുള്ള തക്കം ശക്തിപ്പെട്ടു. കൂലിക്കാരുടെ സംഖ്യ കുറവായതുകൊണ്ടു് കൂലിത്തോതു വളരെയധികം വദ്ധിച്ചു പ്ലേഗിന്നു മുമ്പുണ്ടായിരുന്ന തോതിൽതന്നെ കൂലി നിജപ്പെടുത്തിക്കൊണ്ടു് നാട്ടിൻപുറങ്ങളിൽ നിയമങ്ങൾ വന്നു. പട്ടണങ്ങളിലും അതേ ഉദ്ദേശത്തെ മുൻനിത്തി നിയമനിമ്മാണങ്ങൾ ഉണ്ടായി. 1349-ൽ കൂലിക്കാരെ സംബന്ധിച്ചു നടപ്പാക്കിയ ഒരു നിയമത്തിൽ പറയുന്നു: ''ഒരാളും സാധാരണ മാമൂലിന്നു വിപരീതമായി, കൂലിക്കാക്കു കൂടുതൽ കൂലിയോ മററുസൌകര്യങ്ങളോ ചെയ്തുകൊടുക്കുവാൻ പാട്ടുള്ളതല്ല. ഒരാളും അങ്ങിനെയുള്ള ആവശ്യങ്ങൾ പുറപ്പെടുവിക്കുകയോ സ്വീകരിക്കുകയോ ചെയ്യാൻ പാട്ടുള്ളതല്ല. അങ്ങിനെ കൂലിക്കൂടുതൽ വാങ്ങുകയാണെങ്കിൽ അവരിൽനിന്നും ഇരട്ടി സംഖ്യ പിടിച്ചെടുക്കുന്നതായിരിക്കും.''

1351-ൽ ഫ്രാൻസിൽ ഇതുപോലെ ഒരു നിയമം പാസ്സാക്കി. പ്ലേഗിന്നു മുമ്പു കിട്ടിയിരുന്നതിനേക്കാൾ $\frac{1}{3}$ ഭാഗം കൂടുതലായി കൂലി വാങ്ങാവുന്നതാണു്; അതിലുമധികം കൊടുക്കുന്നതാണെന്നു നിശ്ചയമുണ്ടായിരുന്നാലും പ്രവൃത്തിക്കാക്കു വാങ്ങാൻ അധികാരമില്ല. ആരെങ്കിലും അധികം കൂലി കൊടുക്കുകയോ വാങ്ങുകയോ ചെയ്താൽ, പിഴക്കു വിധേയരാകുന്നതാണു്. പിഴയടക്കാൻ കഴിയാത്തവരെ തടവിലിടുന്നതുമാണു്.''

ഈ നിയമപ്രകാരമുള്ള ശിക്ഷ തുച്ഛമായി തോന്നുമായിരിക്കും; രണ്ടുകക്ഷിക്കും ബാധകമാണെന്നും വാദിക്കുവാൻ

കഴിയും. എന്നാൽ പിഴയടക്കാൻ കഴിയാതെ ജയിലിൽ പോകേണ്ടിവരുന്നതു് വേലക്കാരനായിരിക്കുമെന്നതു വ്യക്തമാണല്ലോ.

ഈ നിയമങ്ങൾകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടായില്ല. യജമാനന്മാർ കൂലി അധികം കൊടുക്കേണ്ടിവന്നു. കൂലിക്കാർ അധികം വാങ്ങുകയുംചെയ്തു. വേലക്കാരുടെ സംഘങ്ങൾ പിരിച്ചുവിട്ടു. അവരെ ജോലി ചെയ്യാൻ നിർബ്ബന്ധിച്ചു. എന്നാൽ മററുരൂപത്തിൽ അവരുടെ സംഘങ്ങൾ തുടൎന്നു പ്രവൎത്തിച്ചു. കൂലിക്കൂട്ടതലിന്നും, മററു സൌകര്യങ്ങൾക്കുംവേണ്ടി പണിമുടക്കങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. യൂനിയനിൽ ചേൎന്നിരുന്ന വേലക്കാൎക്കു മററുള്ളവരെക്കാൾ കൂടുതൽ സൌകര്യങ്ങൾ വെച്ചുകിട്ടി. ഒരു ഗിൽഡിലും അംഗങ്ങളല്ലാത്ത വേലക്കാർ ധനികരായ വ്യവസായികളുടെകീഴിൽ റാകിക്കേണ്ടിവന്നു. വളരെ വൃത്തിഹീനമായ കുടില്ലുകളിൽ താമസിക്കേണ്ടിവന്നു. അസംസ്കൃതസാധനങ്ങളും ഉപകരണങ്ങളും അവരുടെ അധീനത്തിൽ ഉണ്ടായിരുന്നില്ല. ജീവിതനിൎവ്വഹണത്തിന്നു് അവർ യജമാനനേയും മാൎക്കററിലെ സ്ഥിതികളേയും ആശ്രയിക്കേണ്ടിവന്നു. നഗരത്തിൽ രണ്ടു വൎഗ്ഗത്തിലും പെട്ടന്ന ജനങ്ങൾ ഉണ്ടായിരുന്നു. ഏററവും സുഖമായി കഴിയുന്ന ധനികർ ഒരു വശത്തു്, ഏററവും ദരിദ്രരായ പിച്ചക്കാർ മറുവശത്തു്. (ഫ്ളോറൻസ് പട്ടണം ഏററവും സമ്പൽസമൃദ്ധമായിരുന്നപ്പോൾ അവിടെ 20000 പിച്ചക്കാർ ഉണ്ടായിരുന്നു.)

നാട്ടുവാഴിപ്രഭുക്കളുടെ പിടിയിൽനിന്നു സ്വാതന്ത്ര്യം സമ്പാദിക്കുന്നതിന്നു ധനികരും, ദരിദ്രരും, കച്ചവടക്കാരും, യജമാനന്മാരും. പ്രവൃത്തിക്കാരുമായ എല്ലാ നഗരവാസികളും ഒത്തുചേൎന്നു. എന്നാൽ വിജയത്തിൻെറ ഫലം അനുഭവിച്ചതു ധനികവൎഗ്ഗങ്ങളായിരുന്നു. താണ വിഭാഗക്കാൎക്കു

തങ്ങളുടെ യജമാനന്മാർ മാറി എന്നു മാത്രമെ അനുഭവപ്പെട്ടുള്ളു. ഭരണാധികാരം ആദ്യം പ്രഭുക്കളുടെ കയ്യിലായിരുന്നു. അതു നഗരങ്ങളിലെ ധനികന്മാരുടെ കയ്യിലേക്കു മാറി എന്ന വ്യത്യാസം മാത്രമേ ഉണ്ടായുള്ളു. ധനികവർഗ്ഗങ്ങളുടെ ഈ അധികാരത്തിന്നെതിരായി അസംതൃപ്തരായ ദരിദ്രർ ഇളകുവാൻ തുടങ്ങി. 14-ാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ, പടിഞ്ഞാറൻ യൂറോപ്പിൽ മുഴുവൻ, ഈ വിഭാഗങ്ങളുടെ ലഹളകൾ പൊട്ടിപ്പുറപ്പെട്ടു. ഈ ലഹളകൾ ധനികരും ദരിദ്രരും തമ്മിൽ നടന്ന വർഗ്ഗസമരങ്ങളായിരുന്നു. ചില സന്ദർഭങ്ങളിൽ ദരിദ്രർ ജയിക്കുകയുംചെയ്തു. ചിലേടങ്ങളിൽ കുറച്ചുകാലത്തേക്കെങ്കിലും നഗരത്തിലെ ഭരണം നടത്തുവാനും, അവർക്കനുകൂലമായ പരിഷ്കാരങ്ങൾ വരുത്തുവാനും, ദരിദ്രർക്കു സാധിച്ചു. മററു ചിലേടങ്ങളിൽ അവർ ജയിച്ചെങ്കിലും, അവരുടെ ഇടയിലുള്ള മത്സരങ്ങൾ അവരുടെ ഉദ്ദേശസാദ്ധ്യത്തിന്നുമുമ്പിൽ വിലങ്ങടിച്ചുനിന്നു. അധികം സ്ഥലങ്ങളിലും വിജയം ധനികർക്കു ലഭിച്ചു. എന്നാൽ ലഹളകൾ നടന്നുകൊണ്ടിരിക്കെ ധനികവർഗ്ഗങ്ങൾ വളരെ പരിഭ്രമത്തോടെ നിമിഷങ്ങൾ എണ്ണിക്കഴിച്ചു എന്നതു് ഒരു പരമാർത്ഥം മാത്രമാണു്.

വിഷമംപിടിച്ച ഈ ഘട്ടത്തിന്നുശേഷം ഗിൽഡുകളുടെ നല്ല കാലം അവസാനിച്ചു. സ്വതന്ത്രനഗരങ്ങളുടെ ശക്തിക്കു കോട്ടംതട്ടി. പുറമെനിന്നു് ഒരു ശക്തി അവരുടെ മേൽ നിയന്ത്രണംചെലുത്തി, രാജാവിൻെറ ശക്തി അവർ മുമ്പു കണ്ടിട്ടില്ലാത്ത തോതിൽ വർദ്ധിച്ചു. രാജാവോ ഡ്യൂക്കോ അവരെ ഭരിക്കുന്നതായി അവർക്കനുഭവപ്പെട്ടു.

രാജാവു് അസംഘടിതരായ എല്ലാ ജനവിഭാഗങ്ങളേയും അണിനിരത്തി ദേശീയാടിസ്ഥാനത്തിൽ ഒരു രാഷ്ട്രം പണിയുകയായിരുന്നു.

## VII

# രാജാവു്

അക്കാലത്തു് യൂറോപ്പിലെ പണ്ഡിതഭാഷയായിരുന്നു ലാററിൻ. വിദ്യാലയങ്ങളിൽ കുട്ടികളെ ഇംഗ്ലീഷു്, ഫ്രഞ്ചു്, ജർമ്മൻ മുതലായ ഭാഷകൾ പഠിപ്പിച്ചിരുന്നില്ല. കുട്ടികൾ ലാററിൻഭാഷയാണു് പഠിച്ചതു്. സംസാരിക്കാൻ മാത്രമേ ഇംഗ്ലീഷു്, ഫ്രഞ്ചു്, ജർമ്മൻ മുതലായ ഭാഷകൾ ഉപയോഗിച്ചുള്ളു. വളരെ കഴിയുന്നതുവരെ ഈ ഭാഷകൾക്കു് ലിപികൾ ഉണ്ടായിരുന്നില്ല. എല്ലാ രാജ്യത്തിലേയും പള്ളികളിൽ വെച്ചു പാതിരിമാർ ബൈബിൾ വായിച്ചതു ലേററിൻഭാഷയിലായിരുന്നു.

സർവ്വകലാശാലകളിൽ യൂറോപ്പിൻെറ എല്ലാ ഭാഗങ്ങളിൽനിന്നും വിദ്യാർത്ഥികൾ വന്നുചേന്നു. അവർ ലേററിൻ ഭാഷയിൽക്കൂടി എല്ലാ വിഷയങ്ങളും പഠിച്ചു. സാർവ്വകലാശാലകൾ തികച്ചും സാർവ്വദേശീയമായ സ്ഥാപനങ്ങളായിരുന്നു.

മതവും സാർവ്വദേശീയമായിരുന്നു. ക്രിസ്ത്യാനികളായ എല്ലാവരും റോമൻ കാത്തലിക്കുകാരായിരുന്നു. മററു യാതൊരു തരത്തിലുള്ള മതവിഭാഗങ്ങളും ഉണ്ടായിരുന്നില്ല. എല്ലാവരും പള്ളിയിലേക്കു വരിപ്പണം കൊടുക്കും. പള്ളിയുടെ നിയമങ്ങൾ എല്ലാവരും അനുസരിക്കും. എല്ലാ രാജ്യങ്ങളിലേയും പള്ളികളിൽ ഒരേ പ്രാർത്ഥനാസമ്പ്രദായങ്ങൾ ഉപയോഗിച്ചു. മതത്തെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയമായ അതിർത്തിവ്യത്യാസങ്ങൾ ഉണ്ടായിരുന്നില്ല.

ജനനാൽതന്നെ നാം രാജ്യഭക്തിയുള്ളവരായിരിക്കുമെന്നു വിശ്വസിക്കുന്നവരുണ്ട്. തീർച്ചയായും ഇതു ശരിയല്ല. ദേശഭക്തന്മാരായ ധീരോദാത്തന്മാരുടെ വീരചരിതങ്ങളിൽ ആവേശംകൊണ്ടിട്ടാണ്, ഈ ബോധം ഉണ്ടായിത്തീരുന്നതെന്നു നമുക്കറിയാം. പത്താം നൂററാണ്ടിലെ ആളുകൾ, തങ്ങളുടെ രാജ്യത്തിന്റെ വകയായ കപ്പലുകൾ, മററു രാജ്യത്തിന്നുചേർന്ന കപ്പലുകൾ മുക്കിക്കളയുന്നതിനെപ്പററി കേട്ടിട്ടുണ്ടായിരുന്നില്ല. കാരണം, ഇന്നു് നാം മനസ്സിലാക്കുന്ന അർത്ഥത്തിൽ അന്നു വ്യക്തമായ രാജ്യവിഭാഗങ്ങൾ ഉണ്ടായിരുന്നില്ല.

കഴിഞ്ഞ അദ്ധ്യായത്തിൽ വ്യവസായം വീട്ടുകളിൽനിന്നു പട്ടണത്തിലേക്കു പ്രവേശിച്ചതെങ്ങിനെയെന്നു വിവരിച്ചിട്ടുണ്ട്. ആ വ്യവസായം പ്രാദേശികമായിരുന്നു; ദേശീയമായിരുന്നില്ല. ചെസ്റ്ററിലെ കച്ചവടക്കാരന്നു്, ലണ്ടനിൽനിന്നുംവരുന്ന ചരക്കുകൾ, പാരീസ്സിൽനിന്നും വരുന്ന ചരക്കുകളെപ്പോലെത്തന്നെ, വിദേശീയമായിത്തോന്നിയിരുന്നു. മൊത്തക്കച്ചവടക്കാരന്നു ലോകംമുഴുവനും അയാളുടെ സ്വന്തം സംസ്ഥാനമായി തോന്നിയിരുന്നു. ലോകത്തിൽ ഏതു പ്രദേശത്തേയും കച്ചവടം പിടിക്കുവാൻ അയാൾ വെമ്പിയിരുന്നു.

മദ്ധ്യകാലത്തിന്റെ അവസാനമാകുമ്പോഴേക്കു്, അതായതു 15-ാം നൂററാണ്ടുകാലത്തു്, ഇതിന്നെല്ലാം മാററം വന്നു. ദേശീയാടിസ്ഥാനത്തിലുള്ള രാഷ്ട്രങ്ങൾ ആവിർഭവിച്ചു. ദേശീയാതിർത്തികൾ നിർണ്ണയിക്കപ്പെട്ടു; ദേശീയ സാഹിത്യങ്ങൾ വളർന്നുവന്നു; വ്യവസായത്തിൽ പ്രാദേശിക നിയമങ്ങൾക്കു പകരം, ദേശീയമായ നടപടിക്രമങ്ങൾ ഉണ്ടായി. നിയമം, ഭാഷ, പള്ളി ഇവയെല്ലാംതന്നെ ദേശീയമായിത്തീർന്നു. മാഡ്രിഡ്, കെൻറ്, ബർഗ്ഗണ്ടി എന്നിങ്ങിനെയുള്ള

പ്രത്യേകം നഗരങ്ങളിലെ പൌരന്മാരെന്നു സ്വയം കരുതുന്ന തിന്നുപകരം, ജനങ്ങൾ സ്പെയിൻകാരെന്നും, ഇംഗ്ലീഷുകാരെന്നും, ഫ്രഞ്ചുകാരെന്നും പറഞ്ഞഭിമാനിക്കുവാൻ തുടങ്ങി. ഈ പട്ടണത്തിലോ ആ പ്രഭുവിൻെറ കീഴിലോ എന്നഭിമാനിക്കുന്നതിന്നുപകരം, രാജ്യത്തിൻെറ മുഴുവൻ അധിപനായ രാജാവിൻെറ പ്രജകളാണ് തങ്ങളെന്നു ജനങ്ങൾ കരുതി.

ദേശീയാടിസ്ഥാനത്തിലുള്ള ഈ രാഷ്ട്രങ്ങളുടെ ആവിർഭാവത്തിന്നു പല കാരണങ്ങൾ ഉണ്ടായിരുന്നു. രാഷ്ട്രീയവും, സാമുദായികവും, സാമ്പത്തികവുമായ കാരണങ്ങൾകൊണ്ടാണ് ഇങ്ങിനെ സംഭവിച്ചത്. സാമ്പത്തികമായ കാരണങ്ങളെക്കുറിച്ചു കുറഞ്ഞൊന്നു ചർച്ചചെയ്യുവാൻ മാത്രമേ ഇവിടെ ഉദ്ദേശിക്കുന്നുള്ളു.

10-ാം നൂററാണ്ടു മുതൽ 15-ാംനൂററാണ്ടുവരെയുള്ള കാലഘട്ടത്തിൽ, മദ്ധ്യവർഗ്ഗക്കാരുടെ വളർച്ച ഒരു പ്രധാന സംഭവമാണ്. ജീവിതക്രമത്തിൽ വന്നുചേർന്ന മാററങ്ങൾ ഈ പുതിയ വർഗ്ഗത്തിൻെറ വളർച്ചയെ സഹായിച്ചു. ഈ വർഗ്ഗത്തിൻെറ ആവിർഭാവം സമുദായത്തിൻെറ സ്വഭാവത്തിലും വലിയ മാററങ്ങൾ വരുത്തി. പഴയ വ്യവസ്ഥയിൻ കീഴിൽ ഉപയോഗപ്രദങ്ങളായിരുന്ന പല സ്ഥാപനങ്ങളും ജീർണ്ണിച്ചു നശിച്ചു. അവയുടെ സ്ഥാനത്തു പുതിയ സ്ഥാപനങ്ങൾ ആവിർഭവിച്ചു. പരിവർത്തനം ചരിത്രത്തിൻെറ ഒരു നിയമമാണല്ലോ.

അധികം കയ്യിരിപ്പുള്ളവർ മാത്രമേ തങ്ങളുടെ പ്രദേശത്ത് അധികം പോലീസ്സുകാർ ഉണ്ടായിരിക്കണമെന്നാഗ്രഹിക്കുകയുള്ളു. നിരത്തുകളിൽക്കൂടി അധികം ദൂരം ചരക്കുകൾ കൊണ്ടുപോകുന്നവർ കള്ളന്മാരിൽനിന്നു രക്ഷപ്പെടാനും ചുങ്കങ്ങൾ ഇല്ലാതിരിക്കുവാനും ആഗ്രഹിക്കുന്നു. അനിശ്ചി

താവസ്ഥയും അരക്ഷിതാവസ്ഥയും കച്ചവടത്തിന്നു ഹാനിക രമാണല്ലോ. മദ്ധ്യവൎഗ്ഗക്കാൎക്കു് രക്ഷയും സുനിശ്ചിതാവ സ്ഥയും ആവശ്യമായിരുന്നു.

കഴിഞ്ഞകാലത്തു് നാട്ടുവാഴിപ്രഭുക്കളാണു് ഈ രക്ഷ നല്കിയിരുന്നതു്. എന്നാൽ ഈ പ്രഭുക്കളുടെതന്നെ അക്രമപ്പി രിവുകൾക്കെതിരായിട്ടാണു് പട്ടണങ്ങൾ പോരടിച്ചിട്ടുള്ളതു്. നാട്ടുവാഴികളുടെ പട്ടാളങ്ങൾ, നശീകരണം നടത്തുകയും കൊള്ളയടിക്കുകയുംചെയ്തു, പ്രഭുക്കളുടെ പട്ടാളക്കാർ, പ്രഭു വിൽനിന്നും ശമ്പളം കിട്ടാതെ, നഗരങ്ങളെ ആക്രമിക്കയും കിട്ടിയ സാധനങ്ങൾ കവൎച്ചചെയ്യുകയുംചെയ്തു. അന്യോന്യം യുദ്ധത്തിൽ ഏൎപ്പെട്ടിരുന്ന പ്രഭുക്കളുടെ കീഴിലുള്ള പ്രദേശ ങ്ങളിൽ, ഏതു ഭാഗം ജയിച്ചാലും, അതിരില്ലാതെ നാശനഷ്ട ങ്ങൾ ഉണ്ടായി. കച്ചവടമാൎഗ്ഗങ്ങളിൽ അവിടവിടെയായി ഓരോ പ്രഭുവിന്നും അധികാരമുണ്ടായിരുന്നു. പ്രഭുക്കളുടെ ഈ അധികാരമാണു് കച്ചവടത്തിൻെറ വളൎച്ചയെ തടസ്സ പ്പെടുത്തിയിരുന്ന ഒരു പ്രധാന വിലങ്ങുതടി. അതുകൊണ്ടു്, അക്കാലത്തെ ആവശ്യം ഒരു കേന്ദ്രഭരണാധികാരമായിരുന്നു. ദേശീയാടിസ്ഥാനത്തിലുള്ള ഒരു രാഷ്ട്രമായിരുന്നു. നാട്ടുവാ ഴിപ്രഭുത്വകാലത്തെ കലക്കങ്ങളിൽനിന്നും സുരക്ഷിതാവസ്ഥ കൈവരുത്തുവാൻ കഴിവുള്ള, പരമാധികാരമുള്ള ഒരു ഭരണ മായിരുന്നു, അപ്പോൾ വേണ്ടിയിരുന്നതു്. പഴയ പ്രഭു ക്കൾക്കു സാമുദായികമായ അവരുടെ കടമകൾ നിൎവ്വഹിക്കു ന്നതിന്നുള്ള കഴിവുകൾ അവസാനിച്ചു. സുശക്തമായ ഒരു കേന്ദ്രാധികാരത്തിൻെറ കാലം സമാഗതമായി.

മദ്ധ്യകാലത്തു രാജാവിൻെറ പരമാധികാരം ഏട്ടിൽ മാത്രമായിരുന്നു. യഥാൎത്ഥത്തിൽ രാജാവിന്നു വലിയ അധി കാരങ്ങളൊന്നും ഉണ്ടായിരുന്നില്ല. വലിയ പ്രഭുക്കന്മാർ

ഫലത്തിൽ തികച്ചും സ്വതന്ത്രന്മാരായിരുന്നു. അവരുടെ ശക്തി നശിപ്പിക്കേണ്ടതാവശ്യമായിത്തീൎന്നു; നശിപ്പിക്കുകയും ചെയ്തു.

ദേശീയമായ വ്യാപ്തിയോടുകൂടി, കേന്ദ്രാധികാരം സ്ഥാപിക്കപ്പെട്ടു. എന്നാൽ ഇതു സംഭവിച്ചതു വളരെ സാവധാനത്തിലും വ്യവസ്ഥയൊന്നുമില്ലാതെയുമാണു്. ഒരു കോണിപ്പടിയുടെ ചവിട്ടുപലകകളെപ്പോലെ ഒന്നിനുമേൽ മറെറാന്നായി അതു ഉയൎന്നുവന്നതല്ല. അനേകം കുഴികൾ നിറഞ്ഞ ഒരു പാതയിൽക്കൂടിയെന്നപോലെയായിരുന്നു അതിന്റെ ഗതിവിശേഷം. അതു് ഒരു കൊല്ലംകൊണ്ടോ, അമ്പതുകൊല്ലംകൊണ്ടോ നൂറു കൊല്ലംകൊണ്ടോ സാധിച്ചതല്ല. ഈ മാററം വരുന്നതിന്നു. നൂററാണ്ടുകൾ വേണ്ടിവന്നു എന്നാൽ ഈ മാററം വരികതന്നെചെയ്തു.

പ്രഭുക്കന്മാരുടെ ശക്തി കുറഞ്ഞുവന്നു. കാരണം അവരുടെ കീഴിലുണ്ടായിരുന്ന നിലങ്ങളും അടിയാന്മാരും കുറഞ്ഞുവന്നു. നഗരങ്ങൾ അവരുടെ അധികാരത്തെ ചോദ്യം ചെയ്യുകയും തകൎത്തുകളയുകയും ചെയ്തു. ചിലേടങ്ങളിൽ പ്രഭുക്കന്മാരന്യോന്യമുണ്ടായിരുന്ന കുടിപ്പകകളുടെ ഫലമായി അനവധി പ്രഭുകുഡുംബങ്ങൾ നാമാവശേഷമായിത്തീൎന്നു.

നഗരങ്ങൾ പ്രഭുക്കൾക്കെതിരായി സമരം നടത്തിയപ്പോൾ രാജാവു് നഗരങ്ങളുടെ പക്ഷത്തിലാണു് നിന്നതു്. പ്രഭുക്കളുടെ ശക്തി കുറയുന്നതു് രാജാവിന്റെ ശക്തി വൎദ്ധിപ്പിക്കുവാൻ സഹായിക്കും. ഈ സഹായത്തിന്നു പകരമായി നഗരവാസികൾ, രാജാവിന്നു പണം കടംകൊടുക്കുന്നതിന്നു സന്നദ്ധരാകയുംചെയ്തു. ഇതു വളരെ പ്രധാനമായിരുന്നു. കാരണം അങ്ങിനെ, സൈനികകാൎയ്യങ്ങളിൽ, പ്രഭുക്കളെ ആശ്രയിക്കാത്ത ഒരു നില സ്വീകരിക്കുവാൻ രാ

ജാവിന്നു സാധിച്ചു. തന്റെ കീഴിൽ പരിശീലനം കഴിച്ച സ്ഥിരം പട്ടാളത്തെ നിൎത്തുവാൻ രാജാവിന്നു കഴിഞ്ഞു. ഈ പട്ടാളം ഒരു തരത്തിലും പ്രഭുക്കളുടെ കല്പനക്കു് വിധേയമാകേണ്ടതുണ്ടായിരുന്നില്ല. ഈ പട്ടാളക്കാരുടെ സ്ഥിരമായ ജോലി യുദ്ധം ചെയ്യലായിരുന്നു. അതുകൊണ്ടു് രാജാവിന്റെ പട്ടാളം കൂടുതൽ ശക്തിയുള്ളതായിത്തീൎന്നു. നാടുവാഴിപ്രഭുത്വത്തിന്റെ കാലത്തു പട്ടാളക്കാൎക്കു ശരിയായ പരിശീലനം ഉണ്ടായിരുന്നില്ല. പട്ടാളം സംഘടിതമായിരുന്നില്ല. ഏകീകൃതമായും അച്ചടക്കത്തോടുകൂടിയും യുദ്ധം ചെയ്യുവാൻ പട്ടാളങ്ങൾക്കു സാധിച്ചില്ല. യുദ്ധം ചെയ്യുന്നതിന്നു പ്രതിഫലമായി ശമ്പളം വാങ്ങിയും നല്ല അച്ചടക്കം ലഭിച്ചും പരിശീലനം കഴിച്ചും ഉള്ള പട്ടാളങ്ങൾ നിലവിൽ വന്നതു് സൈനികമായി ഒരു വലിയ പരിഷ്കാരമായിരുന്നു.

യുദ്ധസാമഗ്രികളിൽ സാങ്കേതികമായുണ്ടായ പരിഷ്കാരങ്ങളും ഒരു പുതിയതരം പട്ടാളത്തിന്റെ ആവശ്യകതയെ വ്യക്തമാക്കി. വെടിമരുന്നും പീരങ്കിയും കണ്ടുപിടിക്കപ്പെട്ടു. ഈ യുദ്ധസാമഗ്രികൾ ഉപയോഗിക്കുന്നതിന്നു പ്രത്യേക പരിശീലനം ആവശ്യമായിരുന്നു. പ്രഭുവിന്നു കവചംധരിച്ചു യുദ്ധക്കളത്തിലേക്കെത്താൻ എളുപ്പമായിരുന്നു; പീരങ്കിയും വെടിമരുന്നുമായി വരുന്നതു അത്ര എളുപ്പമായിരുന്നില്ല.

ശമ്പളംകൊടുത്തു നിൎത്തിയിരുന്ന സ്ഥിരം പട്ടാളവുമായി, ഏററവും പുതിയ ആയുധങ്ങളോടുകൂടി രംഗപ്രവേശം ചെയ്യുന്നതിന്നു വ്യവസായികളും വ്യാപാരികളും രാജാവിനെ സഹായിച്ചു. ഇവരോടു് രാജാവിന്നു നന്ദി തോന്നി എന്നതു് സ്വാഭാവികമാണു്. വളൎന്നുവരുന്ന പണക്കാരായ വൎത്തകന്മാരോടു് രാജാവു് പലപ്പോഴും കടത്തിന്നും സംഭാവനകൾക്കും ആവശ്യപ്പെട്ടു. ഇംഗ്ലണ്ടിലെ രാജാവു്

ലണ്ടൻ പട്ടണത്തിലെ പൌരന്മാരോട്, 14-ാം നൂററാണ്ടിൽ ധനസഹായത്തിന്നാവശ്യപ്പെട്ടതിനെക്കുറിച്ച്, ഇങ്ങിനെ രേഖപ്പെടുത്തിയിരിക്കുന്നു: "വിദേശങ്ങളിൽവെച്ചു നടത്തേണ്ടിവന്ന യുദ്ധങ്ങളിൽ ചിലവായ സംഖ്യയെക്കുറിച്ചു രാജാവ് സംസാരിച്ചു. അദ്ദേഹം ഇരുപതിനായിരംപവൻ കടമായാവശ്യപ്പെട്ടു. 5000 മാർക്ക മാത്രമെ കൊടുക്കുവാൻ കഴിയുകയുള്ളു എന്നു നഗരവാസികൾ രാജാവിനെ അറിയിച്ചു. അതിലും അധികം കൊടുക്കുവാൻ സാദ്ധ്യമല്ലെന്ന് അവർ ഉറപ്പിച്ചുപറഞ്ഞു. ആ സംഖ്യ സ്വീകരിക്കുവാൻ വിചാരിക്കുന്നില്ലെന്നു രാജാവ് പ്രഖ്യാപിച്ചു. മേയർ, നഗരമുഖ്യർ, നഗരവാസികൾ ഇവൎക്കെല്ലാം രാജാവിനോടുള്ള കടപ്പാടുകളെ ഓൎമ്മിപ്പിച്ചുകൊണ്ടു്, ഇക്കാര്യം ചിന്തിക്കേണ്ടതാണെന്ന് രാജാവു കല്പിച്ചു. വല്ലവിധേനയും 5000 പവൻ ശരിപ്പെടുത്താമെന്നു പൌരന്മാർ രാജാവിനെ അറിയിച്ചു. രാജാവ് ആ സംഖ്യ സ്വീകരിക്കുവാൻ സമ്മതിക്കുകയുംചെയ്തു. പട്ടണത്തിലെ എല്ലാ ആളുകളിൽനിന്നും ഈ സംഖ്യ പിരിച്ചുണ്ടാക്കുവാൻ പന്ത്രണ്ടാളുകൾ അടങ്ങുന്ന ഒരു കമ്മിററിയെ തിരഞ്ഞെടുത്തു. നഗരത്തിലും പരിസരത്തിലുമുള്ള ജനങ്ങൾ അവരുടെ കഴിവിന്നും പദവിക്കുമനുസരിച്ചു പണം കൊടുക്കേണ്ടതാണെന്നു വ്യവസ്ഥപ്പെടുത്തുകയും ചെയ്തു."

പണക്കാർ ഇങ്ങിനെ പണം കൊടുക്കുന്നതിനെ ഇഷ്ടപ്പെട്ടു എന്ന് ഇതുകൊണ്ടൎത്ഥമാക്കരുതു്. അവർ രാജാവിന്നു പണം കൊടുക്കാൻതയ്യാറായതു്, രാജാവിനെക്കൊണ്ടു് അവൎക്കും, ചില കാര്യങ്ങൾ സാധിക്കാനുണ്ടായിരുന്നതുകൊണ്ടാണ്. രാജാവിൻെറ അധികാരപ്രകാരം നടപ്പിൽവരുന്ന, താഴെ കൊടുക്കുന്നതുപോലുള്ള നിയമങ്ങൾ, കച്ചവടത്തിൻെറ അഭിവൃദ്ധിക്കു വളരെ ആവശ്യമായിരുന്നു.

''ഇംഗ്ലണ്ടിൽ എല്ലായിടത്തും ഒരേ അളവും ഒരേ തൂക്കവും മാത്രമെ ഉപയോഗിക്കാൻപാടുള്ളു. ഈ നിയമത്തിന്നു വിപരീതമായി, മററുവിധത്തിലുള്ള അളവുകളോ തൂക്കങ്ങളോ ഉപയോഗിക്കുന്നവരെ, 6 മാസം തടവിന്നു ശിക്ഷിക്കുന്നതാണു്!''

കൊള്ളയടിച്ചു നടക്കുന്ന പ്രഭുവിൻെറ പട്ടാളങ്ങളിൽനിന്നു രക്ഷ ലഭിക്കുന്നതു് നഗരവാസികൾക്കു് എത്രയോ ആശ്വാസപ്രദമായിരിക്കും. പ്രഭുക്കന്മാരുടെ മർദ്ദനങ്ങളിൽ നിന്നും നികുതികളിൽനിന്നും, രാജാവിൻെറ അധികാരശക്തി അവക്കു രക്ഷനല്കി. വാസ്തവത്തിൽ ഇതു വലിയൊരനുഗ്രഹമായി. രാജാവു് നടപ്പിൽവരുത്തിയ ഈ നിയമം അവരിൽ രക്ഷാബോധമുളവാക്കി, ''ആയുധധാരികളായ പട്ടാളസംഘങ്ങൾ വളരെക്കാലമായി ജനങ്ങളെ കൊള്ളയടിച്ചു ജീവിച്ചിട്ടുള്ളതിനെ തടയാൻ.''

''രാജാവിൻെറ സമ്മതംകൂടാതെ യാതൊരാളും ആയുധം ധരിച്ച പട്ടാളത്തെ നിർത്തുകയോ, പരിശീലനംകൊടുക്കുകയോ, ചെയ്യരുതെന്നും അങ്ങിനെ ചെയ്യുന്നവരെ ശിക്ഷിക്കുകയും അവരുടെ സ്വത്തുക്കൾ പിടിച്ചടക്കുകയും എല്ലാ അവകാശങ്ങളും നിഷേധിക്കുകയും ചെയ്യുന്നതാണെന്നും, രാജാവു് ഇതിനാൽ കല്പിച്ചിരിക്കുന്നു.

''കച്ചവടക്കാരെയോ, കൂലിക്കാരെയോ, കന്നുകാലികളെയോ, കുതിരകളെയോ ഭാരം വഹിക്കുന്ന മററു മൃഗങ്ങളെയോ, വയലുകളിൽവെച്ചോ നിരത്തിൽവെച്ചോ പിടിച്ചു കൊണ്ടുപോകരുതെന്നും, കച്ചവടക്കാരേയും, കൂലിക്കാരേയും ഒരു തരത്തിലും ഉപദ്രവിക്കരുതെന്നും, അവരുടെ സാധനങ്ങൾ തട്ടിയെടുക്കരുതെന്നും, അവരെപിടിച്ചു തടവിൽവെച്ചു

പണം വാങ്ങരുതെന്നും, എല്ലാ സേനാനായകന്മാരോടും രാജാവു് ഇതിനാൽ കല്പിച്ചിരിക്കുന്നു. അലട്ടില്ലാതെ പ്രവൃത്തിയെടുക്കാനും സാമാനങ്ങൾ കടത്തിക്കൊണ്ടു പോകാനും, സമാധാനത്തോടുകൂടി കച്ചവടം നടത്താനും, യാതൊരു പ്രതിഫലവും വാങ്ങാതെ, അനുവദിക്കേണ്ടതാണെന്നും രാജാവു് ഇതിനാൽ കല്പിക്കുന്നു.''

മുൻകാലങ്ങളിൽ രാജാവിൻെറ വരുമാനം, സ്വന്തം വകയായ നിലങ്ങളിൽനിന്നു കിട്ടിയ പാട്ടം മുതലായ പിരിവുകൾ മാത്രമായിരുന്നു. രാജ്യം മുഴുവൻ ബാധകമായ നികുതി വ്യവസ്ഥയൊന്നും അപ്പോൾ ഉണ്ടായിരുന്നില്ല, 1439ൽ രാജാവു് ജനങ്ങളുടെമേൽ ശരിക്കുള്ള ഒരു നികുതി (പണമായിട്ടു്) ചുമത്തി. കഴിഞ്ഞ കാലങ്ങളിൽ നിലം ചാർത്തിക്കൊടുത്തു പ്രഭുക്കളിൽനിന്നും സേവനം സ്വീകരിക്കുകയെന്ന സമ്പ്രദായമായിരുന്നു. പണം ഉപയോഗത്തിൽ വന്നതോടുകൂടി ഇതിൻെറ ആവശ്യം ഇല്ലാതായിത്തീൎന്നു. രാജാവിൻെറ ഉദ്യോഗസ്ഥന്മാക്കു്, രാജ്യത്തിൻെറ എല്ലാ ഭാഗങ്ങളിൽനിന്നും, നികുതി പണമായി പിരിച്ചെടുക്കുവാൻ സാധിച്ചു, ഈ ഉദ്യോഗസ്ഥന്മാക്കു ശമ്പളം കൊടുത്തതും പണമായിട്ടുതന്നെയായി. രാജ്യത്തിൻെറ നാനാഭാഗത്തും, രാജാവിൻെറ ഉദ്യോഗസ്ഥന്മാർ, ശമ്പളത്തിന്മേൽ ഭരണം നടത്തി. ഈ കൃത്യം, നാടുവാഴിപ്രഭുത്വത്തിൻെറ കാലത്തു്, പ്രതിഫലം നില്പമായി സ്വീകരിച്ചുകൊണ്ടു പ്രഭുക്കന്മാർ നിൎവ്വഹിച്ചതായിരുന്നു.

തങ്ങളുടെ അധികാരം ഖജാനയുടെ പുഷ്ടിയെ ആശ്രയിച്ചാണിരിക്കുന്നതെന്നു രാജാക്കന്മാർ മനസ്സിലാക്കി. രാജ്യത്തിൽ വ്യവസായവും കച്ചവടവും ഉണൎന്നുവന്നെങ്കിൽ മാത്രമേ ഖജാനയിൽ കയ്യിരിപ്പു വൎദ്ധിക്കുകയുള്ളു എന്നും വ്യക്ത

മായി. അതുകൊണ്ടു രാജാക്കന്മാർ വ്യവസായവും കച്ചവടവും അഭിവൃദ്ധിപ്പെടുന്നതിൽ താല്പൎയ്യം പ്രദൎശിപ്പിച്ചു. വികസിച്ചുവരികയായിരുന്ന വ്യവസായത്തിന്റേയും കച്ചവടത്തിന്റേയും പുരോഗതിക്കു്, പട്ടണങ്ങളുടെ പരിധികളുള്ളിൽ ഇവയെ ഒതുക്കിനിൎത്തിയിരുന്ന, ഗിൽഡിന്റെ നിയമങ്ങൾ, വലിയ തടസ്സങ്ങളായിത്തീൎന്നു.

രാജ്യത്തെ ഒരു ഘടകമെന്നു വീക്ഷിച്ചിരുന്ന ഏതൊരാൾക്കും, പ്രാദേശികമായ നിബന്ധനകളും നിയമങ്ങളും തട്ടിനീക്കേണ്ടതിന്റെ ആവശ്യകത, ബോദ്ധ്യപ്പെട്ടു. പട്ടണങ്ങളുന്യോന്യമുണ്ടായിരുന്ന മത്സരങ്ങൾ അവസാനിക്കേണ്ടതിന്റെ ആവശ്യകതയും വ്യക്തമായി. രാജ്യത്തിന്റെ മുഴുവൻ അധിപതിയായി, രാജാവിന്റെ ശക്തി വൎദ്ധിച്ചതോടുകൂടി, രാജ്യത്തിന്റെ പൊതുതാല്പൎയ്യങ്ങൾക്കുവേണ്ടി, എല്ലാ കുത്തകാവകാശങ്ങളും അവസാനിപ്പിക്കുവാൻ രാജാവിന്നു സാധിച്ചു. ഇംഗ്ലണ്ടിൽ 1436-ൽ നടപ്പാക്കിയിരുന്ന ഒരു നിയമത്തിൽ ഇങ്ങിനെ പറയുന്നു: ''യജമാനന്മാർ, മേൽവിചാരക്കാർ, കച്ചവടസംഘങ്ങൾ മുതലായവർ, തെററായ പല നിയമങ്ങളും നടപടിക്രമങ്ങളും നടപ്പിലാക്കുന്നുണ്ടു്. അവയെക്കൊണ്ടുണ്ടാകുന്ന ദോഷങ്ങൾ ഇല്ലായ്മചെയ്യുവാൻ രാജാവു താഴെ പറയുംപ്രകാരം കല്പിച്ചിരിക്കുന്നു: ''എല്ലാ പ്രഭുക്കളുടേയും പാതിരിമാരുടേയും സമ്മതത്തോടുകൂടിയും, സാധാരണക്കാരുടെ അപേക്ഷപ്രകാരവും മേലാൽ, കൈത്തൊഴിലുടമകൾ, മേൽവിചാരക്കാർ, ഗിൽഡുകൾ, കച്ചവടസംഘങ്ങൾ മുതലായവർ, എല്ലാ കരാർപത്രികകളും ലൈസൻസുകളും ന്യായാധിപന്മാരുടെ മുമ്പാകെ ബോദ്ധ്യപ്പെടുത്തേണ്ടതാണെന്നും, മുമ്പത്തെപ്പോലെ അവർ സ്വന്തമായി നിയമങ്ങൾ ഉണ്ടാക്കുവാൻ പാടില്ലെന്നും രാജാവു് കല്പിക്കുന്നു.''

രാജാവിന്റെ ശക്തി എത്രത്തോളം വദ്ധിച്ചു എന്നുള്ളതിന്നു് ഫ്രാൻസിലെ രാജാവു് നടപ്പിൽവരുത്തിയ ഈ നിയമം മതിയായ തെളിവാണു്. "ദൈവാനുകൂല്യത്തോടുകൂടി, ചാൾസ് രാജാവു് തന്റെ ഉപദേശകസമിതിയുമായാലോചിച്ചു താഴെ പറയുംപ്രകാരം കല്പിച്ചിരിക്കുന്നു: "നമ്മുടെ പാരീസ്സുപട്ടണത്തിൽ മേലാൽ യാതൊരു സംഘത്തിന്നും അധികാരമുണ്ടായിരിക്കുന്നതല്ല. അതാതിടത്തു നമ്മുടെ നഗരപ്രമാണികൾ തിരഞ്ഞെടുക്കുന്ന ഓരോ കമ്മററിയുണ്ടായിരിക്കും. തൊഴിൽസംഘങ്ങൾ എന്ന നിലക്കു്, ഈ കമ്മിററികൾക്കു്, നമ്മുടെയോ, നമ്മുടെ പ്രതിനിധിയുടേയോ, സമ്മതം കൂടാതെ പ്രവൎത്തനം നടത്തുവാൻ അധികാരമുണ്ടായിരിക്കുന്നതല്ല. ഇതിന്നു വിപരീതമായി പ്രവൎത്തിക്കുന്നവർ ശിക്ഷയിൽ ഉൾപ്പെടുന്നതാണു്."

ശക്തങ്ങളായ പട്ടണങ്ങളുടെ കുത്തകാവകാശങ്ങൾ എടുത്തുകളഞ്ഞു എന്നതു് ഒരു ചെറിയ കാര്യമൊന്നുമല്ല. നഗരങ്ങൾക്കു വളരെയധികം പ്രാബല്യമുണ്ടായിരുന്ന രാജ്യങ്ങളിൽ രാജ്യത്തിന്നു പൊതുവായ ഒരു കേന്ദ്രാധികാരം സ്ഥാപിക്കുവാൻ കുറെക്കാലം വേണ്ടിവന്നു. മദ്ധ്യകാലത്തു് ഏററവും ശക്തിയുള്ളവയായിരുന്ന ഈ പ്രദേശങ്ങൾ ഏകീകൃതമായ രാഷ്ട്രങ്ങളായിത്തീരുന്നതിൽ വൈമനസ്യം കാണിച്ചു. ചില പ്രദേശങ്ങളിൽ, പട്ടണങ്ങൾ തങ്ങളുടെ അധികാരങ്ങൾ നിയന്ത്രിക്കപ്പെടുന്നതിന്നെതിരായി യുദ്ധം ചെയ്യുന്നതിന്നുപോലും ഒരുങ്ങി. ദേശീയമായ ഏകീകരണത്തിന്നുവേണ്ടി നിലകൊള്ളുന്ന ശക്തികൾക്കെതിരായി അന്യോന്യം മത്സരത്തിൽ ഏർപ്പെട്ടിരുന്ന പട്ടണങ്ങൾ, യോജിച്ചു പരിശ്രമിക്കുകയെന്നതസാദ്ധ്യമായിരുന്നു. ഇംഗ്ലണ്ടു്, ഫ്രാൻസ്, നെതർലാണ്ട്സ് എന്നിവിടങ്ങളിൽ നഗരങ്ങ

ങ്ങളുടെ അധികാരത്തിന്നു പകരം രാഷ്ട്രങ്ങളുടെ അധികാരം സ്ഥാപിക്കപ്പെട്ടു.

പല പട്ടണങ്ങളും ഗിൽഡുകളും അവയുടെ അവകാശങ്ങൾ നിലനിത്തുവാൻ പരിശ്രമിച്ചു. എന്നാൽ അവർ അങ്ങിനെ ചെയ്തതുതന്നെയും, രാജാവിൻെറ നിയന്ത്രത്തിൻകീഴിൽനിന്നുകൊണ്ടു മാത്രമായിരുന്നു. കേന്ദ്രത്തിൽ ശക്തിയോടുകൂടിയ ഭരണാധികാരം ഉണ്ടാകുന്നതും, സാമ്പത്തികമായി കൂടുതൽ വ്യാപ്തിയോടുകൂടിയ പ്രവത്തനരംഗങ്ങൾ ഉണ്ടായിരിക്കുന്നതും മദ്ധ്യവർഗ്ഗങ്ങളുടെ താല്പര്യങ്ങൾക്കും അനുകൂലമായിരുന്നു. മദ്ധ്യവർഗ്ഗക്കാരിൽനിന്നു കിട്ടുന്ന ധനസഹായത്തെ ആശ്രയിച്ചിരിക്കും, രാജാവിൻെറ ശക്തി. രാജാക്കന്മാർ ഭരണകാര്യങ്ങളിൽ, മദ്ധ്യവർഗ്ഗക്കാരുടെ അഭിപ്രായങ്ങൾക്കു കൂടുതൽ വിലകല്പിക്കുവാനുംതുടങ്ങി. ന്യായാധിപന്മാർ, മന്ത്രിമാർ, സിവില്ലുദ്യോഗസ്ഥന്മാർ മുതലായവർ മദ്ധ്യവർഗ്ഗത്തിൽപെടുന്നവരായിരിക്കണമെന്ന നിലവന്നു. 15–ാംനൂററാണ്ടിൽ ഫ്രാൻസിലെ രാജാവു് ഒരു ബേങ്കുടമയെ മന്ത്രിയായി നിയമിച്ചു. ട്യൂഡർകുടുംബക്കാരുടെ ഭരണകാലത്തു്, ഇംഗ്ലണ്ടിൽ, ഒരു വക്കീലായിരുന്ന തോമസ്സ് ക്രോംവെല്ലും, ഒരു വ്യാപാരിയായിരുന്ന തോമസ്സ് ഗ്രഷാമും രാജാവിൻെറ മന്ത്രിമാരായി. ''വ്യവസായികളായ മദ്ധ്യവർഗ്ഗക്കാരും, രാജത്വവുംതമ്മിൽ പരോക്ഷമായി ഒരു കരാറിൽ ഏപ്പെട്ടിരിക്കയാണു്. അവരുടെ രാഷ്ട്രീയവും സാമുദായികവുമായ സ്വാധീനങ്ങളും സമ്പത്തും കഴിവുകളും, രാജാവിൻെറ ശക്തി വർദ്ധിപ്പിക്കുന്നതിന്നുപയോഗിക്കുവാൻ അവർ സന്നദ്ധരാണു്. ഇതിന്നു പകരമായി ഗവമ്മെണ്ടു് അവരുടെ അവകാശങ്ങൾ വർദ്ധിപ്പിച്ചുകൊടുക്കുവാൻ എപ്പോഴും തയ്യാറാണു്. തൊഴിലാളികളെ അവരുടെ

ചൊൽപ്പടിക്ക നിർത്തുന്നകാര്യത്തിൽ ഭരണകൂടം അവരെ ഉള്ളഴിഞ്ഞു സഹായിക്കും.''

''എന്നെ നിങ്ങൾ സഹായിക്കു, എന്നാൽ ഞാൻ നിങ്ങളേയും സഹായിക്കാം'' 'എന്നതായിരുന്നു ഈ ബന്ധത്തിൻെറ അടിസ്ഥാനം.

അക്കാലത്തു് ഇംഗ്ലണ്ടിൽ പാണ്ടികശാലകൾപോലുമുണ്ടായിരുന്ന, വെനീസ്സുകാരേയും, ജർമ്മൻകാരേയും അവിടെനിന്നും പറഞ്ഞയച്ചു. കാലത്തിൻെറ പോക്കെങ്ങോട്ടാണെന്നതിന്നു് ഇതു മതിയായ തെളിവായിരുന്നു. രാജ്യത്തിൻെറ ഇറക്കുമതിയും കയററുമതിയും അത്രവരെ നിയന്ത്രിച്ചിരുന്നതു്, വിദേശികളായ കച്ചവടക്കാരായിരുന്നു. ആദായകരമായ പല കച്ചവടാനുകൂല്യങ്ങളും, അതാതവസരത്തിൽ രാജാക്കന്മാരിൽനിന്നു് അവർ സമ്പാദിച്ചിരുന്നു. എന്നാൽ പതിനഞ്ചും പതിനാറും നൂററാണ്ടുകളിൽ ഇംഗ്ലീഷുകച്ചവടക്കാർ തലയുയർത്താൻതുടങ്ങി. വിദേശികളായ വ്യാപാരികളിൽനിന്നും, രാജ്യത്തിലെ കച്ചവടം തട്ടിയെടുക്കുവാനുള്ള സന്നദ്ധതയോടുകൂടിയാണു് അവർ മുന്നോട്ടുവന്നതു്. ആദ്യം അവക്കു് വിദേശികളെ പരാജയപ്പെടുത്തുവാൻ കഴിഞ്ഞില്ല. കാരണം രാജാവിന്നു വിദേശവ്യാപാരികളിൽനിന്നും ലഭിച്ചിരുന്ന വരുമാനം, വേണ്ടെന്നുവെക്കുവാൻ എളുപ്പം സാധിച്ചില്ല. പോരെങ്കിൽ കൂടുതൽ കശ്നമായ ഒരു നില സ്വീകരിക്കുകയാണെങ്കിൽ, മററു രാജ്യങ്ങളുമായി യുദ്ധം വേണ്ടിവന്നാലോ, എന്ന ഭയവും ഉണ്ടായിരുന്നു. എന്നാൽ ബ്രിട്ടീഷുകച്ചവടക്കാർ വിട്ടില്ല, 1534ൽ വെനീസ്സുകാരായ കച്ചവടക്കാർ അവരുടെ അവകാശങ്ങൾ വേണ്ടെന്നുവെക്കേണ്ടിവന്നു. ആറുകൊല്ലം കഴിഞ്ഞപ്പോൾ ജർമ്മൻ കച്ചവടസംഘം രാജാവിനോടാവലാതി

പ്പെട്ടു: "പല പ്രാവശ്യങ്ങളിലായി ഞങ്ങൾക്ക് അവകാശങ്ങൾ അനുവദിച്ചുതന്നു; ഈ അവകാശങ്ങൾ അപ്പപ്പോഴായി പുതുക്കുകയുമുണ്ടായി; യാതൊരു തടസ്സവുമില്ലാതെ, കച്ചവടം നടത്തുവാൻ അനുവദിക്കുന്നതാണെന്നു ഞങ്ങൾക്കുറപ്പുതന്നു; എന്നിട്ടും ഇംഗ്ലണ്ടിലെ കച്ചവടക്കാരുടെ സൌകൎയ്യത്തിന്നുവേണ്ടി, ഞങ്ങളുടെ ചരക്കുകൾ ഇംഗ്ലണ്ടിൽ കൊണ്ടുവരുന്നതിനെ, നിരോധിച്ചിട്ടുള്ളതു മഹാ കഷ്ടമാണു്."

ഇംഗ്ലണ്ടിൽനിന്നു ഫ്ളാണ്ടേർസിലേക്കും ജൎമ്മനിയിലേക്കും രോമം കൊണ്ടുപോയി വസ്ത്രമുണ്ടാക്കിയിരുന്നു. ഇംഗ്ലണ്ടിലെ വ്യവസായികൾ ഇംഗ്ലീഷുകച്ചവടക്കാരെ സഹായിക്കുവാൻ തീൎച്ചയാക്കി. ഇംഗ്ലണ്ടിലെ വ്യവസായികളും കച്ചവടക്കാരും ഒത്തുചേൎന്നു കാൎയ്യം വിജയത്തിൽ കലാശിപ്പിച്ചു. ജൎമ്മൻ കച്ചവടസംഘത്തിന്റെ അവകാശങ്ങൾ ഓരോന്നായി വെട്ടിച്ചുരുക്കി. ഒടുക്കം 1597ൽ ഇംഗ്ലണ്ടിൽ അവൎക്കുണ്ടായിരുന്ന പാണ്ടികശാലകൾ അടച്ചുപൂട്ടുകയും ചെയ്തു.

നിലം കൃഷിചെയ്തിരുന്ന കൃഷിക്കാരനും, കൈത്തൊഴിൽ തുടൎന്നുപോകുവാൻ ആഗ്രഹിച്ചിരുന്ന കൈത്തൊഴിൽകാരനും, കച്ചവടംതുടൎന്നുപോകുവാനാഗ്രഹിച്ചിരുന്ന വ്യാപാരിയും ഒരു ശക്തമായ കേന്ദ്രഭരണത്തിന്റെ ആവിൎഭാവത്തെ സ്വാഗതംചെയ്തു. പ്രാദേശികമായ അനേകം നിയമങ്ങളനുസരിക്കുന്നതിന്നു പകരം, ഏകീകൃതമായ ഒരു നിയമാവലിക്കു വിധേയരായിരിക്കുന്നതിനെ അവർ സ്വാഗതംചെയ്തു. ഇങ്ങിനെ ദേശീയാടിസ്ഥാനത്തിലുള്ള രാഷ്ട്രങ്ങളുടെ ആവിൎഭാവത്തിന്നു സംഗതിയാക്കിത്തീൎത്ത കാരണങ്ങളാൽതന്നെ ജനങ്ങളുടെ ഇടയിൽ ദേശീയബോധം വളൎന്നുവരികയുംചെയ്തു. ഇതിന്റെ പ്രത്യക്ഷമായ ഉദാഹരണമാണു് ഫ്രാൻസിൽ

"ജോൺ ഓഫ് ആക്കി"ൻെറ ജീവിതവും, പരിശ്രമങ്ങളും, മരണവും. ഫ്രാൻസിൽ നാട്ടുവാഴികൾ വളരെ ശക്തിയുള്ളവരായിരുന്നു. ഇംഗ്ലണ്ടും ഫ്രാൻസും തമ്മിൽ നടന്ന ശതവഷയുദ്ധത്തിൽ, ശക്തനായ ബഗ്ഗുണ്ടിപ്രഭു ഇംഗ്ലീഷുകാരുടെ പക്ഷത്തിൽ ചേന്നു. ഫ്രഞ്ചുരാജാവിന്നു പരാജയം നേരിട്ടു. ബഗ്ഗുണ്ടിയും ഫ്രാൻസിൻെറ ഭാഗത്തായിരിക്കണമെന്നാഗ്രഹിച്ചിരുന്ന ജോൻ, പ്രഭുവിന്നു് ഇങ്ങിനെ എഴുതി: "കന്യകയായ ജോൻ നിങ്ങളോടഭ്യത്ഥിക്കുന്നു, ഫ്രഞ്ചുരാജാവുമായി സമാധാനത്തിൽ വത്തിക്കുക; ഫ്രഞ്ച് രാജ്യത്തിന്നെതിരായി യുദ്ധംചെയ്യുന്നതിൽനിന്നും വിരമിക്കുക."

ഫ്രഞ്ചുപട്ടാളത്തെ, ഫ്രഞ്ചുകാരെന്നനിലക്കു്, ആത്മവിശ്വാസമുള്ളവരാക്കിത്തീക്കുക; ഫ്രഞ്ചു രാജാവിന്നുവേണ്ടി പൊരുതുന്നതു് എല്ലാ ഫ്രഞ്ചുകാക്കുംവേണ്ടി പൊരുതുകയാണെന്ന ബോധം വളത്തുക; ഈ രണ്ടു സംഗതികളിലാണു് ജോൻ തൻെറ രാജ്യത്തിന്നുവേണ്ടി ചെയ്ത സേവനം നിലക്കൊള്ളുന്നതു്. തന്നെപ്പോലെ മററു ഫ്രഞ്ചുകാരേയും, രാജ്യഭക്തിയിൽ ആവേശംകൊള്ളിക്കുവാൻ, ആ കന്യകക്കു സാധിച്ചു. "ഫ്രഞ്ചുരക്തം ചിന്തുന്നതു കാണുമ്പോൾ എൻെറ രോമങ്ങൾപോലും നട്ടുങ്ങിപ്പോകുന്നു" എന്നു് ജോൻ ഉൽഘോഷിക്കുന്നതു കേട്ടപ്പോൾ, ഏതെങ്കിലും ഒരു ഫ്രെഞ്ചു പ്രഭുവിൻെറ കീഴിലിരിക്കുന്ന ഒരു പടയാളി, തൻെറ പ്രഭുവിന്നുപരിയായി തൻെറ രാജ്യത്തെ, ഫ്രാൻസിനെ, കണക്കാക്കിയെങ്കിൽ അതിൽ ആശ്ചര്യപ്പെട്ടുവാനില്ല. ഇങ്ങിനെ പ്രാദേശികത്വം ദേശീയത്വത്തിന്നു വഴി വഴങ്ങിക്കൊടുത്തു. ഏകീകൃതമായ ഒരു രാജ്യത്തിൻെറ ഭരണാധികാരിയായി, രാജാവിൻെറ ശക്തി വദ്ധിച്ചുവന്നു.

ബണ്ണാഡ്ഷാ, ഈ കന്യകയെക്കുറിച്ചെഴുതിയ അദ്ദേഹത്തിൻെറ അത്യുത്തമമായ ഒരു നാടകത്തിൽ ദേശീയബോ

ധത്തിൻെറ ആവേശകരമായ ഈ ശക്തിയെക്കുറിച്ച്, ഊന്നി പ്രസ്താവിച്ചതായി കാണാം—ഒരു ഇംഗ്ലീഷ് പാതിരിയും ഒരു ഇംഗ്ലീഷ് പ്രഭുവും തമ്മിൽ, ഒരു ഫ്രഞ്ച് പ്രഭുവിൻെറ സൈനികമായ കഴിവുകളെക്കുറിച്ചു സംസാരിക്കുന്നതാണ് രംഗം.

പാതിരി:—പ്രഭോ, അയാൾ ഒരു ഫ്രഞ്ചുകാരൻ മാത്രമാണ്.

പ്രഭു:—ഒരു ഫ്രഞ്ചുകാരൻ? ആ വാക്കു നിങ്ങൾക്ക് എവിടെ നിന്നാണ് കിട്ടിയതു്? നമ്മുടെ ആളുകൾ സ്വയം ഇംഗ്ലീഷുകാരെന്നു വിളിക്കുന്നതുപോലെ, ബർഗുണ്ടിക്കാരും, പിക്കാർഡുകളും, ഗാസ്കൂൺകാരും സ്വയം ഫ്രഞ്ചുകാരെന്നു വിളിക്കാൻതുടങ്ങിയോ? ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും ഇംഗ്ലണ്ടും ഫ്രാൻസും തങ്ങളുടെ രാജ്യമാണെന്നു പറയുവാൻ തുടങ്ങിയാലോ? ഈ ചിന്താഗതി വളർന്നുവരികയാണെങ്കിൽ നിങ്ങളുടെയും എൻെറയും ഗതിയെന്തായിരിക്കും?

പാതിരി:—പ്രഭോ, എന്തു്? അതുകൊണ്ടു് നമുക്കു വല്ല ദോഷവും പിണയുവാനുണ്ടോ?

പ്രഭു:—മനുഷ്യന്നു് രണ്ടു യജമാനന്മാരെ ഒപ്പം സേവിക്കുവാൻ സാദ്ധ്യമല്ല. രാജ്യഭക്തി ജനങ്ങളിൽ വളർന്നുവരികയാണെങ്കിൽ പ്രഭുവിൻെറ അധികാരങ്ങളെല്ലാം അസ്തമിച്ചു. പള്ളിയുടെ സ്വാധീനവും അവസാനിച്ചു.''

മുൻകൂട്ടി കാര്യങ്ങൾ മനസ്സിലാക്കിയിരുന്ന ഈ പ്രഭുവിൻെറ അഭിപ്രായങ്ങൾ വളരെ ശരിയാണ്. രാജാവിന്നു ശക്തനായ ഒരെതിരാളിയുണ്ടായിരുന്നതു് പള്ളിയാണ്. പള്ളിയും രാജത്വവും തമ്മിൽ കൂട്ടിമുട്ടുകയെന്നതു് അനിവാര്യമായിത്തീർന്നു. ദേശീയാടിസ്ഥാനത്തിലുള്ള രാജത്വത്തിന്നു രാഷ്ട്രത്തിൻെറമേൽ, രണ്ടധികാരശക്തികൾ ഉണ്ടായിരിക്കു

ന്നതു പള്ളിക്കു സമ്മതമായില്ല. "മാർപാപ്പ" തനിക്കുണ്ടായിരുന്നതായി നടിച്ച അധികാരങ്ങളാകട്ടെ, എത്രയും ശക്തനായ ഒരു പ്രഭുവിന്നുണ്ടായിരുന്ന അധികാരങ്ങളെക്കാൾ, എത്രയോ മടങ്ങു ശക്തിയുള്ളവയായിരുന്നു. പോപ്പും രാജാവും കലഹിച്ചു. ആരാണു് മഠാധിപതികളെയും മെത്രാന്മാരേയും നിശ്ചയിക്കേണ്ടതെന്ന പ്രശ്നത്തിന്മേൽ, പോപ്പും രാജാവും തമ്മിൽ തക്കങ്ങളായി. ഈ സ്ഥാനങ്ങൾ വളരെ പ്രാധാന്യമുള്ളവയായിരുന്നു. ജനങ്ങളിൽനിന്നു പള്ളികൾക്കു് ലഭിച്ചിരുന്ന വരുമാനം വളരെ വമ്പിച്ചതായിരുന്നു. അതുകൊണ്ടു് മാപ്പാപ്പക്കും രാജാവിന്നും, തങ്ങളുടെ അനുയായികളെ, ഈ ഉദ്യോഗങ്ങളിൽ കടത്തിവിടേണമെന്നു് നിർബ്ബന്ധമായി. പണം സമ്പാദിക്കുവാൻ ഉതകുന്ന ഉദ്യോഗങ്ങളുടെനേരെ. രാജാവു് ആർത്തിയോടെ നോക്കി. ഈ ഉദ്യോഗങ്ങളിലേക്കു നിയമനം നടത്തുവാനുള്ള, മാർപ്പാപ്പയുടെ അധികാരത്തെ, രാജാവു് ചോദ്യംചെയ്തു

പള്ളികൾക്കു ധാരാളം ധനമുണ്ടായിരുന്നുവെന്നു പറഞ്ഞുവല്ലൊ. രാജ്യത്തിലുള്ള ആകെ നിലത്തിൽ, ഏതാണ്ടു പകുതിയോളം പള്ളികളുടെ വകയായിരുന്നു. എന്നാൽ പള്ളികൾ ഗവമ്മെണ്ടിന്നു നികുതി കൊടുക്കുവാൻ കൂട്ടാക്കിയില്ല. രാജാക്കന്മാക്കു് പണം ആവശ്യമാണു്; പള്ളികൾക്കു സമ്പത്തുണ്ടു്; പള്ളിയുടെ ധനം വദ്ധിച്ചുകൊണ്ടിരിക്കുന്നു. ഭരണച്ചിലവുകൾ നിർവ്വഹിക്കുവാൻ പള്ളികൾ നികുതി കൊടുക്കേണ്ടതത്യാവശ്യമായി. രാജാവു് പള്ളികളിൽനിന്നു് നികുതി വസൂൽചെയ്യുവാൻ തീർച്ചപ്പെടുത്തി.

ചില കേസ്സുകൾ സാധാരണ കോടതികളിൽ വിചാരണചെയ്യപ്പെടാതെ, പള്ളികളിൽവെച്ചു പാതിരിമാർ വിചാരണചെയ്യാറുണ്ടായിരുന്നു പള്ളികളും രാജാവും തമ്മിൽ

തക്കമുണ്ടാകുവാൻ മറെറാരു കാരണം ഇതായിരുന്നു. രാജാവിൻെറ കോടതിയിൽ കല്പിക്കപ്പെട്ട തീർപ്പിന്നു വിപരീതമായി പള്ളിയുടെ വിധികൾ ഉണ്ടായിരുന്നതും സാധാരയായി. പിഴയായും മററും വസൂലാക്കപ്പെട്ടിരുന്ന സംഖ്യ പള്ളിക്കു ലഭിക്കേണമോ, ഗവമ്മെണ്ടിന്നു കിട്ടണമോ എന്ന തക്കവും ഉത്ഭവിച്ചു,

ഓരോ രാജ്യത്തിലേയും ആഭ്യന്തരവും ദേശീയവുമായ കാര്യങ്ങളിൽപോലും കയ്യിടാൻ തനിക്കധികാരമുണ്ടെന്നു മാർപാപ്പ വാദിപ്പുവാൻ തുടങ്ങി. അങ്ങിനെ പള്ളി രാജാവിൻെറ രാഷ്ട്രീയശത്രുവായിത്തീൎന്നു.

പ്രജകളുടെ രാജഭക്തിയെ പങ്കിടുവാൻ വെമ്പുന്ന ഏററവും സമ്പന്നമായ ഒരു ശക്തിയായി പള്ളികൾ തലയുയത്തി. പള്ളിയുടെ സ്വത്തുക്കളിൽനിന്നുമുണ്ടാകുന്ന വരുമാനം രാജാവിൻെറ ഖജനയിൽ നികുതിയായി ചെന്നുചേരുന്നതിന്നു പകരം, മാർപാപ്പയുടെ സന്നിധിയിലേക്കു്, റോമിലേക്കു് അയക്കുകയായിരുന്നു. രാജാവുമാത്രമല്ല മാർപാപ്പയെ എതിത്തതു്. ഒരു പോപ്പ് ഇങ്ങിനെ രേഖപ്പെടുത്തിയിരിക്കുന്നു: "പഴയ കാലം മുതല്ക്കുതന്നെ, സാധാരണക്കാക്കു് പാതിരിമാരോടു് എതിർപ്പുണ്ടു്. ഇപ്പോഴത്തെ അനുഭവങ്ങൾ ഇതു ശരിയാണെന്നു തെളിയിക്കുകയും ചെയ്യുന്നു."

പള്ളികളിൽ നടന്നിരുന്ന അന്യായങ്ങൾ ആളുകൾ മനസ്സിലാക്കാൻ തുടങ്ങി. പള്ളികളിൽവെച്ചു പാതിരിമാർ ചെയ്തിരുന്ന പ്രസംഗങ്ങളും, അവരുടെ പ്രവൃത്തിയും തമ്മിലുള്ള അന്തരം ഏതു വിഡ്ഢിക്കും മനസ്സിലാക്കാൻ കഴിഞ്ഞു എന്തു കൃത്രിമംചെയ്തും പണം പിടുങ്ങുകയാണു് പള്ളികൾ ചെയ്തിരുന്നതെന്നു് എല്ലാവക്കും ബോദ്ധ്യമായി. ഒരു

മാർപാപ്പ ഇങ്ങിനെ എഴുതി: "റോമിൽ ഒന്നുംതന്നെ പണം കൊടുക്കാതെ കിട്ടുന്നതല്ല." മറെറാരു ചിന്തകൻ അഭിപ്രായപ്പെട്ടു: "സാധുക്കൾക്കുവേണ്ടിയല്ല പള്ളിയിലെ പണം ചിലവുചെയ്യുന്നതു്. പാതിരിമാരുടെ മരുമക്കൾക്കും ഇഷ്ടജനങ്ങൾക്കും വേണ്ടിയാണു്."

എല്ലാ ഇനത്തിലും പെട്ടുന്ന പാതിരിമാരുടെ നേരെ സാധാരണക്കാരുടെ മനോഭാവം എന്തായിരുന്നു എന്നു് പതിനാലാം നൂററാണ്ടിലെ ഒരു കവിയുടെ ഒരു പാട്ടിൽനിന്നു മനസ്സിലാകുന്നതാണു്.

"മാർപ്പാപ്പ അദ്ദേഹത്തിൽ അർപ്പിച്ചിരുന്ന വിശ്വാസത്തെ വഞ്ചിയ്ക്കുന്നതു് ഞാൻ കാണുന്നു. പണക്കാരന്നു് അദ്ദേഹത്തിൻെറ ആഗ്രഹം എളുപ്പം ലഭിയ്ക്കുന്നു. എന്നാൽ സാധുക്കളെ അദ്ദേഹം അനുഗ്രഹിയ്ക്കുന്നില്ല. കഴിയുന്ന എല്ലാ മാർഗ്ഗങ്ങളിൽക്കൂടിയും ധനമാർജ്ജിക്കുവാൻ അദ്ദേഹം ശ്രമിയ്ക്കുന്നു. വിലപിടിച്ച വസ്ത്രങ്ങൾ ധരിച്ചു് സുസ്ഥനായിരിക്കുകയാണദ്ദേഹത്തിൻെറ ഉദ്ദേശം. അതിന്നുവേണ്ടി പണം കൊടുക്കുവാൻ അദ്ദേഹം ക്രിസ്ത്യാനികളെ നിർബ്ബന്ധിയ്ക്കുന്നു. മാർപ്പാപ്പയുടെ അടുത്തുനില്ക്കുന്ന പാതിരിയും നല്ല ആളൊന്നുമല്ല. രാവിലെ മുതൽ വൈകുന്നേരംവരെ കാണുന്നവരിൽനിന്നെല്ലാം എന്തെങ്കിലും ഇടപാടിൽകൂടി പണം തട്ടിയെടുക്കുവാനദ്ദേഹം കാത്തിരിക്കുകയാണു്. നമ്മുടെ മെത്രാന്മാരും പാപികളാണു്. അവരും പണം തട്ടിയെടുക്കുന്നു. പൊന്നു കൊടുക്കുകയാണെങ്കിൽ, നിങ്ങൾ എഴുതുന്ന ഏതു രേഖയിലും അവർ ഒപ്പുവെച്ചുതരും. അവർ നടത്തുന്ന കൊള്ളയെ നിർത്തുവാൻ ദൈവത്തിന്നുമാത്രമെ കഴിയുള്ളു. സാധാരണ പാതിരിമാരുടെ ഇടയിൽ പ്രസംഗത്തിന്നനുസരിച്ചു് പ്രവർത്തിക്കുന്നവർ എത്രയുണ്ടെന്നു് ദൈവത്തിന്നുമാ

ത്രമറിയാം. പഠിച്ചവരായാലും അല്ലെങ്കിലും അവരുടെ ഉദ്ദേശം ഒന്നുമാത്രമാണ്. ഏതു പുണ്യരേഖയും പണം വാങ്ങുന്നതിന്നുപയോഗിക്കുക. പാതിരിമാർ വ്രതാനുഷ്ഠാനങ്ങളിൽ കാലം പോക്കുന്നതായി നടിക്കുന്നു; എന്നാലിതു് വെറും നാട്യം മാത്രമാണ്. അവരുടെ എല്ലാ പ്രതിജ്ഞകൾക്കും വിപരീതമായി, ത്യാഗികളാണെന്ന അവരുടെ നാട്യത്തിന്നു് പിന്നിൽ, അവർ സാധാരണക്കാരേക്കാൾ, ഇരട്ടി സുഖം അനുഭവിക്കുകയാണ് ചെയ്യുന്നതു്''.

1517-ൽ മാർട്ടിൻലൂതർ, വിററൻബഗ്ഗ് പള്ളിയുടെ വാതിലിന്മേൽ തൻെറ 95 ആക്ഷേപങ്ങൾ എഴുതിപ്പററിച്ചു. എന്നാൽ അതിന്നുമുമ്പുതന്നെ, പള്ളിയിൽ നടന്നിരുന്ന അനീതികൾ എല്ലാവക്കുമറിയാമായിരുന്നു, മതനവീകരണത്തിന്നു മുമ്പായിത്തന്നെ, മതപരിഷ്ക്കരണപ്രക്ഷോഭങ്ങൾ നടന്നിട്ടുണ്ടു്. പടിഞ്ഞാറൻയൂറോപ്പിലെ കത്തോലിക്കാപള്ളികളിൽഭിന്നിപ്പുണ്ടായി. സാവ്വദേശീയമായ ഒരുപള്ളിക്കുപകരം ദേശീയാടിസ്ഥാനത്തിലുള്ള പള്ളികൾ അതാതു രാജ്യത്തു് സ്ഥാപിക്കപ്പെട്ടുവാൻ സംഗതിയായി. എന്തുകൊണ്ട് ഈ മാററങ്ങൾ അതിന്നു മുമ്പായി സംഭവിച്ചില്ല?

ലൂതർ, കാൽവിൻ, നോക്സ് മുതലായവരെപ്പോലെ, അതിന്നു മുമ്പുണ്ടായിരുന്ന പരിഷ്കൃത്താക്കൾ, മതത്തെമാത്രം പരിഷ്ക്കരിക്കാനല്ല ശ്രമിച്ചതു്. ഇംഗ്ലണ്ടിൽ വിക്ലിഫ് കഷികലഹളയുടെ ആത്മീയഗുരുവായിരുന്നു. ബൊഹേമിയയിൽ ഹസ്, റോമിന്നെതിരായി പ്രതിഷേധശബ്ദമുഴക്കി, എന്നു മാത്രമല്ല പ്രഭുവഗ്ഗങ്ങളുടെ സ്വകാര്യാവകാശങ്ങൾ അവസാനിപ്പിക്കുവാനുള്ള ഒരു പ്രസ്ഥാനത്തിന്നു്, ആവേശംനല്കുകയുംചെയ്തു. അതുകൊണ്ടു് ഈ പ്രസ്ഥാനങ്ങളെ പള്ളികൾമാത്രമല്ല എതിത്തതു്. പ്രഭുക്കൾ ഈ

പ്രസ്ഥാനത്തെ അമൎത്തുന്നതിൽ മുന്നിട്ടുനിന്നു. സാമൂഹ്യവാദതത്വങ്ങൾ പ്രസംഗിക്കാതിരുന്നതുകൊണ്ടു്, ലൂതൎക്കും അയാളെ തുടൎന്നുണ്ടായ മതപരിഷ്കൎത്താക്കൾക്കും, ഭരണാധികാരികളുടെ പിൻബലം നഷ്ടമായില്ല. ലൂതർ ഒരു തീവ്രവാദിയൊന്നുമായിരുന്നില്ല. മൎദ്ദിതവിഭാഗങ്ങളുടെ പക്ഷത്തിൽ ചേൎന്നു്, സ്ഥാപിതതാല്പൎയ്യക്കാരുടെ അപ്രീതി സമ്പാദിക്കുവാൻ അദ്ദേഹം തയ്യാറായില്ല. അദ്ദേഹത്തിൻെറ മതനവീകരണപ്രക്ഷോഭത്തിന്നുശേഷം, അദ്ദേഹം പ്രചരിപ്പിച്ച തത്വങ്ങളാൽതന്നെപ്രചോദിതരായി, ജൎമ്മനിയിൽ കൃഷികർ ലഹളക്കു പുറപ്പെട്ടപ്പോൾ, ആ ലഹളകളെ അമൎത്തുന്നകാൎയ്യത്തിൽ, ലൂതർ എല്ലാവിധ സഹായങ്ങളും ചെയ്തുകൊടുത്തു. പള്ളിക്കെതിരായി പ്രക്ഷോഭംനടത്തിയിരുന്ന അദ്ദേഹം പ്രഖ്യാപിച്ചു: "ലഹളയെ അധിക്ഷേപിക്കുന്നവരുടെ പക്ഷത്തിൽ. ലഹളക്കാൎക്കെതിരായി ഞാൻ പ്രവൎത്തിക്കുന്നതാണു്." പള്ളിയിലെ ഭരണസഭക്കെതിരായി ആക്ഷേപം മുഴക്കിയ ഈ ഭരണപരിഷ്കൎത്താവു് പറഞ്ഞു: "ഭരണം എത്ര മോശമായിരുന്നാലും അതു നിലനില്ക്കണമെന്നുള്ളതു ദൈവേച്ഛയാണു്. എത്ര ന്യായമായ കാൎയ്യങ്ങൾക്കുവേണ്ടിയായാലും ജനങ്ങൾ ലഹളക്കൊരുങ്ങുവാൻ പാടുള്ളതല്ല." 1525-ൽ ലഹളക്കു പുറപ്പെട്ട കൃഷിക്കാർ വിളിച്ചുപറഞ്ഞു: "ക്രിസ്തു എല്ലാവരേയും സ്വതന്ത്രരാക്കിയിരിക്കുന്നു." അപ്പോൾ ലൂതർ ചെയ്തതു് ഈ കൃഷകന്മാരെ മൎദ്ദിച്ചൊതുക്കുന്നതിന്നു്, പ്രഭുക്കൾക്കു സഹായംനല്കുകയായിരുന്നു. "ലഹളക്കാരനെ കൊല്ലുന്ന ആൾ ഒരു നല്ല കാൎയ്യം ചെയ്യുന്നു. അതുകൊണ്ടു് കഴിവുള്ളവർ രഹസ്യമായോ, പരസ്യമായോ ലഹളക്കാരെ വെട്ടിക്കൊല്ലുകയോ, കുത്തിക്കൊല്ലുകയോ, കുത്തി മുറിവേല്പിക്കുകയോ ചെയ്യണം. ഈ സമരത്തിൽ മരിക്കുന്നവർ അഭിനന്ദനാൎഹരാണു്; ഇതിലും അഭിമാനകരമായ ഒരന്ത്യം

ഒരാൾക്കു കിട്ടുവാനില്ല'' എന്നാണദ്ദേഹം പറഞ്ഞതു്.

അതുകൊണ്ടു്, ലൂതരുടെ വിജയത്തിന്റെ രഹസ്യം അദ്ദേഹം ധനികരുടെ താല്പര്യങ്ങൾക്കെതിരായി പ്രവൎത്തിച്ചില്ല, എന്നുള്ളതാണു്. മതപരിവൎത്തനപ്രക്ഷോഭം അപ്പോൾ, ശക്തിപ്പെട്ടുവാനുള്ള ഒരു കാരണം, ലൂതറും, കാൽവിനും, നോക്സും, അവരുടെ അനുയായികളുടെ ദേശീയ ബോധത്തെ ഇളക്കിവിട്ടതാണു്. ആ കാലം ദേശീയ ബോധം വളൎന്നുവരുന്നതിന്നുള്ള സന്ദൎഭമായിരുന്നു. ദേശീയാടിസ്ഥാനത്തിലുള്ള രാഷ്ട്രത്തിന്റെയും, റോമിന്നെതിരായ എതിൎപ്പിന്റെയും, താല്പര്യങ്ങൾ ഒന്നായിരുന്നതുകൊണ്ടാണു ലൂതറുടെ പ്രസ്ഥാനം ജയിച്ചതു്.

മാൎപ്പാപ്പയുടെ അധികാരത്തിന്നെതിരായി, ദേശീയഗവൎമ്മെണ്ടുകളുടെ സമരങ്ങൾക്കു ശക്തികൂടിയപ്പോൾ ലൂതർ ജൎമ്മൻ പ്രഭുക്കൾക്കു നല്കിയ ഉപദേശം പ്രത്യേകിച്ചും ശ്രദ്ധേയമാണു്. "നന്മചെയ്യുന്നവരെ രക്ഷിക്കുവാനും തിന്മചെയ്യുന്നവരെ ശിക്ഷിക്കുവാനും, ഉള്ള അധികാരം ഗവൎമ്മെണ്ടിന്നു ദൈവദത്തമാണു്. കൃസ്തീയലോകത്തിൽ, ഈ ലൌകീകാധികാരം നിലനിൎത്തുവാൻ നാം അനുവദിക്കേണ്ടതാണു്. മാൎപ്പാപ്പയായാലും മററു പാതിരിമാരായാലും, എല്ലാവരുടേയും നേരെ ന്യായം പ്രവൎത്തിക്കുന്നതിന്നു ഗവൎമ്മെണ്ടിന്നധികാരമുണ്ടായിരിക്കണം. ആ അധികാരം ശരിയായി നടപ്പാക്കുന്നതിന്നുള്ള മാൎഗ്ഗം വിദേശികളുടെ സ്വാധീനം ഇല്ലായ്മചെയ്യുകയാണു്. പള്ളികളുടെ സ്വത്തുക്കളും നിധികളും പിടിച്ചടക്കുന്നതും ആവശ്യമാണു്. ചിലർ വിചാരിക്കുന്നതു്, കൊല്ലംതോറും മൂന്നു ലക്ഷം കൈത്തൊഴിൽക്കാരെ റോമിലേക്കയക്കുന്നതു് വെറുതെയാണെന്നാണു്. വളരെ ക്കാലംമുമ്പുതന്നെ ജൎമ്മൻ ചക്രവൎത്തിമാരും രാജാക്കന്മാരും,

ജർമ്മനിയിൽനിന്നു പിരിവുകളെടുക്കുന്നതിന്നു്, മാർപ്പാപ്പക്കധികാരംകൊടുത്തിട്ടുണ്ടു്. ആകെ വരുമാനത്തിൽ പകുതിയോളം ഇങ്ങിനെ പിരിച്ചുകൊണ്ടുപോയി, ഈ സംഖ്യകൾ അന്യായമായി ചിലവുചെയ്യുകയാണു്. ജനങ്ങളിൽനിന്നു മേലാൽ ഈ പിരിവുകൾ എടുക്കാൻ പാടില്ലെന്നു് രാജാവു് നിയമം പാസ്സാക്കണം. ഒന്നുകിൽ ഈ പിരിവുകൾ അവസാനിക്കണം. അല്ലെങ്കിൽ ഈ സംഖ്യ രാജ്യത്തിന്നവകാശപ്പെട്ടതായി തീരുമാനിക്കണം.''

രാജ്യത്തിൽനിന്നു വിദേശികളെ പറഞ്ഞയക്കുന്നതു് അവരുടെ കടമയാണെന്നു ജനങ്ങളോടു പറയുക; വിദേശികളെ പുറത്താക്കിയാൽ അവർ കയ്യടക്കിവെച്ചിരിക്കുന്ന സ്വത്തുക്കൾ കിട്ടുന്നതാണെന്നു ബോദ്ധ്യപ്പെടുത്തുക; ഒരഗ്നിപർവ്വതം ജ്വലിച്ചുപൊങ്ങാനുള്ള പരിതഃസ്ഥിതികൾ സൃഷ്ടിക്കുകയാണിതു്; മതപരിവർത്തനപ്രക്ഷോഭം അപ്പോൾ സംഭവിച്ചിരുന്നില്ലെങ്കിൽ, പള്ളിക്കു് അതിന്റെ മുഴുവൻ സ്വാധീനവും അവകാശങ്ങളും നഷ്ടപ്പെട്ടുപോകുമായിരുന്നു. പള്ളിയുടെ ഉപയോഗയോഗ്യത അവസാനിച്ചുകഴിഞ്ഞിരുന്നതുകൊണ്ടുതന്നെ, പള്ളിയുടെ അധികാരം വളരെ താഴ്ന്നുകഴിഞ്ഞിട്ടുണ്ടായിരുന്നു. നാടുവാഴിപ്രഭുക്കൾതമ്മിൽ നടന്ന യുദ്ധങ്ങൾക്കു്, ദൈവത്തിന്റെ സമാധാനസന്ദേശത്തെ ചൂണ്ടിക്കാണിച്ചു ശമനംവരുത്തുവാൻ പള്ളികൾക്കു കഴിഞ്ഞിരുന്നു. എന്നാൽ പിൽക്കാലങ്ങളിൽ ഈ യുദ്ധങ്ങൾ ഇല്ലായ്മചെയ്യുന്നതിന്നുമാത്രം ശക്തി രാജാവിന്നു ലഭിച്ചു. ആദ്യം വിദ്യാഭ്യാസത്തെ നിയന്ത്രിച്ചതു പള്ളികളായിരുന്നു. പിന്നീടു കച്ചവടക്കാരുടെ വകയായും വിദ്യാലയങ്ങൾ ആരംഭിച്ചു. ആദ്യം പള്ളികളുടെ നിയമങ്ങളായിരുന്നു നടപ്പിലുണ്ടായിരുന്നതു്, പിന്നീടു വ്യവസായപ്രധാനമായ സമുദായത്തിന്നു പററിയ നിയമങ്ങൾ നടപ്പി

ലായി. മുമ്പു ഭരണംനടത്തുവാൻ ആവശ്യമായ പരിചയം സിദ്ധിച്ചവരെ പള്ളികളാണു് പ്രദാനംചെയ്തിരുന്നതു്. പിന്നീട്ട വ്യവസായത്തിൽക്കൂടി നല്ല പരിശീലനംസിദ്ധിച്ച വരെ, ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്തുവാൻ രാജാവിന്നു സാധിച്ചു.

തങ്ങളുടെ ഉയർച്ചക്കുമുമ്പിൽവിലങ്ങടിച്ചുനിന്നതു് പഴകിജീർണ്ണിച്ച നാട്ടുവാഴിപ്രഭുത്വമാണെന്നു മദ്ധ്യവർഗ്ഗങ്ങൾക്കു ബോദ്ധ്യമായി. ആ വ്യവസ്ഥയുടെ കോട്ടയായിനിന്നതു് പള്ളികളാണെന്നും അവക്കു ബോദ്ധ്യപ്പെട്ടു. നാട്ടുവാഴി വ്യവസ്ഥയെ സകല ആക്രമണങ്ങളിൽനിന്നും രക്ഷിക്കുന്ന കാര്യത്തിൽ പള്ളികൾ മുൻകൈയെടുത്തു. പള്ളികൾ പ്രഭുക്കളെപ്പോലെ നിലത്തിൽ മൂന്നിലൊരുഭാഗം കൈവശംവെച്ചു; രാജ്യത്തിന്റെ ധനത്തിൽ വലിയൊരു ഭാഗം തട്ടിയെടുത്തു. ഓരോ രാജ്യത്തിലും നാട്ടുവാഴിപ്രഭുത്വം നശിപ്പിക്കപ്പെടുന്നതിന്നുമുമ്പായി, അതിന്റെ കേന്ദ്രസംഘടനയായ പള്ളിയെ ആക്രമിച്ചു നിലക്കുനിർത്തേണ്ടതുണ്ടായിരുന്നു. മദ്ധ്യവർഗ്ഗം ഈ കടമ നിർവ്വഹിക്കുകയുംചെയ്തു.

ആ സമരം മതത്തിന്റെ വേഷം സ്വീകരിച്ചു. അതിനെയാണു് മതപരിവർത്തനപ്രക്ഷോഭം എന്നു വിളിക്കുന്നതു്. വളന്നുവരികയായിരുന്ന മദ്ധ്യവർഗ്ഗം നാട്ടുവാഴിപ്രഭുത്വത്തിന്നെതിരായി നടത്തിയ ആദ്യത്തെ സംഘടിതമായ സമരമായിരുന്നു അതു്.

## VIII
# ധനികൻ

മദ്ധ്യകാലത്തെ രാജാക്കന്മാർ നാണയത്തിൽ അടങ്ങിയിരിക്കുന്ന സ്വർണ്ണത്തിൻെറ തോതു കുറച്ച് ലാഭമുണ്ടാക്കുന്നതു സാധാരണയായിരുന്നു. ഈ വിദ്യ സാധനങ്ങളുടെ വില വർദ്ധിക്കുവാൻ ഇടയാക്കി.

ഒരുറുപ്പികയിൽ ചേർക്കുന്ന വെള്ളിയിൽ മററു ലോഹങ്ങൾ ചേർത്ത്, രണ്ടുറുപ്പിക അടിച്ചുവിടുന്നു എന്നു വിചാരിക്കുക. പേരിന്ന് ഉറുപ്പികയുടെ വില മാറുന്നില്ല. എന്നാൽ ഫലത്തിൽ ഉറുപ്പികയുടെ വില പണ്ടത്തേതിൽനിന്നു പകുതിയായി ചുരുങ്ങുന്നു. ഒരപ്പം കൊടുക്കാൻ പന്ത്രണ്ടു മുട്ടകൾ കൊടുക്കണമെന്ന് വിചാരിക്കുക. ആറു മുട്ടകൾ കൊടുത്താൽ അതേ വലിപ്പത്തിലുള്ള അപ്പം കിട്ടുമെന്നു കരുതാൻ ന്യായമില്ലല്ലൊ. അതുപോലെതന്നെ ശരിയായ നാണയം കൊടുത്താൽ കിട്ടുന്നത്ര സാധനങ്ങൾ, വിലയിടിഞ്ഞ നാണയം കൊടുത്താൽ കിട്ടുന്നതല്ല. കാരണം സാധനങ്ങൾക്കു പകരം കൊടുക്കുന്ന നാണയത്തിൽ കുറഞ്ഞ തോതിൽമാത്രമെ വെള്ളിയുള്ളൂ, പ്രചാരത്തിലിരിക്കുന്ന നാണയത്തിൻെറ വില അതിൽ അടങ്ങിയിരിക്കുന്ന ലോഹത്തിൻെറ ഏററക്കുറച്ചിലിന്നനുസരിച്ചിരിക്കും. അതുകൊണ്ടു നാണയത്തെ അതേ പേരിൽ സ്വീകരിച്ചാലും അതിൽ ലോഹത്തിൻെറ തോതു കുറയുന്നതിന്നനുസരിച്ച് അതിൻെറ വിലയും കുറയുന്നതായിരിക്കും. ഒരു നാണയത്തിൻെറ വില

കുറഞ്ഞിരിക്കുന്നു എന്നു പറയുന്നതിൻെറ അത്ഥം, അതു കൊട്ടത്താൽ കിട്ടുന്ന സാധനങ്ങളുടെ തുക കുറവായിരിക്കും എന്നാണു്. മറിച്ചുപറഞ്ഞാൽ സാധനങ്ങളുടെ വില കയറുന്നു എന്നത്ഥം.

നാണയങ്ങളുടെ വില കുറയ്ക്കുന്നതിൽ രാജാക്കന്മാക്കുണ്ടായിരുന്ന താല്പയ്യം വലിയ ഒരു തുക ലാഭമടിയ്ക്കാമെന്നുള്ളതായിരുന്നു. പണത്തിൻെറ വില പെട്ടെന്നു മാറുന്നതും വ്യാപാരത്തെ ബാധിയ്ക്കും. സാധനങ്ങളുടെ വില വദ്ധിയ്ക്കുമ്പോൾ സാധുക്കളും നിശ്ചിതമായ വരുമാനമുള്ളവരും ബുദ്ധിമുട്ടേണ്ടിവരും. ഇതൊന്നും രാജാവു് വലിയ കായ്യമായെടുക്കുകയില്ല. എന്നാൽ ജനങ്ങളെ സംബന്ധിച്ചിടത്തോളം അതു വളരെ പ്രധാനമായ ഒരു കായ്യമാണു്. അധികം പേരും, രാജാവുതന്നേയും, നാണയത്തിൻെറ വില കുറയുന്നതും, സാധനങ്ങളുടെ വില വദ്ധിയ്ക്കുന്നതുംതമ്മിലുള്ള ബന്ധം മനസ്സിലാക്കിയിരുന്നില്ല. എന്നാൽ ഈ പരമാത്ഥം അറിയാമായിരുന്ന ചിലർ അക്കാലത്തുണ്ടായിരുന്നു. 1358 ഒക്ടോബർ മുതൽ 1360 മാച്ച് വരെയുള്ള ഏതാനും മാസങ്ങൾക്കിടയിൽ ഫ്രാൻസിൽ നാണയത്തിൻെറ വില പതിനേഴ പ്രാവശ്യം മാററുകയുണ്ടായി. ഇതിനെക്കുറിച്ച് ഒരു പാരീസ്സുകാരൻ എഴുതി: "സ്വൎണ്ണനാണയങ്ങളും വെള്ളിനാണയങ്ങളും അധികമായിത്തീൎന്നതിൻെറ ഫലമായി ഭക്ഷണസാധനങ്ങളുടേയും മററു ചരക്കുകളുടേയും വില വളരെ വദ്ധിച്ചിരിക്കുന്നു, സാധുക്കൾക്കു് പൊറുക്കുവാൻ മാൎഗ്ഗമില്ലാതായിരിക്കുന്നു."

1377-ൽ ഒരു പാതിരി "പണം" എന്ന തലക്കുറിപ്പിൽ ഒരു പുസ്തകം എഴുതി. നാണയങ്ങൾക്കു വില കുറയ്ക്കുന്നതു രാജാവിന്നു ലാഭമാണു്; എന്നാൽ അങ്ങിനെ ചെയ്യുന്നതു്

ജനങ്ങളെ ചതിക്കലാണു്, എന്നാണദ്ദേഹം അഭിപ്രായപ്പെട്ടിട്ടുള്ളതു്. ഗോതമ്പു്, വീഞ്ഞു്, മററു സാധനങ്ങൾ ഇവ അളക്കുന്നതിന്നു് രാജകീയമുദ്രകുത്തിയ അളവുപാത്രങ്ങൾ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളു. അളവുകളിൽ കൃത്രിമം കാണിക്കുന്നവരെ ചതിയനും കുററക്കാരനുമായി കണക്കാക്കുന്നു. അതുപോലെ, ഒരു നാണയത്തിന്മേലുള്ള അടയാളങ്ങൾ അതിൻെറ തൂക്കവും അതിൽ അടങ്ങിയിട്ടുള്ള ലോഹത്തിൻെറ വിലയുമാണു് സൂചിപ്പിക്കുന്നതു്. തൻെറ മുദ്ര കുത്തിയിരിക്കുന്ന നാണയത്തിൻെറ വില കുറക്കുന്ന രാജാവിനെ ആരാണു് വിശ്വസിക്കുക? പണം ഉപയോഗിച്ചു ലാഭമുണ്ടാക്കാൻ മൂന്നു മാർഗ്ഗങ്ങളുണ്ടു്. പണം ചരക്കായി കരുതി കച്ചവടംചെയ്യുക; അതിപലിശ വാങ്ങുക; നാണയത്തിൻെറ വില കുറക്കുക. ഒന്നാമത്തേതു നീചമാണു്; രണ്ടാമത്തേതു അതിലും നീചമാണു്; മൂന്നാമത്തേതാകട്ടെ ഏററവും നീചമാണു്''.

ഏകദേശം നാലു നൂററാണ്ടുകൾക്കുശേഷം ഒരു ഇംഗ്ലീഷുചിന്തകൻ, നാണയങ്ങളുടെ വിലക്കുറവുകൊണ്ടു സാധനങ്ങളുടെ വിലയിൽ വരുന്ന മാററത്തെക്കുറിച്ചു് ഇങ്ങിനെ അഭിപ്രായപ്പെട്ടിരിക്കുന്നു: ''രാജാക്കന്മാർ നാണയങ്ങളിലുള്ള ലോഹത്തിൻെറ തോതു കുറച്ചതിന്നനുസരിച്ചു് എല്ലാസാധനങ്ങളുടേയും വില വർദ്ധിച്ചിട്ടുള്ളതായി, ചരിത്രം വ്യക്തമാക്കുന്നു.''

കോപ്പർനിക്കസ്സു് അദ്ദേഹത്തിൻെറ രാജ്യത്തിലെ നാണയവ്യവസ്ഥ മാറേറണ്ടതാണെന്നു വാദിച്ചു. പലതരത്തിലുള്ള നാണയവ്യവസ്ഥകൾ വ്യാപാരത്തിന്നു തടസ്സമാണെന്നു് അദ്ദേഹം വാദിച്ചു. ഓരോ പ്രഭുവിനെയും, പലതരം നാണയങ്ങൾ അടിച്ചുവിടുവാൻ അനുവദിക്കരുതെന്നു്

അദ്ദേഹം അഭിപ്രായപ്പെട്ടു; നാണയത്തിൽ അടങ്ങിയിരിക്കുന്ന ലോഹത്തിൻെറ തോതു് ഒരിക്കലും കുറക്കരുതെന്നും അദ്ദേഹം ശക്തിയായി വാദിച്ചു! അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ ഒരു രാജ്യത്തിന്നു വന്നുചേരാവുന്ന ആപത്തുകൾ നാലാണു്: "യുദ്ധം, പ്ലേഗ്, ഫലപുഷ്ടിയില്ലാത്ത നിലം, വിലയിടിഞ്ഞുകൊണ്ടിരിക്കുന്ന നാണയവ്യവസ്ഥ." ഈ ചിന്തകന്മാരിൽ ചിലർ നാണയത്തിൻെറ വിലയിടിവിനെ ഇത്രയധികം എതിക്കുവാൻ പ്രത്യേക കാരണങ്ങൾ ഉണ്ടായിരുന്നു. "തൻെറ രാജ്യത്തിൽ പ്രചാരത്തിലിരിക്കുന്ന നാണയങ്ങൾ സ്ഥിരമായ വിലയില്ലാതെ, വില കയറിയും കുറഞ്ഞും അങ്ങിനെ തുടൎന്നുപോകുന്നതു് ഏററവും അപമാനകരമാണു്, ഈ ഏററക്കുറച്ചിലുകളുടെ ഫലമായി, ഒരു സ്വൎണ്ണനാണയത്തിലോ, വെള്ളിനാണയത്തിലോ, എത്ര ലോഹമാണുള്ളതെന്നു പറയുവാൻ സാധാരണക്കാരന്നു വിഷമമായിത്തീരുന്നു. അവർ വാങ്ങുകയോ വില്ക്കുകയോ ചെയ്യുന്ന ചരക്കുകളെപ്പററി വിലപേശേണ്ടിവരുന്നതുപോലെതന്നെ, നാണയത്തെക്കുറിച്ചും ജനങ്ങൾ വിലപേശേണ്ടതായി വരുന്നു. നാണയവ്യവസ്ഥ വ്യക്തമായി തിട്ടപ്പെടുത്തിയിരിക്കേണ്ടതാണു്. എന്നാൽ അതാണു് എപ്പോഴും മാറിക്കൊണ്ടിരിക്കുന്നതു്. ഈ മാററങ്ങളുടെ ഫലമായി ഒരു രാജ്യത്തു് അതാതു കാലം ഉണ്ടാകുന്ന സ്വൎണ്ണത്തിൻെറ തുക കുറഞ്ഞുപോകുന്നു. എന്തു മുൻകരുതലുകൾ എടുത്താലും സ്വൎണ്ണം മററു ദിക്കുകളിലേക്കൊഴുകിപ്പോകുന്നു. നാണയത്തിൻെറ വില കുറയുകയെന്ന സമ്പ്രദായം നടപ്പില്ലുള്ള സ്ഥലങ്ങളിൽ പണത്തിൻെറ ആകത്തുക കുറഞ്ഞുപോകുന്നു. മാത്രമല്ല നാണയങ്ങളുടെ വില അനിശ്ചിതമായിരിക്കുന്ന പ്രദേശങ്ങളിലേക്കു് വിദേശികളായ കച്ചവടക്കാർ ചരക്കുകളുമായി വരാൻ വൈമനസ്യം പ്രദൎശിപ്പിക്കുന്നു. ചരക്കുകൾ

വിനിമയം ചെയ്യുന്നതിൽ പല വിഷമങ്ങളും നേരിടുകയും ചെയ്യുന്നു.''

നാണയങ്ങളുടെ വില കുറക്കുന്നതുകൊണ്ടുള്ള വിഷമതകളെക്കുറിച്ച് രാജാവിന്റെ ഉപദേശകന്മാർ ചുഴിഞ്ഞു ചിന്തിച്ചു. കച്ചവടം അഭിവൃദ്ധിപ്രാപിക്കേണമെന്ന് അവൎക്കും ആഗ്രഹമുണ്ടായിരുന്നു. രാജ്യത്തു് സ്വൎണ്ണവും വെള്ളിയും കുറഞ്ഞുപോകുന്നതു് അവരിഷ്ടപ്പെട്ടില്ല. കച്ചവടക്കാരും ബേങ്കുടമകളും അന്യരാജ്യങ്ങളിലേക്കു സ്വൎണ്ണം കയററിഅയക്കുന്നതു് അവൎക്കു സമ്മതമായിരുന്നില്ല. ജീവിതനിൎവ്വഹണത്തിന്നുവേണ്ടി എപ്പോഴും അത്യദ്ധ്വാനംചെയ്തിരുന്ന ദരിദ്രന്നു്, നാണയത്തിന്റെ വിലയിടിവുകൊണ്ടുണ്ടാകുന്ന വിഷമങ്ങളെ നേരിടുക മാത്രമേ മാൎഗ്ഗമുണ്ടായിരുന്നുള്ളു. ധനികൎക്കാകട്ടെ വിലയിടിവിനെക്കുറിച്ചു് അപ്പപ്പോഴായി അറിയുവാൻ കഴിഞ്ഞിരുന്നതുകൊണ്ടു് ഈ വിലയിടിവിന്റെ കെടുതികളിൽനിന്നും രക്ഷപ്പെടുവാൻ സാധിച്ചു. മാത്രമല്ല ആ സന്ദൎഭമുപയോഗിച്ചു ലാഭമുണ്ടാക്കുവാനും അവൎക്കു കഴിഞ്ഞു. അക്കാലത്തു വ്യാപാരത്തിന്റെ അഭിവൃദ്ധിക്കു സ്വൎണ്ണം രാജ്യാതിൎത്തിക്കുള്ളിൽതന്നെ നിൎത്തേണ്ടതത്യാവശ്യമായിരുന്നു. അതുകൊണ്ടു് അധികം രാജ്യങ്ങളിലും സ്വൎണ്ണവും വെള്ളിയും കയററി അയക്കുന്നതിന്നെതിരായി നിയമങ്ങൾ പാസാക്കി.

സ്വൎണ്ണവും വെള്ളിയും രാജ്യാതിൎത്തിക്കുള്ളിൽ നിൎത്തുവാൻ ശ്രമിച്ചു എന്നു മാത്രമല്ല; സ്വൎണ്ണവും വെള്ളിയും അധികമായി കുഴിച്ചെടുക്കുന്നതിന്നു ഖനിയുടമകൾക്കു പ്രത്യേകാനുകൂല്യങ്ങൾ നല്കുകയുംചെയ്തു. ഖനിയുടമകൾക്കും പ്രവൃത്തിക്കാൎക്കും എപ്പോഴും എവിടേയും ഖനനം നടത്തുന്നതിന്നുള്ള അവകാശം ഉണ്ടായിരുന്നു. ആരും ആ പ്രവൃത്തിയിൽ ഏൎപ്പെട്ടിരിക്കുമ്പോൾ അവരെ അലട്ടരുതെന്നും രാജാവു ക

ല്പിച്ചു. പ്രഭുക്കളാകട്ടെ, പാതിരിമാരാകട്ടെ, ഉദ്യോഗസ്ഥന്മാരാകട്ടെ, ഒരു തരത്തിലും അവരെ അലോസരപ്പെടുത്തുവാൻ പാടുണ്ടായിരുന്നില്ല.

വ്യാപാരത്തിൻെറ അഭിവൃദ്ധിക്ക് സ്വൎണ്ണവും വെള്ളിയും സമൃദ്ധിയായുണ്ടാകേണ്ടതാവശ്യമാണ്. വ്യാപാരത്തിൻെറ വ്യാപ്തിയും വളൎച്ചയും രാജ്യത്തു സ്വൎണ്ണവും വെള്ളിയും സമ്പാദിക്കുന്നതിന്നു സംഗതിയാക്കിത്തീൎക്കുകയും ചെയ്തു.

കൊളമ്പസ്സ് അമേരിക്ക കണ്ടുപിടിച്ചതിൻെറ പ്രാധാന്യം നമുക്കിപ്പോൾ അറിയാം. എന്നാൽ 15-ാം നൂററാണ്ടിലെ ആളുകൾക്കു ഈ കണ്ടുപിടുത്തത്തിൻെറ പ്രാധാന്യം മനസ്സിലായിരുന്നില്ല. കൊളമ്പസ്സ് ഇന്ത്യയിലേക്കു വഴി കണ്ടുപിടിച്ചില്ല എന്ന നിരാശയായിരുന്നു അവൎക്കുണ്ടായിരുന്നതു്. മെക്സിക്കോവിൽനിന്നും പെറുവിൽനിന്നും സ്വൎണ്ണം സ്പെയിനിലേക്കൊഴുകുവാൻ തുടങ്ങിയപ്പോൾ കൊളമ്പസ്സിൻെറ കണ്ടുപിടുത്തം എത്ര പ്രധാനമാണെന്നു് എല്ലാവൎക്കും വ്യക്തമായി,

പൎവ്വതങ്ങളും മരുഭൂമികളും കടന്നു്, ഒട്ടകങ്ങളുടേയും കുതിരകളുടേയും പുറത്തു്, അനേകായിരം നാഴിക ദൂരത്തുനിന്നും ചരക്കുകൾ കടത്തിക്കൊണ്ടുപോകേണ്ടിവരിക; വഴിക്കുവെച്ചു അക്രമിസംഘങ്ങളാൽ കൊള്ളചെയ്യപ്പെടുന്നതിൻെറ സംഭാവ്യതയുണ്ടായിരിക്കുക; കടലിൽവെച്ചു കൊടുങ്കാററിൽ കപ്പൽ മറിഞ്ഞും, കടൽക്കള്ളന്മാരാൽ കൊള്ളചെയ്യപ്പെട്ടും ചരക്കുകൾ മുഴുവൻ നഷ്ടപ്പെടുവാൻ ഇടയുണ്ടായിരിക്കുക; പല ഗവൎമ്മേണ്ടുകൾക്കും പല വിധത്തിലുള്ള ചുങ്കങ്ങൾ കൊടുക്കേണ്ടിവരിക; ഉദ്ദിഷ്ട യാത്രാസ്ഥാനത്തെത്തിയാൽ പ്രത്യേകം കുത്തകാവകാശങ്ങളുള്ളവൎക്കു മാത്രമെ ചരക്കുകൾ

വില്ക്കുവാൻ പാട്ടുള്ളവെന്നുവരിക; വമ്പിച്ച തോതിൽ ലാഭം ലഭിക്കേണമെന്ന ആഗ്രഹം ഉണ്ടായിരിക്കുകയുംചെയ്യുക; ഈ പരിതഃസ്ഥിതികളിൽ ചരക്കുകളുടെ വില എത്രയോ ഇരട്ടിയായി വദ്ധിക്കുന്നതിൽ ആശ്ചര്യപ്പെടാനെന്താണുള്ളതു്? പൌരസ്ത്യദേശങ്ങളിൽനിന്നു് യൂറോപ്പിലേക്കു കൊണ്ടുപോയിരുന്ന ചരക്കുകളുടെ വില അങ്ങിനെ വളരെ വദ്ധിച്ച തോതിലുള്ളതായിരുന്നു. കിഴക്കുനിന്നു വാസനദ്രവ്യങ്ങൾ, രത്നക്കല്ലുകൾ, മരുന്നുകൾ, പട്ടുതരങ്ങൾ മുതലായവ വെനീസ്സിലെ തുറമുഖങ്ങളിലെത്തുമ്പോഴേക്കും അവയുടെ വില എത്രയോ ഇരട്ടിയായി വദ്ധിച്ചു. വെനീസ്സിലെ വത്തകന്മാർ ഈ ചരക്കുകൾ ജമ്മൻ കച്ചവടക്കാക്കു വിററു. ജമ്മൻ കച്ചവടക്കാർ യൂറോപ്പിൽ എല്ലാ പ്രദേശങ്ങളിലും ഈ ചരക്കുകൾ വിതരണംചെയ്യുമ്പോൾ അവയുടെ വില എത്ര മടങ്ങു വദ്ധിച്ചിരിക്കുമെന്നു് ഊഹിക്കുകയാണുത്തമം.

വെനീസ്സുകാക്കു ലഭിച്ച ഈ ലാഭത്തിൽ മററു രാജ്യങ്ങളിലെ കച്ചവടക്കാക്കസൂയതോന്നി. അവക്കും ഇതിൽ ഒരു പങ്കു ലഭിക്കേണമെന്ന ആഗ്രഹം ജനിച്ചു. പൌരസ്ത്യരാജ്യങ്ങളിൽനിന്നു വരുന്ന ചരക്കുകളെക്കൊണ്ടു് കച്ചവടം ചെയ്താൽ ധാരാളം പണമുണ്ടാക്കാൻ കഴിയുമെന്നു് അവക്കു മനസ്സിലായി. എന്നാൽ വെനീസ്സുകാരുടെ കുത്തകാവകാശത്തെ പൊളിക്കുവാൻ അവക്കു കഴിഞ്ഞില്ല. കിഴക്കൻ മദ്ധ്യധരണിയഴി വെനീസ്സുകാരുടെ അധീനത്തിലായിരുന്നു. ഇതില്ലാഴ്മചെയ്യുവാൻ മററുള്ളവക്കു കഴിഞ്ഞില്ല.

വെനീസ്സിനു അധികാരം ചെലുത്തുവാൻ കഴിയാത്ത ഒരു വഴിയിൽക്കൂടി പൌരസ്ത്യദിക്കിലേക്കെത്തുവാൻ അവർ ആഗ്രഹിച്ചു. നാവികന്മാർ തവുക്കയുപയോഗിക്കുവാൻ തുടങ്ങി; അക്ഷരേഖകൾ നിണ്ണയിക്കുവാൻ അവർ പഠിച്ചു; ശ

രിയായ ഭൂപടങ്ങൾ വരഞ്ഞുണ്ടാക്കിയിട്ടുമുണ്ടായിരുന്നു; അതു കൊണ്ടു് നാവികന്മാക്കു കരവിട്ടു കടലിലേക്കു് എത്ര ദൂരമെങ്കിലും സഞ്ചരിക്കുന്നതിന്നു ധൈര്യം തോന്നി. അങ്ങിനെ പൌരസ്ത്യദിക്കുകളിലേക്കു് ഒരു പുതിയ കടൽവഴി കണ്ടുപിടിക്കുവാനുള്ള സൌകര്യങ്ങൾ യൂറോപ്യന്മാർ തെളിഞ്ഞു കണ്ടു.

കപ്പലുകൾ കടലിൽ എല്ലാഭാഗത്തും ഓട്ടുവാൻ തുടങ്ങി. പടിഞ്ഞാറോട്ടുള്ള കൊളമ്പസ്സിൻെറ യാത്ര ഇങ്ങിനെയുള്ള പരീക്ഷണയാത്രകളിൽ ഒന്നുമാത്രമായിരുന്നു. മററു ചില നാവികന്മാർ വടക്കുകിഴക്കുകൂടി, പൌരസ്ത്യദിക്കുകളിൽ എത്തിച്ചേരാമെന്ന പ്രതീക്ഷയോടുകൂടി ധ്രുവപ്രദേശങ്ങളിലേക്കു് കപ്പലോടിച്ചു. മററു ചിലർ ആഫ്രിക്കയുടെ കരയിൽക്കൂടി തെക്കോട്ടു പോയി. ഒടുക്കം വാസ്ക്കോഡിഗാമ, ആഫ്രിക്ക ചുററിയുംകൊണ്ടു് 1498-ൽ ഇന്ത്യയിൽ കോഴിക്കോട്ടിന്നടുത്തു നങ്കൂരമിട്ടു—പൌരസ്ത്യദിക്കുകളിലേക്കു കടൽമാർഗ്ഗമായുള്ള ഒരു പുതിയ വഴി അങ്ങിനെ കണ്ടുപിടിക്കപ്പെട്ടു.

എന്നിട്ടും പുതിയ മാർഗ്ഗങ്ങൾ കണ്ടുപിടിക്കുവാനുള്ള പരിശ്രമങ്ങൾ അവസാനിച്ചില്ല. കൊളമ്പസ്സ് വീണ്ടും വീണ്ടും പൌരസ്ത്യദിക്കിലേക്കു പോകുവാൻ പരിശ്രമിച്ചു. അദ്ദേഹത്തിൻെറ യാത്രകൾക്കു മുമ്പിൽ വിലങ്ങടിച്ചു നിന്നതു് അമേരിക്കൻ ഭൂഖണ്ഡമായിരുന്നു. അമേരിക്കയും കടന്നപ്പുറംപോകാൻ അദ്ദേഹം ശ്രമിച്ചു. പടിഞ്ഞാറോട്ടു പോയ മററുള്ളവരും ഇതേ തടസ്സം കണ്ടു വടക്കോട്ടു തിരിഞ്ഞു. മററു ചിലർ അമേരിക്കയുടെ തെക്കേ അററത്തോളമെത്തി. 1609-ൽ ഹെൻറിഹഡ്സൻ നടത്തിയ കടൽയാത്രപോലും കിഴക്കൻദിക്കുകളിലേക്കുള്ള കടൽവഴി കണ്ടുപിടിക്കുവാൻ വേണ്ടിയായിരുന്നു.

അവർ അത്രയ്ക്കും ഉത്സാഹം കാണിച്ചതിൽ അത്ഭുതപ്പെട്ടവാനില്ല, കാരണം പൌരസ്ത്യദിക്കുകളിലേക്കു വഴി കണ്ടുപിടിക്കുന്നതു് ഏററവും അധികം ധനം സമ്പാദിക്കുന്നതിന്നുള്ള വഴിയായിരുന്നു. വാസ്കോഡിഗാമയുടെ ആദ്യത്തെ കപ്പൽയാത്രയിൽ ലഭിച്ച ആദായം 6000 ശതമാനമായിരുന്നു. അതുകൊണ്ടാണു് മററുള്ളവരും കടൽയാത്രക്കു ഒരുമ്പെട്ടതു്. ഇതിൻെറയെല്ലാം ഫലമായി വ്യാപാരം എത്രയോ മടങ്ങു് വദ്ധിച്ചു. ഈജിപ്തിലെ സുൽത്താനിൽനിന്നു് വെനീസ്സിലെ കച്ചവടക്കാർ ആകെ 420000 റാത്തൽ കുരുമുളകു മേടിച്ചു. എന്നാൽ പോൎച്ചുഗലിലേക്കു വന്ന ഒരൊററ കപ്പലിൽ മാത്രം 200000 റാത്തൽ കുരുമുളകുണ്ടായിരുന്നു. അതുകൊണ്ടു് പൌരസ്ത്യദിക്കിലേക്കുള്ള പഴയ കച്ചവടമാൎഗ്ഗം തുക്കികളുടെ കയ്യിലായിരുന്നു എന്നതിൽ പോൎച്ചുഗീസുകാൎക്കു പരിഭ്രമമുണ്ടായില്ല. സുപ്രതീക്ഷാമുനമ്പു ചുററിയുംകൊണ്ടുള്ള പുതിയ വഴി യൂറോപ്യൻ കച്ചവടക്കാൎക്കു്, തുക്കികളെ ആശ്രയിക്കാതെ തങ്ങളുടെ വ്യാപാരം നടത്തുന്നതിന്നു സ്വാതന്ത്ര്യം നല്കി. മാത്രമല്ല വെനീസ്സുകാരുടെ കുത്തകയെ പൊളിക്കുവാനും അവൎക്കു സാധിച്ചു.

കച്ചവടമാൎഗ്ഗങ്ങളുടെ ഗതിക്കു് ഒരു വലിയ മാററം സംഭവിച്ചു. വെനീസ്സിൻെറയും തെക്കൻജൎമ്മനിയിലെ പട്ടണങ്ങളുടേയും ഭൂമിശാസ്ത്രപരമായ കിടപ്പു്, വ്യാപാരത്തിൻെറ കാൎയ്യത്തിൽ അവൎക്കു വളരെ അനുകൂലമായിരുന്നു, എന്നാൽ ഇപ്പോഴാകട്ടെ അത്‌ലാന്തിക്കുസമുദ്രത്തിൻെറ കരയിൽ നിന്നിരുന്ന പട്ടണങ്ങൾക്കു് ഈ സൌകൎയ്യങ്ങൾ ലഭിക്കുവാൻ ഇടയായി. വെനീസ്സിന്നും വെനീസ്സിൻെറ സ്വാധീനത്തിലുണ്ടായിരുന്ന പട്ടണങ്ങൾക്കും വ്യാപാരപരമായ അവയുടെ പ്രാബല്യം നഷ്ടപ്പെട്ടു. ഒരു കാലം കച്ചവടത്തിൻെറ പ്ര

ധാനകേന്ദ്രമായിരുന്ന പ്രദേശങ്ങൾ ഇപ്പോൾ അപ്രധാനങ്ങളായി. അത്ലാന്തിക്കസമുദ്രത്തിൽക്കൂടിയായി പ്രധാന വ്യാപാരത്തിൻെറ ഗതി. പോർച്ചുഗൽ, സ്പെയിൻ, ഇംഗ്ലണ്ട്, ഫ്രാൻസ് മുതലായ രാജ്യങ്ങൾ വ്യാപാരപരമായി വളൎന്നു.

ചരിത്രത്തിൽ ഈ കാലത്തെ വ്യാപാരവിപ്ലവത്തിൻെറ കാലം എന്നു വിളിച്ചതു തികച്ചും അന്വൎത്ഥമായിരുന്നു. വളൎന്നുവരികയായിരുന്ന വ്യാപാരം, ഏററവും വേഗത്തിൽ പുരോഗതി പ്രാപിക്കുവാൻ തുടങ്ങി, ഏഷ്യയിലേയും യൂറോപ്പിലേയും പഴയ പ്രദേശങ്ങൾ മാത്രമല്ല; അമേരിക്കയിലും ആഫ്രിക്കയിലും പുതുതായി കണ്ടുപിടിച്ച പ്രദേശങ്ങൾകൂടി, വ്യാപാരത്തിൻെറ പരിധിയിൽപ്പെട്ടു. പുഴകളിൽക്കൂടിയും മദ്ധ്യധരണ്യാഴിപോലെ പരിചിതങ്ങളായ കടലുകളിൽക്കൂടിയും വ്യാപാരം നടത്തുകയെന്ന സ്ഥിതി മാറി. സാൎവ്വദേശീയമായ വ്യാപാരം എന്നതു് യൂറോപ്പും ആസ്യയുടെ ഏതാനും ഭാഗങ്ങളും തമ്മിലുള്ള വ്യാപാരം മാത്രമായിരുന്നു. അതു് ഇപ്പോൾ നാലു ഭൂഖണ്ഡങ്ങൾ തമ്മിൽ പല കടൽമാൎഗ്ഗങ്ങളിൽക്കൂടിയുള്ള വ്യാപാരമായി വികസിച്ചു. പുതിയ കണ്ടുപിടുത്തങ്ങൾ പടിഞ്ഞാറൻ യൂറോപ്പിൻെറ സാമ്പത്തികജീവിതത്തിൻെറ വിപുലീകരണത്തെ, അങ്ങേഅററം സഹായിച്ചു, മാൎക്കററിൻെറ വ്യാപ്തി വൎദ്ധിക്കുന്നതു സാമ്പത്തികപരിശ്രമങ്ങൾക്കു് ഏററവും വലിയ പ്രോത്സാഹനമാണല്ലൊ. മാൎക്കററിന്നു് അപ്പോഴുണ്ടായ വികാസമാകട്ടെ, പണ്ടൊരിക്കലും കേട്ടിട്ടില്ലാത്തത്ര വമ്പിച്ച തോതിലായിരുന്നു. കച്ചവടം ചെയ്യുവാൻ പററിയ പുതിയ പ്രദേശങ്ങൾ, ചരക്കുകൾ വിററഴിക്കാൻ പുതിയ കമ്പോളങ്ങൾ, വാങ്ങിക്കാൻ പററുന്ന പുതിയ ചരക്കുകൾ, ഇവയെല്ലാം വ്യാപാരത്തിന്നു വലിയ പ്രേരകങ്ങളായി. കൂടുതൽ കണ്ടുപിടുത്തങ്ങൾക്കും, അഭിവൃദ്ധിക്കും ഇവ സഹായകമായി

മായിത്തീരുകയും ചെയ്തു. ഏററവും ആദായകരമായ ഈ തുറകൾ ഉപയോഗപ്പെടുത്തി, വ്യാപാരം വദ്ധിപ്പിക്കുന്നതിന്ന്, പുതിയ കച്ചവടസംഘങ്ങൾ സ്ഥാപിച്ചു. പുതിയ രാജ്യങ്ങളും പ്രദേശങ്ങളും കണ്ടുപിടിക്കുന്നതിന്നുകൂടിയായിരുന്നു ഈ കമ്പനികൾ ആരംഭിച്ചതു്. കപ്പലുകൾ വാങ്ങുക, കപ്പലിൽ പ്രവൃത്തിക്കാരെ ശേഖരിക്കുക, യാത്രക്കാവശ്യമായ ഭക്ഷണസാധനങ്ങൾ സമ്പാദിക്കുക ഇതെല്ലാം ചെയ്യണം. പുതിയ രാജ്യങ്ങൾ കണ്ടുപിടിച്ചാൽ മാത്രം പോരാ. കോട്ടകൾ കെട്ടുക, കാവൽസൈന്യത്തെ ഏപ്പെടുത്തുക, നാട്ടുകാരുമായി യോജിപ്പിൽ എത്തുക, വ്യാപാരത്തിന്നു വേണ്ട സൌകര്യങ്ങൾ ഉണ്ടാക്കുക, മററു കച്ചവടക്കാരെ അകററുവാനുള്ള മാർഗ്ഗങ്ങൾ ആരായുക, ഈ കാര്യങ്ങളും സാധിക്കണം.

ഈ കാര്യങ്ങൾക്കെല്ലാംതന്നെ പണം ആവശ്യമാണ്. ധാരാളം പണം ആവശ്യമാണ്. അത്രയധികം പണം ഒരു വ്യക്തി സ്വന്തമായി സമ്പാദിക്കുന്നതസാദ്ധ്യവുമാണ്.

പഴയ സമ്പ്രദായത്തിന്നനുസരിച്ചു കച്ചവടാവശ്യാത്ഥം രൂപീകരിക്കപ്പെട്ടിരുന്ന സംഘങ്ങൾ, പുതിയ പരിതഃസ്ഥിതികളിൽ കമ്മക്ഷമങ്ങളായില്ല. വളരെ ആയിരം നാഴിക ദൂരത്തു്, അപരിചിതങ്ങളായ പ്രദേശങ്ങളിൽ, അപരിചിതരായ ജനവിഭാഗങ്ങളുമായി, അപരിചിതമായ പരിതഃസ്ഥിതികളിൽ കച്ചവടം നടത്തുന്നതിന്നു പുതിയ തരത്തിലുള്ള സംഘങ്ങൾ ആവശ്യമായിത്തീൎന്നു. അങ്ങിനെയുള്ള സംഘങ്ങൾ ആവിർഭവിക്കയും ചെയ്തു.

ഒന്നോ രണ്ടോ വ്യക്തികൾക്കു് ഒററക്കു ചെയ്യാൻ സാധിക്കാതിരുന്ന കാര്യം അനേകം വ്യക്തികൾ ഒരു സംഘമായി ചേൎന്നു്, ഒരു ഘടകമെന്ന നിലയിൽ, ഒരേ നിയന്ത്രണത്തിൻ കീഴിൽപ്രവത്തിച്ചുകൊണ്ടു സാധിച്ചു. അമേരിക്ക,ആഫ്രിക്ക,

ആസ്യ എന്നീ പ്രദേശങ്ങളുമായി കച്ചവടം ചെയ്യുന്നതിന്നു അത്രയും വമ്പിച്ച തുകകൾ പിരിച്ചുണ്ടാക്കുന്നതിന്നു്, പതിനാറും പതിനേഴും നൂററാണ്ടുകളിൽ കണ്ടുപിടിക്കപ്പെട്ട മാർഗ്ഗം "കൂട്ടുമുതൽ സംഘങ്ങ"ളായിരുന്നു. ഇരുപത്തഞ്ചു പവൻ വിലക്കുള്ള ഓഹരികൾ എടുത്തുകൊണ്ടാണു് ആദ്യത്തെ കമ്പനി ആരംഭിച്ചതു്. അക്കാലത്തെ അപേക്ഷിച്ചു് ഇതൊരു വലിയ സംഖ്യയാണു്. ഇങ്ങിനെ ഓഹരികൾ വിററിട്ടാണു് കോളനികളുമായി കച്ചവടം ചെയ്യുന്നതിന്നു് വമ്പിച്ച സംഖ്യകൾ സ്വരൂപിച്ചതു്. ഇന്നത്തെ വമ്പിച്ച "കൂട്ടുമുതൽ സംഘങ്ങ"ളുടെ മുൻഗാമികളായിരുന്നു ഈ ചെറുസംഘങ്ങൾ. ഇന്നത്തെപ്പോലെതന്നെ ഈ കമ്പനികളിൽ ആക്കും ഓഹരികൾ എടുക്കാമായിരുന്നു. ഈ അടിസ്ഥാനത്തിൽ കടൽക്കള്ളന്മാരുടെ സംഘങ്ങൾപോലും ആരംഭിക്കുകയുണ്ടായി. സ്പെയിൻകാക്കെതിരായി ആക്രമണം നടത്തുന്നതിന്നു്, "ഡ്രെയിക്ക്" എന്ന നാവികൻ ആരംഭിച്ചിരുന്ന ഇത്തരമൊരു കമ്പനിയിൽ, എലിസബത്തു രാജ്ഞിപോലും ഓഹരികൾ എടുക്കുകയുണ്ടായി. കപ്പലുകൾ കടമായിക്കൊടുത്തു, രാജ്ഞി, താൻ എടുത്ത ഓഹരികളുടെ വില, വകവെച്ചുകൊടുക്കുകയാണത്രെ ചെയ്തിരുന്നതു്. "ഡ്രെയിക്കിൻെറ" ഈ കടൽകൊള്ളയിൽനിന്നും കമ്പനിക്കു കിട്ടിയ ആദായം 4700 ശതമാനമാണു്, രാജ്ഞിക്കു കിട്ടിയ ലാഭം 2,50,000 പവനാണു്.

ഈ കമ്പനിയിൽ രാജ്ഞിയും ഓഹരികൾ എടുത്തിരുന്നു എന്നതു പരസ്യമായ രഹസ്യമായിരുന്നു. ഇംഗ്ലണ്ടിൽ ഒരു ദൂതനെ അയക്കാമെന്നു സമ്മതിച്ചുകൊണ്ടു് സ്പെയിൻ രാജാവുമായി ചെയ്തിരുന്ന കരാറിന്നെതിരായിരുന്നു രാജ്ഞിയുടെ ഈ പ്രവൃത്തി.

പതിനാറും പതിനേഴും നൂററാണ്ടുകളിൽ ആരംഭിക്കപ്പെട്ടിരുന്ന ഈ കമ്പനികളുടെ പേരുകൾ നോക്കിയാൽ തന്നെ, അവ ഏതു പ്രദേശങ്ങളുമായിട്ടാണ് കച്ചവടംചെയ്തിരുന്നതു്, എന്നു മനസ്സിലാക്കാൻ കഴിയും. ഏഴ പൂർവ്വേന്ത്യാ സംഘങ്ങൾ ആരംഭിച്ചു. ബ്രിട്ടീഷുകാരുടെയും ഡച്ചുകാരുടെയും സംഘങ്ങളായിരുന്നു ഇവയിൽ പ്രധാനമായവ. ഹോളണ്ടിലും, സ്വീഡനിലും, ഡെന്മാർക്കിലും രൂപീകരിച്ചിരുന്ന നാലു പശ്ചിമേന്ത്യാ സംഘങ്ങൾ ഉണ്ടായിരുന്നു. ലെവൻറു കമ്പനികളും ആഫ്രിക്കൻ കമ്പനികളും വളരെ പ്രചാരമുള്ളവയായിരുന്നു. ഇംഗ്ലണ്ടിൽ പ്ലിമത്ത് കമ്പനി, വിർജീനിയ കമ്പനി, ഇങ്ങിനെ മററു വ്യാപാരസംഘങ്ങളും രൂപീകരിക്കപ്പെട്ടു.

വളരെ ചിലവ് പിടിക്കുന്നവയും ആപല്ക്കരങ്ങളും ആയ ഈ വ്യാപാരപരിശ്രമങ്ങളിൽ ഏർപ്പെട്ടന്ന സംഘങ്ങൾ, തങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ, അതാതു് ഗവമ്മെണ്ടുകളിൽനിന്നു കഴിയുന്നത്ര അവകാശങ്ങളും ആനുകൂല്യങ്ങളും നേടുവാൻ ശ്രമിച്ചു. അതാതു പ്രദേശത്തു്, വ്യാപാരത്തിൻെറ കുത്തകാവകാശം ലഭിക്കുക എന്നതായിരുന്നു ഈ ആനുകൂല്യങ്ങളിൽ പ്രധാനമായതു്. ഏതെങ്കിലും ഒരു സംഘം വ്യാപാരം നടത്തുന്ന പ്രദേശങ്ങളിൽ, മററു സംഘങ്ങൾ കയറിക്കൂടുന്നതു് തടയുകയായിരുന്നു ഉദ്ദേശം. വ്യാപാരത്തിൻെറ അഭിവൃദ്ധിക്കു് ഈ കച്ചവടസംഘങ്ങളുടെ അക്ഷീണപരിശ്രമം അത്യാവശ്യമായിരുന്നു എന്നു് അക്കാലത്തു വിശ്വസിച്ചിരുന്നു.

ഈ കമ്പനികളിൽ പെടാത്ത, സ്വതന്ത്രരായ വ്യാപാരികൾ, കച്ചവടം കൈവശപ്പെടുത്തുവാൻ കൊണ്ടുപിടിച്ചു ശ്രമിച്ചു. ഈ സംഘങ്ങൾക്കു് കുത്തകാവകാശം കൊടുത്തി

രുന്നില്ലെങ്കിൽ, വ്യാപാരം ഇതിലും വേഗത്തിൽ വികസിക്കു മായിരുന്നു എന്നും ചില ചരിത്രകാരന്മാർ അഭിപ്രായപ്പെ ടുന്നുണ്ട്.

ഓഹരിക്കാർക്ക് ആദായം ഉണ്ടാക്കുന്നതിന്നുവേണ്ടി മാത്രമായിരുന്നു ഈ സംഘങ്ങൾ വ്യാപാരത്തിൽ ഏർപ്പെ ട്ടതു്. ഉല്പാദനം വർദ്ധിപ്പിച്ചു്, വില്പന വിപുലപ്പെടുത്തി യാൽ, ഈ ഉദ്ദേശം സാധിക്കുമെന്നുകണ്ടു്, അവർ അങ്ങിനെ ചെയ്തു. "മററു രാജ്യങ്ങളിലെ കറാമ്പും, ജാതിക്കയും നശി പ്പിക്കുന്നതിന്നു് അതാതു രാജ്യങ്ങളിലെ നാട്ടുരാജാക്കന്മാർക്കു് ഡച്ചുകമ്പനിയുടെ വകയായി 3300 പവൻ പെൻഷൻ കൊടുക്കാറുണ്ടായിരുന്നു. ഒരേ സ്ഥലത്തുതന്നെ ഈ സാധ നങ്ങൾ ഉണ്ടാക്കുവാനുള്ള പരിശ്രമങ്ങൾ കേന്ദ്രീകരിച്ചു് കമ്പനിയുടെ നിയന്ത്രണത്തിൽ ഉല്പാദനം നടത്തി. കച്ചവടം വളർത്തിക്കൊണ്ടു വരുന്നതിൽ കച്ചവടസംഘങ്ങൾക്കുണ്ടാ യിരുന്ന താല്പര്യം, ഏററവും അധികം ലാഭം കിട്ടുവാനുതകുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കുക എന്നതു മാത്രമായിരുന്നു.

ലാഭം വർദ്ധിപ്പിക്കുന്നതിന്നു് വ്യാപാരത്തിൻെറ സ്വാ തന്ത്ര്യമായ വളർച്ചയെ നിയന്ത്രിച്ചുവെങ്കിലും, വ്യാപാരം വള രുകതന്നെ ചെയ്തു. ലാഭം ഉണ്ടാക്കുന്നതിനുള്ള സാദ്ധ്യത കൾ വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്തു. ഈ കാലം വ്യാ പാരത്തിൻെറ സുവർണ്ണയുഗമായിരുന്നു. അപ്പോഴാണു് വമ്പിച്ച മൂലധനങ്ങൾ സ്വരൂപിക്കപ്പെട്ടതു്. പതിനേഴും പതിനെട്ടും നൂററാണ്ടുകളിലെ വ്യവസായാഭിവൃദ്ധിക്കാവ ശ്യമായ മൂലധനം ശേഖരിക്കാൻ ഇങ്ങിനെയാണു് സംഗതി യായതു്.

ചരിത്രപുസ്തകളിൽ ഈ രാജാവിൻേറയോ ആ രാജാ വിൻെറയോ, പരാക്രമങ്ങളെക്കുറിച്ചും അവർ നടത്തിയ

യുദ്ധങ്ങളെക്കുറിച്ചും ആക്രമണങ്ങളെക്കുറിച്ചും പ്രസ്താവിക്കുന്നു. രാജാക്കന്മാരെക്കുറിച്ചുള്ള കഥകൾ എഴുതുന്നതിന്നുപയോഗിച്ചിട്ടുള്ള ഈ ഏട്ടുകൾ, സിംഹാസനത്തിൻെറ പിന്നിൽ, അതിൻെറ പ്രേരകങ്ങളായി പ്രവൎത്തിച്ചിരുന്ന ശക്തികളെക്കുറിച്ച് വൎണ്ണിക്കേണ്ടതായിരുന്നു. രാജാക്കന്മാരുടെ പിന്നിലുണ്ടായിരുന്ന ശക്തികൾ അക്കാലത്തെ കച്ചവടക്കാരും ധനികന്മാരുമായിരുന്നു. ധനസംബന്ധമായി ഇവരുടെ സഹായംകൂടാതെ, രാജാക്കന്മാൎക്ക് ഒന്നും ചെയ്യുവാൻ സാദ്ധ്യമായിരുന്നില്ല. പതിനാറും പതിനേഴും നൂററാണ്ടുകളിൽ തുടൎച്ചയായുണ്ടായിരുന്ന യുദ്ധങ്ങൾക്കു വേണ്ടിവന്ന ചിലവുകൾ കച്ചവടക്കാരും ബേങ്കുടമകളുമായ ധനികന്മാരായിരുന്നു വഹിച്ചിരുന്നതു്.

സ്പെയിനിലെ ചാർത്സ് അഞ്ചാമനോ, ഫ്രാൻസിലെ ഫ്രാൻസിസ് ഒന്നാമനോ, ആരാണു് റോമാസാമ്രാജ്യത്തിൽ ചക്രവൎത്തിയായി അഭിഷേകം ചെയ്യപ്പെടേണ്ടതു് എന്ന പ്രശ്നം തീരുമാനിച്ചതു്, ജേക്കബ് ഫഗ്ഗർ എന്ന ബേങ്കുടമയായിരുന്നു. ചക്രവൎത്തിപദം ലഭിക്കുന്നതിന്നുവേണ്ടിയുള്ള യുദ്ധത്തിൽ ചാർത്സിന്നു 8,50,000 ഫ്ളോറിൻ ചിലവായി. ഈ സംഖ്യയിൽ 5,43,000 ഫ്ളോറിൻ കടം കൊടുത്തതു് മേൽപറഞ്ഞ ഫഗ്ഗർ ആയിരുന്നു. ഈ കടം മടക്കിക്കൊടുക്കാൻ വൈകിയപ്പോൾ ഫഗ്ഗർ ചാർത്സിന്നു് ഒരു കത്തെഴുതി. ഈ എഴുത്തിൽനിന്നും ഫഗ്ഗൎക്കു ചാർത്സിൻെറ പേരിലുണ്ടായിരുന്ന സ്വാധീനം എന്താണെന്നു മനസ്സിലാക്കുവാൻ സാധിക്കും. "തിരുമേനിയുടെ കാൎയ്യസ്ഥന്മാർ എന്നോടു് ഒരു വലിയ സംഖ്യ കടംവാങ്ങിയിട്ടുണ്ടു്; ഈ സംഖ്യയിൽ ഒരു ഭാഗം ഞാൻ മററുള്ളവരിൽനിന്നും കടമായി വാങ്ങിയതാണു്; എൻെറ സഹായംകൂടാതെ, തിരുമേനിക്കു റോമാ

സാമ്രാജ്യം കൈവശപ്പെടുത്തുവാൻ സാധിക്കുമായിരുന്നില്ല. തിരുമേനിയുടെ കാര്യസ്ഥന്മാർ സ്വന്തം കയ്യക്ഷരത്തിൽ എഴുതിത്തന്നിട്ടുള്ള രേഖകളിൽനിന്നും ഈ വസ്തുത വ്യക്തമാകുന്നതാണു്. ഇക്കാര്യത്തിൽ എനിക്കു കിട്ടാവുന്ന ലാഭത്തെക്കുറിച്ചല്ല ഞാൻ ചിന്തിക്കുന്നതു്. ആസ്ത്രിയൻ രാജവംശത്തെ സഹായിക്കാതെ, ഫ്രാൻസിന്നു പിൻബലമായി നില്ക്കുമെങ്കിൽ, എത്രയോ അധികം പണവും സ്വത്തും എനിക്കു തരാമെന്നും വാഗ്ദത്തം ചെയ്തിട്ടുണ്ടായിരുന്നു. ഞാൻ അങ്ങിനെ ചെയ്തിരുന്നുവെങ്കിൽ, തിരുമേനിക്കും ആസ്ത്രിയൻ രാജവംശത്തിന്നും, എന്തൊരാപത്തായിരിക്കുമായിരുന്നു എന്നു തിരുമേനിക്കറിയാമല്ലോ."

ഫഗ്ഗറെപ്പോലുള്ള ധനാഢ്യന്മാരുടെ പങ്കില്ലാതെ പതിനാറാം നൂററാണ്ടിൽ, പ്രധാനപ്പെട്ട യാതൊരു കാര്യവും സംഭവിച്ചില്ല. ഫഗ്ഗരുടെ കുടുംബം നൂലിലും, സുഗന്ധദ്രവ്യങ്ങളിലും, കച്ചവടം നടത്തുന്ന വ്യാപാരികളായിട്ടാണു് രംഗപ്രവേശം ചെയ്തതു്. എന്നാൽ ബേങ്കുടമകളായിട്ടാണു് അവർ ധനികരായിത്തീർന്നതു്. കച്ചവടക്കാൎക്കും രാജാക്കന്മാൎക്കും പണം കടംകൊടുത്തു. ഖനികൾ, വ്യാപാരശാലകൾ പണ്ടാരസ്വത്തുക്കൾ ഇവയിൽനിന്നെല്ലാം അവൎക്കു വരുമാനമുണ്ടാക്കുവാൻ സാധിച്ചു. പലിശ കൊടുക്കാതെ ബാക്കിയാകുമ്പോൾ, ഖനികളും എസ്റ്റേററുകളും, നിലങ്ങളും, അവരുടെ അധീനത്തിൽ വന്നുചേൎന്നു: മാർപ്പാപ്പപോലും ഫഗ്ഗർകുടുംബത്തിന്നു കടപ്പെട്ടിരുന്നു. ജൎമ്മൻ ചക്രവൎത്തി, ഏൻറ്വെപ്പ് പട്ടണം, ഇംഗ്ലണ്ടിലേയും പോർച്ചുഗലിലേയും രാജാക്കന്മാർ, നെതർലാണ്ടിലെ രാജ്ഞി, ഇവരെല്ലാം ഫഗ്ഗർകുടുംബത്തിൻെറ കടക്കാരിൽ പെട്ടിരുന്നു. അക്കാലത്തെ ചരിത്രത്തെ ഇന്ന രാജാവിൻെറ ഭരണകാലം എന്നു

വിളിക്കുന്നതിലും ഭേദം ഫഗ്ഗർകുടുംബത്തിന്റെ ഭരണകാലം എന്നു വിളിക്കുന്നതായിരിക്കും.

അക്കാലത്തെ ഏററവും വലിയ ധനികകുഡുംബം ഫഗ്ഗറുടെതായിരുന്നുവെങ്കിലും, ഏതാണ്ടത്രതന്നെ സമ്പത്തുണ്ടായിരുന്ന മററു കുഡുംബങ്ങളും ഉണ്ടായിരുന്നു.

വ്യാപാരത്തിന്റെയും പണമിടപാടിന്റെയും കേന്ദ്രം ഏൻറവപ്പ് പട്ടണമായിരുന്നു. വ്യാപാരമാർഗ്ഗങ്ങൾ മദ്ധ്യധരണിയാഴിയിൽനിന്നും അത്‌ലാന്തിക്കിലേക്ക് മാറിയപ്പോൾ, ഇററലിയിലെ നഗരങ്ങളുടെ പ്രാധാന്യം അസ്തമിക്കുകയും, ഏൻറവപ്പ് പ്രബലമായിത്തീരുകയും ചെയ്തു. എല്ലാ നിയന്ത്രണങ്ങളിൽനിന്നും ഈ നഗരം സ്വതന്ത്രമായിരുന്നു. മദ്ധ്യകാലത്തു, മററു പട്ടണങ്ങൾ, വിദേശികളെ സ്വന്തം വ്യാപാരങ്ങളിൽനിന്നു അകററിനിത്തുവാൻ ശ്രമിച്ചു. എന്നാൽ ഏൻറവപ്പ് അവരെ സന്തോഷത്തോടെ സ്വാഗതം ചെയ്തു. സാർവ്വദേശീയമായ, സ്വതന്ത്രമായ ഒരു കച്ചവടകേന്ദ്രമായിരുന്നു ഈ പട്ടണം. ആക്കും അവിടെ വ്യാപാരം നടത്താമായിരുന്നു. അവിടെ കച്ചവടക്കാർ, ഏജണ്ടുമാർ, ബേങ്കുടമകൾ, ഇവരെല്ലാം ഒന്നിച്ചുചേന്നു. ആ പട്ടണത്തിലെ കെട്ടിടങ്ങളുടെ ചുമരുകളിൽ "ഏതു രാജ്യത്തെയും ഏതു ഭാഷ സംസാരിക്കുന്നവരുടേയും ഉപയോഗത്തിന്നു" എന്നു് എഴുതിവെച്ചിട്ടുണ്ടായിരുന്നു. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും വന്ന കച്ചവടക്കാർ ഈ ക്ഷണനത്തെ സന്തോഷത്തോടെ സ്വീകരിച്ചു. ഇംഗ്ലീഷുകാരുടെ കച്ചവടകേന്ദ്രം ഏൻറവപ്പായിരുന്നു. കിഴക്കുനിന്നും വന്ന വാസനദ്രവ്യങ്ങൾ കേന്ദ്രീകരിച്ചതു് അവിടെയായിരുന്നു. പോർച്ചുഗീസ്സുകാർ, വെനീസ്സുകാരുടെ വ്യാപാരം തട്ടിയെടുത്തു് ഏൻറവപ്പ് തങ്ങളുടെ കച്ചവടകേന്ദ്രമാ

ക്കിന്നീൎത്തു. അക്കാലത്തു് ഏൻറവെപ്പിൽ, കച്ചവടത്തിന്റെ കാൎയ്യത്തിൽ വളരെ പ്രധാനമായ ഒരു സമ്പ്രദായം സ്വീകരിക്കപ്പെട്ടു. വ്യവസായവും വ്യാപാരവും വളരെയധികം വികസിച്ചുകഴിഞ്ഞു എന്നാണിതു കാണിച്ചതു്. ഗുണനിൎണ്ണയം ചെയ്ത ചരക്കുകളെ മാതൃകകൾ കാണിച്ചു് വില്ക്കുകയെന്ന സമ്പ്രദായം അവിടെയാണു് ആദ്യമായി സ്വീകരിക്കപ്പെട്ടതു്. വില്പാനുള്ള മുഴുവൻ ചരക്കുമായി വാങ്ങുന്നവനെ സമീപിക്കുന്നതിന്നു പകരം, ഇപ്പോഴത്തെപ്പോലെ, ദല്ലാളിമാരിൽക്കൂടിയും കമ്മീഷൻ ഏജണ്ടുമാരിൽക്കൂടിയും ചരക്കുകൾ വില്ക്കുന്ന സമ്പ്രദായം നടപ്പിലായി. സാമ്പിൾ കാണിച്ചുകൊണ്ടു് മുഴുവൻ ചരക്കും വില്ക്കാൻ എളുപ്പമായിത്തീൎന്നു. നിയന്ത്രണങ്ങൾ താല്ക്കാലികമായി മാററിവെച്ചുകൊണ്ടു് സ്വതന്ത്രമായി നടത്തപ്പെട്ടിരുന്ന ചന്തകൾക്കു പകരം എപ്പോഴും സ്വതന്ത്രമായി വ്യാപാരം നടത്താവുന്ന സ്ഥിരം കമ്പോളങ്ങൾ ആവിൎഭവിച്ചു. ചന്തകളുടെ കാലം അസ്തമിച്ചു. പഴയ മാൎക്കററുകൾ പുതിയ വിനിമയസമ്പ്രദായത്തിന്നു വഴി മാറിക്കൊടുത്തു.

ഏൻറവെപ്പ് ഏററവും വലിയ കച്ചവടകേന്ദ്രമായിരുന്നതുകൊണ്ടു് ആ പട്ടണം ബേങ്കിടപാടുകളുടെ ഏററവും വലിയ കേന്ദ്രവുമായിത്തീൎന്നു. അവിടെ ഇററലിക്കാരും ജൎമ്മൻകാരുമായ ബേങ്കുടമകൾ, അവരുടെ കേന്ദ്രങ്ങൾ സ്ഥാപിച്ചു. പണമിടപാടിന്നു ചരക്കുകൾകൊണ്ടുള്ള വ്യാപാരത്തെക്കാൾ പ്രാധാന്യം ലഭിക്കുവാൻ തുടങ്ങി. ഏൻറവെപ്പിൽവെച്ചാണു്, പണമിടപാടിൽ ഉപയോഗിക്കാറുള്ള പല സമ്പ്രദായങ്ങളും ഉപകരണങ്ങളും രൂപമെടുത്തതു്.

ഇററലിയിലെ ഒരു കച്ചവടക്കാരനോടു് ഇംഗ്ലണ്ടിലെ ഒരു കച്ചവടക്കാരൻ ചരക്കുകൾ വാങ്ങുന്നു എന്നു വിചാരി

ക്കുക; ഇററലിക്കാരനായ കച്ചവടക്കാരന്നു മറെറയാൾ ചരക്കുകളുടെ വില കൊടുക്കേണ്ടതെങ്ങിനെയാണ്? ഒന്നുകിൽ ഇംഗ്ലീഷുകാരൻ ഇററാലിക്കാരന്നു്, സ്വർണ്ണമോ വെള്ളിയോ, വിലയായി അയച്ചുകൊടുക്കണം. ഇതു ആപല്ക്കരവും വളരെ ചിലവുപിടിക്കുന്നതും ആയ ഏർപ്പാടാണ്. അതുകൊണ്ട് സ്വർണ്ണം കയററിഅയക്കാതെ കാര്യം നിർവ്വഹിക്കുവാൻ കഴിയുന്ന ഏതെങ്കിലും ഏർപ്പാടു കണ്ടുപിടിക്കേണ്ടതുണ്ടായിരുന്നു. ഇംഗ്ലീഷുകാരൻ ഇററലിക്കാരന്നു്, ഇന്ന തുക കൊടുക്കാനുണ്ടെന്നു കാണിച്ചുകൊണ്ട്, ഒരു പത്രിക എഴുതിക്കൊടുക്കും. മറെറാരു കച്ചവടത്തിൽ, ഇററലിക്കാരനായ മറെറാരു കച്ചവടക്കാരൻ, ഇംഗ്ലീഷുകാരനായ വേറൊരു കച്ചവടക്കാരന്നു്, പണം കൊടുക്കാനുണ്ടാകുമ്പോൾ അയാൾക്കു ഇററലിക്കാരൻ, ഒരു പത്രിക എഴുതിക്കൊടുക്കുന്നു. അപ്പോൾ ഈ രണ്ടു കടപത്രികകൾ അന്യോന്യം കൈമാററം ചെയ്യുവാൻ സഹായിക്കുന്ന ഒരേർപ്പാടുണ്ടായാൽ, സംഗതി വളരെ എളുപ്പമായിരിക്കും. ഇംഗ്ലണ്ടിൽനിന്നു് ഇററലിയിലേക്കോ, ഇററലിയിൽനിന്നു് ഇംഗ്ലണ്ടിലേക്കോ, സ്വർണ്ണം കയററി അയക്കാതെ, കാര്യം നടത്താൻ സാധിക്കും. ഇങ്ങിനെ കടപത്രികകൾ കൈമാറി, വ്യാപാരം നടത്തുന്ന സമ്പ്രദായം അപ്പോൾ നടപ്പിൽ വന്നു.

വളൎന്നുവരുന്ന വ്യാപാരത്തിൻെറ ആവശ്യങ്ങൾ നിർവ്വഹിക്കുവാനുള്ള വിദ്യകൾ പതിനാറാം നൂററാണ്ടിൽ, കച്ചവടക്കാരും ബേങ്കുടമകളും നടപ്പിൽവരുത്തി. മാറിക്കൊണ്ടിരുന്ന പരിതസ്ഥിതികൾക്കനുസരിച്ച് ഈ സൂത്രങ്ങളിൽ ക്രമേണ പരിഷ്കാരങ്ങൾ വരുത്തുകയും ചെയ്തു.

ധനാൎജ്ജനത്തിന്നുള്ള സൌകര്യങ്ങളോടുകൂടി. രാജ്യങ്ങൾ വ്യാപാരത്തിന്നായി തുറന്നുവെച്ചു. വികസിച്ചുവന്ന വ്യാപാരത്തിൽകൂടി, കച്ചവടക്കാരും ബേങ്കുടമകളും ധനാഢ്യന്മാരായിത്തീൎന്നു; എന്നാൽ ഈ സംഗതികൾ വെച്ചു ഫഗ്ഗർമാരുടെ ആ കാലം ചരിത്രത്തിലെ സുവൎണ്ണകാലമായിരുന്നു എന്നു ധരിക്കുന്നുണ്ടെങ്കിൽ അതു വിഡ്ഢിത്തമായിരിക്കും.

IX

## ദരിദ്രൻ, പിച്ചക്കാരൻ, തസ്കരൻ

പതിനാറും പതിനേഴും നൂററാണ്ടുകൾ പിച്ചക്കാരുടേയും കാലമാണ്. 1630 മുതലുള്ള ഏതാനും കൊല്ലങ്ങളിൽ പാരീസ്സിലെ ജനസംഖ്യയിൽ നാലിൽ ഒരു ഭാഗം പിച്ചക്കാരായിരുന്നു. നാട്ടിൻപുറങ്ങളിലായിരുന്നു എരപ്പാളികൾ അധികം. ഇംഗ്ലണ്ടിലും ഹോളണ്ടിലും സ്വിററ്സർലണ്ടിലും എല്ലാം എരപ്പാളികൾ റോഡുകളിലും വീടുകളിലും ചെന്നു ഭിക്ഷയാചിച്ചു. എരപ്പാളികളെ നായാട്ടുവാൻ ധനികരുടെ വകയായി നായാട്ടുസംഘങ്ങൾപോലും ഉണ്ടായിരുന്നുവത്രെ.

ജനങ്ങളിൽ ഒരു ചെറിയ ഭാഗം സമൃദ്ധിയിലും സമ്പത്തിലും പുരോഗതി പ്രാപിച്ചു. ഏററവും വലിയ ഭൂരിപക്ഷമാകട്ടെ കഷ്ടപ്പാടിൽപെട്ടു വലയുവാൻ ഇടയായി. ഈ കഷ്ടതകൾക്ക് അക്കാലത്തെ യുദ്ധങ്ങൾ കാര്യമായ ഒരു കാരണമായിരുന്നു. ഇക്കാലത്തെ മഹായുദ്ധങ്ങൾ വലിച്ചുവെക്കുന്ന കെടുതികൾ നമുക്കറിയാം. എന്നാൽ ആദ്യകാലത്തെ യുദ്ധങ്ങൾകൊണ്ടുണ്ടായ നാശനഷ്ടങ്ങൾ എത്രയോ ഭയങ്കരമായിരുന്നു. 1618 മുതൽ 1648 വരെ ജർമ്മനിയിൽ നടന്നിരുന്ന യുദ്ധങ്ങൾകൊണ്ടു ആകെ ജനസംഖ്യയിൽ മൂന്നിൽ രണ്ടു ഭാഗം ചത്തൊടുങ്ങി. ശേഷിച്ചിരുന്നവരുടെ നില വളരെ ദയനീയമായിത്തീൎന്നു, രണ്ടു കൊല്ലങ്ങൾക്കിടയിൽ ഒരേ

ഗ്രാമംതന്നെ ഇരുപത്തെട്ടുപ്രാവശ്യം കൊള്ളയടിക്കപ്പെട്ടതായി രേഖപ്പെട്ടുത്തിയിരിക്കുന്നു. ചില ഗ്രാമങ്ങൾ വിജനങ്ങളായി ചെന്നായ്ക്കളുടെ കേളീരംഗമായിക്കഴിഞ്ഞിരുന്നു. ആകെ നിലത്തിൽ മൂന്നിലൊരു ഭാഗം കൃഷിചെയ്യപ്പെടാതെ കാടായിത്തീൎന്നു.

ഇംഗ്ലണ്ടിലേയും ഫ്രാൻസിലേയും ഹോളണ്ടിലേയും കച്ചവടക്കാർ വമ്പിച്ച സമ്പാദ്യങ്ങൾ ഉണ്ടാക്കി. അതേ അവസരത്തിൽ സ്പെയിൻകാർ തങ്ങളുടെ സമ്പാദ്യം വൎദ്ധിപ്പിക്കുവാൻ ഒരെളുപ്പവിദ്യ കണ്ടുപിടിച്ചു. കിഴക്കൻ പ്രദേശങ്ങളിലെ കച്ചവടം കൈവശപ്പെടുത്തുന്നതിന്നു് ആ ദിക്കിലേക്കു് ഒരു പുതിയ മാൎഗ്ഗം കണ്ടുപിടിക്കുവാൻ അവർ പരിശ്രമിച്ചു. ഈ പരിശ്രമത്തിന്നിടയിൽ വടക്കെ അമേരിക്കയും തെക്കെ അമേരിക്കയും കണ്ടുപിടിക്കുന്നതിന്നിടയായി. മെക്സിക്കോവിലും, പെറുവിലും സ്വൎണ്ണവും വെള്ളിയും ധാരാളമായി കുഴിച്ചെടുക്കാവുന്ന ഖനികളുണ്ടായിരുന്നു. അമേരിക്കയിൽനിന്നു സ്പെയിനിന്റെ കപ്പലുകളിൽ ചരക്കുകളായിരുന്നില്ല; സ്വൎണ്ണവും വെള്ളിയുമായിരുന്നു കയററിക്കൊണ്ടുപോയിരുന്നതു്. സേക്സണിയിലും ആസ്റ്റ്രിയയിലും ഉണ്ടായിരുന്ന ഖനികളിൽനിന്നു ധാരാളം വെള്ളി കുഴിച്ചെടുക്കപ്പെട്ടു. എന്നാൽ അമേരിക്കയിൽനിന്നു്, സ്പെയിനിലേക്കു കയററിക്കൊണ്ടുവന്ന സ്വൎണ്ണവും വെള്ളിയും ഇങ്ങിനെ കുഴിച്ചെടുത്തു കിട്ടിയതിനേക്കാൾ എത്രയോ മടങ്ങധികംവന്നു. 1545 മുതൽ 1600 വരെയുള്ള കാലത്തു് അമേരിക്കൻ ഖനികളിൽനിന്നു കൊല്ലത്തിൽ 20,00,000 പവൻ വിലക്കുള്ള സ്വൎണ്ണവും വെള്ളിയും സ്പെയിനിലേക്കു കൊണ്ടുവന്നു. ഒരു ഖനിയിൽനിന്നും ലോഹം എടുത്തുകഴിഞ്ഞാൽ മറെറാരു ഖനി കണ്ടുപിടിക്കുകയായി. 1500 മുതൽ 1520 വരെ സ്പെ

യിനിലെ നാണയശാലകളിൽ 45000 കിലോഗ്രാം വെള്ളി മാത്രമേ നാണയമായടിച്ചിറക്കിയിരുന്നുള്ളു. എന്നാൽ 1545 മുതൽ 1560 വരെ 270000 കിലോഗ്രാമായി ഇതു വദ്ധിച്ചു. 1580 മതൽ 1600 വരെയുള്ള കാലത്താകട്ടെ ഇതു 340000 കിലോഗ്രാമായിത്തീരുകയും ചെയ്തു. ഇതു 1520-ൽ ഉണ്ടായി രുന്നതിൻെറ എട്ടിരട്ടിയാണു്.

സ്പെയിനിലേക്കു കൊണ്ടുവന്ന ഈ വെള്ളി മുഴവൻ സ്പെയിനിൽതന്നെ നിന്നില്ല; യൂറോപ്പിൽ എല്ലാ രാജ്യങ്ങ ളിലും പരന്നു. സ്പെയിനിലെ രാജാക്കന്മാർ തുടച്ചയായി യുദ്ധങ്ങളിൽ ഏപ്പെട്ടു. പട്ടാളക്കാക്കു ശമ്പളമായും സാധ നങ്ങളുടെ വിലയായും വെള്ളിയാണു് കൊടുത്തതു്. സ്പെ യിൻകാർ വില്ക്കുകയായിരുന്നതിലും അധികം സാധന ങ്ങൾ വാങ്ങേണ്ടതായിവന്നു; സ്പെയിൻകാക്കു ചരക്കുകൾ വിററിരുന്ന രാജ്യങ്ങളിലേക്കു സ്പെയിനിൽനിന്നു വെള്ളി ധാരാളമായി ഒഴുകിപ്പോയി.

ഇത്രയും വമ്പിച്ച തോതിൽ യൂറോപ്പിൽ വെള്ളി തടി ച്ചുകൂടിയതിൻെറ ഫലമായി സാധനങ്ങളുടെ വില ക്രമാ തീതമായി വദ്ധിച്ചു. എല്ലാം സാധനങ്ങളുടെയും വില എത്രയോ ഇരട്ടി വദ്ധിച്ചു. ഇക്കഴിഞ്ഞ ആയിരം കൊല്ലത്തെ ചരിത്രത്തിൽ, അത്ര വമ്പിച്ച വിലക്കയററം മൂന്നോ, നാലോ സന്ദർഭങ്ങളിൽ മാത്രമേ സംഭവിച്ചിട്ടുള്ളു.

നാണയത്തിൽ അടങ്ങിയിരിക്കുന്ന ലോഹത്തിൻെറ കറവിന്നനുസരിച്ചു് നാണയത്തിൻെറ വില എങ്ങിനെ കുറ യുന്നു എന്നും സാധനങ്ങളുടെ വില എങ്ങിനെ വദ്ധിക്കുന്നു എന്നും നാം കണ്ടുകഴിഞ്ഞു. പ്രചാരത്തിലിരിക്കുന്ന നാണ യത്തിൻെറ തുക വദ്ധിച്ചാലും ഇതേ ഫലംതന്നെയാണുണ്ടാ കുന്നതു്. ജനങ്ങൾക്കാവശ്യമുള്ള മററു സാധനങ്ങൾപോലെ

യാണ് പണവും, പണപ്പെരുപ്പം പല വിഷമതകളും ഉണ്ടാക്കും. വായു സുലഭമായിരിക്കുന്നതുകൊണ്ട് അതിന്നു വില കല്പിക്കപ്പെട്ടുന്നില്ല. വെള്ളം വാങ്ങുകയും വില്ക്കുകയും ചെയ്യുക എന്ന നിലയെക്കുറിച്ചു നാം ചിന്തിക്കുന്നില്ല. എന്നാൽ വരണ്ട പ്രദേശങ്ങളിലും മരുഭൂമികളിലും വെള്ളം വില്ക്കപ്പെടുന്നു. കാരണം ആവശ്യത്തിന്നു മാത്രം അവിടങ്ങളിൽ വെള്ളം സുലഭമല്ല. ചരക്കുകൊടുത്തു ചരക്കുവാങ്ങുന്ന സമ്പ്രദായം നിലവിലുണ്ടായിരുന്നപ്പോൾ, മുന്തിരിങ്ങ അധികമായും ഗോതമ്പ് കുറഞ്ഞ തോതിലും ഉണ്ടായാൽ ഒരിടങ്ങഴി ഗോതമ്പു കിട്ടുവാൻ പണ്ടു കൊടുത്തതിലും അധികം വീണ്ടു കൊടുക്കേണ്ടിവരുമെന്നതു് വ്യക്തമാണ്. പണത്തെ സംബന്ധിച്ചും ഇതുതന്നെയാണ് സ്ഥിതി. പണത്തിൻെറ തുക വദ്ധിക്കുകയാണെങ്കിൽ പണവുമായി വിനിമയംചെയ്യുന്ന ചരക്കുകളുടെ പഞ്ഞത്തിന്നനുസരിച്ച്, പണത്തിൻെറ വിലയിടിയുന്നു. അതായതു്, സാധനങ്ങളുടെ വില വദ്ധിക്കുന്നു. പണത്തിൻെറ വിലയിടിവ് സാധനങ്ങളുടെ വിലക്കേററത്തിൽ ചെന്നവസാനിക്കുന്നു. പണത്തിൻെറ വിലവദ്ധനവു് സാധനങ്ങളുടെ വിലയിടിവിന്നു കാരണമാക്കിത്തീക്കുന്നു. പ്രചാരത്തിലിരിക്കുന്ന നാണയത്തിൻെറ ഏററക്കുറച്ചിലിന്നനുസരിച്ചാണ് ഈ മാററം സംഭവിക്കുന്നതു്.

യൂറോപ്പിൽ സ്വൎണ്ണവും വെള്ളിയും വദ്ധിച്ചപ്പോൾ സാധനങ്ങളുടെ വില ക്രമാതീതമായി വദ്ധിച്ചു.

അമേരിക്കയിൽനിന്നു സ്വൎണ്ണവും വെള്ളിയും ആദ്യമായി വന്നതു സ്പെയിനിലേക്കാണ്. അവിടെയാണ് വിലക്കേററം ആദ്യമായുണ്ടായതു്. അമേരിക്കയിൽനിന്നും വന്ന വെള്ളി, യൂറോപ്പിലെ മററു രാജ്യങ്ങളിലേക്കു വ്യാപിച്ചു

പ്പോൾ ആ രാജ്യങ്ങളിലും സാധനങ്ങൾക്കു വിലകയറി. സാധാരണക്കാരന്നു് ഈ വിലക്കയറ്റത്തിൻെറ കാരണം മനസ്സിലായില്ല. ഈ വിലക്കേറ്റം സാർവ്വദേശീയമാണു്, പ്രാദേശികമല്ല എന്നു മനസ്സിലാക്കുവാൻ സാധാരണക്കാരന്നു കഴിഞ്ഞില്ല. അയാൾ കച്ചവടക്കാരുടെ പിടിച്ചുപറിയെക്കുറിച്ചാവലാതിപ്പെട്ടു; കൃഷിക്കാരിൽനിന്നു പാട്ടം അധികമായി പ്രഭുക്കൾ വാങ്ങിയതുകൊണ്ടാണു് സാധനങ്ങൾക്കു വിലകയറിയതെന്നു ചിലർ വാദിച്ചു. സാധനങ്ങൾക്കു് വില കയറിയതുകൊണ്ടാണു് പാട്ടം വർദ്ധിച്ചതെന്നു മററു ചിലരും വാദിച്ചു.

സാമ്പത്തികമായുണ്ടാകുന്ന ഈ പരിവർത്തനങ്ങളെ മനസ്സിലാക്കിയിരുന്ന ചിന്തകന്മാരും അപ്പോൾ ഉണ്ടായിരുന്നു. 16-ാംനൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ ബോഡിൻ ഇങ്ങിനെ എഴുതി: "നാം കാണുന്ന ഈ വിലക്കേററം മൂന്നു കാരണങ്ങളെക്കൊണ്ടുണ്ടായതാണെന്നു ഞാൻ വിചാരിക്കുന്നു. ഇവയിൽ ഏററവും പ്രധാനമായതു് സ്വർണ്ണവും വെള്ളിയും അധികരിച്ചതാണു്." ബോഡിൻ മനസ്സിലാക്കിയ ഈ തത്വം മററുള്ളവരുടെ ശ്രദ്ധയിലും പെടാൻ തുടങ്ങി.

പതിനാറും പതിനേഴും നൂററാണ്ടുകളിൽ തർക്കവിഷയമായിരുന്ന ഈ തത്വം പതിനെട്ടാം നൂററാണ്ടിൽ എല്ലാവർക്കും വ്യക്തമായി മനസ്സിലായി. ഒരു ചിന്തകൻ എഴുതി: "സ്വർണ്ണവും വെള്ളിയും കുഴിച്ചെടുക്കുന്നതിന്നു പുതിയ ഖനികൾ കണ്ടുപിടിക്കുകയും, ഈ ഖനികളിൽനിന്നു ലോഹം ധാരാളമായി എടുക്കുകയും ചെയ്യുമ്പോൾ, അങ്ങിനെയുണ്ടാകുന്ന ലോഹം നാണയങ്ങളായി അടിച്ചിറക്കുവാൻ സംഗതിയാകുന്നു. നാണയപ്പെരുപ്പം ചരക്കുകളുടെ വില കയറുവാൻ ഇടയാക്കുന്നു. അമേരിക്കയിൽനിന്നു യൂറോപ്പിലേക്കു്

കഴിഞ്ഞ രണ്ടു നൂററാണ്ടുകളിലായി കൊണ്ടുവന്ന സ്വൎണ്ണവും വെള്ളിയും ഈ സംഗതി നല്ലപോലെ വ്യക്തമാക്കുന്നു." ഈ വിലക്കേററംകൊണ്ടുണ്ടാകുന്ന ഫലങ്ങൾ എന്തെല്ലാം? ഇതു കൊണ്ടു് ആൎക്കെല്ലാം നേട്ടങ്ങൾ ഉണ്ടാകുന്നു? ആരെല്ലാം ബുദ്ധിമുട്ടേണ്ടിവരുന്നു? ലാഭം കിട്ടുന്നതു കച്ചവടക്കാൎക്കാണു്. ചിലവുകൾ വൎദ്ധിക്കുന്നുണ്ടെങ്കിലും അധിക സംഖ്യക്കു അവർ കച്ചവടം ചെയ്യുന്നു. ചരക്കുകൾ വാങ്ങുവാൻ അധികം വില കൊടുക്കുന്നുണ്ടെങ്കിലും, തോതിലധികം വില കയററിയാണു് കച്ചവടക്കാരൻ ചരക്കുകൾ വില്ക്കുന്നതു്. ഉല്പാദനത്തിന്റെ ചിലവിൽ മാററംവരാതെ അധികം വിലക്കു വില്ക്കാൻ കഴിയുന്ന ചരക്കുകൾ ഉണ്ടാക്കുന്നവൎക്കു വലിയ ലാഭം കിട്ടി. പഴയ തോതിലുള്ള പാട്ടത്തിന്മേൽ അധികകാലത്തേക്കു നിലവും പറമ്പും ചാൎത്തിവാങ്ങിയിരുന്നവൎക്കു് ഈ മാററം ആദായകരമായിരുന്നു. അവരുണ്ടാക്കുന്ന സാധനങ്ങൾ അധികരിച്ച വിലക്കു വില്ക്കുവാൻ അവൎക്കു സാധിച്ചു.

തിട്ടപ്പെട്ടത്തിയ വരുമാനമുള്ളവൎക്കു കാൎയ്യങ്ങൾ നടത്തുന്നതു് വിഷമമായിത്തീൎന്നു. വരവു മുമ്പേത്തെപ്പോലെതന്നെ ആയിരുന്നു; ചിലവു വൎദ്ധിച്ചു. മാത്രമല്ല ആ കാലം ദേശീയാടിസ്ഥാനത്തിൽ, ഭരണകൂടത്തിൽ വമ്പിച്ച മാററം സംഭവിച്ചുകൊണ്ടിരിക്കുകയായിരുന്ന ഒരവസരവുമായിരുന്നു. ഗവൎമ്മേണ്ടിന്റെ ധനകാൎയ്യങ്ങൾ പഴയമട്ടിൽതന്നെ നിന്നു; പുതിയ പരിതഃസ്ഥിതികൾക്കനുസരിച്ചു മാററം വരുന്നതിനു കാലതാമസം നേരിട്ടു. അതുകൊണ്ടു് ഈ വിലക്കേററം പലവിധത്തിലുള്ള ബുദ്ധിമുട്ടുകൾക്കും വഴിവെച്ചു.

പണസംബന്ധമായ വിഷമതകൾകൊണ്ടു് രാജാക്കന്മാർ പണക്കാരെ കൂടുതൽ ആശ്രയിക്കേണ്ടിവന്നു. ഈ സന്ദൎഭം ഉപയോഗിച്ചു മദ്ധ്യവൎഗ്ഗക്കാർ രാജാക്കന്മാരിൽ

നിന്നു പല ആനുകൂല്യങ്ങളും വെച്ചുവാങ്ങി. അങ്ങിനെ ഈ വിലക്കേറം മദ്ധ്യവർഗ്ഗക്കാരുടെ സ്വാധീനം വർദ്ധിപ്പിക്കുവാൻ സഹായിച്ചു.

കൂലിപ്പണിക്കാരാണ് ഏററവും വിഷമിച്ചതു്. വിലക്കയററമുള്ളപ്പോൾ കൂലിക്കയററവും സംഭവിക്കാറുണ്ട്; അതുകൊണ്ട് രണ്ടും തമ്മിൽ പൊരുത്തമുണ്ടാകുമെന്ന് ഒരു നോട്ടത്തിൽ തോന്നാൻ ഇടയുണ്ട്. എന്നാൽ സാധനങ്ങളുടെ വില വർദ്ധിക്കുന്നതിന്നനുസരിച്ച് ഒരിക്കലും കൂലി വർദ്ധിച്ചു കിട്ടാറില്ല. അല്പമെങ്കിലുമുള്ള വർദ്ധനവാകട്ടെ പ്രവൃത്തിക്കാർ സമരം ചെയ്തു നേടേണ്ടതായും വരുന്നു. സാധനങ്ങളുടെ വിലക്കേറമാകട്ടെ കമ്പോളത്തിലുണ്ടാകുന്ന മാററങ്ങൾക്കനുസരിച്ച്, സ്വയമേവ സംഭവിക്കുകയുമാണ്. ഈ വിഷമതകൾ വേലക്കാരനെ വളരെ കഷ്ടപ്പെടുത്തി.

വേലക്കാൎക്ക് മൂന്നു മാർഗ്ഗങ്ങൾമാത്രമേ സ്വീകരിക്കുവാനുണ്ടായുള്ളു. "ഒന്നുകിൽ പട്ടിണികിടന്നു മരിക്കുക; അല്ലെങ്കിൽ കൂലിക്കേറത്തിന്നുവേണ്ടി പൊരുതുക; അതുമല്ലെങ്കിൽ പിച്ചക്കാരനായി ഇരന്നു നടക്കുക." ഇതുമൂന്നും അപ്പോൾ സംഭവിക്കുകയുംചെയ്തു.

നിലത്തിൽനിന്നുമുള്ള വരുമാനത്തെ ആശ്രയിക്കുന്നവൎക്കും ഈ വിലക്കേറം ദ്രോഹകരമായിത്തീൎന്നു. മാമൂലിന്നനുസരിച്ച് അവകാശങ്ങൾ പണമായി കൊടുത്തിരുന്നതു് ആദ്യം പ്രഭുക്കൾക്ക് ആദായകരമായിരുന്നു. എന്നാൽ സാധനങ്ങളുടെ വില വർദ്ധിച്ചപ്പോൾ അവർ വിഷമത്തിലായി. പ്രഭുക്കൾ ഇതിന്നൊരു പരിഹാരം കണ്ടുപിടിച്ചു. "ഒന്നുകിൽ നിലം കൃഷിക്കാരിൽനിന്നു ബലാൽ പിടിച്ചെടുക്കുക; അല്ലെങ്കിൽ അമിതപാട്ടം പിരിക്കുക."

യൂറോപ്പിൽ മുഴുവൻ, പ്രഭുക്കൾ ഇങ്ങിനെ നിലങ്ങൾ പിടിച്ചടക്കി. "മേനർ" വ്യവസ്ഥയിൻകീഴിൽ കൃഷിയിൽ ശാസ്ത്രീയമായ പരിഷ്കാരം വരുത്താൻ സാദ്ധ്യമല്ലെന്നു നമുക്കറിയാം. കൃഷിക്കാരൻ തന്റെ നിലത്തു് വല്ല പരിഷ്കാരവും വരുത്തുന്നതിന്നു്, അയാളുടെ നിലത്തിന്നടുത്തു കൃഷി ചെയ്യുന്ന മറ്റൊരാളുടെ ഇഷ്ടാനിഷ്ടങ്ങളെ കാത്തുനില്ക്കണം. ബുദ്ധിശൂന്യരായ ഏതാനും കൃഷിക്കാർ വിചാരിച്ചാൽ, ഗ്രാമം മുഴുവൻ അഭിവൃദ്ധിപ്പെടാതെ നിർത്തുവാൻ സാദ്ധ്യമായിരുന്നു. അതുകൊണ്ടു ചിലേടങ്ങളിൽ കൃഷിക്കാർ തമ്മിൽ തങ്ങളുടെ നിലങ്ങൾ കൈമാറി, അതാതിടത്തു് ഒരു ശേഖരമായി കൃഷിനിലങ്ങൾ സ്വരൂപിക്കുവാൻ ശ്രമിച്ചു. സമർത്ഥന്മാരായ ചില കൃഷിക്കാർക്കു സ്വന്തം നിലം മുഴുവൻ ഒരേസ്ഥലത്തു ഇങ്ങിനെ സ്വരൂപിക്കുവാൻ കഴിഞ്ഞു. നിലം ഒരേസ്ഥലത്തുതന്നെ ഒരേ ശേഖരമാക്കി നിർത്തുവാൻ കഴിഞ്ഞാൽ അതിന്നു ചുററും വേലികെട്ടി നിർത്തുവാൻ എളുപ്പമാകും. നിലങ്ങൾ ഇങ്ങിനെ വേലികെട്ടിനിർത്തുവാൻ സാധിച്ചാൽ കൃഷിയെസംബന്ധിച്ചിടത്തോളം ചില പരിഷ്കാരങ്ങൾ വരുത്തുവാനും എളുപ്പമാകും. അതുകൊണ്ടു് ഈ പരിശ്രമം ജനങ്ങളുടെ ഉത്തമതാല്പര്യങ്ങൾക്കനുസരിച്ചുള്ളതായിരുന്നു. സാധുകൃഷിക്കാരന്നും ജന്മിക്കും ഇതുകൊണ്ടു ചില നേട്ടങ്ങൾ ലഭിക്കുകയും ചെയ്തു.

ജനങ്ങളെ ദ്രോഹിച്ചുകൊണ്ടു് നിലം വളച്ചുകെട്ടുന്ന ഒരേർപ്പാടും ഇതേകാലത്തു നടപ്പിൽവന്നു. കൃഷിയിൽ പരിഷ്കാരം വരുത്തുവാനല്ല ഇങ്ങിനെ ചെയ്തതു്. ആടിനെ വളർത്തി രോമം ഉണ്ടാക്കുകയായിരുന്നു ഈ പരിശ്രമത്തിന്റെ ഉദ്ദേശം. രോമത്തിന്നു വില വർദ്ധിച്ചപ്പോൾ, ആടിനെ വളർത്തി രോമം ഉണ്ടാക്കുന്നതു കൃഷിയേക്കാൾ വളരെ

ആദായകരമായിത്തീൎന്നു. പ്രഭുക്കൾ ഈ തഞ്ചം മനസ്സിലാക്കി, കൃഷിക്കാരിൽനിന്നും നിലങ്ങൾ പിടിച്ചടക്കി, മേച്ചിൽസ്ഥലങ്ങളായി വേലികെട്ടിനിൎത്തി. പ്രഭുവിൻെറ വരുമാനം വൎദ്ധിച്ചു. കൃഷിക്കാരാകട്ടെ ജോലിയും ജീവിതമാൎഗ്ഗവുമില്ലാതെ നരകിച്ചു. ആട്ടമേയ്ക്കുന്നതിന്നു വളരെ കുറച്ചു കൂലിക്കാർമാത്രമേ ആവശ്യമായിരുന്നുള്ളു. മേച്ചിൽ സ്ഥലങ്ങളുടെ വിസ്താരം വൎദ്ധിപ്പിക്കുവാൻ അധികമധികം കൃഷിക്കാരെ നിലത്തുനിന്നും ബലാൽ ഒഴിപ്പിച്ചു.

പൊതുവുപയോഗത്തിന്നു നീക്കിവെച്ചിരുന്ന മേച്ചിൽ സ്ഥലങ്ങളും പ്രഭുക്കൾ കയ്യടക്കിവെച്ചു. കൃഷിക്കാരന്നു കാലികളെ മേയ്ക്കാൻ സ്ഥലമില്ലാതായി. കൃഷിക്കാൎക്കു പൊതുനിലങ്ങളിന്മേലും പാട്ടത്തിന്നേറുവാങ്ങിയ നിലങ്ങളിന്മേലും ഉണ്ടായിരുന്ന അവകാശങ്ങൾ സ്ഥാപിക്കുവാൻ മാൎഗ്ഗമുണ്ടായിരുന്നില്ല. കോടതിയിൽ അന്യായം ബോധിപ്പിച്ചാൽ പ്രഭുവിന്നനുകൂലമായി മാത്രമേ വിധി ലഭിച്ചുള്ളു.

ഇങ്ങിനെ പിടിച്ചടക്കിയ നിലങ്ങൾ ആട്ടുകളെ മേയ്ക്കുന്നതിന്നു മാത്രമല്ല ഉപയോഗിച്ചതു്. കൃഷിനിലങ്ങൾ ഒരു ശേഖരമാക്കി വലിയ എസ്റ്റേററുകളാക്കി കൃഷിചെയ്യുന്നതു് ആദായകരമാണെന്നു പ്രഭുക്കൾ മനസ്സിലാക്കി. അതുകൊണ്ടു് കൃഷിക്കാരുടെ നിലങ്ങൾ പിടിച്ചെടുത്തു വലിയ എസ്റ്റേററുകളാക്കുവാനും പ്രഭുക്കൾ കൊണ്ടുപിടിച്ചു ശ്രമിച്ചു. നിലങ്ങൾ കൃഷിക്കാരിൽനിന്നു തട്ടിയെടുക്കുന്ന ഈ സമ്പ്രദായം കൊണ്ടു് കൃഷിക്കാർ ജീവിതത്തിന്നു മാൎഗ്ഗമില്ലാതെ കഷ്ടപ്പെടേണ്ടിവന്നു.

അമിതപാട്ടം പിഴിഞ്ഞെടുക്കുകയെന്നതും പ്രഭുക്കൾ സാധാരണയായി സ്വീകരിച്ചിരുന്ന അടവായിരുന്നു. ആദ്യകാലത്തു മാമൂലിന്നു നിയമത്തിൻെറ ശക്തിയുണ്ടായിരുന്നു.

സാധനങ്ങളുടെ വില വൎദ്ധിച്ചപ്പോൾ മാമൂലിനെ വകവെക്കാതെ, പ്രഭു പാട്ടം വൎദ്ധിപ്പിച്ചു. മാമൂലിൻെറ തണലിൽ രക്ഷപ്പെടുവാൻ കൃഷിക്കാരന്നു സാധിച്ചില്ല. ചാൎത്തിൻെറ കാലം കഴിഞ്ഞു പൊളിച്ചെഴുത്തു നടക്കുമ്പോൾ പഴയ പാട്ടം തന്നെ നിശ്ചയിക്കുന്നതിന്നു പകരം, പ്രഭു അതു വലിയ തോതിൽ വൎദ്ധിപ്പിച്ചു. കുടിയാൻ നിലം ഒഴിഞ്ഞുകൊടുക്കാൻപോലും തയ്യാറായി. ചാൎത്തുകാരധികവും രേഖാമൂലമുള്ള അവകാശങ്ങളില്ലാതെ, പ്രഭുവിൻെറ കണക്കുപുസ്തകങ്ങളിൽ മാത്രം പേരു ചേൎത്തുകൊണ്ടുള്ള കുടിയാന്മാരായിരുന്നു. അതു വാസ്തവത്തിൽ വാക്കാൽചാൎത്തു മാത്രമായിരുന്നു. അതുകൊണ്ടു് പ്രഭുവിന്നു തോന്നുന്ന നിബന്ധനകൾ കുടിയാൻെറ പേരിൽ ചുമത്തുവാൻ എളുപ്പമായി. കുടിയാൻ ഈ നിബന്ധനകൾക്കു വഴങ്ങുകയോ, നിലം ഒഴിഞ്ഞുപോകുകയോ ചെയ്യേണ്ടിവന്നു, കുടിയാനെ ഒഴിപ്പിക്കുവാൻ അങ്ങിനെ പ്രഭുവിന്നു് എല്ലാ സൌകൎയ്യങ്ങളും ഉണ്ടായി. ഏതെങ്കിലും ഒരു വാക്കാൽചാൎത്തുകാരൻ മരിച്ചാൽ അയാളുടെ അവകാശിയോടു് അധികം മാനുഷത്തിന്നും പാട്ടത്തിന്നും പ്രഭു ആവശ്യപ്പെട്ടു. അപ്പോൾ മരിച്ച ആളുടെ അവകാശി നിലം ഒഴിഞ്ഞുകൊടുക്കാനാണു് തയ്യാറായതു്.

പണക്കൊതിയന്മാരായ പ്രഭുക്കന്മാർ കൃഷിക്കാരുടെ നിലം പിടിച്ചെടുക്കുകയും അവരെ ദ്രോഹിക്കുകയും ചെയ്തതിനെതിരായി ചിന്തകന്മാർ ലേഖനങ്ങൾ എഴുതി. നിലമൊഴിപ്പിച്ചും കുടിയിറക്കിയും തെരുവു തെണ്ടേണ്ടിവന്ന ജനങ്ങളുടെ സംഖ്യ വൎദ്ധിച്ചു. ഒഴിപ്പിക്കലിന്നെതിരായി ഗവൎമ്മേണ്ടു് നിയമം പാസ്സാക്കുവാൻപോലും നിൎബ്ബന്ധിതമായി. ഗ്രാമങ്ങളിൽനിന്നു ജനങ്ങൾ എരപ്പാളികളായി നാടുവിട്ടു പോകുന്നതിനെ തടയുവാൻ പല പരിശ്രമങ്ങളും

നടന്നു. ഗ്രാമങ്ങൾ വിജനപ്രദേശങ്ങളായിപ്പോകുന്നതു് രാജ്യത്തിന്നാപത്തായിരുന്നു; രാജാവിൻെറ താല്പയ്യത്തിന്നു ഹാനികരമായിരുന്നു. ചെറുതരം കൃഷിക്കാരുടെ ഇടയിൽ നിന്നാണു് രാജാവു് പട്ടാളത്തിൽ ആളുകളെ ചേത്തിരുന്നതു്. മാത്രമല്ല, ഈ കൃഷിക്കാർ രാജാവിന്നു കൃത്യമായി നികുതി കൊടുക്കുന്നവരുമായിരുന്നു. പിച്ചക്കാരുടെ സംഖ്യ വദ്ധിക്കുന്നതു് രാജ്യത്തു് അനിഷ്ടസംഭവങ്ങൾ ഉണ്ടാക്കുവാൻ സംഗതിയാക്കി.

ഇങ്ങിനെ ഒഴിപ്പിക്കലിനെതിരായി നിയമങ്ങൾ പാസ്സാക്കിയെങ്കിലും ആ നിയമങ്ങൾ അനുസരിക്കപ്പെട്ടില്ല. ചില ഗുണങ്ങളെല്ലാം ഈ നിയമങ്ങൾകൊണ്ടുണ്ടായെങ്കിലും പ്രഭുതന്നെ ന്യായാധിപനുമായിരുന്ന സംഗതികളിൽ ഈ നിയമങ്ങൾകൊണ്ടു ഫലമുണ്ടായില്ല. ഈ ഒഴിപ്പിക്കലിനെതിരായി കൃഷിക്കാർ ഇളകി. കൃഷിക്കാർ വാസ്തവത്തിൽ, രാജാവു് പാസ്സാക്കിയ നിയമങ്ങൾ നടപ്പിൽവരുത്താനാണു് സമരംചെയ്തതു്. നിയമം ലംഘിച്ചതു പ്രഭുക്കളായിരുന്നു. എന്നാൽ കൃഷിക്കാരുടെ ഈ സമരങ്ങൾ അടിച്ചമത്തുകയാണു് ചെയ്തതു്. ഈ ലഹളകൾ ചോരയിൽമുക്കി, മത്തിച്ചൊതുക്കുകതന്നെ ചെയ്തു.

നിലമൊഴിപ്പിക്കൽകൊണ്ടു ജനങ്ങൾ വളരെ കഷ്ടപ്പെട്ടു. എന്നാൽ കൃഷിയെ പരിഷ്കരിക്കുവാൻ ഇതു സഹായകരമായിത്തീന്നു. മുതലാളിത്തപരമായ വ്യവസായം വളന്നുവന്നപ്പോൾ തൊഴിലാളികളെ ലഭിക്കുവാൻ, ഇതു വളരെ സഹായിച്ചു. നിലമില്ലാതെ, നിസ്സഹായരായിത്തീന്ന കൃഷിക്കാർ തൊഴിലാളികളായി തൊഴിൽശാലയിൽ പ്രവൃത്തിയെടുക്കുവാൻ തയ്യാറായി.

## X

# തൊഴിൽശാല

മാററമൊന്നും സംഭവിക്കാത്ത ഒരു ചെറിയ മാക്കററിൽ വിററഴിക്കുവാൻ ചരക്കുകൾ ഉല്പാദിപ്പിക്കുന്നതു് അത്ര കുഴഞ്ഞുമറിഞ്ഞ ഒരേപ്പാടല്ല. ഉല്പാദകൻ അയാളുടെ അടവുകാരന്നാവശ്യമായ ചരക്കുകൾ ഉണ്ടാക്കും. അടവുകാരൻ ഉല്പാദകൻെറ അട്ടത്തുപോയി ചരക്കുകൾ വാങ്ങുകയും ചെയ്യും. രാജ്യം മുഴുവനും, രാജ്യത്തിന്നു പുറമെയും വ്യാപിച്ചുനില്ക്കുന്ന മാക്കററുകളിൽ വിററഴിക്കുവാൻവേണ്ടി ചരക്കുകൾ ഉല്പാദിപ്പിക്കുന്നതു് അങ്ങിനെയല്ല. ഗിൽഡുസമ്പ്രദായം പ്രാദേശികമായ കമ്പോളങ്ങളിൽ ചിലവാക്കുന്നതിന്നും ചരക്കുകൾ ഉല്പാദിക്കുന്നതിന്നുംവേണ്ടിയ യിരുന്നു. മാക്കററു ദേശീയമായും സാർവ്വദേശീയമായും വളന്നപ്പോൾ പഴയ ഗിൽഡുസമ്പ്രദായം ഉപയോഗശൂന്യമായിത്തീന്നു. അതാതിടത്തെ കൈത്തൊഴിൽകാരന്നു്, തൻെറ നഗരത്തിലെ വ്യാപാരം നിയന്ത്രിക്കുന്നതെളുപ്പമായിരുന്നു. എന്നാൽ ലോകം മുഴുവനും പരന്നുനില്ക്കുന്ന വ്യാപാരത്തിൽ ഏപ്പെട്ടുന്നതു വളരെ വിഷമംപിടിച്ച കാൎയ്യമായിത്തീന്നു. വളന്നുകൊണ്ടുവന്ന കമ്പോളം ഒരു മദ്ധ്യവൎത്തിയുടെ ആവശ്യകത വ്യക്തമാക്കി. ഈ മദ്ധ്യവൎത്തി അനേകശതം നാഴിക അകലെനില്ക്കുന്ന ഉപഭോക്താവിന്നു ചരക്കുകൾ എത്തിക്കുകയെന്ന കൎത്തവ്യം നിറവേററി.

ഗിൽഡുകാരനായ വിദഗ്ദ്ധ കൈതൊഴിൽകാരൻ, ചരക്കുണ്ടാക്കുന്ന ഒരു വെറും ഉല്പാദകൻ മാത്രമായിരുന്നില്ല. അയാൾക്കു വേറെ നാലുതരം കടമകളും നിറവേറേറണ്ടതുണ്ടായിരുന്നു. അഞ്ചു കാൎയ്യങ്ങൾ ഒപ്പം ചെയ്തിരുന്ന ഒരു വ്യക്തിയായിരുന്നു അയാൾ. അയാൾ ഉപയോഗിച്ചിരുന്ന അസംസ്കൃതസാധനങ്ങൾ വാങ്ങുമ്പോൾ അയാൾ ഒരു കച്ചവടക്കാരനാണ്. അയാളുടെ കീഴിൽ കൂലിപ്രവൃത്തിക്കാരും, പരിശീലനം കഴിക്കുന്ന വിദ്യാൎത്ഥികളും ഉണ്ടായിരുന്നതുകൊണ്ടു് അയാൾ ഒരു മുതലാളിയാണ്. അയാൾതന്നെ തന്റെ കീഴിലുള്ളവരുടെ പ്രവൃത്തിയെ മേൽനോട്ടം ചെയ്യുമ്പോൾ ശരിക്കും ഒരു മേസ്ത്രിയും ആണ്. അയാൾ ഉണ്ടാക്കിയിരുന്ന ചരക്കുകൾ അയാൾതന്നെ വിററഴിച്ചിരുന്നതുകൊണ്ടു് അയാൾ ഒരു കച്ചവടക്കാരനുമാണ്.

കൈത്തൊഴിൽകാരൻ നിൎവ്വഹിച്ചിരുന്ന അഞ്ചുകാര്യങ്ങൾ മൂന്നായി ചുരുങ്ങി. അയാൾ തൊഴിലാളിയും മുതലാളിയും മേസ്ത്രിയും മാത്രമായി. അസംസ്കൃതസാധനങ്ങൾ വാങ്ങുന്നതിന്നും ചരക്കുകൾ വില്ക്കുന്നതിന്നും അയാൾ തന്നെ മിനക്കെടേണ്ടതില്ലാതായി. മദ്ധ്യവൎത്തി അയാൾക്കു് അസംസ്കൃതസാധനങ്ങൾ എത്തിച്ചുകൊടുക്കുകയും ഉല്പാദിപ്പിക്കപ്പെട്ട ചരക്കുകൾ അയാളിൽനിന്നു വാങ്ങിക്കൊണ്ടുപോകയും ചെയ്തു. ഉല്പാദകന്നും ഉപഭോക്താവിന്നും ഇടയിൽ മദ്ധ്യവൎത്തി പ്രവൎത്തിക്കുകയായി. അസംസ്കൃത പദാൎത്ഥങ്ങൾ ലഭിക്കുന്നതിന്നനുസരിച്ചു, കഴിയുംവേഗത്തിൽ ചരക്കുകൾ ഉണ്ടാക്കുക മാത്രമായിത്തീൎന്നു, അയാളുടെ പ്രവൃത്തി. മദ്ധ്യവൎത്തിക്കുവേണ്ടി, അയാൾ കൊടുക്കുന്ന അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ചു്, സ്വന്തം വീട്ടിൽ വെച്ചുതന്നെ, കൈത്തൊഴിൽകാരൻ ചരക്കുകൾ ഉണ്ടാ

ക്കുന്ന ഈ ഉല്പാദനസമ്പ്രദായത്തിന്നു്, "കുടിൽവ്യവസായം" (Domestic System) എന്ന പേർവന്നു. ഉല്പാദനത്തിൻെറ സ്വഭാവത്തെ സംബന്ധിച്ചിടത്തോളം ഗിൽഡുവ്യവസ്ഥയിൽനിന്നും, ഈ പുതിയ സമ്പ്രദായം ഒട്ടുംതന്നെ വ്യത്യസ്തമായിരുന്നില്ല. കൈത്തൊഴിൽകാരനും അയാളുടെ കൂലിക്കാരും പണ്ടത്തെപ്പോലെതന്നെ അയാളുടെ വീട്ടിലിരുന്നു പണിയെടുത്തു, ഉല്പാദനത്തിൻെറ സ്വഭാവം മാറിയില്ല; ചരക്കുകളുടെ വില്പന മദ്ധ്യവൎത്തിയാൽ നടത്തപ്പെട്ടുകമാത്രം ചെയ്തു. ഈ മദ്ധ്യവൎത്തി കച്ചവടക്കാരൻെറ നില സ്വീകരിച്ചു.

മദ്ധ്യവൎത്തിയുടെ ആവിർഭാവം, ഉല്പാദനത്തിൻെറ സ്വഭാവം മാററിയില്ലെങ്കിലും, ഉല്പാദനത്തെ വേഗതപ്പെടുത്തത്തക്ക വിധത്തിൽ, അയാൾ ചില മാററങ്ങൾ ഉണ്ടാക്കാതിരുന്നില്ല. ഒരേ ചരക്കുണ്ടാക്കുന്നതിൽ പ്രത്യേകപരിശീലനം ഉണ്ടായിരിക്കുന്നതിൻെറ നേട്ടങ്ങൾ അയാൾക്കു മനസ്സിലായി. 17–ാം നൂററാണ്ടിലെ ഒരു ധനശാസ്ത്രജ്ഞൻ, അക്കാലത്തെ മദ്ധ്യവൎത്തി നിൎവ്വഹിച്ചിരുന്ന പ്രവൃത്തിയെ ഇങ്ങനെ ചിത്രീകരിച്ചിരിക്കുന്നു. "ഒരാൾ പരുത്തി വെടിപ്പാക്കുക, മറെറാരാൾ നൂൽക്കുക, വേറൊരാൾ കെട്ടാക്കുക, ഇങ്ങിനെ പ്രവൃത്തി വിഭജനം നടത്തുകയാണെങ്കിൽ, ഒരാൾതന്നെ എല്ലാ പ്രവൃത്തികളും ചെയ്യുമ്പോളത്തേക്കാൾ ചരക്കുകൾക്കു് വില കുറയുന്നതാണു്." ഒരു സാധനം ഉല്പാദിപ്പിക്കുന്നതിന്നു് വളരെ ആളുകളെ നിയമിച്ചാൽ, ആ പ്രവൃത്തി അവരുടെ ഇടയിൽ വിഭജിക്കുവാൻ സാധിക്കുന്നു. ഓരോ പ്രവൃത്തിക്കാരനും ആകെ പ്രവൃത്തിയുടെ ഓരോ ഭാഗം നിൎവ്വഹിക്കുന്നു. ഒരേ പ്രവൃത്തി അനേകം പ്രാവശ്യം ചെയ്യേണ്ടിവരുമ്പോൾ അതിൽ അയാൾക്കു് വൈദഗ്ദ്ധ്യം സിദ്ധിക്കുന്നു. ഇതു്, സമയം ലഭിക്കാനും ഉല്പാദനത്തിന്നു വേഗത കൂട്ടു

വാനും, സഹായിക്കുന്നു. വികസിച്ചുകൊണ്ടുവരുന്ന മാക്കററിന്റെ ആവശ്യങ്ങൾ നേരിടുവാൻ, ഉല്പാദനത്തിൽ മററു പരിഷ്കാരങ്ങളും വരുത്തേണ്ടതുണ്ടായിരുന്നു. ഇതിന്നുള്ള വിദ്യകൾ ആരായുന്നതിൽ മദ്ധ്യവൎത്തി സജീവമായ പങ്കു വഹിച്ചു.

അയാൾ ഉണ്ടാക്കുകയും വില്ക്കുകയും ചെയ്യു ചരക്കുകളെസംബന്ധിച്ചിടത്തോളം അയാളുടെ കുത്തകാവകാശങ്ങൾനിലനിൎത്തുന്നതിൽ, ഗിൽഡ്കാരൻ വളരെ വാശികാണിച്ചു. ഗ്ലാസ്ഗോവിലെ യന്ത്രപ്പണിക്കാർ ഉപയോഗിക്കുകയായിരുന്നയന്ത്രത്തിന്റെ മാതൃകയില്ലുള്ളമറെറാരുയന്ത്രമുണ്ടാക്കുവാൻ ജെയിംസ്വാട്ട് പരിശ്രമിച്ചപ്പോൾ, അവർ അയാളെ അതിന്നനുവദിച്ചില്ല. കാരണം ജെയിംസ്വാട്ട് ആ സംഘത്തിൽ അംഗമായിരുന്നില്ല. ചരക്കുകൾ ഉണ്ടാക്കുന്നതിന്നുള്ള അവകാശം സ്വന്തം കുത്തകയായി ഗിൽഡ്മെമ്പർമാർ കരുതി. മദ്ധ്യവൎത്തി, ഉല്പാദനത്തിൽ പല പുതിയ മാററങ്ങളും വരുത്താൻ ശ്രമിച്ചപ്പോൾ. അതിന്നെതിരായി ഗിൽഡ്മെമ്പർമാർ പ്രക്ഷോഭം നടത്തി. ഗിൽഡിന്റെ ഭരണം മാമൂലുകളെ പിടിച്ചായിരുന്നു. പഴയ സമ്പ്രദായം, പഴയ മാക്കററുകൾ, പഴയ കുത്തകാവകാശങ്ങൾ, പഴയ കച്ചവടസമ്പ്രദായങ്ങൾ, ഇവയെല്ലാം ഗിൽഡ്കാരനെ സംബന്ധിച്ചേടത്തോളം അവശ്യം തുടൎന്നുപോകേണ്ട കാര്യങ്ങളായിരുന്നു. എന്നാൽ ഈ നില തുടൎന്നുപോകുന്നതു മദ്ധ്യവൎത്തിയുടെ താല്പര്യങ്ങൾക്കു് വിപരീതമായിരുന്നുതാനും. ചരക്കുകൾക്കുള്ള പ്രിയം വൎദ്ധിക്കുമ്പോൾ, മാമൂലിനെ കാത്തുനില്ക്കുവാൻ, മദ്ധ്യവൎത്തി തയ്യാറാകയില്ല. പഴയ സമ്പ്രദായം മാറണം, പുതിയ മാക്കററിൽ ആവശ്യംപോലെ ചരക്കുകൾ ചിലവാക്കണം. ഗിൽഡിന്റെ കുത്തകാവകാശങ്ങൾ പൊളിക്കണം. മാമൂലുകൾ

ക്കനുസരിച്ചുള്ള ഗിൽഡുസമ്പ്രദായം പഴകി ജീർണ്ണിച്ചതായിരുന്നു. ഈ സമ്പ്രദായം വ്യവസായത്തിൻെറ പുരോഗതിക്കു തടസ്സമായിരുന്നു. പഴയ സമ്പ്രദായം അവസാനിപ്പിക്കണം, അതവസാനിപ്പിക്കുകയുംചെയ്തു.

ഇതെല്ലാം ഒരടിക്കു നടന്നതല്ല. (ഫ്രാൻസിൽ നിയമപ്രകാരം ഗിൽഡുകൾ അവസാനിപ്പിക്കപ്പെട്ടതു ഫ്രഞ്ചുവിപ്ലവത്തോടുകൂടിയാണ്. 19-ാം നൂററാണ്ടിൽ മാത്രമാണ് ഇംഗ്ലണ്ടിൽ ഗിൽഡുകൾക്ക് അവയുടെ അവകാശങ്ങൾ നഷ്ടപ്പെട്ടതു്.) മദ്ധ്യവൎത്തി ഗിൽഡുവ്യവസ്ഥയുടെ പരിധിക്കുള്ളിൽ തന്നെ പ്രവൎത്തനംനടത്തി. ആ വ്യവസ്ഥയുടെ രൂപം സ്വീകരിക്കുമ്പോൾതന്നെ, അതിനെ തകൎക്കാനും അയാൾ പരിശ്രമിച്ചു. ചിലപ്പോൾ ഒരു ഗിൽഡിലെ ധനികരായ ഒരു വിഭാഗം മററുള്ളവരെ അവരുടെ കീഴിൽ ജോലിക്കുനിൎത്തി. ഒരു ഗിൽഡു മററു ഗിൽഡുകളുടെ പ്രവൃത്തി കൈവശപ്പെടുത്തി. ഗിൽഡു വ്യവസ്ഥയിൻകീഴിൽ അംഗങ്ങൾ തമ്മിലുണ്ടായിരുന്ന സമത്വം അവസാനിച്ചു.

മദ്ധ്യവൎത്തികൾ ഗിൽഡിൻെറ നിയമങ്ങളേയും നിയന്ത്രണങ്ങളേയും ലംഘിക്കാൻ തുടങ്ങി. ഗിൽഡിൻെറ പരിധിയിൽ പെടാത്ത പ്രദേശങ്ങളിലേക്കു വ്യവസായത്തെ നീക്കംചെയ്തു. ഗിൽഡുനിയമങ്ങളെ ഗൌനിക്കാതെ, പ്രവൎത്തിക്കുന്നതിന്നു് അവർ വഴികൾ ആരാഞ്ഞു. അങ്ങിനെ ഗ്രീൻവിച്ചിലെ ഒരിരുമ്പുവ്യവസായി ഡർഹാമിലേക്കു മാറി അവിടെ അയാളുടെ വ്യവസായം സംഘടിപ്പിച്ചു. ഇതിൻെറ ഫലമായി ഒരു ഗ്രാമംമാത്രമായിരുന്ന ആ സ്ഥലം ഒരു പട്ടണമായി വളൎന്നു. അവിടെ ആണികൾ, പൂട്ടുകൾ, ഉളികൾ, കൈക്കോട്ടുകൾ മുതലായ സാധനങ്ങൾ ധാരാളമായി ഉണ്ടാക്കപ്പെട്ടു. അവിടെയുള്ള വീടുകളെല്ലാം അയാ

ളുടെ സ്വന്തമായിരുന്നു. പ്രവൃത്തിക്കാർക്ക്, പ്രവൃത്തിക്കാവശ്യമായിരുന്ന ഉപകരണങ്ങൾ, അയാൾതന്നെ വാങ്ങിക്കൊടുത്തു. പ്രവൃത്തിക്കാർ വ്യവസായിക്ക്, ഒരു നിശ്ചിതസംഖ്യക്ക്, ഓരോ ബോണ്ടെഴുതിക്കൊടുത്തു. ഇങ്ങിനെ പ്രവൃത്തിചെയ്യുന്നവർ അവരുടെ കീഴിൽ കൂലിക്കു വേറെ ആളുകളെ നിശ്ചയിക്കുന്നതും സാധാരണയായിരുന്നു. പ്രവൃത്തിക്കാർക്ക് അവർ ചെയ്യുന്ന പ്രവൃത്തിക്കനുസരിച്ചു കൂലി കിട്ടുകയും ചെയ്തു. വ്യവസായത്തിൻെറ ഈ പുതിയ സംഘടനയെ ഗിൽഡുകൾ ശക്തിയായെതിർത്തു. അവരുടെ പഴയ കുത്തകാവകാശങ്ങൾക്കുവേണ്ടി അവർ വാദിച്ചു. എന്നാൽ ഗിൽഡുകളുടെ കാലം കഴിഞ്ഞുപോയിരുന്നു. എന്തുചെയ്താലും തോററുപോകുവാൻ ഇടയുള്ള ഒരു സമരമാണ് അവർ നടത്തിയിരുന്നതു്. കമ്പോളത്തിൻെറ വിപുലീകരണം ഗിൽഡുവ്യവസ്ഥയുടെ പരിമിതികളെ തുറന്നുകാട്ടി. ചരക്കുകളുടെ വർദ്ധിച്ചുവന്ന ആവശ്യം ഗിൽഡുവ്യവസ്ഥയെ അടിസ്ഥാനപ്പെടുത്തിയുള്ള ഉല്പാദനം അസാദ്ധ്യമാക്കിത്തീർത്തു.

തുണിക്കച്ചവടത്തിൽ ഏർപ്പെട്ടിരുന്ന മദ്ധ്യവർത്തികൾക്ക്, ഉല്പാദനത്തെ വേഗതപ്പെടുത്തേണ്ടതിൻെറ ആവശ്യം നേരിട്ടു. കാരണം യൂറോപ്പിൽനിന്നും കിഴക്കൻ ദിക്കുകളിലേക്കു തുണിത്തരങ്ങൾ കയററി അയക്കുവാൻ തുടങ്ങിയപ്പോൾ, അധികം തൊഴിലാളികളെ നിശ്ചയിച്ചു ഉല്പാദനം നടത്തേണ്ടതിൻെറ ആവശ്യകത നേരിട്ടു. ചരക്കുകൾ ഉണ്ടാക്കിക്കൊടുക്കുവാൻ തയ്യാറുണ്ടായിരുന്ന ഗിൽഡുമെമ്പർമാർക്കു മാത്രമല്ല; പണിയെടുക്കുവാൻ തയ്യാറുള്ള ഗ്രാമീണജനങ്ങൾക്കും അസംസ്കൃതപദാർത്ഥങ്ങൾ എത്തിച്ചുകൊടുക്കുവാൻ മദ്ധ്യവർത്തികൾ തയ്യാറായി.

നിലമൊഴിപ്പിക്കലിൻെറ ഫലമായി കഷ്ടപ്പെട്ടിരുന്ന നാട്ടിൻപുറത്തെ ജനങ്ങൾക്ക്,വ്യവസായത്തിൻെറ ഈ അഭിവൃദ്ധി വലിയ ആശ്വാസമായിത്തോന്നി. ജോലിയില്ലാതെ ഗ്രാമം വിട്ടുപോകേണ്ടിവരുമായിരുന്ന പലരും, കച്ചവടക്കാരൻ അവക്കു നൽകിയ ഈ പുതിയ ജോലിചെയ്ത്, ഗ്രാമത്തിൽത്തന്നെ കഴിച്ചുകൂട്ടുവാൻ തയ്യാറായി. "റോബിൻസൺ ക്രൂസോ" എന്ന ഗ്രന്ഥത്തിൻെറ കർത്താവായ ഡെനീയൽ ഡീഫോ 1742-ൽ "ബ്രിട്ടനിൽക്കൂടി ഒരു യാത്ര" എന്ന മറെറാരു പ്രസിദ്ധ ഗ്രന്ഥം എഴുതുകയുണ്ടായി. കൈത്തൊഴിലിൽ ഏർപ്പെട്ടിരുന്ന ഗ്രാമീണരെക്കുറിച്ചു് അയാൾ ഇങ്ങിനെ പറയുന്നു: "ഉല്പാദകന്മാരുടെ വീട്ടുകൾക്കിടയിൽ അനേകം ചെറുകുടിലുകൾ ഉണ്ടായിരുന്നു. പരുത്തി നന്നാക്കുക, നൂൽ നൂല്ക്കുക മുതലായ പ്രവൃത്തികൾ ചെയ്തുകൊണ്ട്, സ്ത്രീകളും കുട്ടികളും ഈ കുടിലുകളിൽ താമസിച്ചു. ചെറിയ കുട്ടികൾ പോലും സ്വന്തം ജീവിതത്തിന്നുവേണ്ട വകകൾ സമ്പാദിച്ചു. കഷ്ടിച്ചു നാലുവയസ്സായാൽ കുട്ടികൾക്ക് ജോലിചെയ്യാമെന്നായി; വീട്ടിന്നു വെളിയിൽ ആരെയും കാണുകയില്ല. എല്ലാ ഉല്പാദകന്മാരുടെയും വീട്ടുകൾ പല പ്രവൃത്തികളിലും ഏർപ്പെട്ടിരുന്ന സ്ത്രീകളെയും കുട്ടികളെയുംകൊണ്ട് നിറഞ്ഞു."

ഇരുമ്പുവ്യവസായികൾ ധനികരായതുപോലെ, തുണിവ്യവസായത്തിൽ ഏർപ്പെട്ടിരുന്ന കച്ചവടക്കാരും ധനികരായിത്തീർന്നു. ഇതിനെക്കുറിച്ചു ഡീഫോ പറയുന്നു: "10000 പവൻ മുതൽ 40000 പവൻ വരെ ധനം സമ്പാദിച്ചിരുന്ന തുണിവ്യവസായികൾ അവിടെ ഉണ്ടെന്നു ബ്രാഡ്ഫോഡിൽവെച്ച് ആളുകൾ എന്നോടു പറയുകയുണ്ടായി. ഈ വ്യവസായത്തിൽ ഏർപ്പെട്ടതിൻെറ ഫലമായി അനേകം കുഡുംബങ്ങൾ ധനികരായിത്തീർന്നിട്ടുണ്ട്. ന്യൂബറിയിൽ ജേക്ക് എന്നു പേരായ വ്യവസായിയുടെ ചരക്കുകൾ കയററിക്കൊണ്ടുപോ

DISTRIBUTING LIBRARY
No.........
KOTTAYAM.

കുന്ന ചില വണ്ടികൾ ജെയിംസ് രാജാവു് കാണുകയുണ്ടായി, ആ ചരക്കുകൾ ആരുടെ വകയാണെന്നു രാജാവു് ചോദിച്ചു— ചരക്കുകൾ ന്യൂബറിയിലെ ജേക്കിന്റെ...... വകയാണെന്നു പറഞ്ഞപ്പോൾ രാജാവു് പറഞ്ഞു: "ജേക്ക് എന്നാൽ രാജാവിനേക്കാൾ ധനികനാണല്ലോ."

ന്യൂബറിയിലെ ജേക്ക് വളരെ പ്രധാനിയായ ഒരു വ്യക്തിയായിരുന്നു. മററു വ്യവസായികൾ പ്രവൃത്തിക്കാരുടെ വീട്ടുകളിലേക്കു അസംസ്കൃതസാധനങ്ങളും ഉപകരണങ്ങളും എത്തിച്ചുകൊടുത്തു് അവരെക്കൊണ്ടു പണിയെടുപ്പിച്ചു; ജേക്ക് എന്ന വ്യവസായിയാകട്ടെ, സ്വന്തമായ ഒരെടുപ്പുണ്ടാക്കി, അവിടെ പത്തുമുന്നൂറു മഗ്ഗങ്ങൾ സ്ഥാപിച്ചു. അറുനൂറിൽപരം പുരുഷന്മാരെയും സ്ത്രീകളെയും കുട്ടികളെയും പ്രവൃത്തിക്കു നിശ്ചയിച്ചു. ഇതു് 16-ാം നൂററാണ്ടിന്റെ ആദ്യത്തിലാണു്. മൂന്നു നൂററാണ്ടുകൾക്കുശേഷം നടപ്പിലായ തൊഴിൽശാലാസമ്പ്രദായത്തിന്റെ മുന്നോടിയായിരുന്നു ഇതു്.

അസംസ്കൃതപദാർത്ഥങ്ങളും ഉപകരണങ്ങളും കൊടുത്തു തൊഴിലാളികളെക്കൊണ്ടു പണിയെടുപ്പിച്ചിരുന്ന, ന്യൂബറിയിലെ ജേക്കിനെപ്പോലുള്ള ആളുകൾ, മുതലാളികളായിരുന്നു. അവർ തുണി മാർക്കററിൽ വിററഴിച്ചു; ലാഭം സ്വന്തമാക്കുകയും ചെയ്തു. അവരുടെ കീഴിൽ പണിയെടുത്തിരുന്ന കൈത്തൊഴിൽക്കാരും കൂലിക്കാരും കൂലിക്കു പ്രവർത്തിക്കുന്നവരായിരുന്നു, കൂലിക്കാർ അവരുടെ വീട്ടിൽവെച്ചു പണിയെടുത്തു. അവർക്കിഷ്ടമുള്ളപ്പോൾ പണിയെടുക്കാനും വിശ്രമിക്കാനും പാടുണ്ടായിരുന്നു. ഉപകരണങ്ങളും ചിലർക്കു സ്വന്തമായുണ്ടായിരുന്നു. എന്നാൽ അവർ സ്വതന്ത്രരായിരുന്നില്ല. അസംസ്കൃതപദാർത്ഥങ്ങൾ അവർ വാങ്ങുകയില്ല. വ്യവസായി

കൾ അവക്കു എത്തിച്ചുകൊട്ടക്കുകയാണു് ചെയ്തതു്. അവർ, ചെയ്ത പണിക്കു കൂലിവാങ്ങിക്കഴിയുന്ന തൊഴിലാളികളായി മാറി. അവക്കു് ഉപഭോക്താക്കളുമായി യാതൊരിടപാടും നടത്താനില്ല. വ്യാപാരപരമായ അവരുടെ എല്ലാ കടമകളുംമുതലാളി ഏറെറടുത്തു. അവർ ചരക്കുകൾ ഉണ്ടാക്കുന്ന തൊഴിലാളി മാത്രമായി രംഗപ്രവേശംചെയ്തു.

ഗിൽഡുവ്യവസ്ഥയിൽ മൂലധനത്തിന്നു്അപ്രധാനമായ ഒരു പങ്കു മാത്രമെയുള്ളു. ഒരു മുതലാളിയുടെ കീഴിൽ അനേകം പ്രവൃത്തിക്കാർ ജോലി ചെയ്യുകയെന്ന സമ്പ്രദായം നടപ്പിലായപ്പോൾ, വ്യവസായത്തിൽ, മൂലധനം ഒരു പ്രധാന ഘടകമായിത്തീന്നു. അനേകം വേലക്കാർ ചേന്നു ചരക്കുകൾ ഉണ്ടാക്കുന്നതിന്നു് അസംസ്കൃതപദാത്ഥങ്ങൾ അധികമായി വാങ്ങണം; ഇതിന്നു് വലിയ മൂലധനം ആവശ്യമാണു്. ഉല്പാദിപ്പിക്കപ്പെട്ട ചരക്കുകൾ വിററഴിച്ചു പണം ഈടാക്കുന്നതിന്നുമുമ്പു്, ഉല്പാദനത്തിന്റെ ഓരോ ഘട്ടത്തിലും ഇറക്കുന്നതിന്നു് മൂലധനം ആവശ്യമായിത്തീന്നു. അപ്പോൾ ഉല്പാദനത്തിന്റെ അധിപനായി മുന്നോട്ടുവന്നതു് മൂലധനമുടമയായ മുതലാളിയായിരുന്നു.

ചരക്കുകൾക്കു പ്രിയം , വദ്ധിച്ചതിന്നനുസരിച്ചു് അധികം പണമിറക്കി, മുതലാളിത്തസമ്പ്രദായത്തിൽ വ്യവസായത്തെ സംഘടിപ്പിക്കേണ്ടതുണ്ടായിരുന്നു. വൻകിട വ്യവസായങ്ങളുടെ ആവിർഭാവം മൂലധനമുടമകളുടെ രംഗപ്രവേശത്തിന്നു കളമൊരുക്കി.

വ്യാവസായികവും സൈനികവുമായ ആവശ്യങ്ങൾ നിവ്വഹിക്കുവാൻ, ഇരുമ്പ്, പിച്ചള, ചെമ്പ് മുതലായ ലോഹങ്ങൾ കുഴിച്ചെടുക്കേണ്ടതത്യാവശ്യമായി. ലോഹവ്യവസായങ്ങളിൽ ഏററവും വമ്പിച്ച തുകകൾ ഇറക്കേണ്ടിയി

രുന്നതുകൊണ്ടു്, അനേകം മുതലാളികൾ ഒത്തുചേർന്നു കൂട്ടകമ്പനികൾ സ്ഥാപിച്ചു. മുമ്പു കച്ചവടക്കമ്പനികൾ സ്ഥാപിക്കുന്നതിൽ ഉപയോഗിച്ചിരുന്ന അടവുതന്നെയായിരുന്നു ഇതു്, ഈ വിദ്യ വ്യവസായത്തിലും പ്രയോഗിച്ചു.

പുതിയ രാജ്യങ്ങൾ കണ്ടുപിടിക്കപ്പെട്ടപ്പോൾ പഞ്ചസാര പുകയില മുതലായ ഇനങ്ങളിലുള്ള പുതിയ വ്യവസായങ്ങൾ ആവിർഭവിച്ചു. ഈ പുതിയ വ്യവസായങ്ങളിൽ പണമിറക്കുവാൻ ധൈര്യപ്പെട്ടിരുന്ന വ്യവസായികൾക്കു്, ഗവമ്മേണ്ടു കുത്തകാവകാശങ്ങൾ അനുവദിച്ചു. ഈ പുതിയ വ്യവസായങ്ങളും മുതലാളിത്തപരമായ അടിസ്ഥാനത്തിൽതന്നെയാണു് സംഘടിപ്പിക്കപ്പെട്ടതു്.

16-ാം നൂററാണ്ടുമുതൽ 18-ാം നൂററാണ്ടുവരെയുള്ള കാലഘട്ടത്തിൽ മദ്ധ്യകാലത്തെ സ്വതന്ത്രനായ കൈത്തൊഴിൽകാരൻ അപ്രത്യക്ഷനായി. അവൻെറ സ്ഥാനത്തു കൂലിപ്രവൃത്തിക്കാരനായ തൊഴിലാളി, കച്ചവടക്കാരനും മദ്ധ്യവത്തിയും മുതലുടമയുമായ ഒരാളുടെ കീഴിൽ, പണിയെടുക്കുവാൻ തുടങ്ങി.

വ്യവസായവിപ്ലവത്തിൻെറ തുടച്ചയായുള്ള വളച്ച്യിൽ ഓരോ പതനത്തേയും പരിശോധിക്കുന്നതു നന്നായിരിക്കും.

(1) വീട്ടിൽവെച്ചു കൈത്തൊഴിലുകൾ നടത്തിയിരുന്ന സമ്പ്രദായം—അപ്പോൾ സ്വന്തം ആവശ്യങ്ങൾക്കുവേണ്ടിയാണു് ചരക്കുകൾ ഉണ്ടാക്കിയതു്, വില്പനക്കായിരുന്നില്ല. പുറമെ മാക്കററിൽ വിററഴിക്കുവാൻ വേണ്ടിയായിരുന്നില്ല ഉല്പാദനം. ഇതു് മദ്ധ്യകാലത്തെ ആദ്യഘട്ടമാണു്.

(2) ഗിൽഡുവ്യവസ്ഥ സ്വതന്ത്രനായ കൈത്തൊഴിൽകാരൻ ഉല്പാദനത്തിൽ ഏപ്പെട്ടു. പുറമെ സ്ഥിരമായ

ഒരു മാക്കറററിൽ ചിലവാക്കുന്നതിന്നു്, രണ്ടോ മൂന്നോ ആളു കളെ തൻെറ കീഴിൽ നിയമിച്ചുകൊണ്ടു് അയാൾ ചരക്കു കൾ ഉല്പാദിപ്പിച്ചു. അസംസ്കൃതപദാൎത്ഥങ്ങളും ഉപകരണ ങ്ങളും അയാളുടെ സ്വന്തമായിരുന്നു. അയാൾ അയാളുടെ അദ്ധ്വാനശക്തിയല്ല, അദ്ധ്വാനത്തിൻെറ ഫലമായുണ്ടായ ചരക്കുകളാണു് വിററതു്. ഈ നില മദ്ധ്യകാലം മുഴുവൻ തുടൎന്നുപോന്നു.

(3) കുടിൽ വ്യവസായം — വിപുലമായിക്കഴിഞ്ഞി രുന്ന കമ്പോളത്തിൽ വിററഴിക്കുവാൻവേണ്ടി, ഗിൽഡുവ്യവ സ്ഥയിലെപ്പോലെതന്നെ, കൈത്തൊഴിൽകാരൻ, സഹായി കളോടുകൂടി, ഉല്പാദനം നടത്തി. എന്നാൽ അപ്പോൾ ഈ യൊരു വ്യത്യാസം സംഭവിച്ചു. കൈത്തൊഴിൽകാരൻ സ്വതന്ത്രനായിരുന്നില്ല. അയാൾക്കു് ഉപകരണങ്ങൾ സ്വന്ത മായുണ്ടായിരുന്നു. എന്നാൽ അസംസ്കൃതസാധനങ്ങൾക്കു് അയാൾ മദ്ധ്യവൎത്തിയെ ആശ്രയിക്കേണ്ടിവന്നു. അയാളു ടെയും ഉപഭോക്താവിൻെറയും ഇടയിൽ മദ്ധ്യവൎത്തി ആവി ൎഭവിച്ചു. ചെയ്ത പണിക്കു കൂലിവാങ്ങിക്കഴിയുന്ന കൂലിപ്പ ണിക്കാരനായിരുന്നു അയാൾ. 16മുതൽ 18 വരെ നൂററാ ണ്ടുകളിലെ സ്ഥിതിയായിരുന്നു ഇതു്.

(4) തൊഴിൽശാലാസമ്പ്രദായം—കൂടുതൽ വിപുലമാ യിക്കഴിഞ്ഞിരുന്ന കമ്പോളത്തിലേക്കുവേണ്ടി, തൊഴിലാളി സ്വന്തം വീട്ടിൽനിന്നല്ലാതെ, മുതലാളിയുടെ എടുപ്പിൽ വെച്ചു്, അയാളുടെ മേൽനോട്ടത്തിൽ, ഉല്പാദനം സംഘടി പ്പിച്ചു. വേലക്കാരന്നു് അവൻെറ സ്വാതന്ത്ര്യം തീരെ നഷ്ട പ്പെട്ടു. അസംസ്കൃതസാധനങ്ങളും ഉപകരണങ്ങളും തൊഴി ലാളിയുടെ സ്വന്തമായില്ലാതായി. യന്ത്രങ്ങൾ ഉപയോഗി ക്കാൻ തുടങ്ങിയതോടുകൂടി, വലിയ പരിശീലനവും സാമ

ത്ഥ്യവും ആവശ്യമില്ലാതായി. മൂലധനം പണ്ടത്തേക്കാൾ പ്രധാനമായ ഘടകമായി. 19-ാം നൂററാണ്ടുമുതൽ ഇന്നുവരെയുള്ള നില ഇതാണു്.

(ഈ വിശകലനം മുഴുവൻ അക്ഷരംപ്രതി ശരിയാകണമെന്നില്ല. ഏതാണ്ടൊരു രൂപം ഇവിടെ വിവരിച്ചു എന്നുമാത്രമെയുള്ളു.)

ഈ എല്ലാ ദശകളിലുംകൂടി എല്ലാ വ്യവസായങ്ങളും കടന്നുപോയിട്ടുണ്ടെന്നും ഇതിന്നത്ഥമില്ല. ചില വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം ഇതു് ശരിയായിരുന്നുതാനും. മൂന്നാമത്തെ ഘട്ടം മുതല്ക്കുമാത്രം ആരംഭിച്ചിരുന്ന വ്യവസായങ്ങളും ഉണ്ടായിരുന്നു. മററു ചില വ്യവസായങ്ങൾ ഒരേ ചാട്ടത്തിന്നു് ഏററവും ഉയന്ന പതനത്തിൽ എത്തുകയും ചെയ്തിട്ടുണ്ടു്. ഓരോ പതനത്തിൻെറ കാലനിണ്ണയം ചെയ്യുന്നതും എളുപ്പമല്ല. ഒരു സമ്പ്രദായം നിലവിലുണ്ടായിരുന്നപ്പോൾതന്നെ, മററുള്ളവയുടെ ഉദാഹരണങ്ങളും കാണാനുണ്ടായിരുന്നു. ഈ വിവരണം വ്യവസായത്തിലുണ്ടായിട്ടുള്ള പരിവത്തനത്തിൻെറ ഒരേകദേശരൂപം നമുക്കു തരുന്നുണ്ടെന്നെങ്കിലും നമുക്കു സമാധാനിക്കാം.

## XI
# സമ്പൽസമൃദ്ധി

രാജ്യത്തിൻെറ അടിസ്ഥാനത്തിൽ കാൎയ്യങ്ങൾ വീക്ഷിക്കുവാൻതുടങ്ങിയപ്പോൾ പല പുതിയപ്രശ്നങ്ങളും തലയുയൎത്താൻ തുടങ്ങി. അത്രവരെ സതാംപ്ടൻ, ലിയോൺസ്, ആംസ്റ്റർഡാം എന്നിങ്ങിനെ പട്ടണങ്ങളുടെ അടിസ്ഥാനത്തിലാണു് സംഗതികൾ നടന്നതു്. ഇംഗ്ലണ്ട്, ഫ്രാൻസ്, ഹോളണ്ട എന്നു രാജ്യാതിൎത്തികൾ സങ്കല്പിച്ചുകൊണ്ടു് പുതിയ വീക്ഷഗതി സ്വീകരിച്ചപ്പോൾ, എല്ലാ തുറകളിലും പുതിയ പരിവൎത്തനങ്ങൾ ആവശ്യമായിത്തീൎന്നു. പട്ടണങ്ങൾ സമ്പത്തും സമൃദ്ധിയുമുള്ളവയാക്കിത്തീൎക്കുവാൻ സഹായിച്ചിരുന്ന തത്വങ്ങൾതന്നെ ദേശീയാടിസ്ഥാനത്തിൽ പ്രയോഗിക്കുവാൻ ചിന്തകന്മാർ ഒരുങ്ങി. രാജ്യത്തിൻെറ രാഷ്ട്രീയസ്വഭാവം നിൎണ്ണയിക്കപ്പെട്ടപ്പോൾ രാഷ്ട്രത്തിൻെറ സാമ്പത്തികമായ വളൎച്ചയും അവരുടെ ചിന്താവിഷയമായിത്തീൎന്നു. രാജ്യത്തിന്നാകമാനം ബാധകമാകത്തക്കവിധത്തിൽ അവർ പുതിയ തത്വങ്ങളും നിയമങ്ങളും ഉദ്ധരിക്കുവാൻ തുടങ്ങി. രാജ്യത്തിൻെറ അഭിവൃദ്ധിയും ശ്രേയസ്സും ലക്ഷ്യമാക്കി, അവർ ദൈനംദിനജീവിതത്തിൻെറ എല്ലാ തുറകളിലും പ്രയോഗിക്കാവുന്ന നിയമങ്ങൾ ഉണ്ടാക്കി. ജനങ്ങളുടെ പ്രവൎത്തനങ്ങളെ അവർ നിയന്ത്രിക്കുകയും മാററുകയും ചെയ്തു. അക്കാലത്തു് അവർ ആവിഷ്കരിച്ച തത്വങ്ങളുടേയും, നടപ്പി

ലാക്കിയ നിയമങ്ങളുടേയും, ആകെക്കൂടിയുള്ള പേരാണു് ''മെർക്കൻറലിസം'' എന്ന പദം. എന്നാൽ വാസ്തവത്തിൽ ഈ നിയമങ്ങളും നടപടികളും ചേൎന്ന് ഒരു വ്യവസ്ഥയുടെ രൂപം കൈക്കൊണ്ടിരുന്നില്ല. നാം ഇന്നു് ഉദ്ദേശിക്കുന്ന അൎത്ഥത്തിൽ അതൊരു വ്യവസ്ഥയായിരുന്നില്ല. രാഷ്ട്രം സമ്പന്നമാകാനും ശക്തിപ്പെടാനും, അപ്പപ്പോൾ യുക്തമെന്നു തോന്നുന്ന വിധത്തിൽ, നടപ്പിലാക്കിയിരുന്ന സാമ്പത്തിക നിയമങ്ങളുടെ ഒരു സമാഹാരം മാത്രമായിരുന്നു അതു്. ഭരണതന്ത്രജ്ഞന്മാർ ഈ വിഷയത്തിൽ ശ്രദ്ധ ചെലുത്തുവാൻ പ്രത്യേക കാരണമുണ്ടായിരുന്നു. ഭരണക്രമം പാപ്പരാകുവാൻ തുടങ്ങിയപ്പോൾ രാജ്യം സമ്പൽസമൃദ്ധമായിരിക്കേണ്ടതിൻെറ ആവശ്യകത അവൎക്കു ബോദ്ധ്യപ്പെട്ടു.

16-ാം നൂററാണ്ടിൽ ഏററവും സമ്പത്തും ശക്തിയുമുണ്ടായിരുന്ന രാജ്യം സ്പെയിനായിരുന്നിരിക്കണം. മററു രാജ്യക്കാർ, സ്പെയിൻ മാത്രം, ഇങ്ങിനെ ഉയൎന്നുവരാൻ സംഗതിയായതെങ്ങിനെയെന്നു ചിന്തിച്ചു. സ്പെയിനിനിൻെറ കോളനികളിൽനിന്നു് അവിടേക്കു ധാരാളം സ്വൎണ്ണം കയററി വന്നതുകൊണ്ടാണു് സ്പെയിൻ ശക്തിപ്പെട്ടതെന്നു് അവർ വിചാരിച്ചു. ഒരു രാജ്യത്തു സ്വൎണ്ണവും വെള്ളിയും എത്രയധികം ഉണ്ടാകുന്നുവോ, അത്രക്കും ആ രാജ്യം സമ്പൽസമൃദ്ധമായിത്തീരുന്നു എന്നു് അവർ തീരുമാനിച്ചു. വ്യക്തികളെ സംബന്ധിച്ചിടത്തോളം ഇതു ശരിയാണെങ്കിൽ, രാജ്യത്തെസ്സംബന്ധിച്ചും ഇതു് ശരിയായിരിക്കുമെന്നു് അവർ വിശ്വസിച്ചു. വ്യവസായത്തിൻെറയും വ്യാപാരത്തിൻെറയും വളൎച്ചക്കു സ്വൎണ്ണവും വെള്ളിയും ആവശ്യമാണു്. കപ്പലുണ്ടാക്കുവാൻ ആവശ്യമായ മരവും ഭക്ഷണത്തിന്നാവശ്യമായ ധാന്യങ്ങളും വസ്ത്രത്തിന്നാവശ്യമായ രോമവും, സ്വൎണ്ണമോ വെള്ളിയോ

കൊട്ടത്താൽ മാത്രമേ കിട്ടുകയുള്ളൂ. ശത്രുരാജ്യങ്ങളുമായുണ്ടാകുന്ന യുദ്ധങ്ങൾക്കുവേണ്ടി ചിലവുചെയ്യുവാനും സ്വർണ്ണം ആവശ്യമാണ്. കയ്യിരിപ്പുള്ള സ്വർണ്ണത്തിൻെറയും വെള്ളിയുടേയും തുകക്കനുസരിച്ചാണ് ഒരു രാജ്യത്തിൻെറ സമ്പത്തും ശക്തിയും നിർണ്ണയിക്കപ്പെട്ടതു്.

ഒരു വ്യക്തിയുടേതെന്നപോലെ, രാജ്യത്തിൻെറ സമ്പത്തിന്നടിസ്ഥാനം ആ രാജ്യത്തിലുള്ള പണത്തിൻെറ പെരുപ്പമാണെന്ന് അക്കാലത്തെ ചിന്തകന്മാർ വാദിച്ചു. കഴിയുന്നത്ര അധികം സ്വർണ്ണവും വെള്ളിയും രാജ്യാതിർത്തിക്കുള്ളിൽ നിർത്തുകയാണ്, രാജ്യത്തെ സമ്പന്നമാക്കാൻ എളുപ്പമാർഗ്ഗമെന്ന് അവർ വാദിച്ചു.

1757-ൽ ജോസഫ് ഹാരിസ്സ് എന്ന ഒരു ചിന്തകൻ എഴുതുകയുണ്ടായി: ''സ്വരൂപിച്ചുവെക്കുവാൻ ഏററവും പററിയ ലോഹങ്ങൾ സ്വർണ്ണവും വെള്ളിയുമാണ്. അവ എത്രയും കാലം നിലനില്ക്കുന്നു. യാതൊരു നഷ്ടവും കൂടാതെ ഈ ലോഹങ്ങൾ ഏതുരൂപത്തിലുമാക്കാം. ലോകം മുഴുവൻ പ്രചാരത്തിരിക്കുന്ന ലോഹമായതുകൊണ്ടു് വിനിമയത്തിന്നു സ്വർണ്ണം വളരെ സഹായകമായിരിക്കും. എല്ലാ ആവശ്യങ്ങളും നിർവ്വഹിക്കുവാൻ ഏററവും പററിയ ഉപകരണമാണു സ്വർണ്ണം.''

രാജ്യത്തിൻെറ ശക്തി, അവിടെ സ്വരൂപിച്ചിരിക്കുന്ന സ്വർണ്ണത്തിൻേറയും വെള്ളിയുടേയും ആകത്തുകയെ ആശ്രയിച്ചിരിക്കുന്നു എന്നു വിശ്വസിക്കുമ്പോൾ, അവിടെനിന്നു് ഈ ലോഹങ്ങൾ കടത്തിക്കൊണ്ടുപോകുവാൻ പാടില്ലെന്നു്, ഭരണാധികാരികൾ ശാസിക്കുന്നതു് സ്വാഭാവികമാണല്ലൊ. എല്ലാ രാജ്യങ്ങളിലേയും ഗവമ്മേണ്ടുകൾ ഈ നിയമങ്ങൾ പാസ്സാക്കി. ഇംഗ്ലണ്ടിൽ നടപ്പാക്കിയ നിയമത്തിൽ പറ

യുന്നു: "ഈ രാജ്യത്തിലോ വെയിൽസിലോ ഉള്ള നാണയങ്ങളോ മറേറതെങ്കിലും രൂപത്തിലുള്ള പണമോ, മററു രാജ്യങ്ങളുടെ നാണയങ്ങളോ, നാണയമായുപയോഗിക്കുന്ന സാധനങ്ങളോ, സ്വൎണ്ണക്കട്ടിയോ, തളികകളോ, ആഭരണങ്ങളോ ഈ രാജ്യത്തിൽനിന്നു രാജാവിൻെറ കല്പനപ്രകാരമല്ലാതെ വെളിയിലേക്കു കൊണ്ടുപോകുവാൻ പാടുള്ളതല്ല."

ഫഗ്ഗർകമ്പനിക്കാർ അവരുടെ ഏജണ്ടുമാൎക്കയക്കാറുണ്ടായിരുന്ന സൎക്കുലറുകളെ, ഇക്കാലത്തെ വാൎത്താവിതരണ ഏജൻസികളുടെ സൎക്കുലറുകളുമായി താരതമ്യപ്പെടുത്തിനോക്കുന്നതു രസാവഹമായിരിക്കും. അവർ എല്ലാ സ്ഥലങ്ങളിലും അവരുടെ ഏജണ്ടുമാരെ നിൎത്തിയിരുന്നു. അതാതിടത്തു നടക്കുന്ന സംഭവങ്ങൾ ഈ ഏജണ്ടുമാർ അപ്പപ്പോഴായി മനസ്സിലാക്കി. ഫഗ്ഗർകമ്പനിക്കാരുടെ വൎത്തമാനക്കുറിപ്പുകളിൽ ഒന്നിൽ ഇങ്ങിനെ പറയുന്നു: "വെനീസ്സ്, 1596 ഡിസമ്പർ 13. സ്വൎണ്ണമോ വെള്ളിയോ രാജ്യത്തുനിന്നു പുറത്തേക്കു കടത്തരുതെന്നും, കച്ചവടാവശ്യത്തിന്നും പുറമേക്കയക്കരുതെന്നും സ്പെയിനിലെ രാജാവു കല്പിച്ചിരിക്കുന്നു." "റോം, 1600 ജനുവരി 29. പോപ്പിൻെറ കാൎയ്യസ്ഥൻ നാട്ടിലുള്ള നാണയങ്ങളുടെ വില പുതുതായി തിട്ടപ്പെടുത്തുകയും അഞ്ചു ക്രൌണിൽ അധികം യാതൊരാളും മേലാൽ രാജ്യത്തുനിന്നു വെളിയിലേക്കു കൊണ്ടുപോകുവാൻ പാടില്ലെന്നു കല്പിക്കുകയും ചെയ്തിരിക്കുന്നു."

ഇങ്ങിനെയുള്ള നിരോധനങ്ങൾ രാജ്യത്തിലുള്ള സ്വൎണ്ണവും വെള്ളിയും രാജ്യാതിൎത്തിക്കുള്ളിൽ തടഞ്ഞുനിൎത്തുവാൻ സഹായിച്ചു. ഈ ലോഹങ്ങൾ കുഴിച്ചെടുക്കാവുന്ന ഖനികളുള്ളവയോ, ഖനികൾ കുഴിച്ചുണ്ടാക്കാവുന്ന കോളനികൾ അധീനത്തിലുള്ളവയോ, ആയ രാജ്യങ്ങൾക്കു തങ്ങളുടെ

അതിൎത്തിയിലുള്ള സ്വൎണ്ണത്തിന്റേറയും വെള്ളിയുടെയും ശേഖരത്തെ വൎദ്ധിപ്പിക്കുവാൻ കഴിഞ്ഞു.

ഈ രണ്ടു സൌകൎയ്യങ്ങളുമില്ലാത്ത രാജ്യങ്ങൾക്കു് "മക്കൻറലിസ്റ്റ്"കാർ ഒരു എളുപ്പമാൎഗ്ഗം നിൎദ്ദേശിച്ചു. "അനുകൂലമായ വ്യാപാരമിച്ചം"—ഇംഗ്ലീഷുകാരനായ ഒരു ലേഖകൻ, ഇംഗ്ലണ്ടിനെ ധനസമൃദ്ധമാക്കിത്തീൎക്കുന്നതിന്നുള്ള മാൎഗ്ഗങ്ങൾ നിൎദ്ദേശിച്ചതിങ്ങനെയാണു്: "മററു രാജ്യങ്ങളിൽനിന്നു് ഈ രാജ്യത്തേക്കു് അധികം സ്വൎണ്ണം ആകൎഷിക്കുവാനുള്ള എളുപ്പമാൎഗ്ഗം, അധികം ചരക്കുകൾ ഇവിടെനിന്നു മററു രാജ്യങ്ങളിലേക്കു കയററി അയക്കുകയും, അന്യരാജ്യങ്ങളിൽനിന്നു് ഇവിടേക്കുള്ള ഇറക്കുമതികൾ കഴിയുന്നത്ര ചുരുക്കുകയുമാണു്. ഈ മാൎഗ്ഗം സ്വീകരിക്കുകയാണെങ്കിൽ കാലത്താൽ പതിനൊന്നുലക്ഷം പവൻ വില നില്ക്കുന്ന ചരക്കുകൾ ഇവിടെനിന്നു കയററി അയക്കുവാനും, ആറുലക്ഷം പവൻ വില നില്ക്കുന്ന ചരക്കുകൾ ഇവിടെ ഇറക്കുവാനും സൌകൎയ്യപ്പെടുന്നതാണു്. അങ്ങിനെ കാലത്താൽ ഈ രാജ്യത്തേക്കു് അഞ്ചുലക്ഷം പവൻ വിലക്കുള്ള സ്വൎണ്ണമോ നാണയമോ വന്നുചേരുമെന്നുള്ളതു് വ്യക്തമാണു്."

രാജ്യത്തിലെ സ്വൎണ്ണം വൎദ്ധിപ്പിക്കുന്നതിന്നു വിദേശവ്യാപാരത്തിലേൎപ്പെടണം. മററു രാജ്യങ്ങളിൽനിന്നു വാങ്ങുന്നതിനേക്കാൾ അങ്ങോട്ടു ചരക്കുകൾ വില്ക്കണം. ഇതായിരുന്നു മെക്കൻറലിസ്ററുകാരുടെ വാദം. കയററുമതിയിൽ, ഇറക്കുമതിയേക്കാൾ കൂടുതലായിവരുന്ന തുക രാജ്യത്തേക്കു സ്വൎണ്ണമായോ വെള്ളിയായോ വന്നുചേരുന്നതാണു്,

ഇംഗ്ലീഷുപൂൎവ്വേന്ത്യാസംഘത്തിന്നു കിട്ടിയ അധികാരപത്രത്തിൽ, സ്വൎണ്ണം കയററിഅയക്കുന്നതിന്നു് അധികാരം

നല്കിയിരുന്ന ഒരു ഖണ്ഡികയുണ്ടായിരുന്നു. രാജ്യത്തിലുള്ള സ്വർണ്ണം പുറമേക്കു കയററിക്കൊണ്ടുപോകുന്നു എന്ന ആക്ഷേപം, ഈ കമ്പനിയുടെ പേരിൽ പല എഴുത്തുകാരും പുറപ്പെടുവിച്ചു. കമ്പനിയുടെ ഡയരക്ടർമാരിൽ ഒരാൾ ഈ ആക്ഷേപത്തിന്നു് ഇങ്ങിനെ മറുപടി പറഞ്ഞു: "പൌരസ്ത്യദേശങ്ങളിൽനിന്നു ചരക്കുകൾ വാങ്ങിക്കുന്നതിന്നു് ഇംഗ്ലണ്ടിൽനിന്നും സ്വർണ്ണം കയററിഅയച്ചു, എന്നതു പരമാർത്ഥമാണ്. എന്നാൽ ഇങ്ങിനെ ഇംഗ്ലണ്ടിലേക്കു് ഇറക്കുമതി ചെയ്തിരുന്ന ചരക്കുകൾ, മററു രാജ്യങ്ങളിലേക്കു കയററിഅയക്കുകയാണു ചെയ്യുന്നതു്. അങ്ങിനെ ഇംഗ്ലണ്ടിൽനിന്നും കയററിഅയച്ചതിൽ കൂടുതലായി സ്വർണ്ണം ഇംഗ്ലണ്ടിലേക്കു വീണ്ടും വരാൻ ഇടവരുന്നുണ്ട്." അദ്ദേഹത്തിൻെറ അഭിപ്രായം ഇതായിരുന്നു: "നമ്മുടെ ധനം വർദ്ധിപ്പിക്കുവാനുള്ള മാർഗ്ഗം വിദേശവ്യാപാരമാണ്. എന്നാൽ ഒരു നടപടിക്രമം നാം സ്വീകരിക്കണം. മററുള്ളവർക്കു് അവരോടു വാങ്ങുന്നതിനേക്കാൾ അധികം വിലവരുന്ന ചരക്കുകൾ വില്ക്കുവാൻ നാം ശ്രദ്ധിക്കണം. നാം അയക്കുന്ന ചരക്കിൽ അധികമായി വരുന്ന തുകക്കു് അവർ സ്വർണ്ണം അയച്ചുതരാതെ നിവൃത്തിയില്ലല്ലൊ. പണം ഈ രാജ്യത്തിൽതന്നെ സ്വരൂപിച്ചുനിർത്തുവാൻ മറെറന്തു നടപടികൾ സ്വീകരിച്ചാലും, അനുകൂലമായ വ്യാപാരമിച്ചത്തിൽകൂടിയും നമുക്കു കൂടുതൽ സ്വർണ്ണം കിട്ടുവാൻ സംഗതിയാകണം."

"വിലപിടിച്ച സാധനങ്ങൾ കഴിയുന്നത്ര കയററിഅയക്കുക. വളരെ അത്യാവശ്യസാധനങ്ങൾ മാത്രം ഇറക്കുമതിചെയ്യുക. മിച്ചമായി കിട്ടേണ്ട സംഖ്യ നാണയമായിട്ടു തന്നെ വെച്ചുവാങ്ങുക." ഇതിൻെറ അർത്ഥം വ്യവസായത്തെ എല്ലാ തുറകളിലും പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നു,

കാരണം കാഷ്ഠികോല്പന്നങ്ങളേക്കാൾ വ്യവസായത്തിൽ കൂടിയുണ്ടാകുന്ന ചരക്കുകൾക്കാണു് അധികം വില കിട്ടിയിരുന്നതു്. വിദേശമാക്കററുകളിൽ അത്തരം ചരക്കുകൾ ചിലവാക്കുന്നതു് അധികം സമ്പത്തും കിട്ടാനുള്ള മാൎഗ്ഗമായിരിക്കും. മാത്രമല്ല സ്വന്തം രാജ്യത്തു വ്യവസായങ്ങൾ വളൎത്തി, ജനങ്ങൾക്കാവശ്യമായ ചരക്കുകൾ ഉല്പാദിപ്പിക്കുകയാണെങ്കിൽ, അന്യരാജ്യത്തുനിന്നു അത്തരം ചരക്കുകൾ ഇറക്കുമതി ചെയ്യാതിരിക്കുവാനും സാധിക്കും. ഇതു സ്വന്തം രാജ്യത്തെ സ്വയംസമ്പൂൎണ്ണവും സ്വതന്ത്രവുമാക്കിത്തീക്കുന്നതോടൊപ്പം, വ്യാപാരമിച്ചം അനുകൂലമാക്കിത്തീക്കുവാൻ സഹായിക്കുകയും ചെയ്യും.

പഴയ വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്താനും പുതിയ വ്യവസായങ്ങൾ ആരംഭിക്കുവാനും, ഉള്ള വഴികൾ ഓരോ രാജ്യവും ആരായുവാൻ തുടങ്ങി. ബവേറിയയിലെ രാജാവു് ഇങ്ങിനെ പ്രസ്താവിച്ചു: "രാജ്യത്തിലെ വ്യവസായാഭിവൃദ്ധിക്കുവേണ്ടി, എന്തെല്ലാം ചെയ്യേണമെന്നാലോചിച്ചു തീൎച്ചപ്പെടുത്തുവാൻ, ബുദ്ധിശാലികളായ ഏതാനും വ്യക്തികളുടെ ഒരു സംഘം സ്ഥാപിക്കേണ്ടതാണെന്നു നാം ഇതിനാൽ കല്പിക്കുന്നു."

ഈ സംഘം പല മാൎഗ്ഗങ്ങളും കണ്ടുപിടിച്ചു. "കയററുമതിയുടെ ആവശ്യാൎത്ഥം ചരക്കുകൾ ഉല്പാദിപ്പിക്കുന്ന വ്യവസായികൾക്കു് സഹായധനം കൊടുക്കുക" ഒരു വ്യവസായത്തിൽ ഉണ്ടാകുന്ന ചരക്കുകളിന്മേൽ ഗവമ്മെണ്ടുവകയായി ഒരു പ്രത്യേകതോതിൽ സഹായധനം കൊടുക്കുന്നതാണെന്നു പ്രഖ്യാപിച്ചാൽ, ആ വ്യവസായത്തിൽ മുതലിറക്കി ആ ചരക്കുതന്നെ നിൎമ്മിക്കുവാൻ ആളുകൾ തയ്യാറാകുമല്ലോ. അ

ങ്ങിനെ ഈ സഹായധനം ഉല്പാദനത്തിന്നു വേഗത കൂട്ടാനും വ്യവസായത്തെ വളൎത്തുവാനും സഹായിക്കും.

മററൊരു മാൎഗ്ഗം താരിപ്പുരക്ഷാവ്യവസ്ഥകൾ നടപ്പാക്കുകയാണു്. ശൈശവാവസ്ഥയിലിരിക്കുന്ന വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്നാണു്, താരിപ്പുവ്യവസ്ഥകൾ ഉപയോഗപ്പെടുത്തുന്നതു്, ''ബ്രിട്ടനിലും അയർലണ്ടിലും തുണിയുടെ ഉല്പാദനം ശൈശവാവസ്ഥയിൽ ഇരിക്കുന്നേയുള്ളു. അതുകൊണ്ടു് ഈ സാധനങ്ങൾ ചുരുങ്ങിയ വിലക്കു വില്ക്കുവാൻ അവക്കു സാധിക്കുന്നില്ല. വളരെ മുമ്പുതന്നെ ഈ വ്യവസായത്തിൽ ഏൎപ്പെട്ടിരുന്ന, മററു രാജ്യക്കാരായ വ്യവസായികൾക്കു്, ചരക്കുകൾ ചുരുങ്ങിയ വിലക്കു വില്ക്കുവാൻ കഴിയുകയും ചെയ്യുന്നു. അതുകൊണ്ടു് ഗവൎമ്മേണ്ടിൻെറ പ്രോത്സാഹനമില്ലാതെ ഈ വ്യവസായത്തിന്നു് പുരോഗതിപ്രാപിക്കുവാൻ സാദ്ധ്യമല്ല.'' ഇങ്ങിനെയാണു് ഒരു ലേഖകൻ വാദിച്ചതു്.

വിദേശച്ചരക്കുകളുടെ മത്സരത്തിൽനിന്നു രക്ഷനേടുവാൻ ഇറക്കുമതിചെയ്യുന്ന ചരക്കുകളുടെമേൽ ഭാരിച്ച ചുങ്കം ചുമത്തുകയാണു് ഗവൎമ്മേണ്ടുകൾ ചെയ്തിരുന്നതു്. ചില സാധനങ്ങൾ ഇറക്കുമതിചെയ്യുന്നതു് നിരോധിക്കുവാനും ചില ഗവൎമ്മേണ്ടുകൾ ഒരുങ്ങി.

സഹായധനം കൊടുത്തും താരിപ്പുചുങ്കങ്ങൾ ചുമത്തിയും വ്യവസായങ്ങൾക്കു പ്രോത്സാഹനം നല്കിയതുകൊണ്ടുമായില്ല. വ്യവസായത്തിൽ പരിഷ്കാരങ്ങൾ വരുത്തുവാൻ വിദഗ്ദ്ധരായ തൊഴിലാളികളെ മററു ദിക്കുകളിൽനിന്നു കൊണ്ടുവന്നു താമസിപ്പിക്കുകയും ആവശ്യമായിരുന്നു. വിദേശികളായ കൈത്തൊഴിൽകാൎക്കു് പല ആനുകൂല്യങ്ങളും നല്കി. നികുതിയിൽനിന്നൊഴിവാക്കുക; താമസസൌകര്യ

ങ്ങൾ സൌജന്യമായി ചെയ്തുകൊടുക്കുക; അവരുണ്ടാക്കുന്ന ചരക്കുകളിന്മേൽ ഏതാനും കൊല്ലങ്ങൾക്കു് കുത്തകാവകാശം അനുവദിക്കുക; ഉപകരണങ്ങൾ വാങ്ങുന്നതിന്നു പണം കടം കൊടുക്കുക; ഇങ്ങിനെ പല സഹായങ്ങളും ഗവമ്മേണ്ടു് അവക്കു ചെയ്തുകൊടുത്തു. സ്വമനസ്സാലെ വരാൻ കൂട്ടാക്കാത്ത കൈത്തൊഴിൽക്കാരെ ചില സന്ദർഭങ്ങളിൽ, ബലാൽ പിടിച്ചുകൊണ്ടുവരുന്നതിന്നും ഗവമ്മേണ്ടിന്നു മടിയുണ്ടായിരുന്നില്ല. 17-ാം നൂററാണ്ടിൽ ഫ്രാൻസിലെ ഒരു മന്ത്രി കൈത്തൊഴിൽവിദഗ്ദ്ധന്മാരെ തൻെറ രാജ്യത്തേക്കു കൊണ്ടുവന്നു താമസിപ്പിക്കുന്നതിൽ, വളരെ താല്പര്യം പ്രദശിപ്പിച്ചു. അദ്ദേഹം രാജ്യങ്ങളിലേക്കു ഏജണ്ടുമാരെ അയച്ചു വിദഗ്ദ്ധ തൊഴിലാളികളെ ശേഖരിച്ചു. ഇങ്ങിനെ കൊണ്ടുവരുന്ന പ്രവൃത്തിക്കാർ സ്വദേശങ്ങളിലേക്കു മടങ്ങിപ്പോകാതിരിക്കേണ്ടതത്യാവശ്യമായിരുന്നു. അതിന്നും പ്രത്യേകനടപടികൾ എടുത്തു. അതാതിടത്തെ കൈത്തൊഴിൽകാർ നാടു വിട്ടുപോകുന്നതിനേയും, തൊഴിൽരഹസ്യങ്ങൾ മററു ദിക്കുകാൎക്കു വില്ക്കുന്നതിനേയും, തടയുവാൻ ഗവമ്മേണ്ടു നടപടികൾ എടുത്തു. (എന്നാൽ മതപരമായ കാരണങ്ങളിന്മേൽ അനേകം വിദഗ്ദ്ധതൊഴിലാളികൾ നാടുവിട്ടുപോകാനുള്ള പരിതഃസ്ഥിതികൾ സൃഷ്ടിക്കുന്നതിന്നും ചില ഗവമ്മേണ്ടുകൾ മടിച്ചിരുന്നില്ല.)

വിദേശികളായ വിദഗ്ദ്ധവേലക്കാരുടെ ക്ഷേമത്തിൽ ഗവമ്മേണ്ടു് താല്പര്യം പ്രദശിപ്പിച്ചിരുന്നു എന്നുള്ളതിന്നു് എലിസബത്ത് രാജ്ഞി എഴുതിയ ഒരെഴുത്തിൽനിന്നും ഏതാനും സംഗതികൾ ഇവിടെ ഉദ്ധരിക്കാം. ഒരു ജമ്മൻകാരനെ കൊലപ്പെടുത്തിയതിൽ രാജ്ഞി കാണിച്ച ഉല്ക്കണ്ഠ എത്രയാണെന്നു നോക്കുക: "നമ്മുടെ അധികാരപത്രത്തിന്നനുസരിച്ചു് ആനുകൂല്യങ്ങൾ നല്കപ്പെട്ടിരുന്നവരും, ഖനന

വസ്തുക്കൾ കഴിച്ചെട്ടുകുന്നതിൽ ഏർപ്പെട്ടിരുന്നവരും, മേലാലും ആ പ്രവൃത്തി തുടന്നുപോകുവാൻ ആഗ്രഹിക്കുന്നവരുമായ ആൽമെയിൻകാരെ, നമ്മുടെ ആളുകൾ അന്യായമായി ആക്രമിക്കുകയും അവരിൽ ഒരാളുടെ മരണത്തിന്നു സംഗതിയാക്കുകയും ചെയ്തിരിക്കുന്നു. ഇതു് വിദേശികളായ വിദഗ്ധവേലക്കാരെ, മേലാൽ ഈ ദിക്കിൽ പാർപ്പുറപ്പിക്കുന്നതിൽനിന്നും തടയുന്നതാണു്. അതുകൊണ്ടു് ഈ അക്രമത്തിന്നുത്തരവാദികളായവർ ആരെല്ലാമാണെന്നു കണ്ടുപിടിച്ചു നടപടികൾ എടുക്കണമെന്നു നാം കല്പിക്കുന്നു. മേലാൽ മേപ്പടി ആൽമേൻകാരോടുള്ള പെരുമാററം വളരെ സ്നേഹപൂർണ്ണവും പ്രോത്സാഹജനകവും ആയിരിക്കണം. ഇതിന്നു വിപരീതമായി പ്രവത്തിക്കുന്നവർ കഠിനശിക്ഷക്കു് പാത്രീഭൂതരാകുന്നതാണു്.''

ഉല്പാദനത്തെ സഹായിക്കുന്ന പുതിയ വിദ്യകളും, യന്ത്രങ്ങളും കണ്ടുപിടിക്കുന്നവക്കു് ഗവമ്മേണ്ടു് പ്രോത്സാഹനങ്ങൾ നല്കി. ഈ വിദ്യകളുടേയും യന്ത്രങ്ങളുടേയും പേരിൽ തൽക്കത്താക്കൾക്കു കുത്തകാവകാശങ്ങൾ നല്കി. ഇങ്ങിനെയുള്ള കണ്ടുപിടുത്തങ്ങളിൽ ഏപ്പെട്ടുന്ന ബുദ്ധിശാലികൾക്കു സമ്മാനങ്ങളും സധായധനങ്ങളും കൊടുക്കുകയും ചെയ്തു. ഫ്രാൻസിൽ ഗവമ്മേണ്ടുവകയായി സാങ്കേതികവിദ്യാലയങ്ങൾ നടത്തി. ഗവമ്മേണ്ടുവകയായി വ്യവസായശാലകൾ ആരംഭിച്ചു. ഗവമ്മേണ്ടു് ഈ വ്യവസായശാലകൾ മാതൃകകളായിട്ടാണു് തുടങ്ങിയിരുന്നതു്. ചെറുതരം വ്യവസായശാലകളിൽ ചെയ്യുവാൻ കഴിയുന്ന പരീക്ഷണങ്ങൾ ഗവമ്മേണ്ടുവകയായ പ്രവൃത്തിശാലയിൽവെച്ചു നടത്തുവാൻ സാധിച്ചു.

വ്യവസായം, കയററുമതിയെ പ്രോത്സാഹിപ്പിക്കുകയും, സ്വന്തം നാട്ടിൽത്തന്നെ സ്വരൂപിച്ചുനിർത്തുകയും, ജന

ങ്ങൾക്കു ജോലിയുണ്ടാക്കിക്കൊടുക്കുകയും ചെയ്തു. പിച്ച ക്കാരും തൊഴിലില്ലാത്തവരും നിറഞ്ഞിരുന്ന കാലമായിരുന്നു അതു്. ആതുരസംരക്ഷണത്തിന്നു് ഗവമ്മേണ്ടു് വളരെ പണം ചിലവുചെയ്യേണ്ടിവന്നു. ഈ സന്ദർഭത്തിൽ ജോലിയില്ലാത്തവക്കു ജോലിയുണ്ടാക്കുവാൻ സഹായിക്കുന്ന കാര്യങ്ങൾ സ്വാഗതാർഹങ്ങളായിരുന്നു.

പ്രജകളുടെ നന്മയിൽ ഉത്സുകനായ രാജാവും, ദേശീയാധികാരവും ദേശീയസമ്പത്തും വദ്ധിപ്പിക്കുവാൻ ആഗ്രഹിച്ച മുതലാളിത്തചിന്തകന്മാരും, തങ്ങളുടെ നാട്ടിലെ ജനങ്ങൾക്കു ജീവിതമാഗ്ഗം ഉണ്ടാക്കിക്കൊടുക്കാൻ ശ്രമിച്ചു. തൊഴിലില്ലാത്തവക്കു തൊഴിലുണ്ടാക്കിക്കൊടുക്കുവാൻ വ്യവസായങ്ങൾ ആരംഭിച്ചു. ജനങ്ങൾക്കാവശ്യമായ ഭക്ഷണം കൊടുക്കുന്നതിന്നു്, ധാന്യങ്ങൾ ഉല്പാദിപ്പിക്കുന്നതിൽ കാര്യമായ ശ്രദ്ധ ചെലുത്തി. (യുദ്ധാവസരങ്ങളിൽ ശക്തിയുള്ള പട്ടാളക്കാരെ കിട്ടണമല്ലോ). യുദ്ധാവസരങ്ങളിൽ ധാന്യങ്ങൾ ആവശ്യംപോലെ കിട്ടേണ്ടിയിരുന്നതുകൊണ്ടു്, ധാന്യങ്ങൾ കൂടുതലായുണ്ടാക്കുന്നതിന്നും സഹായധനം കൊടുക്കുക പതിവായിത്തീന്നു. "ധാന്യനിയമങ്ങൾ" നടപ്പാക്കുവാൻ ഗവമ്മേണ്ടുകളെ പ്രേരിപ്പിച്ചിരുന്ന ഒരു കാരണം ഇതായിരുന്നു.

ഗവമ്മേണ്ടുകൾ, കപ്പലുകളുടെ സംഖ്യയും ബലവും വദ്ധിപ്പിച്ചു. മാതൃഭൂമിയെ രക്ഷിക്കുന്നതിന്നും അന്യരാജ്യങ്ങളെ ആക്രമിക്കുന്നതിന്നും, കപ്പലുകൾ ആവശ്യമാണു്. അനുകൂലമായ "വ്യാപാരമിച്ചം" സാധിക്കുന്നതിന്നും കപ്പലുകൾ നിമ്മിക്കേണ്ടതുണ്ടായിരുന്നു. വിദേശവ്യാപാരത്തിൽ താല്പര്യം വദ്ധിക്കുന്നതിന്നനുസരിച്ചു്, ചരക്കുകൾ അന്യനാട്ടുകളിലേക്കു കയററിക്കൊണ്ടുപോകുന്നതിൽ, കപ്പ

ല്പകൾക്കുള്ള പങ്ക് അവർ മനസ്സിലാക്കി. കപ്പൽവ്യവസായം പ്രോത്സാഹിപ്പിക്കപ്പെട്ടു. കപ്പൽനിർമ്മാണത്തിൽ ഏർപ്പെട്ടവർക്കു ഗവർമ്മേണ്ട് സഹായധനം നല്കി. കപ്പല്പുണ്ടാക്കുന്നതിന്നാവശ്യമായ താർ, മരം മുതലായ സാധനങ്ങൾ ചുങ്കം ചുമത്താതെ ഇറക്കുമതി ചെയ്യുവാൻ അനുവദിച്ചു. ആളുകളെ കടൽപടയിൽ നിർബ്ബന്ധിച്ചു ചേർത്തു' തടവുകാരെ കപ്പല്പുകളിൽ പണിയെടുക്കുവാനാണ്, വിധിക്കേണ്ടതെന്നു്, ന്യായാധിപന്മാർക്കു നിർദ്ദേശങ്ങൾ നല്കി. ഇംഗ്ലണ്ടിൽ മത്സ്യവ്യവസായത്തിന്നു പ്രോത്സാഹനം നല്കി' മത്സ്യവ്യവസായം കടൽയാത്രക്കാവശ്യമായ പരിശീലനത്തിന്നുള്ള സൌകര്യങ്ങൾ ഉണ്ടാക്കി. ആരോഗ്യത്തിന്നും ദീർഘായുസ്സിന്നും ആവശ്യമായ പോഷകങ്ങൾ മത്സ്യത്തിൽ അടങ്ങിയിരിക്കുന്നു എന്നു ഗവർമ്മേണ്ട് പ്രചാരവേല നടത്തി.

16-ാംനൂററാണ്ടിൻെറ അവസാനത്തിൽ സ്പെയിനിൻെറ ശക്തി കുറഞ്ഞപ്പോൾ, ഹോളണ്ട് ഏററവും വലിയ നാവികശക്തിയായുയൎന്നു. ഹോളണ്ട് ഒരു ചെറിയ രാജ്യമായിരുന്നെങ്കിലും ധനവും ശക്തിയും ആർജ്ജിക്കുവാൻ ആ രാജ്യത്തിന്നു സാധിച്ചു. ഈ ശക്തിക്കു കാരണം കപ്പൽവ്യവസായത്തിൽ ആ രാജ്യം കാര്യമായ ശ്രദ്ധ ചെലുത്തിയതായിരുന്നു. ഭൂമിശാസ്ത്രപരമായ കിടപ്പുകൊണ്ടു്, വെനീസ്സുകാരെപ്പോലെ, കപ്പൽയാത്രയെസ്സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളിലും പരിശീലനം ലഭിക്കുവാൻ ഹോളണ്ടിലെ ആളുകൾക്കു സൌകര്യംകിട്ടി. അവരുടെ കടലിൽ നിന്നു ധാരാളം മത്സ്യം കിട്ടിയിരുന്നതുകൊണ്ടു്, ഇക്കാര്യത്തിൽ ഹോളണ്ടുകാർ ശ്രദ്ധചെലുത്തുവാൻ സംഗതിയാവുകയുംചെയ്തു. വടക്കുനിന്നും മദ്ധ്യധരണി അഴിപ്രദേശങ്ങളിലേക്കു് ചരക്കുകൾ കൊണ്ടുപോകുന്നതിൽ, ഹോളണ്ടു്,

മദ്ധ്യമാൎഗ്ഗമുള്ള ഒരു കച്ചവടകേന്ദ്രമായിത്തീൎന്നു. ഈ സൌകൎയ്യത്തെ സ്ഥിരോത്സാഹികളായ ഹോളണ്ടുകാർ തികച്ചും ഉപയോഗപ്പെടുത്തി. അവർ അവരുടെ കപ്പലുകളിൽ ലോകം മുഴവൻ ചരക്കുകൾ കടത്തുക എന്ന പ്രവൃത്തിയിലേൎപ്പെട്ടു. ഡച്ചുകപ്പലുകളെ ലോകത്തിൻെറ നാനാഭാഗത്തും കാണുവാൻ തുടങ്ങി.

ഡച്ചുകപ്പലുകളിൽ തങ്ങളുടെ ചരക്കുകൾ കയററിഅയക്കുവാൻ ഇംഗ്ലണ്ടും ഫ്രാൻസും തയ്യാറായിരുന്നില്ല. സ്വയം സമ്പൂൎണ്ണതക്കുള്ള അവരുടെ പരിപാടിയിൽ സ്വന്തമായി ഒരു കപ്പൽപ്പടയുണ്ടാക്കുകയെന്നതും ഒരു പ്രധാനമായ ഇനമായിത്തീൎന്നു. ഡച്ചുകാരുടെ കപ്പലുകളിൽ ചരക്കുകൾ കയററി അയക്കുന്നതുകൊണ്ടു് രാജ്യത്തിലെ സ്വൎണ്ണം ഹോളണ്ടിലേക്കൊഴുകുവാൻ സംഗതിയാക്കുമല്ലോ. കപ്പൽയാത്രകളെക്കുറിച്ചും, കപ്പലുകളിൽ ചരക്കുകൾ കൊണ്ടുപോകുന്നതിനെക്കുറിച്ചും ഇംഗ്ലണ്ടിൽ പാസ്സാക്കപ്പെട്ട നിയമങ്ങൾ, കപ്പൽനിൎമ്മാണത്തെ പ്രോത്സാഹിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളവയായിരുന്നു. സ്വന്തം കപ്പലുകളിൽ മാത്രമേ ചരക്കുകൾ കൊണ്ടുപോകുവാൻ പാടുള്ളു എന്ന നിയമം നടപ്പിൽ വന്നു. ഇക്കാൎയ്യത്തിൽ മാതൃരാജ്യവും കോളനികളും ഒരേ കെട്ടായി പ്രവൎത്തിക്കേണമെന്നും തീരുമാനിച്ചു. മാതൃരാജ്യത്തിൻെറ താല്പൎയ്യങ്ങൾക്കു ഹാനികരമായ യാതൊരു വ്യവസായത്തിലും കോളനികൾ ഏൎപ്പെട്ടുപോകരുതെന്നു വ്യവസ്ഥചെയ്തു. കോളനികൾ അസംസ്കൃതപദാൎത്ഥങ്ങൾ ഉല്പാദിപ്പിച്ചു മാതൃരാജ്യത്തേക്കയച്ചുകൊടുക്കണമെന്നായിരുന്നു വെപ്പു്. കോളനികളിലുണ്ടാകുന്ന അസംസ്കൃതസാധനങ്ങളുപയോഗിച്ചു് അവിടങ്ങളിൽ വ്യവസായം വളരുന്നതിന്നു മാതൃരാജ്യം അനുവദിച്ചില്ല.

"ദേശീയസമ്പത്തു്", "ദേശീയശക്തി" എന്നെല്ലാമുള്ള പദങ്ങൾകൊണ്ടു് ഉദ്ദേശിക്കപ്പെട്ടതു്, വ്യവസായത്തിൽ ഏർപ്പെട്ടു്, ആദായമുണ്ടാക്കിയിരുന്ന ചുരുക്കം ആളുകളുടെ സമ്പത്തു്, ശക്തി എന്നു മാത്രമായിരുന്നു, അവരുടെ താല്പര്യം രാജ്യത്തിന്റെ മുഴുവൻ താല്പര്യമായി അവർ ചിത്രീകരിച്ചു എന്നത്ഥം.

രാജാക്കന്മാർ; അവക്കാവശ്യമുള്ള പണം, ആവശ്യമുള്ള സന്ദർഭങ്ങളിൽ പിരിച്ചുണ്ടാക്കുന്നതിന്നു വളരെ വിഷമിക്കേണ്ടിവന്നു. കാരണം, വ്യവസ്ഥിതമായ നികുതിസമ്പ്രദായം അപ്പോൾ നടപ്പിലാക്കിയിരുന്നില്ല. ഒരു നിശ്ചിത സംഖ്യ കൊടുത്തുകൊള്ളാമെന്ന നിശ്ചയത്തിന്മേൽ, രാജാവു നികുതിപിരിവുകാക്കു് കരാറുകൾ കൊടുക്കുകയായിരുന്നു പതിവു്. ഏററവും വലിയ സംഖ്യ കൊടുക്കാൻ തയ്യാറായവക്കു് ഈ അവകാശം ചാത്തിക്കൊടുത്തു. ഈ പിരിവുകാർ സാധുക്കളിൽനിന്നു കിട്ടുന്നേടത്തോളം സംഖ്യകൾ പിഴിഞ്ഞെടുത്തു. നികുതിയിൽനിന്നുമുള്ള വരുമാനം കൊണ്ടു് കാര്യങ്ങൾ നിവ്വഹിക്കുവാൻ സാധിക്കാതെ വന്നപ്പോൾ, രാജാവു്, പണ്ടാരം വകയായ നിലങ്ങൾ വിററു പണം വാങ്ങി. ബേങ്കുടമകളിൽനിന്നും കച്ചവടക്കാരിൽ നിന്നും പണം കടം വാങ്ങുകയും ചെയ്തു. പണസംബന്ധമായ വിഷമതകളുള്ളതുകൊണ്ടു്, ഗവമ്മേണ്ടുകൾ, രാജ്യത്തു സ്വണ്ണം സംഭരിക്കുന്നതിൽ ശ്രദ്ധ ചെലുത്തി. ധനം വദ്ധിപ്പിക്കുവാനുള്ള മാഗ്ഗം വ്യാപാരം അഭിവൃദ്ധിപ്പെടുത്തുകയാണെന്നു മനസ്സിലായതുകൊണ്ടു്, ഗവമ്മേണ്ടുകളുടെ താല്പര്യവും വ്യാപാരികളുടേയും വ്യവസായികളുടേയും താല്പര്യവും ഒന്നുതന്നെയായിത്തീൎന്നു.

വ്യാപാരത്തിൽ ഒരു രാജ്യത്തിന്നു ലാഭം കിട്ടണമെങ്കിൽ മറെറാരു രാജ്യത്തിന്നു നഷ്ടംപററിയേ തീരൂ എന്നവർ

വിശ്വസിച്ചു. മററു നാട്ടുകാരുടെ താല്പര്യങ്ങൾ അപകട പ്പെട്ടത്തിമാത്രമേ സ്വന്തം വ്യാപാരത്തെ അഭിവൃദ്ധിപ്പെട്ടത്താൻ കഴിയുകയുള്ളു എന്നു് അക്കാലത്തു കരുതിയിരുന്നു. രണ്ടു വശത്തും ആദായമുണ്ടാക്കുന്ന ഏൎപ്പാടാണു് വ്യാപാരമെന്നു മനസ്സിലാക്കിയില്ല. 18–ാംനൂററാണ്ടിലെ ഒരെഴുത്തുകാരൻെറ അഭിപ്രായത്തിൽ "യൂറോപ്പിൽ മുഴുവനുമായി വ്യാപാരത്തിന്നുള്ള സൌകര്യങ്ങൾ വളരെ പരിമിതമാണു്, രോമക്കച്ചവടത്തിൽ ഇംഗ്ലണ്ടു് പതിനഞ്ചുലക്ഷം പവൻ വിലക്കുള്ള ചരക്കുകൾ വില്ക്കുമ്പോൾ, ഇരുപതുലക്ഷം പവൻ വില ഇംഗ്ലണ്ടിന്നു ലഭിക്കണമെങ്കിൽ മറെറാരു രാജ്യം അഞ്ചുലക്ഷം പവൻ നഷ്ടപ്പെടാതെ സാദ്ധ്യമല്ല."

മറെറാരു രാജ്യത്തിൻെറ വ്യാപാരത്തിന്നു കോട്ടം തട്ടുന്നതുകൊണ്ടുമാത്രമേ, തങ്ങളുടെ വ്യാപാരം അഭിവൃദ്ധിപ്പെട്ടുകയുള്ളൂ എന്ന വിശ്വാസം, രാജ്യങ്ങളന്യോന്യമുള്ള യുദ്ധങ്ങളിൽ ചെന്നവസാനിക്കുമെന്നു വ്യക്തമാണു്. മെൎക്കൻെറിലിസ്റ്റ് ആശയം യുദ്ധപൎയ്യവസായിയായിത്തീൎന്നതിൽ ആശ്ചൎയ്യപ്പെടാനില്ല. കച്ചവടം പിടിക്കാൻ, കമ്പോളങ്ങൾ സ്വാധീനമാക്കാൻ, കോളനികൾ വെട്ടിപ്പിടിക്കാൻ രാജ്യങ്ങളന്യോന്യം യുദ്ധങ്ങളിൽ ഏൎപ്പെട്ടു. ഈ യുദ്ധങ്ങളിൽ ചിലതു വ്യാപാരയുദ്ധങ്ങൾ എന്ന പേരിൽതന്നെയാണു് അറിയപ്പെട്ടതും. മററു യുദ്ധങ്ങളുടെ പേരുകൾ, ശരിയായ ഉദ്ദേശം മറച്ചുവെക്കുവാൻ സഹായിച്ചു എന്നുമാത്രമേയുള്ളൂ.

സ്വൎണ്ണം, കീൎത്തി, ശക്തി ഇവ സമ്പാദിക്കുകയായിരുന്നു ഓരോ രാജ്യത്തിൻേറയും ലക്ഷ്യം.

# XII

# സ്വാതന്ത്ര്യവ്യാപാരം

കുത്തകാവകാശങ്ങളുണ്ടായിരുന്ന കമ്പനികൾക്കു കിട്ടിയിരുന്ന ലാഭത്തിൽ ഒരു പങ്കു ലഭിക്കാൻ മററു വ്യാപാരികൾക്കും ആഗ്രഹം ജനിച്ചു. എന്നാൽ അതിന്നവക്കു സൗകര്യം ലഭിച്ചില്ല. പണം കയ്യിലുള്ളവക്ക് ഇഷ്ടംപോലെ അതുപയോഗപ്പെടുത്തേണമെന്നുണ്ടായിരുന്നു. വികസിച്ചുകൊണ്ടിരുന്ന വ്യവസായവും വ്യാപാരവും ഉണ്ടാക്കിയ സൗകര്യങ്ങളെ ഉപയോഗപ്പെടുത്തുകയായിരുന്നു അവരുടെ ആവശ്യം. മൂലധനത്തിൻെറ സ്വാധീനശക്തി എത്രത്തോളമുണ്ടെന്ന് അവർ മനസ്സിലാക്കി. ഈ സ്വാധീനത്തെ തികച്ചും പ്രയോജനകരമാക്കുവാൻ അവർ ആഗ്രഹിച്ചു. "അതു ചെയ്യരുത്" "ഇതു ചെയ്യരുത്" എന്ന നിരോധനങ്ങളെ അവർ വെറുത്തു. ...........എതിരായ നിയമങ്ങൾ..........മേലുള്ള നിയമങ്ങൾ ..........വേണ്ടിയുള്ള സഹായധനം എന്നെല്ലാമുള്ള പദങ്ങൾകേട്ട്, അവക്കു മടുത്തുകഴിഞ്ഞിരുന്നു. അവക്കാവശ്യം സ്വാതന്ത്ര്യവ്യാപാരമായിരുന്നു.

ഗവർമ്മെണ്ടുകൾക്കു വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കണമെന്നുണ്ടായിരുന്നു. ഒരു വിഭാഗത്തെ ദ്രോഹിക്കാതെ മറെറാരുതരക്കാരെ സഹായിക്കുവാൻ സാദ്ധ്യമല്ലെന്ന് അവക്കുതോന്നി. ഈ ദ്രോഹം സഹിക്കേണ്ടിവന്നവരാകട്ടെ ശക്തിയായി പ്രതിഷേധിക്കുകയും ചെയ്തു. 1700-ൽ പ്രഷ്യ

യിൽ രോമമുണ്ടാക്കുന്നവരെ രോമം കയററി അയക്കുവാൻ അനുവദിച്ചില്ല. കമ്പിളിവ്യവസായത്തിൽ ഏല്പെട്ടവക്കു ചുരുങ്ങിയവിലക്കു രോമംവാങ്ങാൻകിട്ടുന്നതു്, വലിയ പ്രോത്സാഹനമായിരിക്കുമെന്നു അവമ്മേണ്ടു മനസ്സിലാക്കി. രോമം കയററിഅയക്കുന്നതിനെ കമ്പിളിവ്യവസായത്തിൽ ഏപ്പെട്ടിരുന്നവർ സ്വാഗതംചെയ്തു. എന്നാൽ രോമം ഉല്പാദിപ്പിച്ചിരുന്നവർ, ഈ നിരോധനത്തെ ഇഷ്ടപ്പെട്ടില്ല. ഈ നിരോധം നീക്കം ചെയ്യേണ്ടതാണെന്നപേക്ഷിച്ചുകൊണ്ടു് 1721-ൽ അവർ രാജാവിൻെറ മുമ്പാകെ ഒരു നിവേദനം സമപ്പിച്ചു. "അവരുടെ കണക്കുകൾപ്രകാരംതന്നെ പാണ്ടികശാലകളിൽ ധാരാളം രോമം കെട്ടിക്കിടക്കുന്നുണ്ടു്. ഇക്കൊല്ലം ഉണ്ടാകുന്ന രോമത്തിൽ പകുതിയെങ്കിലും വിററഴിക്കുവാൻ സാദ്ധ്യമല്ല. കമ്പിളിവ്യവസായത്തിന്നാവശ്യമായ രോമമുണ്ടായിരിക്കണമെന്ന തിരുമേനിയുടെ അഭിലാഷം സാധിച്ചിരിക്കുന്നു. എന്നാൽ മറുവശത്തു് ആടിനെ വളത്തി രോമമുണ്ടാക്കുന്നവരുടെ കഷ്ടപ്പാടുകൾ വദ്ധിച്ചിരിക്കുന്നു. രോമം ധാരാളം കെട്ടിക്കിടക്കുന്നതുകൊണ്ടു് കിട്ടിയ വിലക്കു് രോമം വില്ക്കുവാൻ അവർ നിബ്ബന്ധിതരായിരിക്കുന്നു, നിയമംമൂലം രോമത്തിൻെറ വില ഇങ്ങിനെ കുറക്കുന്നതുകൊണ്ടു് രാജ്യം മുഴവനും കഷ്ടപ്പെടുകയാണു്. ആടിനെ പോററാൻ ആവശ്യമായ വരുമാനംപോലും ഞങ്ങൾക്കുണ്ടാകുന്നില്ല. ആടുകൾ മരിച്ചുതീരുന്നതിനെ ഞങ്ങൾ കാണേണ്ടിവരുമെന്ന നിലയിലേക്കാണു് കാര്യങ്ങൾ നീങ്ങുന്നതു്."

എന്നാൽ ഫ്രഡറിക്ക്‌വില്യം ഒന്നാമൻ ഈ നിയന്ത്രണം എടുത്തുകളഞ്ഞില്ല. ഈ ഹരജിക്കു് അദ്ദേഹം കൊടുത്ത മറുപടി ഇപ്രകാരമായിരുന്നു: "രോമം കയററിഅയക്കുന്നതിന്മേലുള്ള നിരോധം നിലനിത്തേണ്ടതാണെന്നു നാം

വിചാരിക്കുന്നു. ഇംഗ്ലണ്ടിനെപ്പോലുള്ള മററു രാജ്യങ്ങളിൽ ഈ നിയമംമൂലം പല നേട്ടങ്ങളും ഉണ്ടായിട്ടുണ്ടെന്നു് അനുഭവത്തിൽ തെളിഞ്ഞിരിക്കുന്നു. ആ രാജ്യങ്ങൾ അങ്ങിനെ സമ്പൽസമൃദ്ധമായിത്തീന്നിട്ടുണ്ടു്.''

ഇംഗ്ലണ്ടിൻെറ സമ്പത്തു വദ്ധിച്ചു എന്നു ഫ്രഡറിക്കു് അഭിപ്രായപ്പെട്ടതു് ശരിയായിരിക്കാം. എന്നാൽ അതിന്നുള്ള യഥാത്ഥകാരണങ്ങൾ എന്തായിരുന്നുവെന്നു ഇംഗ്ലണ്ടിലെ കച്ചവടക്കാക്കറിയാമായിരുന്നു. ഇംഗ്ലണ്ടിലെ കച്ചവടക്കാർ നിരോധനങ്ങളേയും നിയന്ത്രണങ്ങളേയും വെറുത്തു. അവരുടെ വ്യാപാരത്തെ പ്രോത്സാഹിപ്പിക്കുന്ന പരിവത്തനങ്ങൾക്കായി അവർ വെമ്പുകയായിരുന്നു. രാജ്യത്തിന്നു് ഏററവും സമ്പത്തും ശക്തിയും ഉണ്ടാകാൻ, സഹായിക്കുന്ന മാൎഗ്ഗങ്ങൾ അവർ നിദ്ദേശിച്ചു, സ്വന്തം താല്പര്യങ്ങളെ രാജ്യത്തിൻെറ മുഴുവൻ താല്പര്യങ്ങളായി അവർ ചിത്രീകരിച്ചു. പാർളിമെണ്ടിൻെറ 1820 മേയ് 8-ാംനു-ത്തെ തീരുമാനങ്ങൾ വിവരിക്കുന്ന കൂട്ടത്തിൽ ഇങ്ങിനെ പ്രസ്താവിച്ചു: ''ഒരു രാജ്യത്തിൻെറ അഭിവൃദ്ധിക്കു വിദേശവ്യാപാരം അത്യാവശ്യമാണു്. മററു രാജ്യങ്ങളിൽ ആദായകരമായി ഉണ്ടാക്കപ്പെടുന്ന ചരക്കുകൾ ഇറക്കുമതിചെയ്തു് ഇവിടെ ആദായകരമായുല്പാദിപ്പിക്കാവുന്ന ചരക്കുകൾ പകരം കയററുമതിചെയ്യേണ്ടതാണു്. വിദേശവ്യാപാരത്തിന്മേലുള്ള എല്ലാ നിയന്ത്രണങ്ങളും എടുത്തുകളയേണ്ടതു വളരെ ആവശ്യമാണു്. ഏററവും ചുരുങ്ങിയവിലക്കു കിട്ടുന്ന ദിക്കിൽനിന്നു സാധനങ്ങൾ വാങ്ങുകയും ഏററവും അധികം വില കിട്ടുന്ന ദിക്കുകളിൽ സാധനങ്ങൾ വില്ക്കുകയും ചെയ്യേണ്ടതാണു്. ഈ സമ്പ്രദായം സ്വീകരിക്കുന്നതു് എല്ലാ രാജ്യങ്ങൾക്കും ആദായകരമായിരിക്കും; ഓരോ രാജ്യത്തിലേയും പ്ര

ജകൾക്കു സുഖവും സമ്പത്തും ലഭിക്കുന്നതിന്നു് ഇതു സഹായകമായിരിക്കും. നിയന്ത്രണങ്ങൾ ചുമത്തുവാൻ സംഗതിയായതു്, ഇറക്കുമതി വദ്ധിച്ചാൽ സ്വന്തം വ്യവസായത്തിന്നു കോട്ടം തട്ടിയേക്കുമെന്നുള്ള തെററിദ്ധാരണകൊണ്ടാണു്— ഈ നിയന്ത്രണങ്ങൾ എല്ലാ തുറകളിലും നടപ്പിൽവരുത്തുവാൻ ഒരുങ്ങുകയെന്നതു് നമ്മുടെ രാജ്യത്തെ ലോകത്തിന്റെ മററു ഭാഗങ്ങളിൽനിന്നു് ഒററപ്പെടുത്തുന്നതിന്നു മാത്രമേ സഹായിക്കുകയുള്ളൂ."

"രാഷ്ട്രങ്ങളുടെ സമ്പത്തിന്റെ സ്വഭാവത്തേയും കാരണങ്ങളേയുംകുറിച്ചുള്ള അന്വേഷണം" എന്ന "ആഡംസ്മിത്തി"ന്റെ പുസ്തകം എല്ലാ രാജ്യങ്ങളിലേയും ചിന്തകന്മാരുടെ ശ്രദ്ധയെ ഹഠാദാകർഷിച്ചു. പഴയ എഴുത്തുകാർ ശക്തിയും സമ്പത്തും വദ്ധിപ്പിക്കുന്നതിന്നു്.ഒരു രാഷ്ട്രം എന്തു ചെയ്യേണമെന്നു വിധിച്ചു. ആഡംസ്മിത്താവട്ടെ ഓരോ രാജ്യത്തിലേയും, ഉല്പാദനം വിതരണം, ഇവക്കടിസ്ഥാനമായ സംഗതികളെ ആരാഞ്ഞു. നിയന്ത്രണങ്ങൾക്കുവേണ്ടി വാദിച്ചിരുന്ന "മക്കൻററലിസ്റ്റു്" ചിന്തകന്മാർ, രാജ്യത്തിന്റെ താല്പര്യങ്ങളെ മുൻനിത്തി അനേകം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. സ്മിത്താകട്ടെ, ഈ വിഷയത്തെ ശാസ്ത്രീയമായ ഒരു വീക്ഷണകോണത്തിൽക്കൂടി ദശിച്ചു. അദ്ദേഹം ഒരു ഗവേഷത്തിന്നൊരുമ്പെട്ടു. അദ്ദേഹത്തിന്റെ പുസ്തകത്തിൽ ഒരു ഭാഗം "മക്കൻററലിസ്റ്റും" തത്വങ്ങളെ വിശകലനംചെയ്യുവാനാണു് ഉപയോഗിച്ചിട്ടുള്ളതു്. ആ തത്വങ്ങൾ എത്ര പൊള്ളയായിരുന്നു എന്നു അയാൾ തെളിയിച്ചു.

അദ്ദേഹത്തിന്നു മുമ്പുണ്ടായിരുന്ന ചിന്തകന്മാൎക്കും അതേ ആശയങ്ങൾതന്നെ ഉണ്ടായിരുന്നു. "വ്യാപാരത്തെ നിയന്ത്രിച്ചതാണു് അതിന്റെ വിനാശത്തിന്നു കാരണം.

വിദേശച്ചരക്കുകൾ സ്വന്തം ചരക്കുകൾക്കു പകരമായിട്ടാണ് നാം വാങ്ങുന്നതു്. അതുകൊണ്ടു വിദേശച്ചരക്കുകളുടെ ഇറക്കുമതി തടയുന്നതു്, സ്വന്തം ചരക്കുകളുടെ ഉല്പാദനത്തെ തടസ്സപ്പെടുത്തുകയായിരിക്കും'' ഇതായിരുന്നു വാദം. ''വ്യാപാരമിച്ചം'' (Balance of trade) എന്ന വാദത്തെക്കുറിച്ച് 1691ൽ ''ഡഡ്ലി നോത്ത്'' എന്ന ആൾ ഇങ്ങിനെ എഴുതി: ''വ്യാപാരമിച്ചത്തെക്കുറിച്ചുള്ള അന്വേഷണങ്ങൾ തുടങ്ങിയിട്ട് കാലം വളരെയായിട്ടില്ല. കയററുമതിയേക്കാൾ ഇറക്കുമതി അധികമായിരിക്കുകയാണെങ്കിൽ, രാജ്യം നാശത്തിലാണ്ടുപോകുമെന്ന് ആളുകൾ ധരിച്ചുവശായി. എന്നാൽ ഇപ്പോഴാകട്ടെ ലോകംമുഴുവൻ വ്യാപിച്ചുനില്ക്കുന്ന വ്യാപാരത്തിന്റെ കാലമാണ്. ഈ ലോകത്തിൽ രാജ്യങ്ങൾ വ്യക്തികളായ വ്യാപാരികളെപ്പോലെയാണ്. വ്യാപാരം പൊതുവിൽ ആദായകരമല്ലെങ്കിൽ വ്യാപാരികൾ ആ വ്യാപാരം ഉപേക്ഷിക്കും. നിയമംമൂലം സാധനങ്ങൾക്ക് വില നിശ്ചയിക്കുക സാദ്ധ്യമല്ല. അങ്ങിനെയുള്ള നിയമങ്ങൾ നടപ്പിൽവരുത്തുന്നതു് വ്യാപാരത്തിന്നു ഹാനികരമായിരിക്കും.''

ടക്കർ എന്ന ചിന്തകൻ മക്കൻറലിസ്റ്റ് തത്വങ്ങളെക്കുറിച്ച് ഇങ്ങിനെ പറഞ്ഞു: ''അയർലണ്ടിന്റെ വ്യവസായത്തേയും വ്യാപാരത്തേയും നശിപ്പിക്കുകയെന്ന നമ്മുടെ നയം വളന്നുവരുന്ന വ്യാപാരത്തിന്നു് വളരെ ഹാനികരമാണ്. അയർലണ്ടിന്റെ സമ്പത്തു് വദ്ധിച്ചാൽ ഇംഗ്ലണ്ടിന്റെ വരുമാനം വദ്ധിക്കും. ഇന്നു് അയർലണ്ടിൽനിന്നു് രഹസ്യമായി ഫ്രാൻസിലേക്കു കയററിക്കൊണ്ടുപോകുന്ന രോമം, അവിടെവെച്ചു വസ്ത്രമാക്കി, നമ്മുടെ ചരക്കുകളോടു മത്സരിക്കുവാൻ കമ്പോളങ്ങളിലേക്കയക്കുകയാണ്. എന്നാൽ ഈ രോമംകൊണ്ടു അയർലണ്ടിൽതന്നെ തുണിത്തരങ്ങൾ ഉണ്ടാ

ക്കുകയാണെങ്കിൽ, ഇംഗ്ലണ്ടിന്നാണ് നേട്ടം. അയർലണ്ടിൽ നിന്നും കൂടുതൽ നികുതികൾപിരിച്ചു വരുമാനം വർദ്ധിപ്പിക്കുവാൻ ഇംഗ്ലണ്ടിന്നു സാധിക്കും."

സ്വൎണ്ണശേഖരത്തിന്റെ പ്രാധാന്യത്തെക്കുറിച്ചു മർക്കന്റലിസ്റ്റുകാർക്കുണ്ടായിരുന്ന ആശയങ്ങളെ 1742ൽ ആഡം സ്മിത്തിന്റെ സ്നേഹിതനായ ഡേവിഡ് ഹ്യൂം പൊളിച്ചുകളഞ്ഞു. അധികം സ്വൎണ്ണമുണ്ടായിരിക്കുകയെന്നതു് ഒരു രാജ്യത്തിന്നു വലിയ നേട്ടമൊന്നുമല്ല, എന്നു് അദ്ദേഹം വാദിച്ചു. സാൎവ്വദേശീയമായ വ്യാപാരത്തിന്റെ പ്രവൎത്തനത്തിൽകൂടി അതാതു് രാജ്യത്തിന്നാവശ്യമായ നാണയശേഖരം കയ്യടക്കുവാൻ സാദ്ധ്യമാണെന്നും, കയററുമതിയും ഇറക്കുമതിയും തമ്മിൽ തുലനം ചെയ്യുവാൻ സാദ്ധ്യമാണെന്നും, അദ്ദേഹം തെളിയിച്ചു.

പ്രചാരത്തിലിരിക്കുന്ന നാണയങ്ങളുടെ തുകക്കനുസരിച്ചു് സാധനങ്ങളുടെ വിലയിൽ ഏററക്കുറച്ചിൽ ഉണ്ടാകുന്നു എന്ന തത്വം എല്ലാവരും അംഗീകരിച്ചു. ഹ്യൂം ഈ തത്വത്തെ കുറേക്കൂടി മുന്നോട്ടു കൊണ്ടുപോയി. "ഒരു പ്രത്യേകരാജ്യത്തെ മാത്രമായെടുക്കുകയാണെങ്കിൽ, നാണയത്തിന്റെ തുക വർദ്ധിക്കുകയോ കുറയുകയോ, ചെയ്യുന്നതുകൊണ്ടു കാൎയ്യമായ യാതൊരു മാററവും സംഭവിക്കുവാനില്ല. സാധനങ്ങളുടെ വില നാണയത്തിന്റെ തുകക്കനുസരിച്ചു് മാറുന്നു എന്നു മാത്രമേയുള്ളൂ."

ഒരു രാജ്യത്തിൽ സാധനങ്ങളുടെ വില വർദ്ധിക്കുകയാണെങ്കിൽ അവിടെനിന്നു് മററുരാജ്യക്കാർ സാമാനങ്ങൾ വാങ്ങുന്നതു കുറയ്ക്കും. അപ്പോൾ അവിടെനിന്നുള്ള കയററുമതി കുറയും. കയററുമതിയും ഇറക്കുമതിയും തമ്മിൽ പൊരുത്തമില്ലാതാകയും ചെയ്യും. കയററുമതിയും ഇറക്കുമതിയും

തമ്മിലുള്ള വ്യത്യാസം നികത്താൻ ചരക്കുകൾക്കു് വില കയറിയിരിക്കുന്ന രാജ്യത്തുനിന്നു്, സ്വർണ്ണം പുറത്തേക്കയക്കേണ്ടതായിവരുന്നു. ഇതിൻെറ ഫലം അവിടെ പ്രചരിക്കുന്ന സ്വർണ്ണത്തിൻെറ തുക കുറയുന്നു എന്നാണു്. അതിനെത്തുടന്നു സാധനങ്ങളുടെ വില കുറയുന്നു. ഉടനെ മററുരാജ്യങ്ങൾ വീണ്ടും അവിടെനിന്നു് ചരക്കുകൾ വാങ്ങുവാൻ തുടങ്ങുന്നു. കയററുമതി വദ്ധിച്ചു ഇറക്കുമതിയോടൊപ്പമെത്തുകയും ചെയ്യുന്നു.

ഇതിൻെറ മറുവശവും ശരിയാണു്. ഒരു രാജ്യത്തു് നാണയങ്ങൾ കുറഞ്ഞു ചരക്കുകളുടെ വില കുറയുകയാണെങ്കിൽ, അവിടെനിന്നു മററു രാജ്യക്കാർ അധികം ചരക്കുകൾ വാങ്ങുവാൻ തയ്യാറാകുന്നു. അപ്പോൾ കയററുമതി വദ്ധിക്കുകയും നാണയങ്ങൾ അധികം വന്നുചേരുകയും ചരക്കുകൾക്കു വീണ്ടും വില വദ്ധിക്കുകയും ചെയ്യുന്നു. വിലച്ചുരുക്കംകൊണ്ടുണ്ടാകുന്ന കയററുമതിയുടെ വദ്ധനവു് ഇങ്ങിനെ സ്ഥിരമായി നില്ക്കുന്നില്ല. കയററുമതിയും ഇറക്കുമതിയുംതമ്മിൽ വീണ്ടും പൊരുത്തമുണ്ടാകാതിരിക്കയില്ല.

ഈ പ്രശ്നത്തിൻെറ ബാഹ്യമായ ഒരു വശംമാത്രമാണിതു്. ഫലത്തിൽ ഇവയെല്ലാം അത്ര എളുപ്പമായി പ്രവത്തനത്തിൽ വരുന്നില്ല. കയററുമതിയും ഇറക്കുമതിയുംതമ്മിൽ പൊരുത്തമുണ്ടാകുന്നതിന്നു് കുറെ സമയംപിടിക്കും. എന്നാൽ ഹ്യൂമിൻെറ ഈ വാദം മക്കൻെറലിസ്റ്റുകാരുടെ നാണയം സ്വരൂപിക്കുകയെന്ന നയത്തെ ബലഹീനമാക്കി.

മക്കൻറലിസ്റ്റു് തത്വങ്ങൾ ഓരോന്നായി നടപ്പിൽവരുന്ന സന്ദഭത്തിൽതന്നെ, ചിന്തകന്മാർ അവയെ എതിക്കുവാനുംതുടങ്ങി. സ്വതന്ത്ര്യവ്യാപാരത്തെ അനുകൂലിച്ചു

കൊണ്ടു ''ഫിസിയോക്രാററുകാർ'' എന്ന ഇനത്തിൽ പെടുന്ന ധനശാസ്ത്രജ്ഞന്മാർ മുന്നോട്ടുവന്നു.

ഫ്രാൻസിലായിരുന്നു മർക്കൻററലിസ്റ്റം സമ്പ്രദായപ്രകാരമുള്ള നിയന്ത്രണങ്ങൾ ഏററവും ശക്തിയായി പ്രവൎത്തിച്ചിരുന്നതു്. അതുകൊണ്ടു് അവിടെയാണു് ആ നിയന്ത്രണങ്ങൾക്കെതിരായുള്ള മനോഭാവം ആദ്യം വളൎന്നതെന്നു വിചാരിക്കുവാൻ നമുക്കവകാശമുണ്ടു്. ഫ്രാൻസിലെ വ്യവസായം പലവിധം പാടില്ലായ്മകളെക്കൊണ്ടും, പരിശോധന ഉദ്യോഗസ്ഥന്മാരുടെ ശല്യങ്ങളെക്കൊണ്ടും, ഫലശൂന്യം ചെയ്യപ്പെട്ടിരുന്നു. അവിടെ വ്യവസായം അഭിവൃദ്ധിപ്പെട്ടതു തന്നെ ആശ്ചൎയ്യമായിത്തോന്നും. ഗിൽഡുകളുടെ നിബന്ധനകളും നിയന്ത്രണങ്ങളും വളരെ ദ്രോഹകരമായിത്തീൎന്നു. ഈ നിയമങ്ങൾക്കപുറമെ ഗവൎമ്മെണ്ടിന്റെ നിയമങ്ങൾ പലതും നടപ്പിലാക്കുകയുംചെയ്തു. ഈ നിബന്ധനകളും നിയന്ത്രണങ്ങളും ഫ്രാൻസിന്റെ വ്യവസായത്തെ രക്ഷിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടായിരുന്നു. ചില സംഗതികളിൽ അവ വ്യവസായത്തിന്നു് സഹായകമായിത്തീരുകയുംചെയ്തു. എന്നാൽ ഈ നിയമങ്ങൾ, വ്യവസായികൾക്കു ഹൃദ്യമായില്ല. തുണിയുണ്ടാക്കുന്ന ആൾക്കു്, ഇഷ്ടമുള്ള ഇനത്തിൽ പെടുന്ന തുണിത്തരങ്ങൾ ഉണ്ടാക്കുവാൻ പാടില്ലാതെവന്നു. നിൎദ്ദേശിക്കപ്പെട്ട ഇനങ്ങൾ മാത്രമേ ഉണ്ടാക്കുവാൻ പാടുണ്ടായിരുന്നുള്ളു. പുതിയ ഉപകരണങ്ങൾ നടപ്പിൽവരുത്തുന്നതും നിരോധിക്കപ്പെട്ടിരുന്നു. ഉപകരണങ്ങൾ നിശ്ചയിക്കപ്പെട്ട രൂപത്തിലും വലുപ്പത്തിലുമായിരിക്കണം. ഉദ്യോഗസ്ഥന്മാർ അപ്പപ്പോഴായി ഉപകരണങ്ങൾ പരിശോധിക്കും. അമിതമായ നിയന്ത്രണം, നിയന്ത്രണം തീരേ പാടില്ലെന്ന മുദ്രാവാക്യത്തിന്നിടയാക്കി. ഇഷ്ടമുള്ള ചരക്കുകൾ ഉണ്ടാക്കുവാൻ പാടില്ലെന്ന വ്യവസ്ഥക്കെതിരായി

വ്യവസായികൾ വാദിക്കുവാൻ തുടങ്ങി. രാജകുടുംബത്തിലെ ദായക്രമം, മാമൂലിന്നനുസരിച്ചായിരുന്ന രാജ്യത്തു് നിയമംമൂലംതന്നെ തുണിയുടെ നീളവും വീതിയും തരവും നിശ്ചയിക്കപ്പെടേണമെന്നായിരുന്നു വെപ്പ്. ഇതിനെ വ്യവസായികൾ എതിർത്തു

എല്ലാ നിയന്ത്രണങ്ങളും നീക്കംചെയ്യണമെന്നു് വാദിച്ചിരുന്നവർ മുഴക്കിയിരുന്ന മുദ്രാവാക്യമായിരുന്നു "ലസ്സാഫേർ." ഈ വാക്കുകളുടെ അർത്ഥം "ഞങ്ങളെ അലട്ടാതിരിക്കണം" എന്നാണു്.

ഫ്രാൻസിലെ ധനശാസ്ത്രജ്ഞന്മാർ ശാസ്ത്രസംബന്ധമായ വിഷയങ്ങളെക്കുറിച്ച്, കൂടിയാലോചനകൾ നടത്തുന്നതിന്നു് സംഘങ്ങൾ സ്ഥാപിച്ചു. ഈ സംഘത്തിലെ അംഗങ്ങളായിരുന്ന ശാസ്ത്രജ്ഞന്മാർ, സ്വതന്ത്രവ്യാപാരത്തിന്നുവേണ്ടിയും, നിബന്ധനകൾ നീക്കംചെയ്യാനാവശ്യപ്പെട്ടും ലേഖനങ്ങൾ എഴുതി. ഒരു ഭരണാധികാരി ഒരു ധനശാസ്ത്രകാരനോടു് ഭരണംനടത്തേണ്ടതെങ്ങിനെയെന്നു് ചോദിച്ചു. അയാൾ ഇങ്ങിനെ മറുപടിപറഞ്ഞു: "നിങ്ങൾ നിങ്ങളുടെ രാജ്യത്തിൽ സ്വതന്ത്രമായ തുറമുഖങ്ങൾ അനുവദിക്കുക; നിങ്ങളുടെ രാജ്യത്തു് ആരെങ്കിലും പ്രവേശിക്കുമ്പോൾ ആദ്യമായി വായിക്കുന്ന വാക്കുകൾ 'സ്വാതന്ത്ര്യം, മോചനം, അനുവാദം' എന്നിവയായിരിക്കട്ടെ. എന്നാൽ നിങ്ങളുടെ രാജ്യം അഭിവൃദ്ധിപ്പെടും. രാജ്യത്തു് വ്യാപാരം വർദ്ധിക്കും, ലോകം മുഴവനുമുള്ള ആളുകൾ നിങ്ങളുടെ രാജ്യത്തു് നിങ്ങളുമായി കച്ചവടംചെയ്യാൻ വരും."

"ഫിസിയോക്രാറ്റുകാർ" സ്വതന്ത്രവ്യാപാരം എന്ന ആശയത്തിലേക്കെത്തിയതു് മറെറാരു വഴിയിൽകൂടിയായിരുന്നു. അവർ സ്വകാര്യസ്വത്തിൻെറ പുണ്യസ്വഭാവ

ത്തിൽ വിശ്വസിച്ചു; സ്വാതന്ത്ര്യത്തിൽ വിശ്വസിച്ചു; സ്വന്തം പണംകൊണ്ടും സ്വത്തുകൊണ്ടും, മററുള്ളവക്കുപദ്ര വമാകാത്തവിധത്തിൽ, അക്കും എന്തും ചെയ്യാനുള്ള അധി കാരമുണ്ടെന്നവർ വാദിച്ചു—സ്വതന്ത്ര്യവ്യാപാരത്തിന്നുവേ ണ്ടിയുള്ള ഈ വാദം കൃഷിക്കാരുടെ താല്പര്യങ്ങൾക്കും അനു കൂലമായിരുന്നു. ഇഷ്ടമുള്ള സാധനങ്ങൾ ഉല്പാദിപ്പിക്കുവാനും, ഇഷ്ടമുള്ളേടത്തു് കൊണ്ടുപോയി വില്ക്കുവാനും, കൃഷിക്കാ ക്കാൎക്കും സ്വാതന്ത്ര്യമുണ്ടായിരിക്കേണമെന്നും ഈ വാദം അംഗീകരിച്ചു. ധാന്യങ്ങൾ രാജ്യത്തിൽനിന്നു് പുറമെ കൊണ്ടുപോകുമ്പോൾ ചുങ്കംകൊടുക്കണം. രാജ്യത്തിന്നു ള്ളിൽത്തന്നെ ഒരു സ്ഥലത്തുനിന്നു് മറെറാരു സ്ഥലത്തേയ്ക്കു കടത്തുമ്പോൾപോലും നികുതികൊടുക്കണം. സ്വത്തിന്മേ ലുള്ള അവകാശങ്ങൾ ശരിയായനുഭവിക്കുന്നതിന്നു് ഈ സ്വാതന്ത്ര്യം ആവശ്യമാണെന്നു് ഫിസിയോക്രാററുകാർ വാദിച്ചു. "ഉപയോഗപ്പെടുത്തുവാൻ സാധിക്കാത്ത അവ കാശം അവകാശമാകുന്നതെങ്ങിനെ? സ്വാതന്ത്ര്യമില്ലാതെ സ്വത്തവകാശത്തെക്കുറിച്ചു് സംസാരിക്കുന്നതു് വിഡ്ഢിത്ത മാണു്. തന്റെ പ്രവൃത്തിയുടെ ഫലം അനുഭവിക്കുവാ നുള്ള സൌകര്യംലഭിക്കാതെ, മനുഷ്യൻ പ്രവൃത്തിയെടുക്കു വാൻ തയ്യാറാകുന്നതല്ല. സുഖം ആസ്വാദിക്കുവാൻ സ്വാത ന്ത്ര്യവും ആവശ്യമാണു്."

ഫിസിയോക്രാററുകാർ, കൃഷിയെസംബന്ധിക്കുന്ന പ്രശ്നങ്ങളിലാണു് കൂടുതൽ ശ്രദ്ധപതിപ്പിച്ചതു്. അവരുടെ അഭിപ്രായത്തിൽ നിലം മാത്രമായിരുന്നു സ്വത്തു്. കൃഷി യിൽ ഏപ്പെട്ടിരിക്കുന്ന വേലക്കാരന്റെ അദ്ധ്വാനംമാത്രമേ ഫലപ്രദമാകുന്നുള്ളു. "നമ്മുടെ കൃഷിക്കാരൻ ഉല്പാദ നത്തെ സഹായിക്കുന്ന പ്രവൃത്തിയിൽ ഏപ്പെട്ടിരിക്കുന്നു,

ഇവരുടെ അദ്ധ്വാനത്തിൽനിന്നു മാത്രമെ ലാഭംകിട്ടുന്നുള്ളു. നെയ്ത്തുകാരൻ ആദായകരമായ പ്രവൃത്തി ചെയ്യുന്നില്ല. അയാൾ ചെയ്യുന്ന പ്രവൃത്തിയുടെ ആകത്തുകയിൽ അയാൾ ചില സേവനങ്ങൾചെയ്യുന്നു എന്നല്ലാതെ, അയാൾ ഒന്നും തന്നെ പുതുതായുല്പാദിപ്പിക്കുന്നില്ല.''

''വ്യാപാരത്തിന്നും വ്യവസായത്തിന്നും ആവശ്യമായ അസംസ്കൃതസാധനങ്ങൾ കൃഷിയിൽകൂടി മാത്രമെ ഉല്പാദിപ്പിക്കുവാൻ കഴിയുകയുള്ളു. അസംസ്കൃതപദാൎത്ഥത്തെ, ചരക്കായി മാററുവാൻ കൈവേലക്കാരന്നു സാധിക്കുമെങ്കിലും അയാൾ ആകെ സ്വത്തിൻെറ തുകയെ വൎദ്ധിപ്പിക്കുന്നില്ല. കൈത്തൊഴിൽകാരൻ അസംസ്കൃതപദാൎത്ഥങ്ങൾകൊണ്ട് ചരക്കുകൾ ഉണ്ടാക്കുമ്പോൾ, അവയുടെ വില വൎദ്ധിക്കുന്നുണ്ടെങ്കിലും, ഈ വൎദ്ധനവ് അവൻെറ കൂലിക്കു മാത്രമേ, മതിയാകുന്നുള്ളു. പുതുതായി യാതൊരു ധനവും ഉല്പാദിപ്പിക്കപ്പെടുന്നില്ല. എന്നാൽ കൃഷിയെ സംബന്ധിച്ചിടത്തോളം നില ഇതല്ല. കൃഷി വളരെ ആദായകരമാണ്. കൃഷിച്ചിലവും നിലമുടമക്കു കൊടുക്കേണ്ട പാട്ടവും കഴിച്ചാൽ, ഏതാനും വരുമാനം മിച്ചമായി നില്ക്കുന്നു. ഈ മിച്ചമാകട്ടെ പ്രകൃതിദത്തമാണ്. ഇതാണ് സമ്പത്തു വൎദ്ധിപ്പിക്കുന്നത്, ഈ മിച്ചം കൊല്ലംതോറും ഏറിയോ കുറഞ്ഞോ വരാം. കാലാവസ്ഥയാണ് ഈ വ്യത്യാസത്തിന്നു് സംഗതിയാക്കുന്നതു്.

ഫിസിയോക്രാററുകാരുടെ ഈ വാദങ്ങളെ പിൽക്കാലത്തെ ധനശാസ്ത്രജ്ഞന്മാർ അംഗീകരിച്ചില്ല. എന്നാൽ ഒരു രാജ്യത്തിൻെറ സമ്പത്ത് സ്ഥിരമായി നില്ക്കുന്ന ഒരു തുകയല്ലെന്നും അതാതുകാലത്തെ വരുമാനത്തിന്നനുസരിച്ചു മാറിക്കൊണ്ടിരിക്കുന്നതാണ് എന്നും, ഉള്ള അവരുടെ വാദം പിൽക്കാലത്തെ ശാസ്ത്രജ്ഞന്മാരും സമ്മതിച്ചു.

ഫിസിയോക്രാററുകാരുടെ വാദങ്ങളെക്കുറിച്ച് ആഡംസ്മിത്ത് ഇങ്ങിനെ പറഞ്ഞിരിക്കുന്നു: ''പരമാത്ഥത്തോട്ടം ഏററവും അടുത്തെത്തിയിട്ടുള്ള വാദങ്ങൾ അവരുടേതാണു്. വിളനിലത്തു് ചെയ്യുന്ന അദ്ധ്വാനം മാത്രമെ ആദായകരമായിരിക്കയുള്ളു എന്ന കുടുങ്ങിയ ആശയത്തെ അവർ പ്രചരിപ്പിച്ചു. എന്നാൽ രാജ്യത്തിൻെറ സമ്പത്തു് ഉപയോഗത്തിന്നുതകുന്ന ചരക്കുകളുടെ അതാതുകാലത്തെ ആകത്തുകയാണു്; ഏററവും അധികം സാധനങ്ങൾ ഉണ്ടാക്കുവാൻ സ്വാതന്ത്ര്യം ആവശ്യമാണു്. ഈ തത്വങ്ങൾ ആവിഷ്കരിച്ചുകൊണ്ടു് അവർ വളരെ പുരോഗമനപരമായ ഒരു നില സ്വീകരിച്ചിട്ടുണ്ടു്.''

സ്വാതന്ത്ര്യവ്യാപാരത്തിന്നുവേണ്ടി ഏറെവും ശക്തിയായി വാദിച്ചതു് ആഡംസ്മിത്താണു്. അദ്ദേഹത്തിൻെറ പുസ്തകം അനേകം പതിപ്പുകൾ അച്ചടിക്കേണ്ടിവന്നു. അദ്ദേഹത്തിൻെറ ജീവിതകാലത്തും അതിന്നുശേഷവും അദ്ദേഹത്തിൻെറ അഭിപ്രായങ്ങൾ വളരെയധികം പ്രചരിച്ചു. മക്കൻറലിസ്റ്റ് തത്വങ്ങളെ പൊളിച്ചുകാണിക്കുന്നതിൽ, അദ്ദേഹമാണു് ഏററവും പ്രധാനമായ പങ്കുവഹിച്ചതു്. രാജ്യത്തിൽ സ്വണ്ണം അധികമായി നിലനിത്തേണമെന്നു വാദിക്കുന്നവരെ അദ്ദേഹം നേരിട്ടതു് ഇങ്ങിനെയാണു്: ''സ്വന്തമായി ഖനികളില്ലാത്ത രാജ്യങ്ങൾ, സ്വണ്ണവും വെള്ളിയും മററു രാജ്യങ്ങളിൽനിന്നു് ആകഷിക്കണം. സ്വന്തമായി മുന്തിരിത്തോട്ടമില്ലാത്തവർ മററുരാജ്യങ്ങളിൽനിന്നു് വീഞ്ഞു വാങ്ങുന്നതുപോലെ മാത്രമാണതു്. ഗവമ്മേണ്ടു് സ്വണ്ണത്തിൻെറ കാൎയ്യത്തിൽ മാത്രം ഇത്ര ശ്രദ്ധ ചെലുത്തേണ്ടതില്ല. പണമുള്ളവർ എവിടെനിന്നായാലും വീഞ്ഞുവരുത്തും. അതുപോലെ സ്വണ്ണവും വെള്ളിയും പകരമായി വാങ്ങുവാൻ

ചരക്കുകൾ കയ്യിലുള്ളവർ, ഈ ലോഹങ്ങൾ കിട്ടാതെ വിഷമിക്കുകയില്ല. ഈ ലോഹങ്ങളും മററു സാധനങ്ങളെപ്പോലെ വിലകൊടുത്തു വാങ്ങേണ്ടവയാണ്."

കോളനികളോടുള്ള നയത്തെ സംബന്ധിച്ച്, അദ്ദേഹത്തിൻെറ അഭിപ്രായം ഇതായിരുന്നു. "കോളനികളിലെ വ്യാപാരത്തിന്മേലുള്ള കുത്തകാവകാശങ്ങൾ മറെറല്ലാ രാജ്യങ്ങളിലേയും വ്യവസായശ്രമങ്ങളെ ബാധിക്കുന്നു. ഏതു രാജ്യമാണോ, ഈ കുത്തകാവകാശം കയ്യിൽ വെച്ചിരിക്കുന്നതു് ആ രാജ്യത്തു് വ്യവസായികാഭിവൃദ്ധിയുണ്ടാകുകയില്ല."

സ്മിത്തിൻെറ പുസ്തകം ആരംഭിക്കുന്നതുതന്നെ, സ്വതന്ത്ര വ്യാപാരത്തിന്നുവേണ്ടിയുള്ള വാദം ഉന്നയിച്ചുംകൊണ്ടാണ്. "അദ്ധ്വാനശക്തിയുടെ പ്രയോഗത്തെ സഹായിക്കുന്ന ഏററവും പ്രധാനമായ കാര്യം പ്രവൃത്തിവിഭജനത്തിലുള്ള സാദ്ധ്യതകളാണ്." പ്രവൃത്തിവിഭജനത്തിന്നു ആഡംസ്മിത്തു സങ്കല്പിച്ചിരുന്ന അർത്ഥംതന്നെയാണ് നാം ഇന്നു സ്വീകരിക്കുന്നതു്. ഒരു പ്രവൃത്തിക്കാരനെ ലളിതമായ ഒരേ ജോലിയിൽതന്നെ നിയമിച്ചു അയാളുടെ സാമർത്ഥ്യത്തെ വർദ്ധിപ്പിക്കുക എന്നാണ് ഇതുകൊണ്ടു് അദ്ദേഹം ഉദ്ദേശിച്ചതു്. ഒരു മൊട്ടുസൂചിയുണ്ടാക്കുന്നതിൽ ഉപയോഗിക്കാവുന്ന വിഭജനക്രമമാണ് സ്മിത്ത് ഉദാഹരണമായെടുത്തിട്ടുള്ളതു്. "യന്ത്രങ്ങളുടെ സഹായമൊന്നും കൂടാതെ ഒരു വേലക്കാരൻ ഒരു ദിവസം പണിയെടുത്താൽ പത്തിരുപതു് മൊട്ടുസൂചികൾ ഉണ്ടാക്കിയെന്നുവരാം. എന്നാൽ മൊട്ടുസൂചി ഉണ്ടാക്കുന്നതിൽ പല ഘട്ടങ്ങളായി പ്രവൃത്തിയെ വിഭജിക്കുക, ഒരാൾ കമ്പി വലിച്ചുനീട്ടുക; മറെറാരാൾ അതു നേരെയാക്കുക, മൂന്നാമതൊരാൾ അതു മുറിച്ചുകഷ്ണമാക്കുക, നാലാമൻ മൂർച്ച

ക്കുട്ടുക. അഞ്ചാമൻ അതിൻെറ അററത്തു് ഒരു മൊട്ടുണ്ടാക്കുക; (മൊട്ടുണ്ടാക്കുവാൻതന്നെ, മൊട്ടുപിടിപ്പിക്കുക, വെളിപ്പിക്കുക മുതലായ മൂന്നുനാലു് പ്രയോഗങ്ങൾ ആവശ്യമാണു്) ഒട്ടുക്കം സൂചി കടലാസ്സുകളിൽ കുത്തിവെക്കുക, ഇങ്ങിനെ ഒരു മൊട്ടുസൂചിയുണ്ടാക്കുന്ന പ്രവൃത്തി പതിനെട്ടു വ്യത്യസ്തങ്ങളായ പ്രയോഗങ്ങളായി വിഭജിക്കുക. പ്രവൃത്തിശാലയിൽ ഈ ഓരോ പ്രവൃത്തിയും ഓരോ ആൾ ചെയ്യുക. ഇങ്ങിനെ പ്രവൃത്തിവിഭജനം ചെയ്യുന്നതിൻെറ ഫലമായി 10 വേലക്കാർ ജോലിചെയ്യുന്ന ഒരു തൊഴിൽശാലയിൽ ഒരു ദിവസം പന്ത്രണ്ടു റാത്തൽ തൂക്കം മൊട്ടുസൂചികളുണ്ടാക്കുവാൻ സാധിക്കുന്നു. അതായതു് പത്താളുകൾ കൂടി ഒരു ദിവസം 48000സൂചികൾ ഉണ്ടാക്കും. ഓരോ ആളും അങ്ങിനെ ഒരു ദിവസം 48000 സൂചികൾ ഉണ്ടാക്കും, ഓരോ വേലക്കാരനും അയാൾ ചെയ്യുന്ന പ്രവൃത്തിയിൽ വിദഗ്ദ്ധനാണു്. അതാണു് പ്രവൃത്തിവിഭജനംകൊണ്ടുണ്ടാകുന്ന നേട്ടം.''

പ്രവൃത്തിവിഭജനം അദ്ധ്വാനശക്തിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നു. എന്നാൽ ഇതും സ്വാതന്ത്ര്യവ്യാപാരവും തമ്മിലുള്ള ബന്ധം എന്താണു്?

പ്രവൃത്തിവിഭജനം സാദ്ധ്യമാകുന്നതു് കമ്പോളത്തിൻെറ വ്യാപ്തിക്കനുസരിച്ചാണു്. മാക്കററു് വളരെ ചെറുതായിരിക്കുമ്പോൾ, ഒരാൾ ഒരു പ്രവൃത്തിയുടെ ഒരു ഭാഗത്തിൽ തന്നെ ഏർപ്പെടുകയെന്നതു സാദ്ധ്യമല്ല. സ്വന്തം ആവശ്യം കഴിച്ചു ബാക്കിവരുന്നതു വിററഴിക്കുവാൻ, അയാൾക്കു സാധിക്കയില്ലെങ്കിൽ അയാൾ അതിന്നു തയ്യാറാകയില്ലല്ലോ.

പ്രവൃത്തിവിഭജനത്തിൽകൂടി ഉല്പാദനം വേഗതപ്പെടുത്താം. ഉല്പാദനം വേഗതപ്പെടുത്തണമെങ്കിൽ മാക്കററു് വലുതാകണം. അതുകൊണ്ടു് മാക്കററിൻെറ വികാസം,

പ്രവൃത്തിവിഭജനത്തിലും വദ്ധിച്ചതോതിലുള്ള ഉല്പാദന ത്തിലും ചെന്നവസാനിക്കുന്നു. സ്വതന്ത്രവ്യാപാരത്തിൽ കൂടി കമ്പോളത്തെ വികസിപ്പിക്കാം. അതുകൊണ്ടു് സ്വത ന്ത്രവ്യാപാരം അത്യാവശ്യമാണു്. ഈ വളൎച്ചയെ ഇങ്ങിനെ വിവരിക്കാം.

(1) പ്രവൃത്തിവിഭജനത്തിൽകൂടി ഉല്പാദനം വദ്ധി പ്പിക്കാം.

(2) പ്രവൃത്തിവിഭജനം സാദ്ധ്യമാകാൻ കമ്പോളം വലുതാകണം.

(3) സ്വതന്ത്രവ്യാപാരത്തിൽകൂടി മാത്രമെ കമ്പോ ളത്തെ വലുതാക്കാൻ കഴിയുകയുള്ളു.

അതുകൊണ്ടു് സ്വതന്ത്രവ്യാപാരം ഉൽപാദനം വദ്ധി പ്പിക്കുന്നു.

രാജ്യങ്ങൾ തമ്മിൽ സ്വതന്ത്രവ്യാപാരം നടക്കുന്നതു് പ്രവൃത്തിവിഭജനം ഏററവും ഉയൎന്ന പതനത്തിൽ എത്തു വാൻ സഹായിക്കുന്നു.

വ്യവസായത്തിൽ ഗവമ്മെണ്ടുകൾ കൈചെലുത്തുന്ന തിനെ ആഡംസ്മിത്തു് അധിക്ഷേപിച്ചിരിക്കുന്നു. "പ്രോ ത്സാഹനങ്ങൾ നല്കി, ഏതെങ്കിലും ഒരു വ്യവസായത്തി ലേക്കു മൂലധനം മുഴവൻ ആകൎഷിക്കുന്നതും, നിയന്ത്രണങ്ങൾ ചുമത്തി ഏതെങ്കിലും വ്യവസായത്തിൻെറ വളൎച്ചയെ തട യുന്നതും, ഉദ്ദേശിക്കുന്നതിന്നു വിപരീതമായ ഫലമാണുണ്ടാ കുന്നതു്. സമ്പത്തിന്നും അഭിവൃദ്ധിക്കും വേണ്ടിയുള്ള സമുദാ യത്തിൻെറ പരിശ്രമത്തെ ഇതു തടസ്സപ്പെടുത്തുന്നു—ഒരു രാജ്യത്തിന്നു് കാലത്താലുണ്ടാകാവുന്ന വരുമാനത്തെ ഇതു കുറച്ചുകളയുന്നു,

"എല്ലാ നിയന്ത്രണങ്ങളും നീക്കിയാൽ സ്വാതന്ത്ര്യവ്യാപാരം സാദ്ധ്യമായിത്തീരും. ന്യായരഹിതമായി പ്രവൎത്തിക്കയില്ലെങ്കിൽ സ്വന്തം ഇഷ്ടത്തിന്നനുസരിച്ചു് എന്തും ചെയ്യുവാൻ ഒരാൾക്കു സ്വാതന്ത്ര്യമുണ്ടു്. മററുള്ളവരുമായി വ്യവസായത്തിൽ മത്സരിച്ചുയരുവാൻ അയാൾക്കു സാധിക്കണം."

അങ്ങിനെ ആഡംസ്മിത്തിൻെറ പുസ്തകം, അക്കാലത്തെ വ്യവസായത്തിൻെറ വേദപുസ്തകമായിത്തീൎന്നു.

## XIII

# മുതലാളിത്തത്തിലേക്ക്

പതിനെട്ടാംനൂററാണ്ടിലെ ഫ്രാൻസിൽ, ധനികൻെറ പേരിൽ നികുതി ചുമത്താതെ, ദരിദ്രൻെറ പേരിൽ മാത്രമാണ് നികുതിചുമത്തിയിരുന്നതു്. അക്കാലത്തു് നടപ്പിലുണ്ടായിരുന്ന എല്ലാ നികുതികളിൽനിന്നും ധനികർ ഒഴിവാക്കപ്പെട്ടിരുന്നു എന്നു് അവർതന്നെ സമ്മതിച്ചിട്ടുണ്ടു്. സാധാരണക്കാരെപ്പോലെ, ധനികരും നികുതി കൊടുക്കേണ്ടിവരികയാണെങ്കിൽ, ഫ്രാൻസിൻെറ അധഃപതനം വന്നുപോകുമെന്നു്, പാതിരിമാരും പ്രഭുക്കന്മാരും വിശ്വസിച്ചു. എന്നാൽ ഫ്രാൻസിലെ ഗവമെ്മണ്ടു് സാമ്പത്തികവിഷമതകളെ നേരിടേണ്ടിവന്നു. ഭരണച്ചിലവു് നിത്യേനയെന്നോണം വദ്ധിച്ചു, വരവും ചിലവും തമ്മിൽ പൊരുത്തമുണ്ടാക്കാൻ കഴിയാതായി. ധനികരുടേയും ദരിദ്രരുടേയും പേരിൽ ഒരുപോലെ നികുതിചുമത്തി, ധനാഗമമാൎഗ്ഗം കാണേണ്ടതാണെന്നു് ചിലർ അഭിപ്രായപ്പെട്ടു. 1776 ൽ ഫ്രാൻസിലെ ധനകാര്യമന്ത്രി, നികുതിവ്യവസ്ഥയിൽ ചില പരിഷ്കാരങ്ങൾവരുത്തുവാൻ പരിശ്രമിച്ചു. ധനികവൎഗ്ഗങ്ങൾ അതിനെ ശക്തിയായെതിൎത്തു. അവർ പാരീസ്സിലെ പാർളിമെണ്ടിൻെറ തീരുമാനങ്ങളെ മുറുകെ പിടിച്ചു. പാർളിമെണ്ടിൽ ഇങ്ങിനെ തീരുമാനിച്ചിട്ടുണ്ടായിരുന്നു.

"അവനവൻെറ സ്വത്തുക്കൾ രക്ഷിക്കുവാൻ എല്ലാവക്കും സാധിക്കണം, അതാണ് നീതിന്യായത്തിൻെറ അടിസ്ഥാനം. സ്വത്തുക്കൾ അധീനത്തിൽവെക്കുവാൻ അവകാശമുണ്ടായിരുന്നാൽമാത്രംപോരാ, ജനനം,, പദവി ഇവയിൽക്കൂടി ലഭിക്കുന്ന സ്വത്തുക്കൾ സംരക്ഷിക്കപ്പെടേണ്ടതും വളരെ പ്രധാനമാണ്. ഏതെങ്കിലും ന്യായത്തിന്മേൽ സമുദായത്തിലുള്ള സാമ്പത്തികമായ വ്യത്യാസങ്ങൾ ഗൌനിക്കാതെ, എല്ലാവക്കും ഒരുപോലെ നികുതികെട്ടുന്നതു് സമുദായത്തിൻെറ അധഃപതനത്തിന്നു കാരണമായിത്തീരും. ഫ്രഞ്ച്രാജത്വം അതിൻെറ ഘടനപ്രകാരം, മൂന്നു ഭാഗങ്ങൾ ഉൾക്കൊള്ളുന്നതാണ്. പുരോഹിതവഗ്ഗത്തിൻെറ കടമ ആരാധന, വിദ്യാഭ്യാസം എന്നീ കാര്യങ്ങളിൽ ശ്രദ്ധിക്കുകയാണ്. പ്രഭുക്കന്മാർ, രാഷ്ട്രത്തിൻെറ രക്ഷക്കുവേണ്ടി തങ്ങളുടെ രക്തം ചിന്തുകയും രാജാവിനെ ഭരണകാര്യങ്ങളിൽ ഉപദേശിക്കുകയുംചെയ്യണം. ഇങ്ങിനെയുള്ള സേവനങ്ങൾ രാജാവിന്നുവേണ്ടി ചെയ്തുകൊടുക്കുവാൻ സാധിക്കാത്ത സാധാരണക്കാരാവട്ടെ, നികുതികൊടുത്തും രാജാവിന്നുവേണ്ടി പണിയെടുത്തും തങ്ങളുടെ കടമകൾ നിറവേറണം. ഈ വ്യത്യാസങ്ങൾ അവസാനിപ്പിക്കുകയാണെങ്കിൽ, ഫ്രഞ്ചുഭരണസമ്പ്രദായംതന്നെ തകന്നുപോകും.

പുരോഹിതന്മാരും പ്രഭുക്കന്മാരും പ്രത്യേകാവകാശങ്ങളുള്ള വഗ്ഗങ്ങളാണ്. പുരോഹിതന്മാക്ക് ഒന്നാംസ്ഥാനവും പ്രഭുക്കന്മാക്കു രണ്ടാംസ്ഥാനവും ലഭിച്ചു. പുരോഹിതന്മാരുടെ സംഖ്യ 1,30,000വും പ്രഭുവഗ്ഗങ്ങളുടെ സംഖ്യ 1,40,000വുമായിരുന്നു. ഇവർ പ്രത്യേകാവകാശങ്ങളോടുകൂടിയ വഗ്ഗങ്ങളായിരുന്നതുകൊണ്ടു് അവരെല്ലാംതന്നെ ധനികരായിരുന്നു എന്നോ, മടിയന്മാരായിരുന്നു എന്നോ അത്ഥമില്ല. ധനിക

രല്ലാത്ത പുരോഹിതന്മാരും പ്രഭുക്കന്മാരും ഉണ്ടായിരുന്നു. വളരെ ധനികരായ മെത്രാന്മാരും വളരെ ധനികരായ പ്രഭുക്കന്മാരും ഉണ്ടായിരുന്നു. എന്നാൽ വളരെ ആത്മാത്ഥതയോടെ തങ്ങളുടെ കത്തവ്യങ്ങൾ നിവ്വഹിച്ചിരുന്ന പ്രഭുക്കന്മാരും പുരോഹിതന്മാരും ഇല്ലാതിരുന്നില്ല. പുരോഹിതന്മാരുടേയും പ്രഭുക്കന്മാരുടേയുംഇടയിൽ മഹാമടിയന്മാരും ഉണ്ടായിരുന്നു.

യാതൊരാനുകൂല്യങ്ങളുംഅനുവദിക്കപ്പെടാതെ കഷ്ടപ്പെടുന്നവരായിരുന്നു സാധാരണ ജനങ്ങൾ. അവർ മൂന്നാമത്തെ വഗ്ഗമായിരുന്നു. ഫ്രാൻസിലെ 2,50,00,000 ജനങ്ങളിൽ, 95 ശതമാനം സാധാരണക്കാരായിരുന്നു. ധനികവഗ്ഗങ്ങളുടെ ഇടയിൽ ധനത്തിൻേറയും ജീവിതക്രമത്തിൻേറയും കാര്യത്തിൽ, വ്യത്യാസങ്ങളുണ്ടായിരുന്നതുപോലെ, ദരിദ്രരുടെ ഇടയിലും വ്യത്യാസങ്ങളുണ്ടായിരുന്നു. 2,50,000വരുന്ന മേലേക്കിടക്കാരായ മദ്ധ്യവഗ്ഗക്കാരുടെനില സാധാരണക്കാരുടെ നിലയെഅപേക്ഷിച്ച് വളരെ ഭേദപ്പെട്ടതായിരുന്നു. പട്ടണങ്ങളിലും വലിയ നഗരങ്ങളിലും കൈവേലക്കാർ ഒരു പ്രത്യേകവിഭാഗമായിത്തീന്നു, അവർ 25,00,000 പേർ ഉണ്ടായിരുന്നു. ബാക്കിയുള്ള 2,20,00,000 വരുന്ന ജനങ്ങൾ കൃഷിനിലങ്ങളിൽ പണിചെയ്തിരുന്ന കൃഷിക്കാരും കഷികത്തൊഴിലാളികളുമായിരുന്നു. അവർ ഗവമ്മേണ്ടിന്നു നികുതികൊടുത്തു; പുരോഹിതന്മാക്കു വരിപ്പണം കൊടുത്തു; പ്രഭുക്കൾക്കു് അവരുടെ അവകാശങ്ങൾ കൊടുത്തു.

സാധാരണ ആളുകൾ അവരുടെ വരവിന്നനുസരിച്ച് ചിലവു ശരിപ്പെടുത്തും. ഗവമ്മേണ്ടുകളും ഇങ്ങിനെ ചെയ്യാൻ പരിശ്രമിക്കണം. എന്നാൽ 18-ാം നൂററാണ്ടിൽ ഫ്രാൻസിലെ ഗവമ്മേണ്ടു് നേരെ വിപരീതമായ ഒരു നിലയാണു് സ്വീകരിച്ചതു്. യാതൊരു ലക്ഷമില്ലാതെ ഫ്രഞ്ചു

ഗവമ്മേണ്ടു് അന്യായമായി ധാരാളം പണം ചിലവുചെയ്തു. വരവിന്നനുസരിച്ചു ചിലവുചെയ്യുന്നതിന്നുപകരം, ചിലവിന്നനുസരിച്ചു ഖരവുണ്ടാക്കുവാനാണു് അവർ ശ്രമിച്ചതു്. യാതൊരു വ്യവസ്ഥയുമില്ലാതെ പണം ചിലവാക്കിയതുകൊണ്ടു് പല നികുതികളും ചുമത്തേണ്ടതിൻെറ ആവശ്യകത നേരിട്ടു. ധനികവൎഗ്ഗങ്ങൾ നികുതികൊടുക്കുവാൻ ബാദ്ധ്യസ്ഥരായിരുന്നുമില്ല. മൂന്നാമത്തെ വൎഗ്ഗക്കാരിൽ ധനികരായവർ, നികുതികളിൽനിന്നും ഒഴിഞ്ഞുമാറുവാൻ ശ്രമിച്ചു. അങ്ങിനെ നികുതിയുടെ ഭാരം മുഴുവൻ, ദരിദ്രരായ സാധാരണക്കാർ വഹിക്കേണ്ടിവന്നു. അതൊരു വമ്പിച്ച ഭാരം തന്നെയായിരുന്നു. അക്കാലത്തെ കൃഷിക്കാരൻ, രാജാവിനേയും പുരോഹിതനേയും പ്രഭുവിനേയും തൻെറ ചുമലിലെടുത്തു നടക്കുകയായിരുന്നു.

എല്ലുമറിയെ പണി എടുത്തിരുന്ന കൃഷിക്കാരൻെറ ജീവിതത്തെ, ഈ സ്ഥിതിഗതികൾ സാരമായി ബാധിച്ചു. ഒരു ചിന്തകൻ ഇങ്ങിനെ രേഖപ്പെടുത്തിയിരിക്കുന്നു: "പതിനെട്ടാം നൂററാണ്ടിലെ ഒരു ഫ്രഞ്ചുകൃഷിക്കാരനെ നിങ്ങൾ വിഭാവനംചെയ്യുക, അവന്നു വിളനിലമെന്നാൽ ജീവനാണു്; തൻെറ സൎവ്വസ്വവും വിററു അവൻ നിലം വാങ്ങാൻ തയ്യാറാണു്. ഈ നിലത്തിന്മേൽ അവൻ നികുതികൊടുക്കണം. എന്നാലും നിലം അവൻെറതായിത്തീരും. അവൻ വിതക്കുന്ന വിത്തിനോടൊപ്പം അവൻെറ ഹൃദയവും ആ നിലത്തു കുഴിച്ചിട്ടിരിക്കയാണു്", എന്നാൽ പ്രഭുക്കൾ അവനെ സ്വന്തനിലത്തു പണിയെടുക്കുവാൻ അനുവദിച്ചില്ല. അവർ അവനോടു് അവരുടെ നിലങ്ങളിൽ കൂലിയില്ലാതെ വേല ചെയ്യുവാൻ ആവശ്യപ്പെട്ടു, അവൻെറ വിള അവരുടെ കന്നുകാലികളിൽനിന്നും രക്ഷിക്കുവാൻ അവൻ ശ്രമിച്ചു. അവർ അവനെ തടഞ്ഞു. പുഴകൾ കടക്കുമ്പോൾ അവർ

അവനോട്ടു ചുങ്കം വാങ്ങി; ചന്തയിൽ അവൻെറ ചരക്കുകൾ വില്ക്കുന്നതിന്നു് അവക്കു് അവകാശങ്ങൾ കൊടുക്കേണ്ടിവന്നു. കൃഷിക്കാരൻെറ കയ്യിൽ വില്ക്കാതെ ബാക്കി നില്ക്കുന്ന ഗോതമ്പു് സ്വന്തം ആവശ്യത്തിന്നുപയോഗിക്കാൻ പൊടിച്ചു മാവാക്കണം. അതും പ്രഭുക്കന്മാരുടെ തിരിപ്പുയന്ത്രത്തിൽ മാത്രമേ പാടുള്ളൂ. അവൻ എന്തുചെയ്യുമ്പോഴും പ്രഭുക്കളും വലിയവരും അവൻെറ മുമ്പിൽ അവകാശങ്ങൾ വാങ്ങാൻ ഒരുങ്ങിനില്ക്കും; അവക്കു കൊടുക്കേണ്ടതെല്ലാം കൊടുത്തുകഴിഞ്ഞാൽ പാതിരി അദ്ദേഹത്തിൻെറ കറുപ്പു വസ്ത്രവും ധരിച്ചു പ്രത്യക്ഷപ്പെടുന്നതുകാണാം. അവൻ കൊയ്തെടുക്കുന്ന വിളവിൻെറ വിഹിതം പാതിരിക്കും കൊടുക്കണം. മദ്ധ്യകാലത്തെ പല മാമൂല്യകളും അവസാനിച്ചെങ്കിലും ബാക്കിനിന്ന നടപടിക്രമങ്ങൾ മാർജ്ജനംചെയ്യുവാൻ വളരെ പ്രയാസമുണ്ടായിരുന്നു.''

ഈ വിവരണം 11-ാംനൂററാണ്ടിലെ സ്ഥിതിഗതികളെക്കുറിച്ചാണെന്നു തോന്നും. തുടൎന്നുള്ള ഏഴു നൂററാണ്ടുകളിൽ മാററങ്ങൾ ഒന്നും ഉണ്ടായില്ലെന്നല്ല ഇതിൻെറ അൎത്ഥം. 18-ാം നൂററാണ്ടിൻെറ ആദ്യത്തിൽ, ഫ്രാൻസിൽ ഉണ്ടായിരുന്ന 2,20,00,000 കൃഷിക്കാരിൽ 10,00,000 മാത്രമേ പഴയ അൎത്ഥത്തിൽ കൂലിപ്രവൃത്തിക്കാരായിരുന്നുള്ളൂ. മററുള്ളവർ അടിമത്തത്തിൽനിന്നും മോചനംനേടിക്കഴിഞ്ഞിരുന്നു. എന്നാൽ പഴയ നാടുവാഴിപ്രഭുത്വത്തിൻകീഴിൽ നടപ്പുണ്ടായിരുന്ന എല്ലാ പിരിവുകളും അവസാനിപ്പിച്ചിരുന്നില്ല. ചിലതെല്ലാം നീക്കംചെയ്തു. ബാക്കി ചിലതു ശേഷിച്ചുനില്ക്കുകയും ചെയ്തു; അവയുടെ ആവിർഭാവത്തിന്നു് ഇടയാക്കിയ പരിതസ്ഥിതികൾ അവസാനിച്ചിട്ടും അവ നിലനില്ക്കുകയായിരുന്നു. പല പിരിവുകളും എടുത്തിരുന്ന പ്രഭുക്കന്മാർ, രാജാ

വിന്നുവേണ്ടി യുദ്ധംചെയ്യുക എന്ന സമ്പ്രദായം അവസാനിച്ചു. പ്രഭുക്കന്മാർ രാജാവിൻെറ സൈന്യത്തിൻെറ ഭാഗമല്ലാതായി. സൈനികമായ അവരുടെ കടമകൾ അവസാനിച്ചു. ഒരു വർഗ്ഗമെന്നനിലക്ക്, ഭരണകാര്യത്തിൽ, അവക്കു പങ്കില്ലാതായി. ഭരണസംബന്ധമായ പ്രവർത്തനങ്ങളിൽ അവർ ഏർപ്പെട്ടില്ല. അവർ നിലം കൃഷിചെയ്യുകയോ കച്ചവടത്തിൽ ഏർപ്പെടുകയോചെയ്തില്ല. സാമ്പത്തികമായും അവക്ക് ഒരു കടമയും നിറവേററാൻ ഉണ്ടായില്ല. യാതൊരു സേവനവും ചെയ്യാതെ അവർ പിരിവുകൾ വാങ്ങുകയായിരുന്നു. ചിലർ മടിയന്മാരായി, നഗരങ്ങളിൽ ധൂർത്തടിച്ചു കഴിഞ്ഞു. അവർ കൃഷിക്കാരിൽനിന്നു പാട്ടവും മററവകാശങ്ങളും വെച്ചുവാങ്ങി. ഈ അവകാശങ്ങൾ കൊടുക്കുന്നതു് കൃഷിക്കാക്കിഷ്ടമായതുകൊണ്ടല്ല. പഴയ പല മാമൂല്യകളും അവസാനിച്ചപ്പോൾ ബാക്കിയുള്ളവയുടെഭാരം അവക്കുണ്ടായിരുന്ന എതിർപ്പു വർദ്ധിച്ചു. കൃഷിക്കാരൻ അയാളുടെ വരവിൻെറ ഏതുശതമാനമാണ് നികുതിയായി കൊടുക്കേണ്ടതെന്നു മനസ്സിലായാൽ ആരും അമ്പരന്നുപോകും. പല പിരിവുകൾക്കുമായി, തൻെറ ആകെ വരുമാനത്തിൻെറ 80 ശതമാനം കൃഷിക്കാരൻ ഉപേക്ഷിക്കേണ്ടതായിവന്നു. ബാക്കിയുണ്ടായിരുന്ന 20 ശതമാനംകൊണ്ടു തൻേറയും കുഡുംബത്തിൻേറയും ആവശ്യങ്ങൾ അയാൾ നിർവ്വഹിക്കണം. ഈ സ്ഥിതിയിൽ കൃഷിക്കാരൻ അസംതൃപ്തി പ്രദശിപ്പിച്ചാൽ അത്ഭുതപ്പെടാനുണ്ടോ? കൃഷിക്കാരിൽ വളരെ ആളുകൾ എരപ്പാളികളായി റോഡു തെണ്ടേണ്ടിവന്നാൽ ആശ്ചര്യപ്പെടാനുണ്ടോ?

1789-ൽ ഫ്രഞ്ചുവിപ്ലവമുണ്ടായി.

ഈ വിപ്ലവം എന്തുകൊണ്ടു കുറേ മുമ്പുതന്നെ പൊട്ടിപ്പുറപ്പെട്ടില്ല. കൃഷിക്കാരുടെ കഷ്ടപ്പാടിൻെറ മൂർദ്ധന്യദശ

യെത്തിയതു് അപ്പോൾ മാത്രമായിരുന്നതുകൊണ്ടാണോ? അല്ല.

പിരിവുകളെല്ലാം കൊടുത്തതിന്നുശേഷം ബാക്കിയായ സംഖ്യയിൽനിന്നു തൻെറ കൈവശമുള്ള നിലം വിലക്കുവാങ്ങുന്നതിന്നാവശ്യമായ പണം സ്വരൂപിക്കുവാൻ കൃഷിക്കാരന്നു സാധിച്ചു. വിപ്ലവത്തിന്നുമുമ്പു് ഒരു നൂററാണ്ടുകാലം കൃഷിക്കാർ കൂട്ടമലായി നിലം വാങ്ങിക്കൊണ്ടിരുന്നു. 1789 ആകുമ്പോഴേക്കും ഫ്രാൻസിലെ നിലത്തിൽ മൂന്നിലൊന്നു് കൃഷിക്കാരുടെ കയ്യിലായി. എന്നിട്ടും കൃഷിക്കാരുടെ ഇടയിലുണ്ടായിരുന്ന അതൃപ്തി വദ്ധിച്ചു.

അവക്കു നിലത്തിന്നു കൊതിയായിരുന്നു. ഈ ആഗ്രഹം സാധിപ്പിക്കുവാൻ അവക്കു കുറേയൊക്കെ സാധിക്കുകയുംചെയ്തു. എന്നാൽ ഗവമ്മെണ്ടും ധനികവഗ്ഗങ്ങളും കൃഷിക്കാരൻെറമേൽ വലിയ ഭാരം ചുമത്തി. ഈ ഭാരം തള്ളിനീക്കുകയാണെങ്കിൽ, അഭിവൃദ്ധിയിലേക്കു കുതിക്കുവാൻ, എളുപ്പമാണെന്നു കൃഷിക്കാക്കു ബോദ്ധ്യമായി. മൃഗത്തിൻെറ നിലയിൽനിന്നു മനുഷ്യൻെറ നിലയിലേക്കുയരാൻ കൃഷിക്കാരന്നു സാധിക്കും. അല്പമായിട്ടെങ്കിലും നേടിക്കഴിഞ്ഞിട്ടുള്ള അഭിവൃദ്ധി തൻെറ മുമ്പിൽ തുറന്നുകിടക്കുന്ന മനോഹരമായ ഭാവിയെ അയാൾക്കു കാണിച്ചുകൊടുത്തു.

നാടുവാഴിപ്രഭുത്വത്തിൻെറ അവകാശങ്ങളും പിരിവുകളും അവസാനിപ്പിക്കേണ്ടതാണെന്നു്, ഫ്രാൻസിലേയും, യൂറോപ്പിലേയും, മററു രാജ്യങ്ങളിലേയും, കൃഷിക്കാക്കു അതിന്നുമുമ്പു് ബോദ്ധ്യമായിരുന്നില്ല എന്നു് ഇതുകൊണ്ടത്ഥമില്ല. കൃഷിക്കാരന്നു് അതു അറിയാമായിരുന്നു. അതിന്നുമുമ്പും

കാഷികലഹളകൾ പൊട്ടിപ്പുറപ്പെട്ടിട്ടുണ്ട്. ഈ ലഹളകൾ, കൃഷിക്കാരൻ കൊടുക്കേണ്ടിയിരുന്ന പിരിവുകൾ മുഴുവൻ അവസാനിപ്പിക്കുന്നതിന്നു സംഗതിയാക്കിയില്ലെങ്കിലും, ഒരതിർത്തിയോളം ജയംനേടാൻ കൃഷിക്കാൎക്ക സാധിച്ചിരുന്നു. എല്ലാ കാര്യങ്ങളിലും ജയംനേടാൻ കൃഷിക്കാരന്നു കാൎയ്യക്ഷമമായ നേതൃത്വവും മററു സഹായങ്ങളും ലഭിക്കേണ്ടതാവശ്യമായിരുന്നു.

കൃഷിക്കാൎക്ക് ഈ നേതൃത്വം നല്കിയതു് മദ്ധ്യവൎഗ്ഗക്കാരാണു്. ഈ മദ്ധ്യവൎഗ്ഗ (മുതലാളിവൎഗ്ഗ)മായിരുന്നു, ഫ്രഞ്ചുവിപ്ലവത്തെ നയിച്ചതു്. അവൎതന്നെയാണു് വിപ്ലവത്തിൻെറ ഫലമായി അനേകം നേട്ടങ്ങൾ ഉണ്ടായതും. മുതലാളിവൎഗ്ഗം അതിൻെറ മൎദ്ദകന്മാരെ അട്ടിമറിച്ചിരുന്നില്ലെങ്കിൽ, മൎദ്ദിച്ചൊതുക്കപ്പെട്ടുമായിരുന്നു. മുട്ടയുടെ ഉള്ളിൽ പൂൎണ്ണവളൎച്ച എത്തിക്കഴിഞ്ഞിരുന്ന കോഴിക്കുഞ്ഞിനെപ്പോലെയായിരുന്നു അപ്പോൾ മുതലാളിവൎഗ്ഗം. അതിലപ്പുറം മുട്ടക്കുള്ളിൽ ഒതുങ്ങിനില്ക്കുവാൻ കഴിയാത്തവിധം കുഞ്ഞു വളൎന്നുകഴിഞ്ഞാൽ, മുട്ട പൊട്ടിച്ചു അതു പുറത്തേക്കു വരണം; അല്ലെങ്കിൽ മുട്ടക്കുള്ളിൽ കിടന്നു അതു നശിക്കും. വ്യാപാരത്തിൻേറയും വ്യവസായത്തിൻേറയും പേരിൽ ചുമത്തിയിരുന്ന നിബന്ധനകൾ, നിയന്ത്രണങ്ങൾ, നിരോധനങ്ങൾ; ചെറുസംഘങ്ങൾക്കു ഗവൎമ്മേണ്ടു കൊടുത്തിരുന്ന കുത്തകാവകാശങ്ങൾ, പഴകിജീൎണ്ണിച്ച ഗിൽഡുകൾ പുരോഗതിക്കുമുമ്പിൽ വലിച്ചുവെച്ച തടസ്സങ്ങൾ; സമഭാവനയുടെ ചിന്തകൂടാതെ, ചുമത്തപ്പെട്ടിരുന്ന ഭാരിച്ച നികുതികൾ; ആൎക്കും എതിരഭിപ്രായംപറയാൻ അവകാശമില്ലാതെ, നിലവില്ലുണ്ടായിരുന്നതും പുതുതായി പാസ്സാക്കപ്പെട്ടിരുന്നതുമായ നിയമങ്ങൾ, ദ്രോഹികളായ ഉദ്യോഗസ്ഥന്മാരുടെ ചെയ്തികൾ;

വൎദ്ധിച്ചുകൊണ്ടുവന്ന ശവമഞ്ചേണ്ടുകടങ്ങൾ, ഇങ്ങിനെ ആകെക്കൂടി പഴകിജീൎണ്ണിച്ചു നശിക്കാൻ തുടങ്ങിയിരുന്ന നാടുവാഴിപ്രഭുത്വം, വളൎന്നുകഴിഞ്ഞിരുന്ന മുതലാളിവൎഗ്ഗത്തെ സംബന്ധിച്ചേടത്തോളം പൊട്ടിച്ചെറിയപ്പെടേണ്ട ഒരു മുട്ടത്തോടായിരുന്നു. സ്വയം ശ്വാസംമുട്ടി നശിക്കുവാൻ സംഗതിയാക്കാതെ, മുതലാളിവിഭാഗമായ മദ്ധ്യവൎഗ്ഗക്കാർ, ഈ തോട്ട പൊളിച്ചെറിയുകതന്നെചെയ്തു.

എഴുത്തുകാർ, ഡോക്ടർമാർ, അദ്ധ്യാപകന്മാർ, വക്കീലന്മാർ, ന്യായാധിപതികൾ, സിവിൽ ഉദ്യോഗസ്ഥന്മാർ മുതലായ അഭ്യസ്ഥവിദ്യരായ വിഭാഗക്കാരും, കച്ചവടക്കാർ, വ്യവസായികൾ, ബാങ്കുടമകൾ മുതലായ ധനികവൎഗ്ഗങ്ങളും മുതലാളിവൎഗ്ഗത്തിൽപ്പെട്ടവരാണ്. അവർ നാടുവാഴിപ്രഭുത്വവ്യവസ്ഥയെ അവസാനിപ്പിക്കുവാൻ ആഗ്രഹിച്ചു.

സാമ്പത്തികമായ അവരുടെ ആവശ്യങ്ങൾ ആഡംസ്മിത്തിൻേറയും മററും ഗ്രന്ഥങ്ങളിൽനിന്ന് അവർ വ്യക്തമായി മനസ്സിലാക്കി. സാമുദായികമായ സംഗതികളിൽ അവൎക്കു നേടേണ്ടിയിരുന്ന കാൎയ്യങ്ങളെക്കുറിച്ചു വോൾട്ടേയർ മുതലായ ചിന്തകന്മാരുടെ ഗ്രന്ഥങ്ങളിൽനിന്നും അവൎക്കറിയുവാൻകഴിഞ്ഞു. വ്യവസായത്തിൻേറയും വ്യാപാരത്തിൻേറയും കാൎയ്യത്തിൽ, സ്വതന്ത്രവ്യാപാരം എന്നൎത്ഥമാകുന്ന "ലാസാഫേർ" അവകാശമായിരുന്നു അവൎക്കാവശ്യം. മതത്തിൻെറയും ശാസ്ത്രത്തിൻെറയും കാൎയ്യത്തിൽ "യുക്തിചിന്ത" ചെയ്യുവാനുള്ള സൌകൎയ്യങ്ങൾ അവൎക്കാവശ്യമായിരുന്നു.

മുതലാളിവൎഗ്ഗങ്ങൾക്ക്, സാമൎത്ഥ്യവും സംസ്കാരവും സമ്പത്തുമുണ്ടായിരുന്നു. എന്നാൽ ഈ കഴിവുകൾക്കനുസരിച്ചുള്ള സ്ഥാനം സമുദായത്തിൽ അവൎക്കു ലഭിച്ചില്ല. മുതലാളിവൎഗ്ഗത്തിന്നു നിലമുണ്ടായിരുന്നില്ല; എന്നാൽ അവരുടെ

കയ്യിൽ മൂലധനമുണ്ടായിരുന്നു. അവർ ഗവൺമെണ്ടിന്നു പണംകൊടുത്തു; അതവക്കു തിരിച്ചുകിട്ടണം; ലാക്കില്ലാതെ ധൂത്തടിച്ചു ഗവൺമെണ്ടു ദീപാളികുളിക്കാൻ പോകയാണെന്നു് അവർ മനസ്സിലാക്കി. അങ്ങിനെ സംഭവിച്ചാൽ അവക്കു വലിയ നഷ്ടം സംഭവിക്കുമെന്നു് അവക്കു ബോദ്ധ്യമായി.

അവക്കുണ്ടായിരുന്ന സാമ്പത്തികമായ കഴിവിന്നനുസരിച്ചു രാഷ്ട്രീയാധികാരവും ലഭിക്കണമെന്നു് അവർ ആഗ്രഹിച്ചു. അവർ സമ്പന്നന്മാരാണു്. സമ്പത്തിന്നനുസരിച്ചു് അവകാശങ്ങളും ലഭിക്കണമെന്നവർ ആശിച്ചു. പൊളിയാൻപോകുന്ന നാടുവാഴിസമുദായത്തിൻെറ നിബന്ധനകളിൽനിന്നും അവരുടെ സ്വത്തുക്കൾക്കു മോചനം ലഭിക്കണമെന്നു് അവർ ആശിച്ചു. ഗവൺമെണ്ടിന്നു കൊടുത്തിരുന്നകടം തിരിച്ചുകിട്ടുന്നതാണെന്നു് അവക്കുറപ്പുലഭിക്കണം. ഇതെല്ലാം സാധിക്കുന്നതിന്നു ഗവൺമെണ്ടിൻെറ മേൽ അവക്കധികാരമുണ്ടായിരിക്കണം. അതിന്നു പററിയ ഒരവസരം അവക്കു ലഭിച്ചു. അവർ ആ അവസരം ഉപയോഗപ്പെടുത്തുകയുംചെയ്തു.

അവക്കു് ഒരു നല്ല സന്ദർഭംകിട്ടിയതു്, പണ്ടത്തെനിലയിൽ കാര്യങ്ങൾ തുടന്നുപോകുവാൻ സാധിക്കാത്തവിധം ഫ്രാൻസിലെ സ്ഥിതിഗതികൾ വഷളായിക്കഴിഞ്ഞതുകൊണ്ടായിരുന്നു. അപ്പോഴത്തെ ധനകാര്യമന്ത്രി കാര്യങ്ങൾ മുൻകൂട്ടി കണ്ടു. അയാൾ പറഞ്ഞു: "ഫ്രാൻസു് പല ഗവൺമെണ്ടുകളും സംസ്ഥാനങ്ങളും അടങ്ങുന്ന ഒരു രാജ്യവിഭാഗമാണു്. സംസ്ഥാനങ്ങളന്യോന്യം അവിടവിടെ നടക്കുന്ന കാര്യങ്ങൾ അറിയുന്നില്ല. ചില ജില്ലകൾ യാതൊരു ബാദ്ധ്യതയും നിവ്വഹിക്കേണ്ടതായിട്ടില്ല. അവരുടെ ഭാരം

മററു ജില്ലകൾ വഹിക്കുകയാണ്. ഫ്രാൻസിൽ ഏററവും ധനികർ ഏററവും തുച്ഛമായ നികുതിമാത്രമേ കൊടുക്കുന്നുള്ളു. മാമൂലുകൾ എല്ലാ ഏൎപ്പാടുകളേയും താറുമാറാക്കുന്നു. തുടൎച്ചയായ ഭരണംനടത്തുകയെന്നതു് അസാദ്ധ്യമായിരിക്കുന്നു. ഇന്നത്തെ പരിതസ്ഥിതിയിൽ ഫ്രാൻസിൽ ഭരണം തുടൎന്നുപോകുന്നകാര്യം വിഷമമാണ്.

ഭരണാധികാരികളിൽ ഒരാൾതന്നെ ഭരണം തുടൎന്നുപോകുന്നതസാദ്ധ്യമാണെന്നു സമ്മതിച്ചു. അസംതൃപ്തരായ ജനങ്ങൾ ഈ തഞ്ചത്തെ ഉപയോഗിച്ചു. സമൎത്ഥരായ മദ്ധ്യവൎഗ്ഗക്കാർ അധികാരം ഏറെറടുക്കുവാൻ ഒരുങ്ങിനിന്നു; വിപ്ലവം ഉണ്ടാകുന്നതിന്നുള്ള എല്ലാ സംഗതികളും ഒത്തുചേൎന്നു. 1789-ൽ വിപ്ലവം ഉണ്ടായി. ഈ വിപ്ലവത്തെയാണ് ഫ്രഞ്ചുവിപ്ലവം എന്നു പറയുന്നതു്.

വിപ്ലവത്തിൻെറ ഉദ്ദേശങ്ങൾ എന്തായിരുന്നു എന്നു് വിപ്ലവത്തിൻെറ നേതാക്കളിൽ ഒരാൾ ഒരു ലഘുലേഖയിൽ ഇങ്ങിനെ വ്യക്തമാക്കി: "നാം മൂന്നു ചോദ്യങ്ങൾ സ്വയം ചോദിക്കേണ്ടിയിരിക്കുന്നു. (1) മൂന്നാമത്തെ വൎഗ്ഗം എന്നാൽ എന്താണ്—എല്ലാം. (2) നമ്മുടെ ഭരണകൂടത്തിൽ, ഇത്രവരെ ഈ വൎഗ്ഗത്തിന്നുണ്ടായിരുന്ന സ്ഥാനം എന്തായിരുന്നു—ഒന്നുമില്ല. (3) ഈ വൎഗ്ഗമെന്താവശ്യപ്പെടുന്നു -- വല്ലതും ചിലതായിത്തീരാൻ.

മൂന്നാമത്തെ വൎഗ്ഗക്കാരായ കൈത്തൊഴിൽകാരും, കൃഷിക്കാരും, മുതലാളികളും "വല്ലതും ചിലതായിത്തീരാൻ" ശ്രമിച്ചു. എന്നാൽ മുതലാളിവിഭാഗത്തിന്നാണ് എല്ലാ അധികാരങ്ങളും ലഭിച്ചതു്. മുതലാളിവൎഗ്ഗമാണ് വിപ്ലവത്തിൻെറ നേതൃത്വം വഹിച്ചതു്. മററു വിഭാഗക്കാർ സമരം നടത്തി. മുതലാളിവൎഗ്ഗത്തിന്നു് ഏററവും വലിയ നേട്ടങ്ങൾ

കിട്ടുകയും ചെയ്തു. തങ്ങളുടെ സമ്പത്തും ശക്തിയും വർദ്ധിപ്പിക്കുവാൻ, വിപ്ലവത്തിൻെറ ഓരോ ഘട്ടത്തിലായി മുതലാളിവർഗ്ഗത്തിന്നു സാധിച്ചു. പ്രഭുക്കളിൽനിന്നും പള്ളികളിൽനിന്നുംപിടിച്ചെടുത്ത നിലങ്ങളെക്കൊണ്ടു് അവർ കച്ചവടം നടത്തി; യുദ്ധസാമഗ്രികൾ ഉണ്ടാക്കുന്നതിൽ വ്യാപൃതരായി അവർ വമ്പിച്ച തുകകൾ സമ്പാദിച്ചു.

വിപ്ലവത്തിൻെറ കാലത്തു് എന്തു സംഭവിച്ചു എന്നു് തൊഴിലാളികളുടെ ഒരു പ്രതിനിധി ഇങ്ങിനെ വിവരിക്കുന്നു: "ലഹളയുടെ സന്ദർഭത്തിൽ വമ്പിച്ച ജനസംഘങ്ങൾ അവയുടെ മുമ്പിലുള്ള എല്ലാ തടസ്സങ്ങളും തട്ടിനീക്കി, മുന്നോട്ടുപോയി. ആദ്യഘട്ടങ്ങളിൽ അവക്കു പല നേട്ടങ്ങളും സമ്പാദിക്കുവാൻ കഴിഞ്ഞു. എന്നാൽ സമർത്ഥന്മാരും ഉപായികളുമായ മേലേക്കിടക്കാർ, അവരെ ഒട്ടുക്കം വഞ്ചിച്ചുകളഞ്ഞു. അഭ്യസ്തവിദ്യരായ ഉപരിവർഗ്ഗക്കാർ ആദ്യം സ്വേച്ഛാധികാരികളെ എതിർത്തു, ജനങ്ങളുടെ വിശ്വാസം ആർജ്ജിച്ചതിന്നുശേഷം അവർ ജനങ്ങൾക്കെതിരായി തിരിഞ്ഞു. അവക്കു കിട്ടിക്കഴിഞ്ഞിരുന്ന ജനസ്വാധീനം ഉപയോഗിച്ചു്, അവർ അധികാരസ്ഥാനങ്ങൾ കൈവശപ്പെടുത്തി. സ്വേച്ഛാധികാരികളെ തള്ളിനീക്കി, അധികാരം മുഴുവൻ അവർ ഏറെറടുത്തു, വിപ്ലവം നടത്തിയതും ജയിപ്പിച്ചതും സമുദായത്തിൻെറ അടിത്തട്ടിൽ കിടക്കുന്നവരാണു്. വേലക്കാർ, കൈത്തൊഴിൽകാർ, ചെറുതരം കച്ചവടക്കാർ, കൃഷിക്കാർ, മററു ദരിദ്രവിഭാഗങ്ങൾ, ഇവരെല്ലാം സമരത്തിലിറങ്ങി. എന്നാൽ വിപ്ലവം ജന്മികളുടേയും വക്കീലന്മാരുടേയും മററു തന്ത്രജ്ഞന്മാരുടേയും താല്പര്യത്തിന്നുവേണ്ടിയായി മാററിക്കളഞ്ഞു, ഈ പരമാർത്ഥം അവർ വളരെ സാമർത്ഥ്യത്തോടെ മറച്ചുവെച്ചു."

ഈ വിവരണം അപ്പോൾ സംഭവിച്ചതിൻെറ ഒരു യഥാൎത്ഥ ചിത്രമാണു്. വിപ്ലവത്തിന്നുശേഷം മുതലാളിവൎഗ്ഗത്തിന്നാണു് ഫ്രാൻസിൽ രാഷ്ട്രീയാധികാരം സിദ്ധിച്ചതു്. പ്രഭുകുഡുംബങ്ങളിൽ ജനിച്ചവൎക്കായിരുന്ന അത്രവരെ അധികാരം—അപ്പോൾ വ്യാപാരത്തിൻെറ ഉടമസ്ഥതയുള്ളവരുടെ കയ്യിൽ അധികാരം വന്നുചേൎന്നു. വിപ്ലവകാരികൾ മുഴക്കിയിരുന്ന മുദ്രാവാക്യങ്ങൾ "സ്വാതന്ത്ര്യം, സമത്വം, സാഹോദൎയ്യം" എന്നിവയാണു്. എന്നാൽ ഇവ മൂന്നും ലഭിച്ചതു് മുതലാളിവൎഗ്ഗങ്ങൾക്കു മാത്രമാണു്.

നെപ്പോളിയൻ ക്രോഡീകരിച്ച നിയമാവലികൾ ഇതു നല്ലപോലെ വ്യക്തമാക്കി. ഈ നിയമാവലി സ്വകാൎയ്യസ്വത്തിനെ ന്യായീകരിക്കുകയും രക്ഷിക്കുകയും ചെയ്തു. എന്നാൽ നാട്ടുവാഴിപ്രഭുത്വത്തിൻെറ കീഴിലുള്ള സ്വത്തല്ല സംരക്ഷിക്കപ്പെട്ടതു്; മുതലാളിത്തപരമായ സ്വത്താണു്. ഈ നിയമാവലിയിൽ രണ്ടായിരം ഖണ്ഡികകൾ ഉള്ളതിൽ ഏഴെണ്ണം മാത്രമെ തൊഴിലാളികളുടെ താല്പൎയ്യങ്ങളെക്കുറിച്ചു ചൎച്ചചെയ്യുള്ളു. ഏകദേശം എണ്ണൂറെണ്ണം സ്വകാൎയ്യസ്വത്തിനെ സംബന്ധിച്ചായിരുന്നു. ട്രെയ്ഡ്യൂനിയനുകളും പണിമുടക്കങ്ങളും നിരോധിക്കപ്പെട്ടു. എന്നാൽ മുതലാളികളുടെ സംഘടനകൾ അനുവദിച്ചു. കൂലിയെസംബന്ധിച്ചു തൎക്കങ്ങൾ ഉത്ഭവിച്ചാൽ, വേലക്കാരൻെറയല്ല, മുതലാളിയുടെ വാക്കുകളാണു് വിശ്വസിക്കേണ്ടിയിരുന്നതു്. മുതലാളിവൎഗ്ഗം അവൎക്കുവേണ്ടി, ഈ നിയമങ്ങൾ ഉണ്ടാക്കി; സ്വത്തുടമകൾ സ്വത്തു സംരക്ഷിക്കുന്നതിന്നുവേണ്ടി നിയമങ്ങൾ ഉണ്ടാക്കി.

ഇഷ്ടമുള്ളപ്പോൾ ഇഷ്ടമുള്ള സ്വത്തുക്കൾ സമ്പാദിക്കുന്നതിന്നുള്ള അവകാശം മുതലാളിവൎഗ്ഗങ്ങൾക്കു നേടുവാൻ കഴിഞ്ഞു. നാട്ടുവാഴിപ്രഭുത്വം അവസാനിച്ചു.

നാട്ടുവാഴിപ്രഭുത്വം ഫ്രാൻസിൽ മാത്രമല്ല അവസാനിച്ചതു്: നെപ്പോളിയൻെറ പട്ടാളം കയ്യേററം നടത്തിയ എല്ലാ സ്ഥലങ്ങളിലും, അതു് അസ്തമിച്ചു. സ്വതന്ത്ര്യവ്യാപാരം തൻെറ ജയത്തോടൊപ്പം നെപ്പോളിയൻ എല്ലാ രാജ്യങ്ങളിലും നടപ്പിലാക്കി. അവിടങ്ങളിൽ അദ്ദേഹത്തിൻെറ നിയമാവലിയും സ്വീകരിക്കപ്പെട്ടു. കീഴടക്കപ്പെട്ട പ്രദേശങ്ങളിലെ മുതലാളിവർഗ്ഗം അദ്ദേഹത്തെ സ്വാഗതംചെയ്തു. ആ രാജ്യങ്ങളിൽ അടിയാസ്സസമ്പ്രദായം അവസാനിച്ചു. നാട്ടുവാഴിപ്രഭുത്വത്തിൻെറ അവകാശങ്ങളും പിരിവുകളും നിർത്തൽചെയ്തു. കച്ചവടക്കാർ, വൻകിട കൃഷിക്കാർ, വ്യവസായികൾ മുതലായവർക്കു യാതൊരു നിയന്ത്രണങ്ങൾക്കും വിധേയമാകാതെ, സ്വത്തുക്കൾ വാങ്ങുവാനും വിൽക്കുവാനും സാധിച്ചു.

ഫ്രഞ്ചുവിപ്ലവത്തിൻെറ ഈ ഘട്ടത്തെക്കുറിച്ചു് കാറൽമാർക്സ് ഇങ്ങിനെ എഴുതിയിരിക്കുന്നു: "വിപ്ലവത്തിൽ ഏർപ്പെട്ടിരുന്ന ധീരന്മാരും പാർട്ടികളും ജനങ്ങളും, ആ ഘട്ടത്തിൽ അവർ ചെയ്യേണ്ടിയിരുന്ന കർത്തവ്യം നിർവ്വഹിച്ചു. അവർ മുതലാളിവർഗ്ഗത്തെ മോചിപ്പിച്ചു. ആധുനിക മുതലാളിത്തവ്യവസ്ഥയെ സ്ഥാപിച്ചു. 'ജേക്കോബിൻ' കക്ഷിക്കാർ നാട്ടുവാഴിപ്രഭുത്വത്തിൻെറ അടിസ്ഥാനത്തെ പിടിച്ചുകുലുക്കി. അധികാരസ്ഥാനങ്ങളിലിരുന്നിരുന്ന വൻകിടപ്രഭുക്കളുടെ ശക്തി അവസാനിപ്പിച്ചു. നെപ്പോളിയൻ ഫ്രാൻസിൽ സ്വതന്ത്ര്യവ്യാപാരം വളർന്നുവരാൻ സഹായിക്കുന്ന പരിതസ്ഥിതികൾ സൃഷ്ടിച്ചു; പ്രഭുക്കളുടെ സ്വത്തുക്കൾ വീതിച്ചു കാർഷികമായ അഭിവൃദ്ധി സാധിക്കുന്നതിന്നും, വ്യാവസായികമായ രാജ്യത്തിൻെറ കഴിവുകളെ ഉപയോഗിക്കുന്നതിന്നും, ഉള്ള സൌകര്യങ്ങൾ സൃഷ്ടിച്ചു. അതിർത്തികൾക്കപ്പുറവും അദ്ദേഹം എല്ലാ നാട്ടുവാഴിസ്ഥാപനങ്ങളും തല്ലിത്തകർത്തി."

വിപ്ലവം രക്തച്ചൊരിച്ചിലുണ്ടാക്കുന്ന ഏപ്പാടാണ്. ഫ്രഞ്ചുവിപ്ലവത്തിൻെറ ഭയങ്കരതകണ്ടു് അധികമാളുകളും ഭയപ്പെട്ടുപോയി. ഫ്രഞ്ചുവിപ്ലവത്തെ ഏററവും ശക്തിയായെതിൎത്തവർ ഇംഗ്ലീഷുകാരായിരുന്നു. ഫ്രഞ്ചുവിപ്ലവം ഉണ്ടാകുന്നതിന്നു് ഒരു നൂററാണ്ടുമുമ്പു മുതല്ക്കു തങ്ങളുടെ സാമ്പത്തികസ്ഥിതിക്കനുസരിച്ചു്, രാഷ്ട്രീയാധികാരങ്ങൾ നേടുന്നതിന്നു് ഇംഗ്ലണ്ടിലെ മുതലാളിവൎഗ്ഗം ശ്രമിക്കുകയായിരുന്നു. എന്നിട്ടും ഈ വിപ്ലവവിരോധമനോഭാവം അവരിൽ ഉണ്ടായതു് ആശ്ചര്യമാണ്. മാത്രമല്ല ഇംഗ്ലണ്ടിൽ അവർ നടത്തിയിരുന്ന സമരങ്ങളുടെ ഹിംസാസ്വഭാവത്തെ അവർ മറക്കുകയുംചെയ്തു.

എന്നാൽ ഒരു വ്യത്യാസമുണ്ടായിരുന്നു. ഫ്രാൻസിൽ വ്യാപാരം ആഭിജാത്യത്തെ ചവിട്ടിത്തള്ളി. ഇംഗ്ലണ്ടിലാകട്ടെ, അധികാരം വ്യാപാരികളുടെ കയ്യിലേക്കു മാററിക്കിട്ടുകയാണു് ചെയ്തതു്. ഇംഗ്ലണ്ടിൽ വ്യാപാരവും ആഭിജാത്യവും വളരെ സൌഹാൎദ്ദത്തിലായിരുന്നു. ഇംഗ്ലീഷുമുതലാളിവൎഗ്ഗം ഭൂവുടമകളുംകൂടിയായിരുന്നു. പ്രഭുവൎഗ്ഗമാകട്ടെ "അഭിമാനം"വിട്ടു വ്യാപാരത്തിൽ ഏപ്പെട്ടു. എന്നിട്ടും 1640 മുതൽ 1688 വരെയുള്ള കാലം ഇംഗ്ലണ്ടിൻെറ ചരിത്രത്തിൽ സമരത്തിൻെറ കാലമായിരുന്നു. ഈ സമരങ്ങൾ നിലച്ചതാകട്ടെ, മുതലാളിവൎഗ്ഗത്തിൻെറ കയ്യിൽ അധികാരം വന്നുചേൎന്നതിന്നുശേഷം മാത്രവുമാണു്.

പ്രസിദ്ധ രാജ്യതന്ത്രജ്ഞനായ എഡ്മണ്ട്ബക്ക് ഫ്രഞ്ചുവിപ്ലവത്തെ അധിക്ഷേപിച്ചുകൊണ്ടു് ലേഖനങ്ങൾ എഴുതി. അപ്പോൾ മറെറാരു ചിന്തകൻ, അതിന്നു നൂറു കൊല്ലംമുമ്പു് ഇംഗ്ലണ്ടിൽ നടന്നിരുന്ന സംഭവങ്ങളെക്കുറിച്ചു ബക്കിനെ ഓൎമ്മിപ്പിക്കുകയുണ്ടായി. "മനുഷ്യത്വത്തിൻെറപേരിൽ, മാനവസമുദായത്തിൻെറപേരിൽ, സാമാന്യ

ജ്ഞാനത്തിൻെറപേരിൽ, ഞങ്ങൾ ചോദിക്കുന്നു. ഫ്രാൻസിലെ ജനങ്ങൾ ചെയ്ത കുററമെന്താണ്? 1789 ലെ വിപ്ലവത്തിൽകൂടി, അവരുടെ ഭരണത്തിൽ ഒരു മാററംവരുത്തിയതാണോ? അവർ നമ്മേക്കാൾ ഒരു നൂററാണ്ടു വൈകിയിട്ടുമാത്രമേ അങ്ങിനെ ചെയ്തുള്ളു എന്നതാണ് വ്യത്യാസം. അവർ അവരുടെ രാജാവിനെ കൊലപ്പെടുത്തിയതാണോ അവരുടെ കുററം? അവക്കു മാർഗ്ഗനിർദ്ദേശം നല്കിയതു ബ്രിട്ടൻതന്നെയായിരുന്നു.”

1689-ൽ ഇംഗ്ലണ്ടിലും, 1789-ൽ ഫ്രാൻസിലും സ്വാതന്ത്ര്യവ്യാപാരത്തിന്നുവേണ്ടി നടത്തിയ സമരം മദ്ധ്യവർഗ്ഗത്തിൻെറ വിജയത്തിൽ കലാശിച്ചു. ഫ്രഞ്ചുവിപ്ലവം നാട്ടുവാഴിപ്രഭുത്വത്തെ അവസാനിപ്പിച്ചതുകൊണ്ട് 1789 മദ്ധ്യകാലത്തിൻെറ അന്ത്യത്തെ കുറിക്കുന്നു. നാട്ടുവാഴിപ്രഭുത്വവ്യവസ്ഥയിലെ, പുരോഹിതന്മാർ, പടയാളികൾ, പണിക്കാർ, ഇവരുടെ ഇടയിൽ മദ്ധ്യവർഗ്ഗക്കാർ സ്ഥാനംപിടിച്ചു. ആ വർഗ്ഗത്തിൻെറ ശക്തി വർദ്ധിച്ചുകൊണ്ടേയിരുന്നു. മദ്ധ്യവർഗ്ഗം നാട്ടുവാഴിപ്രഭുത്വത്തിന്നെതിരായി നീണ്ടതും ഭയങ്കരവുമായ സമരംനടത്തി. ഈ സമരങ്ങൾ മൂന്നു ഘട്ടങ്ങളിൽകൂടി കടന്നുപോയി. ഒന്നാമത്തേതു മതപരിവർത്തനപ്രക്ഷോഭമായിരുന്നു. രണ്ടാമത്തേതു ഇംഗ്ലണ്ടിൽ 1687 ൽ ഉണ്ടായ വിപ്ലവമായിരുന്നു. മൂന്നാമത്തേതാണ് ഫ്രഞ്ചുവിപ്ലവം. 18-ാംനൂററാണ്ടിൻെറ അവസാനത്തിൽ മദ്ധ്യവർഗ്ഗം നാട്ടുവാഴിപ്രഭുത്വത്തെ അവസാനിപ്പിച്ചു. നാട്ടുവാഴിപ്രഭുത്വത്തിന്നുപകരം ഒരു പുതിയ സമുദായവ്യവസ്ഥ ആവിർഭവിച്ചു.

ഈ സമുദായവ്യവസ്ഥയെ നാം മുതലാളിത്തം എന്നു വിളിക്കുന്നു.

KOTTAYAM

**KOTTAYAM PUBLIC LIBRARY**

**KOTTAYAM**

Cl. No. 335.43 HUB-M Acc. No. 80539

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of ₹1 per day will be charged

335.43
H45-M

80539

ഹ്യൂബർമാൻ, ലിയോ

മനുഷ്യന്റെ ഭൗതിക സമ്പത്ത്

KOTTAYAM PUBLIC LIBRARY

Call No. 335 : 43 HUB-M Acc. No. 80539

Author ഹ്യൂബർമാൻ, ലിയോ

Title മനുഷ്യന്റെ ഭൗതിക- സമ്പത്ത്

Indic Digital Archive Foundation

gpura.org